" ലോകത്തിന് മുഴുവനും കാരുണ്യമായിട്ടല്ലാതെ
നിന്നെ നാം നിയോഗിച്ചിട്ടില്ല "

പരി. ഖുർആൻ 21:107 (അമ്പിയാ)

ഇസ്ലാമിലെ പ്രവാചകൻ

# മുഹമ്മദ്

ജീവചരിത്രവും, ഇസ്ലാമികസംസ്കാരത്തിൻെറ
അന്തസത്ത അടങ്ങിയ സചിത്രവിവരണവും.

First Edition

ISRA
ISLAMIC SCIENCES & RESEARCH ACADEMY AUSTRALIA

# മുഹമ്മദ് പോക്കറ്റ് ഗൈഡ്

ISRA പ്രസിദ്ധീകരണം
Islamic Sciences and Research Academy of Australia
www.isra.org.au

പകർപ്പവകാശം © Sam Deeb, 2014
ഈ പ്രസിദ്ധീകരണത്തിൻെറ ഒരംശവും മുൻകൂട്ടി രേഖാമൂലമുള്ള അനുമതി ഇല്ലാതെ പ്രസിദ്ധീകരിക്കുവാനോ സംപ്രേഷണം ചെയ്യുവാനോ പാടുള്ളതല്ല.

Printed and bound in Kuwait by KHT Press

അന്വേഷണങ്ങൾക്കും അഭിപ്രായങ്ങൾക്കും
info@muhammadpocketguide.com

ISBN 978-0-9807277-6-0
First edition, October 2014

# ചില പ്രധാനകാര്യങ്ങൾ

മതപരമായ കാരണങ്ങളാൽ മുസ്ലിമീങ്ങൾ മുഹമ്മദ് എന്ന് സൂചിപ്പിക്കുമ്പോൾ "അദ്ദേഹത്തിന് ശാന്തിയും സമാധാനവും ഉണ്ടാകട്ടെ" എന്ന് പറയാറുണ്ട്, അതിനെ ചുരുക്കി (സ.അ) എന്ന് സൂചിപ്പിക്കുന്നു. അറബിയിൽ ഇത് (ﷺ) എന്നെഴുതുന്നു. എന്നാൽ ഒരു പോക്കററ് ഗൈഡ് ആയതിനാൽ സ്ഥലം ലാഭിക്കുവാനായി ഇതുപേക്ഷിച്ചിരിക്കുന്നത് ബഹുമാനമില്ലായ്മയായി കരുതരുത്.

സകലചരാചരങ്ങളേയും സൃഷ്ടികളേയും സൃഷ്ടിച്ച ഏകദൈവമായ അള്ളാഹുവിലാണ് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നത്. ദൈവം എന്ന് ഈ പുസ്തകത്തിൽ സൂചിപ്പിക്കുന്നത് വാഴ്ത്തപ്പെട്ടതായ അള്ളാഹുവിനെത്തന്നെയാണ്.

ഹീബ്രുഭാഷയിൽ ദൈവത്തിനെ "ഇലോഹിം" എന്നും അരാമെക്കിൽ "ഇലാഹ്" അഥവാ "അലാഹാ" എന്നും പറയും. ദൈവത്തിന് പല വിശേഷണങ്ങൾ ഉണ്ട്. ഉദാഹരണത്തിന് "പരിശുദ്ധൻ" (അറബിയിൽ കുദ്ദൂസ് എന്നും ഹീബ്രുവിൽ കാദൂസ് അഥവാ ഹാകാദോഷ് എന്നും), "ഏകൻ" (അറബിയിൽ അഹദ് എന്നും ഹീബ്രുവിൽ ഇച്ചാദ് എന്നും) "ശാന്തി" (അറബിയിൽ അൽസലാം എന്നും ഹീബ്രുവിൽ ശലോം എന്നും) തുടങ്ങിയവ. മുസ്ലിമിങ്ങൾ ദൈവത്തിനെ "ഏററവും കാരുണ്യവാനും ഏററവും കരുണാനിധിയും എന്നും വിശേഷിപ്പിക്കാറുണ്ട്.

ദൈവമായ "അള്ളാഹു" വിൻെറ നാമങ്ങൾ അടങ്ങിയ മത പ്രസിദ്ധീകരണങ്ങൾ നല്ല വൃത്തിയുള്ള സ്ഥലത്ത് സൂക്ഷിക്കണമെന്നത് മതപരമായ ഒരു നിബന്ധനയാണ്.

ബക്ക എന്ന താഴ്വരയിൽ സ്ഥിതി ചെയ്യുന്ന പട്ടണമാണ് മക്ക. മദീന എന്ന പട്ടണത്തിനെ അൽ മദീന അൽ മുനവ്വറ എന്ന പേരിലും വിവരിക്കാറുണ്ട്. ഇതിനർത്ഥം പ്രകാശപൂരിതമായ പട്ടണം എന്നാണ്.

വിശ്വസനീയമായ രേഖകളിൽ നിന്നാണ് ഈ പോക്കററ് ഗൈഡിലെ വിവരങ്ങൾ ലേഖകൻ ശേഖരിച്ചിരിക്കുന്നത്. അഭിപ്രായങ്ങൾ ദയവായി ചുവടെ ചേർത്തിരിക്കുന്ന മെയിൽ അഡ്രസിൽ അറിയിക്കുക.

info@muhammadpocketguide.com

"മറ്റുപ്രവാചകന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ വിവരണം, ഒരാൾ നല്ല രീതിയിൽ ഒരു വീട് നിർമ്മിച്ചു, ഒരു ഇഷ്ടികയൊഴിച്ച് ബാക്കി പൂർത്തിയാക്കി. ആ വീട് കാണുന്നവർ ആ വീടിന്റെ ഭംഗി ആസ്വദിച്ചഭിപ്രായപ്പെട്ടു, "ആ ഒരു ഇഷ്ടിക കൂടിവച്ച് പണി പൂർത്തിയാക്കിയിരുന്നെങ്കിൽ എത്ര നന്നാകുമായിരുന്നു." ഞാനാണ് ആ ഇഷ്ടിക, ഞാൻ അവസാനത്തെ പ്രവാചകനാണ്.".

മുഹമ്മദ് (സ.അ)

(ബുഖാരിയിൽ നിവേദനം ചെയ്ത ഹദീസ് 4.734, 4.735)

ലക്ഷക്കണക്കിന് മനുഷ്യരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ച്, സകല ചരാചരങ്ങളേയും സൃഷ്ടിച്ചു പരിപാലിക്കുന്ന ഏകദൈവത്തിലേക്ക് വഴികാട്ടി, ശരിയായ വിശ്വാസത്തിലേക്ക് നയിച്ച മഹാനായ ഒരു മനുഷ്യൻെറ ജീവചരിത്രം ഈ പോക്കററ്ഡയറിയിൽ പ്രതിപാദിക്കുവാൻ സമയവും കഴിവും ലഭിച്ചതിൽ ഞാൻ കൃതാർത്ഥനാണ്.

മുഹമ്മദ്(സ.അ) അള്ളാഹുവിൻെറ പ്രവാചകനാണന്ന് സ്വയം പരിചയപ്പെടുത്തി. അദ്ദേഹം സ്വജീവിതം മഹത്കാര്യത്തിനായി അർപ്പിക്കുകയും, ദൈവത്തിൻെറ മറ്റു പ്രവാചകന്മാരാലും സന്ദേശകരാലും പണിത ഒരു വീടിൻെറ അവസാനത്തെ ഇഷ്ടികയാണ് ഞാനെന്ന് വിശേഷിപ്പിക്കുകയും ചെയ്തു.

അദ്ദേഹത്തിനു മുൻപ് വന്ന എല്ലാ പ്രവാചകരേയും മുഹമ്മദ്(സ.അ) സത്യപ്പെടുത്തി. എബ്രഹാമിനെ എല്ലാ പ്രവാചകന്മാരുടേയും പിതാവായും, ലോകത്തിലെ ആദ്യത്തെ ദൈവീക ദേവാലയമായ കഅ്ബ ദൈവകല്പനയാൽ പണിതതാണെന്ന് സ്ഥിരീകരിക്കുകയും ചെയ്തു.

ഇസ്രായേലികൾക്കു മാർഗ്ഗദർശനം നല്കിയ തൗറാത്ത് എന്ന ഗ്രന്ഥം, പ്രവാചകൻ മൂസ്സാ മുഖേനയാണെന്ന് മുഹമ്മദ് സ്ഥിരീകരിച്ചു. ഈസ്സായേയും മുഹമ്മദ്(സ.അ) സ്ഥിരീകരിക്കുകയും ലോകാവസാനത്തിന് മുൻപ് അദ്ദേഹം തിരിച്ച് ഈ ലോകത്തേയ്ക്ക് വരുമെന്നുള്ള സന്തോഷവാർത്ത വിശ്വാസികളെ അറിയിച്ചു. അദ്ദേഹം തിന്മയ്ക്കെതിരെ യുദ്ധം ചെയ്ത്

എല്ലാ വ്യതാസങ്ങളേയും നീക്കി, വിശ്വാസികളെ ഒരുമിപ്പിച്ച് ഏകദൈവത്തിന് കീഴിൽ വരുത്തി, കള്ള മസീഹയിൽ നിന്നകന്ന് ഈസ്സായെ പിന്പറ്റണമെന്ന് മുഹമ്മദ് മുസ്ലീങ്ങളെ അറിയിച്ചു.

അറേബ്യയിലെ ജനങ്ങളെ ദൈവകല്പനകൾ സ്വീകരിച്ച് ഇരുപത്തിമൂന്ന് വർഷത്തിനുള്ളിൽ ഏകദൈവത്തിനു കീഴിൽ ഒരുമിപ്പിക്കുവാൻ മുഹമ്മദ്(സ.അ)ന് സാധിച്ചു. അദ്ദേഹം കഅ്ബയെ ശുദ്ധീകരിക്കുകയും, അവിടെയുള്ള പ്രതിമകളെ നശിപ്പിക്കുകയും, ഏകദൈവത്തിന് ആരാധനയ്ക്കുള്ള അതിൻെറ ശരിയായ ഉദ്ദേശത്തിലെത്തിക്കുകയും ചെയ്തു.

ഈ പുസ്തകം എഴുതുവാനും അതിനെ ക്രോഡീകരിക്കുവാനും സന്തോഷകരമായി ഞാൻ സമയം ചിലവഴിച്ചപ്പോൾ, ഒരു നല്ലസംഗതി ചെയ്യാൻ കൂടുതൽ സമയവും അർപ്പണവും വേണമെന്ന് ഞാൻ മനസിലാക്കി. സത്യങ്ങൾ വളരെ വിശേഷപ്പെട്ടതാകയാൽ അതിനെ രേഖപ്പെടുത്താൻ നല്ല ശ്രദ്ധയും ശ്രമവും ആവശ്യമാണ്.

ഈ സചിത്ര പോക്കററ് ഗൈഡ് വളരെ എളുപ്പത്തിൽ വായിക്കുവാൻ തക്കവിധം നല്ല ഭാഷയിൽ എഴുതുവാൻ ശ്രമിച്ചിട്ടുണ്ട്. പ്രവാചകനായ മുഹമ്മദ്, അദ്ധേഹത്തിൻെറ സന്ദേശങ്ങളും, ഇസ്ലാമികസംസ്കാരത്തിൻെറ അന്തസത്തയും മനസിലാകുന്ന വിധത്തിലാണ് ഇത് എഴുതിയിരിക്കുന്നത്.

എളുപ്പത്തിൽ വായിക്കുവാനും മനസിലാക്കുവാനും ഈ പോക്കററ് ഗൈഡ് പലനിറത്തിലുള്ള അദ്ധ്യായങ്ങളായി തിരിച്ചിരിക്കുന്നു. ആരംഭത്തിൽ പ്രശസ്തരായ അമുസ്ലിങ്ങളുടെ സത്യസാക്ഷ്യങ്ങളും, അതിനുശേഷം പ്രവാചകൻെറ ചുരുക്കത്തിലുള്ള ജീവചരിത്രവും ഉൾക്കൊള്ളിച്ചിരിക്കുന്നു.

“പ്രവാചകത്വം” എന്ന അദ്ധ്യായത്തിൽ മുഹമ്മദിൻെറ പ്രവാചകലബ്ദിയും പ്രത്യേകിച്ച് എബ്രഹാം, മോസസ്, ജീസസ് എന്നീ പ്രവാചകന്മാരുമായുള്ള ബന്ധങ്ങളും വിവരിക്കുന്നു.

ഇസ്ലാമികകല, കൈയ്യെഴുത്തുശാസ്ത്രം (കാലിഗ്രാഫി), വാസ്തുശൈലി എന്നിവയ്ക്കായി ഒരു മുഴുവൻ അദ്ധ്യായം നല്കിയിരിക്കുന്നു.

ഫാരിദ് അലിയോടും മറ്റുള്ള കലാകാരന്മാരോടും കാലിഗ്രാഫർമാരോടും അവരുടെ കലാരൂപങ്ങൾ ഈ പുസ്തകത്തിൽ ഉൾപ്പെടുത്താൻ അനുവദിച്ചതിൽ ഞാൻ കടപ്പെട്ടിരിക്കുന്നു. പ്രധാനപ്പെട്ട പല കാര്യങ്ങളും സഹായങ്ങളും അഭിപ്രായങ്ങളും നല്കിയ മുഹമ്മദ് ദിബ് അബ്ദുൾ റസാക്, നൂരിയ ഗാർസിയാ മാസിപ്, പീററർ ഗൗൾഡ്, സെറിൽ ബൗസി, മെഹ്മത് ഒസാൾപ്, റാമി കലാവി, ഡോ.സക്കറിയ മാത്യു എന്നിവരോടും ഞാൻ നന്ദിയുള്ളവനാണ്.

അവസാനമായി ചരിത്രസത്യങ്ങളും ചിത്രങ്ങളും നല്കിയ സൗദിഅറേബ്യയിലെ അൽ മദീന റിസർച്ച് ആൻറ് സ്ററഡിസെൻററിനോട് ഞാൻ നന്ദിപറയുന്നു.

**ഡോ.സാം ഡീപ്**

ഇവരുടെ സഹായത്തിനും സഹകരണത്തിനും പ്രത്യേക നന്ദി:

ഇൻറർനാഷണൽ സപ്പോർട്ട് ഓർഗനൈസേഷൻ

അൽ മദീന റിസർച്ച് ആൻറ് സ്ററഡിസെൻറർ
മദീന–സൗദിഅറേബ്യ

മിനിസ്ട്രി ഓഫ് അവ്ക്കാഫ് ആൻറ് ഇസ്‌ലാമിക് അഫയേഴ്സ്
കുവൈററ്

ഇസ്‌ലാമിക് അഫയേഴ്സ് ആൻറ് ചാരിററിബിൾ ആക്ടിവിററീസ്
ഡിപ്പാർട്ട്മെൻറ്
ദുബായ് – യു.എ.ഇ

മിനിസ്ട്രി ഓഫ് അവ്ക്കാഫ് ആൻറ് ഇസ്‌ലാമിക് അഫയേഴ്സ്,
ജോർദ്ദാൻ

അഹ്മെദ് അൽ ഫതെ ഇസ്‌ലാമിക് സെൻറർ. ബഹ്റൈൻ

മലേഷ്യ ഡിപ്പാർട്ട്മെൻറ് ഓഫ് ഇസ്‌ലാമിക് ഡെവലപ്മെൻറ്–
ജാക്കിം

ഫനാർ, ഇസ്‌ലാമിക് കൾചർ സെൻറർ – ഖത്തർ

ഇസ്‌ലാമിക് സയൻസ് ആൻറ് റിസർച് അക്കാദമി ഓഫ്
ആസ്ട്രേലിയ

# ഉള്ളടക്കം

**1.** സത്യസാക്ഷ്യങ്ങൾ **14**

**2.** അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ **20**

**3.** ജീവചരിത്രം **26**

**4.** പ്രവാചകത്വം **66**

- മുഹമ്മദും ദൈവീക കല്പനകളും.
- എന്തിനുവേണ്ടിയാണ് മുഹമ്മദ് വിളിക്കപ്പെട്ടത്?
- എങ്ങനെയാണ് മുഹമ്മദ് അബ്രഹാം,മോസസ്, ജീസസ് എന്നീ മറ്റു പ്രവാചകരുമായി ബന്ധപ്പെടുന്നത്? എങ്ങനെയാണ് മുഹമ്മദ് ഒരു ലോകമതം സ്ഥാപിച്ചത്?

**5.** ഇസ്ലാമിക സംസ്കാരം **108**
മൂല്യങ്ങളും സദാചാരങ്ങളും
സ്നേഹം, പരസ്പരധാരണ, അറിവ്, വിനോദങ്ങൾ, വ്യക്തിഗത ജാഗ്രതയും പുരോഗതിയും, കൈക്കൂലി നിർമ്മാർജ്ജനം, മിതത്വം, ശരിയായ ചിന്തകൾ, അയല്ക്കാരേയും മററ് മതസ്ഥരേയും ബഹുമാനിക്കൽ തുടങ്ങിയവയിലൂടെ ജീവിതമൂല്യങ്ങൾ വർദ്ധിപ്പിക്കൽ.

**6.** സ്ത്രീകൾ **138**

- അവകാശങ്ങൾ, പെരുമാറ്റങ്ങൾ.
- ബഹുഭാര്യത്വം നിയന്ത്രിക്കുന്നതിനുള്ള ദൈവകല്പനകൾ.

ഉള്ളടക്കം

**7.** മനുഷ്യാവകാശങ്ങൾ **154**
• മനുഷ്യസമുദായത്തിൻെറ സമത്വവും സ്വാതന്ത്ര്യവും.
• നീതി നിയമങ്ങൾ. മനുഷ്യജീവൻേറയും സ്വത്തിൻേറയും സംരക്ഷണം.

**8.** പരിസ്ഥിതി **168**
• ഒരു ഹരിതലോകത്തിനായുള്ള വിളി.
• പ്രകൃതിസംരക്ഷണം. മൃഗങ്ങളോടുള്ള അനുകമ്പയും മാംസ ഭക്ഷണവും.

**9.** മഹാത്ഭുതം **178**
• പരിശുദ്ധ ഖുർആൻ ഒരു മഹാത്ഭുതം.
• പരിശുദ്ധ ഖുർആനിലെ ശാസ്ത്രസത്യങ്ങൾ.

**10.** അദ്ദേഹത്തിൻെറ വചനങ്ങൾ **192**
വിവിധ വിഷയങ്ങളിലുള്ള മുഹമ്മദിൻെറ വചനങ്ങൾ.

**11.** ഉപസംഹാരം **206**

**12.** ഇസ്‌ലാമിക കല, കാലിഗ്രാഫിയും വാസ്തുശൈലിയും **218**
ലോകം മുഴുവനുമുള്ള ഇസ്ലാമിക കലയും വാസ്തുശൈലിയും.

അവലംബം **270**












غار حراء



മുഹമ്മദ് എന്നവാക്ക് ഒരു പ്രത്യേകരീതിയിൽ എഴുതിയിരിക്കുകയാണ്. മദ്ധ്യത്തിൽ ഒരു താഴികക്കുടമുള്ള പള്ളിപോലെയാണ് ഇതിന്റെ മുകൾഭാഗം. ഇതു മുഹമ്മദിലെ 'ഹ' എന്ന അക്ഷരമാണ്. ഇതിന്റെ അടിഭാഗം ദൈവത്തിന്റെ ദൂതൻ എന്ന വാചകമായ 'റസൂലുള്ള' ആണ്.

മുഹമ്മദ് എന്ന വാക്ക് പ്രത്യേക ശൈലിയിലുള്ള അറബിക് കാലിഗ്രാഫിയിൽ ആറു പ്രാവിശ്യം എഴുതിയതാണ് ഷഡ്ഭുജം.

പ്ലാസ്റ്റിക് ആർടിസ്റ്റ് ഫരീദ് അൽ അലിയോട് കടപ്പാട്

**വളരെ കൂടുതൽ പ്രാവശ്യം ആവർത്തിക്കുകയും വാഴ്ത്തപ്പെടുകയും ചെയ്യുന്ന ആൾ എന്നാണ് അറബിയിൽ 'മുഹമ്മദ്' എന്ന വാക്കിനർത്ഥം.**

# സത്യസാക്ഷ്യങ്ങൾ





## ജോൺ അദേർ

'മുഹമ്മദിൻെറ നേതൃത്വം' എന്ന പുസ്തകത്തിൻെറ ലേഖകൻ ടൂറിനിലെ യുണൈററഡ് നേഷൻ സിസ്ററം സ്ററാഫ് കോളേജിലെ നേതൃത്വപഠന മേധാവി

“ഇസ്ലാമിക ചിന്താഗതിയിൽ മാതൃകാനേതാക്കൾ ഉന്നതരും എളിമത്തമുള്ളവരും, വീക്ഷണവും പ്രചോദനവും ഉള്ളവരും, സ്വന്തക്കാരോട് സേവന തല്പലരുമാണ്. മുഹമ്മദ് എത്രമാത്രം മാതൃകയാണന്ന് തുടർന്നുവായിക്കുമ്പോൾ നിങ്ങൾക്ക് മനസിലാകും. മുഹമ്മദിൻെറ ജീവിതത്തിൽ മാതൃകയുടെ എൻെറ വാദഗതി പലതവണ വ്യക്തമാണ്. നേതൃത്വപാടവത്തിൻെറ രീതികളും പ്രവൃത്തികളും മുഹമ്മദിൻെറ ജീവിതത്തിൽ വ്യക്തമായി ദർശിക്കാം.”



## വില്യം മോൻട്ഗോമറി വാട്ട്

(1909–2006) സ്കോടിഷ് ചരിത്രകാരനും യൂണിവേഴ് സിറ്റീ ഓഫ് എഡിൻബറോയിലെ അറബിയുടേയും ഇസ്ലാമിക പഠനങ്ങളുടേയും മേധാവിയായിരുന്നു.“ മക്കായിലെ മുഹമ്മദ്” ൻെറ ലേഖകൻ. ഓക്സ് ഫോർഡ്,1953, പ.ഏഇ.

“സ്വന്തം വിശ്വാസത്തിനായി പീഡനം ഏല്ക്കുവാനുള്ള സന്നദ്ധത, അദ്ദേഹത്തിൽ വിശ്വസിച്ച ഉന്നതമായ മൂല്യങ്ങളുള്ള അദ്ദേഹത്തെ പിന്പറ്റിയവർ, ഉന്നതമായ വിജയത്തിൻെറ മികവ് ഇതെല്ലാം അദ്ദേഹത്തിൻെറ മൗലികമായ ധർമ്മനീതി ഉയർത്തുന്നു. പടിഞ്ഞാറുകളിൽ മുഹമ്മദിനെ വളരെ മോശമായാണ് ചിത്രീകരിച്ചിരിക്കുന്നത്.”



### മഹാത്മാഗാന്ധി

(1869–1948) ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ രാഷ്ട്രീയ- ആത്മീയ നേതാവ്

“ലക്ഷക്കണക്കിന് ആളുകളുടെ ഹൃദയങ്ങളെ നിയന്ത്രിച്ച എതിർക്കപ്പെടാത്ത ഏററവും നല്ലയാളെ മനസിലാക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. വാളുകൊണ്ടല്ല മുഹമ്മദ് വിജയം നേടിയതെന്ന് എനിക്ക് ഉറപ്പായി. എളിമത്വം, സ്വന്തം വിശ്വാസത്തിലുള്ള ഉറച്ച ശ്രദ്ധ, പിൻപററുന്നവരോടുള്ള ഗാഢസ്നേഹം, ഭയമില്ലായ്മ, ദൈവത്തോടുള്ള ഉറച്ച വിശ്വാസം ഇവയെല്ലാമാണ് അദ്ദേഹത്തിൻെറ വിജയരഹസ്യങ്ങൾ. അദ്ദേഹത്തിൻെറ ഉന്നതമായ ജീവിതത്തിലെ കൂടുതലൊന്നും വായിക്കാനില്ലെന്നു ഈ രണ്ടാമത്തെ പതിപ്പ് വായിച്ചു കഴിഞ്ഞപ്പോൾ എന്നെ സങ്കടപ്പെടുത്തി.”



### അൽഫോൻസെ ഡെ ലമാർട്ടിൻ

*(1790 - 1869)* ഫ്രഞ്ച് കവി, എഴുത്തുകാരൻ, രാഷ്ട്രീയ പ്രവർത്തകൻ. ഹിസ്റ്റോറെ ഡെ ലാ തുർക്കി, പാരിസ്, *1854,* വാല്യം.. *2 P. 276-277*

“തത്ത്വജ്ഞാനി, വാഗ്മി, നേതാവ്, നിയമനിർമ്മാതാവ്, യോദ്ധാവ്, അറിവുകളുടെ ജേതാവ്, യുക്തിക്ക് നിരക്കാത്തതിൻെറ മോചകൻ, രൂപങ്ങളില്ലാത്ത ആരാധന, ഇരുപത്തഞ്ചോളം രാജ്യങ്ങളുടെ അധിപൻ, ഒരു ആത്മീയ സാമ്രാജ്യം ഇതാണ് മുഹമ്മദ്. ഒരാളുടെ മഹത്വത്തിൻെറ അളവുകോലായി, ഇതിനെക്കാൾ മഹത്വമുള്ള ആരെങ്കിലുമുണ്ടോ?.”



## വില്യം ഡ്യൂറണ്ട്

*(1885-1981)* അമേരിക്കൻ ചരിത്രകാരൻ, തത്വജ്ഞാനി, "സ്റ്റോറി ഓഫ് സിവിലൈസേഷൻ" എന്ന പുസ്തകത്തിൻെറ ലേഖകൻ, ഭാഗം *4,* വാല്യം *4, p. 25*

"ഏറ്റവും കുടുതൽ വാഴ്ത്തപ്പെട്ടവൻ എന്ന അദ്ദേഹത്തിൻെറ പേര് ബൈബിളിലെ അദ്ദേഹത്തിൻെറ വരവിൻെറ പ്രവചനവുമായി യോജിക്കുന്നു. മുഹമ്മദ് സ്വന്തമായി എഴുതാനറിയാത്ത ആളായിരുന്നു. ഒരു എഴുത്തുകാരനെ നിയോഗിച്ചിരുന്ന അദ്ദേഹം അക്ഷരജ്ഞാനം ഇല്ലാതിരുന്ന ആളായിരുന്നിട്ടും, ദൈവത്തിൽ നിന്നവതരിച്ച വിശുദ്ധ ഖുർആൻ ക്രമപ്പെടുത്തുവാൻ പ്രയാസമുണ്ടായില്ല. ഇത് അറബിഭാഷയിൽ ചാതുര്യത്തോടെ വായിക്കപ്പെടുന്നതായി മാറി ഉയർന്ന വിദ്യാഭ്യാസമുള്ളവരെക്കാൾ മനുഷ്യരെ മനസിലാക്കുവാനും നിയന്ത്രിക്കുവാനും സാധിച്ചു.

കുറിപ്പ് : എഴുത്തുകാരൻ അള്ളാഹുവിൻെറ വചനങ്ങൾ ജിബ്രീൻ മുഖേന മുഹമ്മദിന് അവതരിപ്പിച്ചതു എഴുതുക എന്നല്ലാതെ അതിനെ ക്രമപ്പെടുത്തുവാൻ പാടുള്ളതല്ല.



## ജോഹാൻ വോൾഫ്ഗാംഗ് വോൻ ഗോയ്തേ

*(1749 - 1832)* ഒരു വലിയ യൂറോപ്പ്യൻ കവി. നോട്ടൻ യുൻഡ് അബ്ഹാൻഡലുജൻ സും വെസ്തിലിചൻ ഡ്വാൻ.*, 7, 32*

"അദ്ദേഹം ഒരു പ്രവാചകനാണ്, കവിയല്ല. അതിനാൽ ഖുർആൻ ഒരു ദൈവീകനിയമമായി കാണണം അല്ലാതെ വിദ്യാഭ്യാസത്തിനോ വിനോദത്തിനോ വേണ്ടി മനുഷ്യനിർമ്മിതമായ പുസ്തകമല്ല"




## തോമസ് കാർലീൽ

*(1795 - 1881)* സ്കോട്ടിഷ് ചരിത്രകാരൻ, തത്വജ്ഞാനി, "ഹീറോസ്, ഹീറോവർഷിപ് ആൻറ് ഹീറോയിക് ഇൻ ഹിസ്റ്ററി" യുടെ ലേഖകൻ.

"വ്യത്യസ്ത ഗോത്രക്കാരേയും ചുറ്റിനടക്കുന്ന കാട്ടറബികളേയും ഒറ്റയ്ക്ക് ഏറ്റവും ശക്തരും പരിഷ്കൃതരും ആക്കുവാൻ രണ്ട് ദശാബ്ദത്തിനിടയ്ക്ക് എങ്ങിനെ സാധിച്ചു"

കുറിപ്പ് : ചരിത്രപുരുഷന്മാരുടെ ബുദ്ധിയുടെ വികാസം ചിത്രീകരിക്കുവാൻ പരിശ്രമിച്ച തോമസ് കാർലീൽ 'നായകപ്രവാചകൻ' എന്ന അദ്ധ്യായത്തിൽ മുഹമ്മദിന് പ്രത്യേക സ്ഥാനം തൻെറ കൃതിയിൽ നല്കി. പരിഷ്കരണത്തിൻെറ ഉച്ചകോടിയിലുള്ള അത്യാവേശമുള്ള ഒരു നേതാവായി മുഹമ്മദിനെ കാർലീൽ പ്രശംസിച്ചു.



## റെവറൻറ് റിജിനാൾഡ് ബോസ്വർത് സ്മിത്

*(1839-1908)* മുഹമ്മദും മുഹമ്മദിസവും എന്ന പുസ്തകത്തിൻെറ ലേഖകൻ, ലണ്ടൻ, *1874, p. 92*

"ഒരു രാഷ്ട്രത്തിൻേറയും പള്ളിയുടേയും നേതാവായ പോപ്പും, സീസറും ഒരുമിച്ചയാൾ. അവകാശങ്ങളൊന്നുമില്ലാത്ത പോപ്പ്, സേനാബലം ഇല്ലാത്ത സീസർ, സ്ഥിരമായ സേനയോ, അംഗരക്ഷകനോ, കൊട്ടാരമോ, സ്ഥിരമായ വരുമാനമോ ഇല്ലാത്തയാൾ. ദിവ്യകല്പന അനുസരിച്ച് ഭരിക്കുന്ന ആൾ എന്നു പറയുവാൻ യോഗ്യൻ മുഹമ്മദ് മാത്രം. എന്തുകൊണ്ടെന്നാൽ ആശ്രയമോ സാമഗ്രികളോ അദ്ദേഹത്തിനില്ലായിരുന്നു. അധികാരത്തിൻെറ വസ്ത്രങ്ങൾ അണിയുവാൻ അദ്ദേഹത്തിന് താത്പര്യമില്ലായിരുന്നു. രഹസ്യജീവിതത്തിലെ ലാളിത്വം പരസ്യജീവിതത്തിനനുസരിച്ചായിരുന്നു."



## ലിയോ ടോൾസ്റ്റോയ

*(1828 - 1910)* പ്രശസ്ത എഴുത്തുകാരൻ, 'യുദ്ധവും സമാധാനവും' എന്ന പുസ്തകത്തിന്റെ ലേഖകൻ.

"സാമൂഹിക ചട്ടക്കൂട് ഗഹനമായി പരിഷ്കരിച്ച ഒരാളായിരുന്നു പ്രവാചകനായ മുഹമ്മദ് എന്നതിന് ഒരു സംശയവുമില്ല. ഒരു മുഴുവൻ രാഷ്ട്രത്തേയും സത്യത്തിന്റെ പ്രകാശത്തിലേക്ക് നയിച്ചു സമാധാനത്തിലേക്ക് വഴിതെളിക്കുകയും, രക്തം ചിന്താതെ, മനുഷ്യക്കുരുതിയില്ലാതെ നേടി എന്നതാണ് പ്രത്യേകത (ഇസ്ലാമിന് മുൻപ് അറബുകളുടെ ഇടയിൽ ഇങ്ങനെ ഒന്നില്ല). അദ്ദേഹം സംസ്കാരത്തിന്റേയും പുരോഗതിയുടേയും കവാടങ്ങൾ തുറന്നു. ഒരു ശക്തനായ ആൾക്കുമാത്രം ചെയ്യാവുന്ന കാര്യമായതിനാൽ അദ്ദേഹം ബഹുമാനത്തിനും പുകഴ്തലുകൾക്കും അർഹനാണ്"



## മോറിഷ് ബുകയ്‌ലേ

*(1920 - 1998)* ആന്ത്രവീക്കചികിത്സയിൽ വിദഗ്ധനായ ഫ്രഞ്ച് ഡോക്ടർ, ഫ്രഞ്ച് സൊസൈറ്റി ഓഫ് ഈജിപ്തോളജിയിൽ അംഗം, 'ദി ബൈബിൾ, ദി ഖുർആൻ ആൻറ് സയൻസ്' ന്റെ ലേഖകൻ.

"ദൈവം മനുഷ്യന് വിവേചനശക്തി നല്കിയതിനാൽ കാര്യങ്ങൾ തന്മയത്വമായി ചിന്തിച്ച് മനസിലാക്കണമെന്ന് ഇസ്ലാം പഠിപ്പിക്കുന്നു. മുഹമ്മദിന്റെ സമയത്തുള്ള അറിവുവച്ച് നോക്കിയാൽ ഖുർആനിൽ വന്നിട്ടുള്ള ശാസ്ത്രകാര്യങ്ങൾ ഒരു മനുഷ്യനിൽ നിന്നാകാൻ സാദ്ധ്യമല്ല. ഏറ്റവും പുതിയ അറിവുകളും ഖുർആനുമായി പരിശോധിച്ചാൽ വളരെ സാമ്യമുള്ളതായി കാണുവാൻ സാധിക്കും".

# അദ്ദേഹത്തിന്റെ സ്വഭാവഗുണങ്ങൾ




മുഹമ്മദിന്റെ സ്വഭാവഗുണങ്ങളുടെ പ്രതീകം. അദ്ദേഹത്തിന്റെ സഹവാസികളിൽ നിന്ന് ശേഖരിച്ചതു്
സ്പാനിഷ് കാലിഗ്രാഫർ നൂറിയ ഗാർസിയ മാർസിപ് നിർമ്മിച്ചത്.

# അദ്ദേഹത്തിന്റ സ്വഭാവഗുണങ്ങൾ

മുഹമ്മദിൻെറയോ അതിന് മുന്പുള്ള പ്രവാചകരുടേയോ രൂപങ്ങളോ ചിത്രങ്ങളോ മുസ്ലിമീങ്ങളുടെ പക്കലില്ല. എന്നാൽ അദ്ദേഹത്തിൻെറ കുടുംബാംഗങ്ങളും അനുയായികളും ഭാവിതലമുറയ്ക്ക് പ്രയോജനകരമായ എല്ലാ കാര്യങ്ങളും പല വിവരങ്ങളും നന്നായി വിവരിച്ചു രേഖപ്പെടുത്തിയിരിക്കുന്നതിനാൽ, പ്രവാചകനായ മുഹമ്മദിൻെറ ആകൃതി മററു മുൻപ്രവാചകന് മാരെക്കാളും നന്നായി മനസിലാക്കാൻ കഴിയും.



## അദ്ദേഹം കാഴ്ചയിൽ എങ്ങനെ?

അറേബ്യയിലെ ഉന്നതകുടുംബാംഗമായ മുഹമ്മദ് റോസിൻെറ വാസനയുള്ള വെളുത്ത പ്രകൃതിയിലായിരുന്നു. സാധാരണക്കാരെക്കാളും പൊക്കം കൂടിയ ഉറച്ച ശരീരവും വിശാലമായ ചുമലുകളുമുള്ള ആളായിരുന്നു. അദ്ദേഹത്തിൻെറ വയറ് ഒരിക്കലും നെഞ്ചിനേക്കാൾ തള്ളി നിൽക്കാറില്ലായിരുന്നു, പതറാത്ത ചടുലമായ നടത്തമായിരുന്നു അദ്ദേഹത്തിൻേറത്.

ഔന്നത്യമുള്ള നെറ്റിത്തടവും കൂർത്ത വലിയ മൂക്കും വലിയ പുരികങ്ങളും വലിയ കറുത്ത കണ്ണുകളും നന്നായി സ്ഥാപിതമായ പല്ലുകളും മധുരമായ പുഞ്ചിരിയും ഉള്ള സുന്ദരനായ ആളായിരുന്നു എന്ന് മുഹമ്മദിനെ അനുയായികൾ വിവരിച്ചിരിക്കുന്നു. അദ്ദേഹത്തിന് ചുരുണ്ടമുടിയും തിങ്ങിയ താടിയും ഉണ്ടായിരുന്നു.

അദ്ദേഹത്തിന് ചന്ദ്രനേപ്പോലെ തോന്നിക്കുന്ന സൗഹാർദ്ദപരമായ പ്രകാശമുള്ള മുഖമായിരുന്നു എന്ന് അനുയായികൾ വിശേഷിപ്പി ച്ചിട്ടുണ്ട്. അദ്ദേഹം ശബ്ദത്തിൽ ചിരിച്ചിരുന്നില്ല, ആലിപ്പഴത്തിനു സമാനമായ പല്ലുകൾ കാണിച്ചുള്ള പുഞ്ചിരിയായിരുന്നു അദ്ദേഹത്തിൻേറത്. അദ്ദേഹത്തിൻെറ സന്തോഷകരവും തുറന്നതുമായ വ്യക്തിത്വം എല്ലാവർക്കും ഇഷ്ടമായിരുന്നു.

## അദ്ദേഹത്തിൻെറ പ്രകൃതി

ചുറുചുറുക്കുള്ള, കാര്യങ്ങൾ സന്തോഷമായി എടുക്കുന്ന, സൗമ്യപ്രകൃതിക്കാരനായിരുന്നു. അദ്ദേഹം ഒരിക്കലും വഷളായതും മോശമായതുമായ സംസാരപ്രിയനല്ലായിരുന്നു. മററുള്ളവരുടെ കുററങ്ങൾ കണ്ടുപിടിക്കുകയോ അമിതമായി പുകഴ്ത്തുകയോ ഇല്ലായിരുന്നു.


## അദ്ദേഹത്തിൻെറ സംസാരരീതി

മുഹമ്മദിന് ആവശ്യമില്ലാത്ത സംസാരം ഇല്ലായിരുന്നു. ഹ്യസ്വവും നല്ലതുമായ സംസാരമായിരുന്നു. ചുരുങ്ങിയ വാക്കുകളിൽ വ്യക്തമായി കാര്യങ്ങൾ പറഞ്ഞിരുന്നു. അമിതമായ പദപ്രയോഗങ്ങളില്ലാത്ത ശ്രേഷ്ഠമായ സംസാരമായിരുന്നു.

ചിലകാര്യങ്ങൾ ഊന്നിപ്പറയുമ്പോൾ മൂന്നുതവണ ആംഗ്യങ്ങളോടെ ആവർത്തിച്ചിരുന്നു. ദൈവപ്രീതി ഉദ്ദേശിച്ചല്ലാതെ ഒന്നും പറയാറില്ലായിരുന്നു. അദ്ദേഹം തൻെറ അനുയായികളോടുപറഞ്ഞു:

> “ശരിയാണെങ്കിലും അനാവശ്യമായ വാദപ്രതിവാദങ്ങളിൽ നിന്ന് വിരമിച്ചാൽ സ്വർഗ്ഗത്തിലെ അതിർത്തിയിലും,തമാശയിൽ പോലും കളവുപറയാത്തവർക്ക് സ്വർഗ്ഗത്തിലെ മദ്ധ്യത്തിലും, നല്ല സ്വഭാവത്തോടെ വർത്തിക്കുന്നവർക്ക് സ്വർഗ്ഗത്തിലെ ഉന്നതങ്ങളിലും സ്ഥാനം കിട്ടാൻ ഞാൻ ഉത്തരവാദിത്വമേല്ക്കുന്നു” (സഹീഅബുദാവൂദ്)

## അദ്ദേഹത്തിന്റെ ഉത്കണ്ഠ




അദ്ദേഹം തന്റെ വികാരങ്ങളെ നിയന്ത്രിച്ചിരുന്നു. കോപം വന്നാൽ മറെറാരുവശത്തേക്ക് തിരിഞ്ഞ് മൗനമായിരിക്കും. ദൈവികനിയമങ്ങൾക്കെതിരായി ആരെങ്കിലും പ്രവർത്തിച്ചാൽ ശരിയായ കോപം പ്രകടിപ്പിക്കുകയും അതിൽ ഉറച്ച് നില്ക്കുകയും ചെയ്യും. ദൈവീകസത്യങ്ങൾക്കെതിരായുള്ള പ്രവർത്തനത്താൽ അദ്ദേഹത്തിനുണ്ടാവുന്ന കോപം ആർക്കും തടുക്കാവുന്നതായിരുന്നില്ല. ഖുർആനികമായി കാര്യങ്ങൾ അവതരിക്കപ്പെട്ടാലല്ലാതെ സ്വന്തം കാര്യങ്ങൾക്കായി മുഹമ്മദ് ഒരിക്കലും കോപിച്ചിട്ടില്ല.

## അദ്ദേഹത്തിന്റെ ആളുകളോടുള്ള സമീപനം

മുഹമ്മദ് എപ്പോഴും ആളുകളെ അഭിവാദ്യം ചെയ്യുന്നതിൽ ഒന്നാമനായിരുന്നു. ഹസ്തദാനം ചെയ്യുമ്പോൾ മറേറ ആൾ കൈ പിന്വലിക്കുന്നതുവരെ അദ്ദേഹം കൈ മാററാറില്ലായിരുന്നു.

യാദൃശ്ചികമായി കാണുന്നവർ അദ്ദേഹത്തെ പുകഴ്ത്തിയിരുന്നു. അദ്ദേഹവുമായി എപ്പോഴും സഹകരിക്കുന്നവർ അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. സൗമ്യമായ പെരുമാററമായിരുന്നു എപ്പോഴും, ആരോടും പരുക്കനോ ഗർവിഷ്ടനോ ആയിരുന്നില്ല.

ആളുകളെ നോക്കുമ്പോൾ പൂർണ്ണമായും മുഖം കാണിച്ച് നോക്കുമായിരുന്നു. ആരെങ്കിലും അദ്ദേഹത്തെ വിളിച്ചാൽ മുഖം മാത്രമല്ല ശരീരം മുഴുവനും തിരിച്ച് ശ്രദ്ധിച്ചിരുന്നു.

ഒരു സമൂഹത്തിനെ സന്ദർശിക്കുവാൻ പോകുമ്പോൾ ഒഴിവായ അടുത്തുള്ള സ്ഥലത്ത് ഇരിക്കുമായിരുന്നു. അദ്ദേഹത്തിൻെറ ചര്യകൾ പിൻപററാൻ അനുയായികൾക്ക് നിർദ്ദേശം നല്കിയിരുന്നു. ആർക്കും അരോചകമല്ലാത്തവിധം അടുത്തിരിക്കുന്നവരെ പൂർണ്ണമായും ശ്രദ്ധിച്ചിരുന്നു. ഇരിക്കുവാൻ പ്രത്യേകമായ ഒരു സ്ഥലം നിർണ്ണയിച്ചിട്ടില്ലായിരുന്നു. സഹചാരികളോടും മററുള്ളവരോടും നല്ല നിലയിൽ വർത്തിച്ചിരുന്നു. ദൈവഭക്തിയിലുള്ള വ്യത്യാസമനുസരിച്ച് മാത്രം ആളുകളെ വേർതിരിച്ചിരുന്നു.

## അദ്ദേഹത്തിൻെറ ജീവിതരീതി

എല്ലാകാര്യങ്ങളിലും അമിതമോ ചുരുക്കിയോ അല്ലാതെയുള്ള ഒരു മധ്യവർത്തിത്വമായിരുന്നു അദ്ദേഹത്തിൻേറത്. തനിക്കായി ഉണ്ടാക്കിയ ആഹാരങ്ങളേയോ പാനീയങ്ങളേയോ വിമർശിക്കുകയോ കൂടുതൽ പുകഴ്ത്തുകയോ ചെയ്യാറില്ല. വീട്ടിൽ അദ്ദേഹം സമയത്തെ മൂന്ന് ഭാഗങ്ങളായി തിരിച്ച് ഒന്ന് ദൈവത്തിനും,ഒന്ന് കുടുംബത്തിനും, ഒന്ന് സ്വന്തകാര്യങ്ങൾക്കും ചിലവഴിച്ചിരുന്നു. ജോലിയിൽ ഭാര്യമാരെ സഹായിക്കുക, തുണിതയ്ക്കുക, ഷൂസ് നന്നാക്കുക, തറ അടിച്ചുവാരുക എന്നിവ ചെയ്തിരുന്നു. നല്ല വസ്ത്രങ്ങളും സുഗന്ധങ്ങളും ഉപയോഗിച്ചിരുന്നു. (സഹീബുഖാരി, അദ്ധ്യായം കിതാബുൽ ആഭാബ്)



രാവിലെ നമസ്കാരശേഷം സൂര്യൻ ഉദിക്കുന്നതുവരെ ഖുർആൻ പാരായണവും, അള്ളാഹുവിന് സ്തുതിയും ചെയ്ത് പള്ളിയിൽത്തന്നെ ഇരിക്കുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നു. അർദ്ധരാത്രിയിൽ തഹജ്ജുത് നമസ്കാരത്തിനായി ഉണരുകയും അതു പതിവാക്കുകയും ചെയ്തിരുന്നു. (സഹിബുഖാരി)

സക്കാത്തിനായി സംഭരിക്കുന്ന സാധനങ്ങൾ സ്വന്തമായും കുടുംബാംഗങ്ങൾക്കും നിഷിദ്ധമായി പ്രഖ്യാപിച്ചു. ഇക്കാര്യത്തിൽ വളരെ നിർബന്ധമായതിനാൽ കുടുംബാംഗങ്ങളെ സക്കാത്ത് പിരിക്കുവാൻ പോലും നിയമിച്ചിരുന്നില്ല.

ചുടാത്ത ചളികൊണ്ടുള്ള ഭിത്തിയും ഈത്തപ്പഴത്തിന്റെ ഇലകളുടെ മുകളിൽ ഒട്ടകതോലിട്ട മേല്ക്കൂരയുമുള്ള കുടിലായിരുന്നു അദ്ദേഹത്തിന്റെ വീട്.

മുഹമ്മദ് പറഞ്ഞു “ഈ ഭൗതീകമായ വസ്തുക്കൾ എനിക്കെന്തിനാണ്, ഈ ലോകവുമായുള്ള എന്റെ ബന്ധം ഒരു വഴിയാത്രക്കാരനെപ്പോലെയാണ്, കുറച്ചുനേരം ഒരു മരത്തണലിൽ വിശ്രമിച്ചിട്ട് വീണ്ടും യാത്രചെയ്യുന്നയാൾ.” (അബ്ദല്ല ബിൻ അബ്ബാസിൽ നിന്ന് നിവേദനം)

ഒരു വെളുത്ത കോവർകഴുതയും, മുസ്ലീം സമുദായത്തിന്റെ ആവശ്യങ്ങൾക്കായി നിർണ്ണയിച്ച കുറച്ചു സ്ഥലവുമല്ലാതെ, അദ്ദേഹം മരിക്കുമ്പോൾ മറെറാന്നും സ്വന്തമായിട്ടില്ലായിരുന്നു. (സഹീബുഖാരി)



# ഇസ്ലാം





## വ്യക്തിപരമായ വിശദാംശങ്ങൾ

| | |
|---|---|
| പേര് | മുഹമ്മദ് |
| പിതാവിൻെറ പേര് | അബ്ദൽ മുത്തലിബിൻെറ പുത്രൻ അബ്ദുല്ല (പ്രവാചകനായ എബ്രഹാമിൻെറ പുത്രൻ ഇസ് മായീലിൻെറ പരമ്പരയിൽ) |
| കുടുംബപേര് | ബനീഹാഷിം കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത് (അറേബ്യയിലെ പ്രശസ്ഥമായ ഖുറൈഷ ഗോത്രത്തിലാണ് ബനീഹാഷിം) |
| ജനനതീയതി | 22nd ഏപ്രിൽ, 570 CE [1] |
| ജനനസ്ഥലം | മക്ക പട്ടണം- സൗദിഅറേബ്യയിലെ അറേബ്യൻ ഉപദ്വീപ് |
| മരണതീയതി | 6th ജൂൺ, 632 CE. (അദ്ദേഹത്തിൻെറ മരണസമയത്ത് 63 വയസായിരുന്നു) |
| മരിച്ചതും ഖബറടം | മദീനപട്ടണം (മക്കയിൽ നിന്നു് ഏകദേശം 450 കി.മി വടക്ക്) |



## ബാല്യവും കൗമാരവും

| | |
|---|---|
| ജനനം മുതൽ 2 വയസ്സ് വരെ | മുഹമ്മദിന് സഹോദരന്മാരോ സഹോദരിമാരോ ഇല്ല. അദ്ദേഹം ജനിക്കുന്നതിന് മുൻപ് പിതാവ് മരിച്ചു. അദ്ദേഹത്തിന് മുലയൂട്ടുന്നതിനായി ഹലീമാ എന്ന സ്ത്രീയുടെ അടുത്ത് മാതാവ് അയച്ചു (ഇത് പഴയ അറബി സമ്പ്രദായം ആയിരുന്നു) |
| 2 മുതൽ 6 വയസ്സ്വരെ | അദ്ദേഹം മാതാവായ ആമിനയോടൊപ്പം കഴിഞ്ഞു. അദ്ദേഹത്തിൻെറ മാതാവ് 576 CE ൽ അന്തരിച്ചു. |
| 6 മുതൽ 8 വയസ്സ്വരെ | അദ്ദേഹത്തിൻെറ പിതാമഹനായ അബ്ദൽ മുതലിബിനോടൊപ്പം, പിതാമഹൻെറ മരണം വരെ. |
| 8 മുതൽ 25 വയസ്സ്വരെ | പിതാവിൻെറ സഹോദരനായ പത്തു മക്കളുള്ള അബുതാലിബിനോടൊപ്പം. |

## വിദ്യാഭ്യാസം

മുഹമ്മദ് വിദ്യാഭ്യാസമില്ലാത്ത ആളായിരുന്നു: അദ്ദേഹത്തിന് എഴുതുവാനോ വായിക്കുവാനോ സാധിച്ചിരുന്നില്ല. അദ്ദേഹം ഒരിക്കലും മക്കയ്ക്ക് പുറത്തു താമസിക്കുകയോ മററുസ്ഥലങ്ങളിൽ നിന്ന് അറിവ് നേടുകയോ ചെയ്തിട്ടില്ല. അള്ളാഹുവിൻെറ സന്ദേശമായ പരിശുദ്ധ ഖുർആൻ മറെറല്ലാവരിലും എത്തിച്ചെന്ന് വിശ്വസിക്കുന്നു. ഒരു വാക്കോ വാചകമോ മാററുകയോ സ്വന്തമായി എന്തെങ്കിലും ചേർക്കുകയോ ചെയ്യാതെ അദ്ദേഹം അത് എത്തിച്ചു കൊടുത്തു.



അദ്ദേഹത്തിൻെറ സംസാരങ്ങളോ അദ്ധ്യാപനങ്ങളോ ഖുർആനിൽ കലർത്തിയിട്ടില്ല.: അതെല്ലാം

മറ്റൊരു പുസ്തകത്തിൽ ശേഖരിക്കുകയും അതിനെ "പ്രവാചകചര്യകൾ" എന്ന് നാമകരണം ചെയ്യുകയും ചെയ്തു. അതിൽ അദ്ദേഹത്തിന്റെ അദ്ധ്യായനം, ജീവിതരീതി, ഖുർആനിനെക്കുറിച്ചുള്ള വിശദീകരണങ്ങൾ എന്നിവ ഉൾപ്പെടുത്തി.

## തൊഴിൽ കാര്യങ്ങൾ

| | |
|---|---|
| ബാല്യം മുതൽ 25 വയസ്സുവരെ | കുറച്ചുകാലം ആട്ടിടയനായി ജീവിച്ചു. അബുതാലിബിനോടൊപ്പം കച്ചവടത്തിൽ ഏർപ്പെട്ടു. അദ്ദേഹത്തിന് 12 വയസ്സിള്ള പ്പോൾ അബുത്വാലിബിനോടൊപ്പം സിറിയയിൽ വ്യാപാരത്തിനായി പോയിരുന്നുവെന്ന് വിശ്വസനീയമായി രേഖപ്പെടുത്തിയിരിക്കുന്നു. |
| 25 - 40 വയസ്സുവരെ | ഖദീജ എന്ന സമ്പന്നസ്ത്രീയുടെ വ്യാപാരങ്ങളിൽ ജോലി ചെയ്തു. (അവർ ഉല്പന്നങ്ങൾ ഒരു സ്ഥലത്തുനിന്ന് വാങ്ങി മററു സ്ഥലങ്ങളിൽ വിററിരുന്നു) വിജയിയായ,സത്യസന്ധനായ ഒരു വ്യാപാരിയായി അദ്ദേഹത്തെ സമൂഹം അറിഞ്ഞിരുന്നു. സദാചാരനിഷ്ഠ, സത്യസന്ധത, വിശ്വസ്തത, എന്നിവയിൽ പ്രശസ്ഥനായിരുന്നു. സത്യസന്ധനും വിശ്വസ്ഥനും എന്നർത്ഥമുള്ള "അൽ സിദ്ദീഖുൽ അമീൻ" എന്നറിയപ്പെട്ടിരുന്നു |
| 40-63 വയസ്സുവരെ | അദ്ദേഹത്തിന് 40 വയസ്സായപ്പോൾ ദൈവീകസന്ദേശങ്ങൾ മുഹമ്മദിന് ലഭിച്ചു തുടങ്ങി. ഇത് എല്ലാവരിലും എത്തിക്കുവാൻ അദ്ദേഹം ജീവിതം അർപ്പിച്ചു. അദ്ദേഹം ഏകദൈവവിശ്വാസവും ഖുർആനും ആളുകളിലേയ്ക്കെത്തിച്ചു. (സാമൂഹികനീതി, സമാധാനം, മൈത്രി, നന്മ ഇവയാണ് ഖുർആൻ പ്രതിപാദിക്കുന്നത്) |

## വൈവാഹിക ജീവിതം

**25 വർഷത്തോളം ഒരു ഭാര്യ മാത്രം:** ഖുവൈലിദിൻെറ മകളായ ഖദീജയെ മുഹമ്മദ് വിവാഹം കഴിച്ചു. അവർ ആസാദ് എന്ന ഉന്നതകുടുംബാഗമായിരുന്നു.[2]

അവർ അവരുടെ സമൂഹത്തിലെ ബഹുമാന്യയായ വനിതയും ഒരു വിധവയും ആയിരുന്നു. ഒരു മൂന്നാമസ്ഥനിൽ നിന്ന് വിവാഹാലോചന വരുന്നതിന് മുൻപ് മുഹമ്മദ് രണ്ടുവർഷത്തോളം ഇവർക്കുവേണ്ടി ജോലി ചെയ്തിട്ടുണ്ട്. അവർ മുഹമ്മദിനെ വിശ്വസ്തനും സുതാര്യനും ധാർമ്മീകനുമായി കണ്ടു.


**വിജയകരമായ വിവാഹം:** ഖദീജ മുഹമ്മദിനേക്കാൾ പതിനഞ്ച് വയസ്സ് പ്രായം കൂടുതലുണ്ടായിരുന്നെങ്കിലും സമുദായത്തിലെ തുല്യസാമൂഹിക ഗോത്രക്കാരായിരുന്നു.

പ്രായവ്യത്യാസം വിജയകരമായ ഒരു വിവാഹ ബന്ധത്തിന് തടസ്സമായിരുന്നില്ല. അവർ 65 വയസ്സിൽ 619CE യിൽ മരണപ്പെടുന്നതുവരെ ഇതു തുടർന്നു. ഖദീജയുടെ മരണത്തിനുശേഷം മുഹമ്മദ് പുനർവിവാഹം ചെയ്തു.

> മുഹമ്മദ് ഖദീജയെ സ്നേഹിക്കുകയും അവരോട് വിശ്വസ്ഥനുമായിരുന്നു.

> അവരുടെ കാലത്തിലെ ഏററവും നല്ല സ്ത്രീയായ ജീസസ്സിൻെറ മാതാവ് മേരിയെ സാമ്യപ്പെടുത്തി, ഇവരേയും ഇവരുടെ കാലത്തെ ഏററവും നല്ല വനിതയായി പല തവണ അദ്ദേഹം വിവരിച്ചിട്ടുണ്ട്
> (ബുഖാരിയിൽ നിന്ന് നിവേദനം)

**ആറുമക്കളുടെ പിതാവായ ഒരു കുടുംബസ്ഥൻ:** മുഹമ്മദും ഖദീജയും ഐക്യത്തോടും സമാധാനത്തോടും കൂടി ജീവിച്ചു. അവർക്ക് നാല് പുത്രിമാരും (സൈനബ, റുക്കെയ്യ, ഉമ്കുല്സും, ഫാത്തിമ) രണ്ട് പുത്രന്മാരും (മൂന്നാം വയസ്സിൽ മരിച്ച



അൽ കാസീം, നാലാം വയസ്സിൽ മരിച്ച അബ്ദുല്ലയും) മുഹമ്മദ് ഖദീജയോടൊപ്പം സമയം ചിലവഴിക്കുകയും, വീട്ടുകാര്യങ്ങളിൽ അവരെ സഹായിക്കുകയും, വസ്ത്രങ്ങൾ തയ്ക്കുകയും, കുട്ടികളെ പരിപാലിക്കുകയും ചെയ്യുമായിരുന്നു.



മദീനയിലെ ബഖീ ഖബറിടത്തിന്റെ ചിത്രം. ഇതിനടുത്താണ് പ്രവാചകനായ മുഹമ്മദിന്റെ മദീനയിലുള്ള പള്ളി. മുഹമ്മദിന്റെ ചില സഹായികൾ, ബന്ധുക്കൾ, ഭാര്യമാർ, മക്കൾ തുടങ്ങിയവർ ഇവിടെ ഖബറടക്കപ്പെട്ടിട്ടുണ്ട്.

ഖദീജയെ അടക്കിയിരിക്കുന്ന മക്കയിലെ അൽമാലാ ഖബറിടം.

## 23 വർഷങ്ങൾ കൊണ്ട് ദൗത്യം പൂർത്തിയാക്കി

### 610 CE

ദിവ്യവെളിപാടു ആരംഭം:

മുഹമ്മദിനെ ദൈവദൂതനായി പ്രഖ്യാപിച്ച് ആദ്യവെളിപാട് ആരംഭിച്ചു. ഉറച്ച വിശ്വാസവും അർപ്പണവും സമർപ്പണവും സത്യസന്ധതയും ഈ ദൗത്യത്തിന് ആവശ്യമായിരുന്നു.



### 610- 612 CE

കാതലായ മുസ്ലിങ്ങളെ രൂപീകരിച്ചു:

സ്നേഹിതരേയും അടുത്തവരേയും ചില തിരഞ്ഞെടുക്കപ്പെട്ടവരേയും ഏകദൈവ വിശ്വാസത്തിലേയ്ക്കും ഇസ്ലാമിലേയ്ക്കും മനുഷ്യസമുദായത്തിലേക്കുള്ള അവസാന സന്ദേശത്തിലേയ്ക്കും ക്ഷണിച്ചു. പ്രവാചകദൗത്യം ആരംഭിച്ചു മൂന്നു വർഷത്തിനുള്ളിൽ നൂററിമുപ്പതോളം ആളുകൾ ഇസ്ലാം സ്വീകരിക്കുകയും പരസ്യമായി ഇസ്ലാമിനെ വ്യാപിപ്പിക്കുവാനുള്ള ശക്തമായ കേന്ദ്രമായി മാറുകയും ചെയ്തു. സമ്പന്നരും പാവപ്പെട്ടവരും ഇതിൽ ഉണ്ടായിരുന്നു.



### 613- 615 CE

മുഹമ്മദിൻെറ തുറന്ന ക്ഷണം നിരസിക്കപ്പെട്ടു:

മുഹമ്മദും അനുയായികളും പരസ്യമായി ആളുകളോട് ഇസ്ലാമിനെപ്പററി സംസാരിച്ചു തുടങ്ങി. മുഹമ്മദ് വിശ്വസ്ഥനും സത്യസന്ധനുമായി അറിയപ്പെട്ടിരുന്നെങ്കിലും ഇക്കാര്യം മക്കയിലെ നേതാക്കൾ

വിശ്വസിച്ചില്ല. അവർ അദ്ദേഹത്തെ കവിയായും മാന്ത്രികനായും ഭ്രാന്തനായും ചിത്രീകരിച്ചു.

**അവർ മുഹമ്മദിനെ പ്രലോഭിപ്പിക്കുകയും ഭയപ്പെടുത്തുകയും ചെയ്തു.:** മക്കയിലെ നേതാക്കൾ ചിലപ്പോൾ പ്രലോഭിപ്പിച്ചും മററുചിലപ്പോൾ ഭയപ്പെടുത്തിയും ആളുകളെ ഇസ്ലാമിലേക്ക് ക്ഷണിക്കുന്നതിൽ നിന്ന് അദ്ദേഹത്തെ പിൻതിരിപ്പിക്കുവാൻ ശ്രമിച്ചു. കൂടാതെ ആളുകൾ അദ്ദേഹത്തെ കേൾക്കുന്നതിൽ നിന്ന് തടയുകയും ചെയ്തു. പുതിയ മുസ്ലിങ്ങളോട് അവർ കൂടുതൽ ശത്രുത കാട്ടി. പാവങ്ങളും ദുർബലരുമായ മുസ്ലിങ്ങളെ ഉപദ്രവിക്കുകയും ശിക്ഷിക്കുകയും ചെയ്തു.

**അനുയായികളെ മുഹമ്മദ് പിൻതാങ്ങുകയും ചിലരെ അബിസീനിയയിലേക്ക് അയക്കുകയും ചെയ്തു:** മുഹമ്മദ് അനുയായികളോട് വളരെ അടുപ്പമുള്ള ആളായിരുന്നു. ഒരു ചെറിയ കോളേജ് പോലെയുള്ള അൽ അർകം എന്ന സ്ഥലത്ത് അദ്ദേഹം അവരെ സന്ദർശിച്ചിരുന്നു. ഉത്തരവാദിത്വവും അർപ്പണവും ഉണ്ടാകുവാനുതകുന്ന മൂല്യങ്ങൾ അവരെ പഠിപ്പിച്ചു.

അനുയായികൾ അനുഭവിക്കുന്ന ദുരിതങ്ങൾ മനസ്സിലാക്കിയ മുഹമ്മദ് അവരെ അബിസീനിയയിൽ അഭയം തേടാൻ ഉപദേശിച്ചു. ആരോടും അന്യായം കാണിക്കാത്ത ഒരു നല്ല ക്രിസ്ത്യൻ രാജാവ് ശ്രേഷ്ടമായ ഭരണം നടത്തുന്ന രാജ്യമായിരുന്നു അബിസീനിയ.

**രണ്ട് സ്വാധീനശക്തിയുള്ള വ്യക്തികൾ ഇസ്ലാം സ്വീകരിച്ചു:** രണ്ട് ശക്തരും ബഹുമാന്യരുമായ മക്കാവ്യക്തികൾ ഇസ്ലാം സ്വീകരിച്ചു. ഉമർ ബിൻ അൽ ഖത്താബും ഹംസാ ബിൻ അബ്ദുൽ മുത്തലിബും (മുഹമ്മദിൻെറ ചിററപ്പൻ). ഇതു മുസ്ലിങ്ങൾക്ക് ഒരു പ്രധാന വഴിത്തിരിവായിരുന്നു. ഉഹദ് യുദ്ധത്തിൽ (610 CE) മരിക്കുന്നതുവരെ ഹംസ മുഹമ്മദിൻെറ സഹായിയും രക്ഷകനുമായിരുന്നു. പ്രവാചകനായ മുഹമ്മദിൻെറ വിയോഗശേഷം മൂന്ന് വർഷം കഴിഞ്ഞ് ഉമർ രണ്ടാം ഖലീഫയായി പതിനൊന്നു വർഷം ഇസ്ലാമികരാജ്യങ്ങൾ ഭരിച്ചു.

## 616- 618 CE

മുഹമ്മദ് ബഹിഷ്ക്കരിക്കപ്പെട്ടു: മക്കാ നേതാക്കൾ മുഹമ്മദിനേയും അദ്ദേഹത്തിൻെറ അനുയായികളേയും ബഹിഷ്ക്കരിച്ചു. സാമൂഹികവും സാമ്പത്തീകവുമായ നിരോധനം ഏർപ്പെടുത്തിയത് മൂന്നു വർഷത്തേക്ക് നീണ്ടു. ഈ കാലഘട്ടത്തിൽ മുഹമ്മദും അനുയായികളും വളരെ ദുരിതങ്ങൾ അനുഭവിച്ചു. ഇത് അവരുടെ വിശ്വാസത്തിനും കടമയ്ക്കും സമർപ്പണത്തിനുമുള്ള വലിയ പരീക്ഷണമായിരുന്നു.

## 619- 620 CE

ദുഃഖവർഷം: ഇതുകൊണ്ടൊന്നും പ്രയോജനമില്ലെന്ന് മനസ്സിലാക്കിയ മക്ക പ്രമുഖർ സാമൂഹികവും സാമ്പത്തീകവുമായ നിരോധനം പിൻവലിച്ചു. അതേ വർഷം അദ്ദേഹത്തിൻെറ ഭാര്യ ഖദീജയും ചിററപ്പൻ അബുത്വാലിബും മരണപ്പെട്ടു. മുഹമ്മദിന് മക്കയിലുള്ള വിശ്വാസം നഷ്ടപ്പെടുകയും മക്കയ്ക്കു പുറത്ത് ഈ സന്ദേശമെത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. അദ്ദേഹം ത്വായിഫ് എന്ന പട്ടണത്തിലേക്ക് പോയി, പക്ഷെ അവിടെ നല്ല സ്വീകരണമല്ല ലഭിച്ചത്. കുടാതെ ഇരുപതിൽ കൂടുതൽ അറബ് ഗോത്രങ്ങളോട് സംസാരിച്ചുവെങ്കിലും നല്ല പ്രതികരണം ഉണ്ടായില്ല.

## 620- 622 CE

ആശയുടെ കിരണങ്ങൾ: മുഹമ്മദ് യെത്രിബിൽ നിന്നുള്ള ആറ് വ്യക്തികളെ (മക്കയിൽ നിന്ന് 450 കി.മീ.വലതാണ് യത്രിബ്) തീർത്ഥാടനസമയത്ത് കണ്ടുമുട്ടി ഇസ്ലാമിനെപ്പററി സംസാരിച്ചു. അവർ മുഹമ്മദിനെ വിശ്വസിക്കുകയും മടങ്ങി യത്രിബിലെത്തി അവരുടെ ഗോത്രങ്ങളിലേയും മററു ഗോത്രങ്ങളിലേയും ആളുകളെ ഇസ്ലാമിലേക്ക് ക്ഷണിക്കുവാനും തീരുമാനിച്ചു. അടുത്തവർഷം തീർത്ഥാടനസമയത്ത് മടങ്ങിവന്ന് ദൈവത്തിൻെറ പ്രവാചകനായ മുഹമ്മദിനെ വീണ്ടും കാണാമെന്ന് സമ്മതിച്ചു.

## പുതിയ മുസ്ലിങ്ങൾ മുഹമ്മദിനോട് കൂറ് പ്രഖ്യാപിക്കുന്നു:



*Aqaba or Al-Bay'aa "Pledge" Mosque*

അടുത്തവർഷം അതേ ആൾക്കാർ ആറു പുതിയ ആളുകളുമായി യത്രിബിൽ നിന്നുവന്നു. അവർ മുഹമ്മദിനോട് അവരുടെ കൂറ് പ്രഖ്യാപിച്ചു. അദ്ദേഹത്തെ ദൈവത്തിൻെറ പ്രവാചകനായി അംഗീകരിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ വാഗ്ദാനം ചെയ്തു.:

(1) ഏകദൈവമായ അള്ളാഹു അല്ലാതെ മററാരേയും ആരാധിക്കില്ല, (2) മോഷണം നടത്തുകയില്ല, (3) വ്യഭിചരിക്കുകയില, (4) കൊല്ലുകയില്ല, (5) അയല്ക്കാരെ ദുഷിപ്പിക്കുകയില, (6) ദൈവത്തിൻെറ പ്രവാചകനെ അനുസരിക്കാതിരിക്കില്ല.

ഈ സംഘം യത്രിബിലേക്കുതിരിച്ചുപോയി ഗോത്രനേതാക്കളേയും ജനങ്ങളേയും ഇസ്ലാമിലേക്കു ക്ഷണിച്ചു. അടുത്ത തീർത്ഥാടനത്തിൽ (622 CE) എഴുപത് പുരുഷന്മാരും രണ്ടു സ്ത്രീകളുമായി വന്ന് അവർ സമാനമായ കൂറ് മുഹമ്മദിനോട് പ്രഖ്യാപിച്ചു.



ഒരു പുതിയ മുസ്ലിം സമൂഹം മക്കയിൽ നിന്ന് 450 കി.മീ. വടക്ക് രൂപീകരിക്കപ്പെട്ടു: യത്രിബിലുള്ള രണ്ട് പ്രമുഖ ഗോത്രനേതാക്കൾ (അവ്സും ഖസ്റജും) ഇസ്ലാം സ്വീകരിക്കുകയും തുടർന്ന് അവരുടെ ആളുകളും മുസ്ലിമീങ്ങളായി. ദൈവത്തിന്റെ പ്രവാചകനായ മുഹമ്മദിനെ യത്രീബിലേക്ക് വന്ന് അവിടുത്തെ ഭരണവും നേതൃത്വവും ഏറ്റെടുക്കുവാൻ ക്ഷണിച്ചു

## 622 CE

മക്കയിലെ പ്രധാനികൾ മുഹമ്മദിനെ വധിക്കുവാൻ ഗൂഢാലോചന നടത്തുന്നു; യത്രിബിലേക്കുള്ള പ്രവാസം ആരംഭിച്ചു: മക്കയിലെ സ്ഥിതി വഷളായിക്കൊണ്ടിരുന്നു. മക്കയിലെ മുസ്ലിമീങ്ങളോട് യത്രിബിലേക്ക് കുടിയേറാൻ മുഹമ്മദ് കല്പിച്ചു. സെപ്തംബർ 622 CE യിൽ മുഹമ്മദും യത്രിബിലേക്ക് പോയി. ഇസ്ലാമിക ചരിത്രത്തിലെ ഒരു വഴിത്തിരിവായിരുന്നു ഈ യാത്ര. യത്രിബിൽ ഇസ്ലാം ശക്തി പ്രാപിക്കുകയും ഇസ്ലാമികരാഷ്ട്രം സ്ഥാപിച്ച് ഒരു ശരിയായ രാഷ്ട്രീയസംവിധാനം ഉടലെടുക്കുകയും ചെയ്തു.

## 623-624 CE

മുഹമ്മദ് യത്രിബിലെ ഭരണാധികാരിയായി തിരഞ്ഞെടുക്കപ്പെട്ടു: യത്രിബിലെ ആളുകളിൽ അറബികളും ജൂതന്മാരും ഉണ്ടായിരുന്നു. രണ്ട് അറബ് ഗോത്രങ്ങളും മൂന്ന് ജൂതഗോത്രങ്ങളും ഉണ്ടായിരുന്നെങ്കിലും അറബി സമൂഹമായിരുന്നു കൂടുതൽ, അതിനാൽ അവർക്കായിരുന്നു ഭരണം. ഭൂരിപക്ഷ അഭിപ്രായമനുസരിച്ച് ദൈവദൂതനായ മുഹമ്മദിനെ യത്രിബിലെ ഭരണാധികാരിയായി തെരഞ്ഞെടുത്തു.

**മുഹമ്മദ് വിഭന്നസംസ്കാരമുള്ള രാജ്യത്തിൻെറ പേര് മാററുന്നു:** യത്രീബ് പട്ടണത്തിന് മദീന എന്ന പുതിയ പേര് മുഹമ്മദ് നല്കി.

മക്ക മുസ്ലിമിങ്ങളുടെ പാലായനശേഷം, യത്രിബ് ഒരു പ്രത്യേക അറബ് സമൂഹമെന്നതിനു പകരം പുതുതായി ഇസ്ലാം സ്വീകരിക്കുന്നവരുടെ ഒരു താവളമായി മാറി.

യത്രിബിൽ ജൂതഗോത്രങ്ങളും മുസ്ലിമീങ്ങളാകാത്ത മററ് അറബികളും ഉണ്ടായിരുന്നതിനാൽ ഇസ്ലാമികരാഷ്ട്രമായി മുഹമ്മദ് നാമകരണം ചെയ്തില്ല. അതിനുപകരം പട്ടണം എന്നർത്ഥമുള്ള അൽ മദീന എന്ന് നാമ കരണം ചെയ്തു. അവിടെയുള്ള എല്ലാവർക്കും പൗരാവകാശം നല്കി.



## മുഹമ്മദ് മദീനയിൽ ഐക്യത്തിനും സമാധാനത്തിനും ആഹ്വാനം ചെയ്തു

മദീനയിലെ ആദ്യ പൊതുപ്രഭാഷണത്തിൽ മുഹമ്മദ് പരസ്പര ഐക്യത്തിനും സമാധാനത്തിനും ആഹ്വാനം ചെയ്തു. അദ്ദേഹം പറഞ്ഞു:

> "അല്ലയോ ജനങ്ങളെ നിങ്ങൾ സമാധാനം പ്രചരിപ്പിക്കുകയും പരസ്പരം ആഹാരം നല്കുകയും കുടുംബബന്ധം സൂക്ഷിക്കുകയും രാത്രിയിൽ മററുള്ളവർ ഉറങ്ങുമ്പോൾ ദൈവത്തിന് ആരാധനചെയ്യുകയും ചെയ്താൽ ദൈവപ്രീതിയും സ്വർഗ്ഗവും നേടാം".

മുഹമ്മദ് പരസ്പര സ്നേഹവും സമാധാനവും ദൈവപ്രീതിക്കായ മാർഗ്ഗങ്ങളായി സ്ഥാപിച്ചു.



## 623-624 CE

**മനുഷ്യരുടെ അവകാശങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കുന്ന ഒരു ഭരണഘടന മുഹമ്മദ് രൂപീകരിച്ചു:** ജൂതന്മാരിൽ പലരും അവരിൽ നിന്നാണ് അവസാന പ്രവാചകൻ വരുന്നത് എന്ന് പ്രതീക്ഷിച്ചിരുന്നു. ഭൂരിപക്ഷം യഹൂദന്മാരും മുഹമ്മദിനെ പ്രവാചകനായി അംഗീകരിച്ചില്ലെങ്കിലും, മനുഷ്യാവകാശത്തിനും സ്വാതന്ത്ര്യത്തിനുമായി, ഒരു ഭരണാധികാരിയെന്നനിലയിൽ മുഹമ്മദ് നിർമ്മിച്ച ഭരണഘടനയിൽ എല്ലാ അറബ്, ജൂതഗോത്രങ്ങളും ഒപ്പ്വച്ചു.

ഭരണഘടന എല്ലാ മുസ്ലിമീങ്ങൾക്കും ജൂതന്മാർക്കും ഇസ്ലാം സ്വീകരിക്കാത്ത അറബികൾക്കും മതസ്വാതന്ത്ര്യം നല്കി. കൂടാതെ മദീനയിലെ എല്ലാവർക്കും സുരക്ഷയും സംരക്ഷണവും നല്കുകയും ശത്രുക്കൾ മദീന ആക്രമിച്ചാൽ പ്രതിരോധത്തിനായി ഭരണഘടനയിൽ ഒപ്പുവച്ച എല്ലാവരും സഹകരിക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്തു. ന്യായം, മനുഷ്യാവകാശങ്ങൾ, സ്വാതന്ത്ര്യം, കുററകൃത്യങ്ങളുടേയും അസന്മാർഗീകകാര്യങ്ങളുടേയും നിരോധനവും ഭരണഘടന പ്രഖ്യാപിച്ചു.

## 624 CE

**ഒഴിച്ചുകൂടാനാവാത്ത ബദർയുദ്ധം:** മുസ്ലിമീങ്ങൾ മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തപ്പോൾ അവരുടെ വീടുകളും സ്വത്തുക്കളും ഖുറൈശികൾ പിടിച്ചെടുത്തിരുന്നു.



*Location of Badr*

മക്കയിലെ അധികാരികൾ പിടിച്ചെടുത്ത പണം കച്ച വടത്തിനായി ചിലവഴിച്ചു. മുസ്ലിമീങ്ങളുടെ ശത്രുവും മക്കയിലെ ഒരു പ്രധാനിയുമായ അബുസുഫിയാൻെറ നേതൃത്വത്തിൽ ഒരു കച്ചവടസംഘം മദീനയുടെ സമീപത്തികൂടി കടന്നുപോകും എന്ന വിവരം മുസ്ലിമീങ്ങൾക്ക് അറിവായി.

മക്കയിലെ നഷ്ടപ്പെട്ട സ്വത്തിന് പകരമായി ഈ കച്ചവടസംഘത്തിൻെറ സ്വത്ത് പിടിച്ചെടുക്കുവാൻ മുഹമ്മദ് ആഹ്വാനം ചെയ്തു. 313 മുസ്ലിങ്ങളായിരുന്നു ഇതിനായി പുറപ്പെട്ടത്. മക്കയിലെ രഹസ്യവിഭാഗം ഇതറിഞ്ഞ് അബുസുഫിയാനോട് വഴിമാറിപ്പോകുവാൻ നിർദ്ദേശിക്കുകയും 950 യോദ്ധാക്കളെ മുസ്ലിമീങ്ങൾക്കെതിരായി യുദ്ധം ചെയ്യുവാൻ അയക്കുകയും ചെയ്തു.

ശരിയായ ഒരുക്കം ഇല്ലാതിരുന്നതിനാൽ മുസ്ലിമീങ്ങൾ യുദ്ധത്തിന് തയാറെടുത്തില്ലായിരുന്നു. എങ്കിലും അത്ഭുതകരമായി മുസ്ലീമിങ്ങൾ മക്കാപ്രമാണികൾക്കെതിരായ ആ ദിവ്യയുദ്ധത്തിൽ വിജയികളായി. പല മക്കാപ്രമാണികളും പ്രധാനികളും ഈയുദ്ധത്തിൽ മരിച്ചു.



## 625 CE

ഉഹദ് യുദ്ധത്തിൽ മക്കായോദ്ധാക്കൾ മുഹമ്മദിനേയും അനുയായികളേയും ആക്രമിച്ചു: ബദർ യുദ്ധത്തിലെ പരാജയവും അറേബ്യയിലെ പ്രമുഖസ്ഥാനം നഷ്ടപ്പെടുമെന്നുള്ള ഭീതിയും കാരണം മക്കായോദ്ധാക്കൾ ചില അറബ് സഖ്യങ്ങളുമായി ചേർന്ന് 3000 പടയാളികളെ മദീനയിലെ ഉഹദ് മലയിൽ മുസ്ലിമീങ്ങളെ ആക്രമിക്കുന്നതിനായി അയച്ചു.



ഉഹദ് താഴ്വര, മക്ക, സൗദിഅറേബ്യ

മുസ്ലിമീങ്ങൾ ഈ യുദ്ധത്തിൽ തോൽക്കുകയും മുഹമ്മദിന് മുറിവേല്ക്കുകയും ചെയ്തു. ഉഹദ് യുദ്ധത്തിൽ മുഹമ്മദിൻെറ ചില അനുയായികൾ, ചിററപ്പൻ ഹംസാ ഉൾപ്പെടെ മരണപ്പെട്ടു.



ഉഹദ് യുദ്ധത്തിലെ രക്തസാക്ഷികൾ, ഉഹദ് ഖബറിടം, മദീന, സൗദിഅറേബ്യ

## 626 CE

### കിടങ്ങ് യുദ്ധത്തിൽ മക്കക്കാരും മററുഗോത്രങ്ങളും മുഹമ്മദിനേയും അനുയായികളേയും ആക്രമിച്ചു:

ഈ യുദ്ധത്തിന് "കൂട്ടാളികളുടെ യുദ്ധം" എന്നും പറയുന്നു. മുൻപുള്ള യുദ്ധത്തിൽ മുഹമ്മദ് കൊല്ലപ്പെടാതിരുന്നതിനാൽ മക്കായോദ്ധാക്കളും മററുചില അറബ്-ജൂത ഗോത്രങ്ങളും ചേർന്ന് മുഹമ്മദിനെ വധിക്കുവാനും ഇസ്ലാമിനെ നശിപ്പിക്കുവാനും കച്ച കെട്ടിയിറങ്ങി.

പതിനായിരം പടയാളികൾ മദീനയെ ലക്ഷ്യമാക്കി നീങ്ങി. ഒരു പേർഷ്യാമുസ്ലിമായ സൽമാൻെറ നിർദ്ദേശപ്രകാരം മദീനയുടെ വടക്കുവശത്ത് 5.5 കി.മി നീളവും 4.6 കി.മി വീതിയുമുള്ള ഒരു കിടങ്ങ് നിർമ്മിക്കുവാൻ മുഹമ്മദ് തീരുമാനിച്ചു.

മുസ്ലിമീങ്ങൾ വളരെ പരിതാപകരമായ അവസ്ഥയിലായിരുന്നതിനാൽ പ്രതിരോധത്തിനായി ചില മനശാസ്ത്ര തന്ത്രങ്ങൾക്കും അവർ ശ്രമിച്ചു. ഒരുമാസക്കാലത്തെ യുദ്ധത്തിൽ മക്കയിലെ യോദ്ധാക്കൾ അക്ഷമരാകുകയും ശക്തമായ കാററ് സഹിക്കാതെ തങ്ങളുടെ കൂടാരം അഴിച്ച് പിൻതിരിയുവാൻ ഈ കൂട്ടാളിസംഘം നിർബന്ധിതരായി.

## 627 CE

### ഹുദൈബിയ സന്ധിയും പത്ത് വർഷത്തെ യുദ്ധവിരാമവും:

കിടങ്ങ് യുദ്ധത്തിന് ശേഷം സമാധാനമായി ഉംറ ചെയ്യുവാൻ മുഹമ്മദ് മുൻകൈയ്യെടുത്തു (മക്കയിലെ ദൈവമന്ദിരമായ കഅ്ബ സന്ദർശനവും മററ് കർത്തവ്യങ്ങളും). എല്ലാ അറബികൾക്കും ദൈവാരാധനയ്ക്കും മററു മതചടങ്ങുകൾക്കും മക്ക സന്ദർശിക്കുന്നതിന് അവകാശമുണ്ടായിരുന്നു.

10-വർഷ
യുദ്ധമില്ലാ
സന്ധി

മുഹമ്മദ് ആയിരത്തിനാനൂറോളം നിരായുധരായ പൗരന്മാരുമായി മക്കയിലേക്ക് വരുന്നത് മക്കാപ്രമാണിമാർക്ക് അത്ഭുതമായി.


കുറെ സന്ധിസംഭാഷണങ്ങൾക്കുശേഷം മക്കാപ്രമാണികളും മുഹമ്മദും തമ്മിൽ പത്ത് വർഷത്തേക്ക് ഒരു ഉടമ്പടിയായി. അതനുസരിച്ച് തത്കാലം അവർ തിരിച്ച് മദീനയിലേക്ക് പോകുവാനും അടുത്തവർഷം (628 CE മക്ക സന്ദർശിക്കാമെന്നും തീരുമാനിച്ചു. ആ ഉടമ്പിയിൽ മുസ്ലിമീങ്ങളെ നിരാശരാക്കുന്ന പല തീരുമാനങ്ങളും ഉണ്ടായിരുന്നു. കാരണം അതിൽ പലതും മക്കക്കാർക്ക് ഗുണം ചെയ്യുന്നതായിരുന്നു.



## 628- 629 CE

ഈ സന്ധിക്കാലത്ത് മുഹമ്മദ് അറേബ്യയ്ക്കകത്തും പുറത്തും ദൈവസന്ദേശങ്ങൾ പ്രചരിപ്പിച്ചു: ഈ സന്ധിസമയം മുഹമ്മദിന് ഒരു സുവർണ്ണ അവസരമായിരുന്നു. മററു ശക്തികളുടെ ഇടപെടലോ തടസ്സങ്ങളോ ഇല്ലാതെ ദൈവസന്ദേശങ്ങൾ സ്വതന്ത്രമായി എത്തിക്കുവാൻ സാധിച്ചു.

മുഹമ്മദ് അറബ്ഗോത്രങ്ങളുടെ അടുത്തേക്ക് പ്രതിനിധിസംഘങ്ങളെ അയക്കുകയും ഈജിപ്ററ്, പേർഷ്യ, ബിശാൻടൈൻ എന്നീ പ്രമുഖ രാജ്യങ്ങളിലെ രാജാക്കന്മാർക്കും ഭരണാധികാരികൾക്കും ഇസ്ലാമിനെ “ദൈവത്തിൻെറ സന്ദേശമായി” അംഗീകരിക്കുവാൻ എഴുതുകയും ചെയ്തു. ഇസ്ലാമിലെ സത്യം മനസിലാക്കി ഇസ്ലാം മതാനുയായികൾ വർദ്ധിച്ചു.



## 630 CE

മക്ക സമാധാനമായി കീഴടക്കി: രണ്ടുവർഷത്തിനകം സന്ധിഉടമ്പടികൾ തകർത്തുകൊണ്ട് ഇരുപത് മുസ്ലിങ്ങളെ മക്കക്കാർ വധിച്ചു.

ഞെട്ടിപ്പിക്കുന്ന ഈ സംഭവത്തിന് പ്രത്യുത്തരമായി പതിനായിരം മുസ്ലിമീങ്ങളുമായി മുഹമ്മദ് മക്കയിലേക്ക് പടനീക്കി. പക്ഷെ മക്കക്കാർ ഇങ്ങോട്ട് ആക്രമിക്കാതെ അങ്ങോട്ട് ആക്രമിക്കരുതെന്ന് പടയാളികളോട് പ്രത്യേകം നിഷ്ക്കർഷിച്ചു..[7]



മക്കപ്രമാണികൾ മുസ്ലിമീങ്ങൾക്കെതിരായി യുദ്ധത്തിന് സന്നദ്ധര ല്ലായിരുന്നു. മുസ്ലിം പട മക്കയിലെത്തിയപ്പോൾ മുഹമ്മദ് ഏകദൈവത്തെ സ്ഥിരപ്പെടുത്തിയും ദൈവവിജയം ഉണ്ടാകുമെന്ന് സ്ഥാപിച്ചും മണ്ണുകൊണ്ട് സൃഷ്ടി ക്കപ്പെട്ട ആദാമിൻെറ മക്കളാണ് എല്ലാവരും എന്നും മററും ഒരു പ്രഭാഷണം എല്ലാവർക്കുമായി ചെയ്തു.




അതിനുശേഷം "എന്നിൽനിന്ന് നിങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നത്" എന്ന് ചോദിച്ചു. "നീ ഞങ്ങളുടെ ഉത്തമസഹോദരനും ബന്ധുവുമായതിനാൽ ഞങ്ങൾ നല്ലതുമാത്രമാണ് പ്രതീക്ഷിക്കുന്നത്" എന്ന് അവർ മറുപടി നല്കി.

ശ്രേഷ്ടമായ ക്ഷമ: ഇരുപത്തിയൊന്നുവർഷം മക്കക്കാരിൽ നിന്നും കഷ്ടപ്പാടുകൾ ഉണ്ടായിട്ടും മുഹമ്മദ് വളരെ ഉയർന്ന സദാചാരം കാഴ്ചവച്ചു. അദ്ദേഹം പറഞ്ഞു "ഇന്നത്തെ ദിവസം ആരും ഭയപ്പെടേണ്ട, എല്ലാവരും അവരവരുടെ വീടുകളിലേക്കുപോവുക. നിങ്ങളെല്ലാവരും സ്വതന്ത്രരാണ്". മുഹമ്മദിന്റെ ഈ പ്രഭാഷണം ആളുകളെ ആകർഷിക്കുകയും പലരും അദ്ദേഹത്തിനെ സമീപിച്ചു ഇസ്ലാം സ്വീകരിക്കുകയും പ്രതിജ്ഞയെടുക്കുകയും ചെയ്തു.

## 630 - 631 CE

അറബ്ഗോത്രങ്ങൾ ഇസ്ലാം സ്വീകരിച്ചു: മക്കവിജയത്തിനുശേഷം അറേബ്യയിലെ പല പ്രതിനിധിസംഘങ്ങളും ഇസ്ലാമിനെ മനസ്സിലാക്കുവാൻ വന്നുതുടങ്ങി. ഹുനയിൻ യുദ്ധത്തിൽ പരാജയപ്പെടുന്നതുവരെ മുസ്ലിമീങ്ങളോട് യുദ്ധം ചെയ്ത ഹവാസെൻ ഗോത്രമൊഴിച്ച് മററെല്ലാ ഗോത്രങ്ങളും ഇസ്ലാം സ്വീകരിച്ചു. "ദൈവസന്ദേശമായ" ഇസ്ലാമിനെ പഠിപ്പിക്കുവാൻ മുഹമ്മദ് തന്റെ അനുയായികളെ പല അറബ്പ്രദേശങ്ങളിലേക്ക് അയച്ചു.



മക്കയിൽ തിരിച്ചെത്തിയ മുഹമ്മദിന്റെ പ്രധാനദൗത്യം ദൈവഭവനത്തെ സംസ്ക്കരിക്കുകയെന്നതായിരുന്നു. സകലചരാചരങ്ങളേയും സൃഷ്ടിച്ച ഏകദൈവത്തെ ആരാധിക്കുവാനായി ഏബ്രഹാം പണിത കഅ്ബായ്ക്കു ചുററുമുള്ള എല്ലാ പ്രതിമകളേയും തകർത്ത് നീക്കംചെയ്തു.



## 632 CE

**മുഹമ്മദിൻെറ വിടവാങ്ങൽ പ്രഭാഷണം:** മുഹമ്മദിൻെറ ദൗത്യം പൂർത്തിയായി തൻെറ ജീവിതാവസാനം അടുത്തു. 632 CE യിൽ മുഹമ്മദ് ഒരുലക്ഷം ആളുകളോടൊപ്പം ഹജ്ജ് തീർത്ഥാടനം നിർവ്വഹിക്കുകയും തൻെറ വിടവാങ്ങൽ പ്രഭാഷണം നല്കുകയും ചെയ്തു.

അദ്ദേഹത്തിൻെറ പ്രഭാഷണത്തിൽ ഏകദൈവവിശ്വാസം, വിശ്വാസത്തിലെ മൗലീകമായ കാര്യങ്ങൾ, ജീവൻെറ പവിത്രത, സമ്പത്തിൻേറയും വസ്തുവകകളുടേയും സംരക്ഷണം, എല്ലാ സമുദായങ്ങളുടേയും തുല്യത, നീതിനിയമങ്ങൾ, സ്ത്രീകളുടെ അവകാശങ്ങൾ, സദാചാരം എന്നിവ പരാമർശിച്ചു.


### മുഹമ്മദിൻെറ വിടവാങ്ങൽ:

632 CE യിൽ മദീനയിലെ അദ്ദേഹത്തിൻെറ വീട്ടിൽ അദ്ദേഹം മരണപ്പെട്ടു. അദ്ദേഹം പണമോ സ്വത്തുക്കളോ വിട്ടിട്ടുപോയില്ല. പക്ഷെ ലോകത്തിലെ ലക്ഷക്കണക്കിന് ആളുകളെ കൊതിപ്പിക്കുന്ന ദൈവവിശ്വാസത്തിൻെറ പാരമ്പര്യം നല്കി വിടവാങ്ങി.

> തെററുപററുക മനുഷ്യസഹജമാണ്, ക്ഷമിക്കുക എന്നതു ദൈവീകമാണ്– അലക്സാണ്ടർ പോപ്പ്



മക്കയിലെ പർവ്വതങ്ങൾ, സൗദിഅറേബ്യ



ഹീറാഗുഹ സ്ഥിതിചെയ്യുന്ന നൂർ എന്ന പർവ്വ
തത്തിൻെറ ആകാശദൃശ്യം, മക്ക





മക്കയിലെ പവിത്രമായ ഹറംപള്ളി, മക്ക, സൗദിഅറേബ്യ





മക്കയുടെ ആകാശചിത്രം – പവിത്രമായ ഹറംപള്ളി കാണത്തക്കവിധം, സൗദിഅറേബ്യ





**മക്കയിലെ പവിത്രമായ ഹറം പള്ളി** – സൗദിഅറേബ്യ, ലോകത്തിലെ ഏററവും പവിത്രമായ മുസ്ലിം പള്ളിയാണ് കറുത്ത ഭവനമായ കഅ്ബ. ഏകദൈവത്തെ ആരാധിക്കുവാനും പുകഴ്ത്തുവാനുമായി ദൈവകല്പനയാൽ പ്രവാചകനായ ഏബ്രഹാം നിർമ്മിച്ചതു്. ലോകത്ത് എവിടെ നിന്നും മുസ്ലിമീങ്ങൾ നമസ്കരിക്കുമ്പോൾ അവരുടെ മുഖം കഅ്ബയ്ക്ക് നേരെയാക്കുന്നു.





സൗർഗുഹ – ഈ ഗുഹയിലാണ് മുഹമ്മദും അദ്ദേഹത്തിന്റെ അനുയായി അബൂബക്കറും മദീനയിലേക്ക് പോകുംവഴി മൂന്ന് രാത്രി അഭയംതേടിയത്.



മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തപ്പോൾ മുഹമ്മദും അനുയായി അബൂബക്കറും വിശ്രമിച്ചത് വലിയ ഒരു പാറയുടെ അടുത്താണെന്ന് വിശ്വസനീയമായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പാറ പാലായനം ചെയ്ത വഴിയിലാണ് സ്ഥിതിചെയ്യുന്നതെന്നതിനാൽ ഇതാണ് ആ പാറ എന്ന് വിശ്വസിക്കപ്പെടുന്നു.



ഉഹദ്മല – മദീന (ഒരു പഴയ കോട്ടയിൽ നിന്നുള്ള കാഴ്ച)



മദീനയിലെ ഈത്തപ്പഴമരങ്ങൾ



ബദ്ർ പട്ടണത്തിലെ ആകാശക്കാഴ്ച



ബദ്റിൽ ഖുറൈഷിസൈന്യം തമ്പടിച്ച സ്ഥലം



ബദ്ർയുദ്ധസ്ഥലം. ഇവിടെയാണ് മുഹമ്മദും അനുയായികളും തമ്പടിച്ചിരുന്നത്



ബദ്ർയുദ്ധസ്ഥലം.





ഉഹദ്മലയുടെ സമ്പൂർണ്ണ ദൃശ്യം






ഉഹദ്‌യുദ്ധം നടന്ന സ്ഥലം. ഈ ചിത്രത്തിൽ മലയും രക്തസാക്ഷികളെ അടക്കിയ സ്ഥലവും കാണാം. എഴുപതോളം മുഹമ്മദിൻെറ അനുയായികളേയും അദ്ദേഹത്തിൻെറ ചിററപ്പനായ ഹംസയേയും അടക്കിയിരിക്കുന്നത് ഇവിടെയാണ്.



# കിടങ്ങ്യുദ്ധം


ഉഹദ്മല
കിടങ്ങ്
Location of the trench
സിലാ മല
വാക്യം ഹറാ (അഗ്നിപർവ്വതം)
മദീനപട്ടണം
വാക്യം ഹറാ (അഗ്നിപർവ്വതം)





മദീനയിലെ പ്രവാചകൻ മുഹമ്മദിൻെറ പള്ളിയും ചുററുമുള്ള വീടുകളും ഈത്തപ്പഴമരങ്ങളും- ഒരു സാങ്കല്പിക ദൃശ്യം (മദീന റിസർച്ച് ആൻറ് സ്ററഡീസ്, സൗദിഅറേബ്യയോട് കടപ്പാട്)



*The development of the Prophet Mosque*





നബവി പള്ളി (പ്രവാചകനായ മുഹമ്മദിന്റെ പള്ളി), മദീന, സൗദിഅറേബ്യ



സൗദി രാജാവായിരുന്ന അന്തരിച്ച ഫഹദ് ബിൻ അബ്ദുൽ അസീസ് അൽ സൗദി, നബവി പള്ളിയുടെ വികസിതഭാഗം 1986ൽ ഉത്ഘാടനം ചെയ്യുന്നു, മദീന, സൗദിഅറേബ്യ








ദൈവത്തിന്റെ പ്രവാചകന്മാരിൽ, മുഹമ്മദിനെ അടക്കം ചെയ്ത സ്ഥാനം മാത്രമാണ് വ്യക്തമായി അറിയാവുന്നത്. അദ്ദേഹത്തിന്റെ അനുയായികൾക്ക് അദ്ദേഹത്തിന്റെ ഖബറിന്റെ സ്ഥാനം വ്യക്തമായി അറിയാമായിരുന്നു.

അദ്ദേഹത്തിന്റെ പള്ളിയായ നബവി പള്ളിയുമായി ചേർന്ന തന്റെ വീട്ടിലാണ് മുഹമ്മദിനെ അടക്കിയിരിക്കുന്നത്. ചിത്രത്തിൽ കാണുന്ന പള്ളിക്കെട്ടിടത്തിന്റെ ഉള്ളിലാണ് പ്രവാചകനായ മുഹമ്മദിന്റെ ഖബറും വീടും. ഇപ്പോൾ അതു ഒരു അടച്ച മുറിക്കുള്ളിലാണ്.



പ്രവാചകൻ മുഹമ്മദിൻെറ ഖബറിടം




*The tomb of Prophet Muhammad at the Nabawi Mosque in Madinah (first on the left).*

*Next to it are the tombs of the first Caliph (successor) and ruler of the Islamic state Abu Bakir Al Siddiq and the second Caliph Omar Bin Al-Khattab.*



നബവി പള്ളി
(ഛായാഗ്രഹകൻ നൗഷാദ് അലിയോട് കടപ്പാട്



## സമാപനക്കുറിപ്പുകൾ

1 മററു ചില വിവരണങ്ങളിലും കണക്കുകളിലും മുഹമ്മദ് 571 CE യിൽ ജനിച്ചതായി വന്നിട്ടുണ്ട്.

2 ചില വിവരണങ്ങളിൽ മുഹമ്മദും ഖദീജയും തമ്മിലുള്ള ദാമ്പത്യം 24 വർഷവും ചില മാസങ്ങളുമായിരുന്നു എന്ന് വന്നിട്ടുണ്ട്.

3 അറബിയിൽ മുഹമ്മദിന് ഒരേ ഒരു ഖുർആൻ മാത്രമേ അവതരിച്ചിട്ടുള്ളൂ, പക്ഷേ ഖുർആൻ ഇംഗ്ലീഷ്, ചൈനീസ് തുടങ്ങിയ പല ഭാഷകളിൽ പരിഭാഷ ചെയ്യപ്പെട്ടിട്ടുണ്ട്. സരളമായ ഇംഗ്ലീഷിൽ ഈ അവലംബത്തിൽ നല്കിയിട്ടുള്ള വയിൽ നിന്നാണ് ഈ പോക്കററ്ഡയറിയിലെ പുണ്യമായ ഖുർആൻ ഉദ്ധരണികൾ എടുത്തിട്ടുള്ളത്.

4 മുഹമ്മദിന് തായിഫിൽവച്ച് വളരെ മോശമായ പെരുമാററവും അക്രമണവും നേരിടേണ്ടിവന്നു. തായിഫിൽ നിന്ന് തിരിച്ചുവന്ന്, നിരാശനായ മുഹമ്മദ് അത്ഭുതകരമായ ഒരു പ്രാർത്ഥന (അടുത്തപേജ് നോക്കുക) നിർവ്വഹിച്ചതായി ചില വിവരണങ്ങളിൽ വന്നിട്ടുണ്ട്.

5 അഖബാ അഥവാ അൽബയ്യാ പള്ളി (പ്രതിജ്ഞ നടക്കുന്ന പള്ളി) പുതു മുസ്ലിമുകൾ പ്രവാചകനായ മുഹമ്മദിനോട് പ്രതിജ്ഞാബദ്ധതയും ഇസ്ലാം സ്വീകരണവും ചെയ്തെന്ന് വിശ്വസിക്കുന്ന സ്ഥലത്ത് അബ്ബാസൈഡിലെ ഖലീഫയായ അബുജാഫർ അൽമൻസോർ പണിത പള്ളി.

6 ഒരു ചെറിയ സംഘം മുസ്ലിമീങ്ങൾ യത്രിബിലേയ്ക്ക് (മദിന) പാലായനം ചെയ്യാതെ മക്കയിൽ താമസിച്ചിരുന്നു.

7 ഇസ്ലാമിക കലണ്ടർ ആരംഭിക്കുന്നത് മുഹമ്മദിൻെറ മക്കയിൽ നിന്ന് മദീനയിലേക്കുള്ള പാലായനം മുതലാണ് (ഏകദേശം 622 CE, Sep. ഏകദേശം 630 CE, Jan 8 ൽ സമാദാനപരമായി മക്ക കീഴടക്കി

# മുഹമ്മദിൻെറ ദൈവത്തോടുള്ള പ്രാർത്ഥന.

അല്ലയോ ദൈവമേ, ഞാൻ എൻെറ ദൗർബല്യവും
കഴിവുകേടും അപമാനവും നിന്നിൽ അർപ്പിക്കുന്നു.

അല്ലയോ ഏററവും കാരുണ്യവാനായവനെ, ക്ഷീണിതരെ
ഉദ്ധരിക്കുന്നവനെ നീയാണ് എൻെറ ഉദ്ധാരകൻ.

നീ അല്ലാതെ മററാരെയാണ് ഞാൻ ആശ്രയിക്കുന്നത്?
എന്നോട് അസന്തുഷ്ടി പ്രകടിപ്പിക്കുന്നവരോടോ,

ഞാൻ കീഴടങ്ങിയവരോടോ ?. നിനക്ക് എന്നോട്
അസന്തുഷ്ടിയില്ലെങ്കിൽ എനിക്ക്


സങ്കടപ്പെടേണ്ടതായില്ല.

ഇരുട്ടിനെ പ്രകാശത്തിലാക്കുകയും ഈ ലോകത്തേയും
പരലോകത്തേയും നന്നാക്കിയ നിൻെറ പ്രകാശത്തിൽ ഞാൻ
ശരണം തേടുന്നു.

നിൻെറ കോപവും അതൃപ്തിയും എന്നിൽ വരാതെ
എന്നോടുള്ള നിൻെറ ഗുണകടാഷം രക്ഷിക്കട്ടെ.

നിൻെറ തൃപ്തി നേടുന്നതുവരെ ഞാൻ
നിന്നിലേയ്ക്കുതന്നെ ശരണം പ്രാപിക്കും.

# പ്രവാചകത്വം



ജപ്പാൻകാരനായ കാലിഗ്രാഫർ നോബുക്കോസഗാവ നിർമ്മിച്ച അറബിക് കാലിഗ്രാഫി

"സന്തോഷവാർത്തയും താക്കീതും എല്ലാവർക്കും നല്കുന്നവനായിട്ടല്ലാതെ നാം നിന്നെ നിയോഗിച്ചിട്ടില്ല"

പരിശുദ്ധ ഖുർആൻ, സൂറത്ത് 34, ആയത് 28

നൂർമല, മക്ക, സൗദിഅറേബ്യ


# മുഹമ്മദും പ്രവാചകത്വം

**മുഹമ്മദ് പ്രവാചകനാകുമെന്ന് മുൻകൂട്ടി അറിവില്ലായിരുന്നു:** അദ്ദേഹം ധാർമ്മികമായ ഒരു സാധാരണ ജീവിതമാണ് നയിച്ചിരുന്നത്. അദ്ദേഹം സൂക്ഷ്മത, ധർമ്മനീതി, വിശ്വസ്ഥത എന്നിവയ്ക്ക് പ്രശസ്തനായിരുന്നു. ബഹുദൈവാരാധകരുടെ ഒരു സമൂഹത്തിൽ അദ്ദേഹം ഒരിക്കലും വിഗ്രഹാരാധന ചെയ്തിട്ടില്ല.

ഈ പ്രപഞ്ചം സൃഷ്ഠിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന ഒരു ഏകദൈവം ഉണ്ടായിരിക്കണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു. അദ്ദേഹം ഒരു ഗുഹയിൽ ഏകനായിരുന്ന് ദൈവാരാധന നടത്തിയിരുന്നു. (മക്കയിൽ നിന്ന് 4 കി.മി. കിഴക്ക് സമുദ്രനിരപ്പിൽ നിന്ന് 634 മി. ഉയരത്തിലുള്ള മലയിലുള്ള ഗുഹ)

നൂർമല (പ്രകാശത്തിൻെറ മല) യിലുള്ള ഹിറാഗുഹയിലായിരുന്നു ധ്യാനം. ഇതിനെ പ്രകാശത്തിൻെറ മല എന്നാണ് അറിയപ്പെടുന്നത്, അവിടെ ധ്യനത്തിലിരിക്കുമ്പോഴാണ് മുഹമ്മദിന് ആദ്യമായി ദൈവസന്ദേശം വന്നുതുടങ്ങിയത്.

വായിക്കുക!



Hira Cave

**അത് ഒരു തോന്നലോ സ്വപ്നമോ അല്ലായിരുന്നു:** മുഹമ്മദിന് 40 വയസ്സായപ്പോൾ അദ്ദേഹം തുടർച്ച യായി ഹീറാഗുഹയിൽ ധ്യാനനിരതനായിരുന്നു. റമസാൻ മാസത്തിൽ (ചന്ദ്രവർഷത്തിലെ 9ാം മാസം ഏകദേശം 610 CE) മലക്ക് ജിബ്രീൽ ആദ്യമായി ഗുഹയിൽ പ്രത്യക്ഷപ്പെട്ട് മുഹമ്മദിനോട് "വായിക്കുക" എന്ന് കല്പിച്ചു. മുഹമ്മദ് ഭയപ്പെട്ടുപോയി.


അദ്ദേഹം നിരക്ഷരനായിരുന്നതിനാൽ വായിക്കാനോ, എന്താണ് വായിക്കേണ്ടതെന്നോ അറിയില്ലായിരുന്നു. ജിബ്രീൽ എന്ന മലക്ക് “വായിക്കുക” എന്ന് പറഞ്ഞുകൊണ്ടേയിരുന്നു. പിന്നീട് മലക്ക് താഴെപ്പറയുന്ന ആയതുകൾ ഓതി:

> “എല്ലാത്തിനേയും സൃഷ്ടിച്ച നിന്റെ ദൈവത്തിന്റെ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഒട്ടിപ്പിടിക്കുന്നതിൽ (ഗർഭപാത്ര ഭിത്തിയിൽ ഒട്ടിപ്പിടിക്കുന്ന) നിന്ന് സൃഷ്ടിച്ചു. പേനകൊണ്ട് എഴുതാൻ പഠിപ്പിച്ച പ്രതാപവാനായ നിന്റെ ദൈവത്തിന്റെ നാമത്തിൽ വായിക്കുക. അവൻ മനുഷ്യരെ അവർക്കറിവില്ലാത്തത് പഠിപ്പിച്ചു.”
>
> പരിശുദ്ധ ഖുർആൻ 96:1–5

ഈ ഹ്രസ്വസന്ദർശനത്തിന് ശേഷം മലക്ക് ജിബ്രീൽ അപ്രത്യക്ഷനായി.

**മുഹമ്മദ് ഭയപ്പെട്ടു:** അദ്ദേഹം വല്ലാതെ ഭയപ്പെടുകയും വീട്ടിലേയ്ക്ക് ഓടുകയും ചെയ്തു. അദ്ദേഹം വിറയ്ക്കുന്നുണ്ടായിരുന്നു. ഭാര്യ ഖദീജയോട് വിവരങ്ങൾ പറയുകയും തന്നെ പുതപ്പുകൊണ്ട് മൂടാൻ ആവശ്യപ്പെടുകയും ചെയ്തു. നല്ല ബന്ധുത്വം സ്ഥാപിക്കുകയും, പവങ്ങളെ സഹായിക്കുകയും, ധർമ്മം നല്കുകയും ചെയ്യുന്ന നിങ്ങളെ പിശാച് സ്പർശിക്കുവാനോ ആക്ഷേപിക്കുവാനോ ദൈവം ഒരിക്കലും അനുവദിക്കുകയില്ലെന്ന് ഖദീജ അദ്ദേഹത്തെ ആശ്വസിപ്പിച്ചു.






അബ്ദുൽ മജീദ് അൽ നോയിറത്ത് എന്ന കലാകാരൻ 'മുഹമ്മദ്' എന്ന വാക്ക് അറബിയിൽ രൂപകല്പന ചെയ്തതാണ്, നൂർ മലയിലേക്കുള്ള മുഹമ്മദിന്റെ കയററവും ദൈവാന്വേഷണവും ചിത്രീകരിക്കുന്നു.

**ദൈവവെളിപ്പെടുത്തലോ പിശാചിൻെറ ദുർബോധനമോ?** മുഹമ്മദിന് തനിക്ക് ഏതോ ദുർബോധനമാണോ ലഭിച്ചത് എന്ന് ഭയമായി. ഖദീജയുടെ ഒരു ബന്ധുവായ വർഖത്ത് ബിൻ നൗഫൽ എന്ന ക്രിസ്തീയ പുരോഹിതൻെറ അടുത്ത് ഭാര്യ ഖദീജയോടൊപ്പം പൊയി അദ്ദേഹത്തെ കാര്യങ്ങൾ ധരിപ്പിച്ചു. ജൂതപ്രവാചകനായിരുന്ന മോസ്സസിന് ലഭിച്ചതുപോലെയുള്ള ഒരു ദൈവവെളിപാടാണിതെന്നും, മുഹമ്മദ് ഒരു പ്രവാചകനാകുമെന്നും വർഖാ പ്രവചിച്ചു. മുഹമ്മദിനെ പിൻതുണയ്ക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും വൃദ്ധനായിരുന്നതിനാൽ അദ്ദേഹത്തിന് അതിന് കഴിഞ്ഞില്ല. സ്വന്തം ആൾക്കാർ തന്നെ മുഹമ്മദിനെ മക്കയിൽ നിന്നും പുറത്താക്കുമെന്നും ചിലർ ശത്രുതകാണിക്കുമെന്നും അദ്ദേഹം പറഞ്ഞു.

**നീ ദൈവപ്രവാചകനാണ്:** മുഹമ്മദ് കുറച്ച് ദിവസത്തേക്ക് നൂർമലയിലേക്ക് പോയില്ല. ദിവസങ്ങൾക്കുശേഷം ജിബ്രീൽ മുഹമ്മദിനെ വീട്ടിൽ സന്ദർശിക്കുകയും വാഴ്ത്തപ്പെട്ട ദൈവത്തിൻെറ പ്രവാചകനായി അദ്ദേഹത്തെ തെരഞ്ഞെടുത്ത സന്തോഷവാർത്ത അറിയിക്കുകയും ചെയ്തു. ദൈവത്തിൽ നിന്നുള്ള ആയതുകൾ ജിബ്രീൽ അദ്ദേഹത്തെ ഓതി കേൾപ്പിച്ചു:

> “പുതപ്പുകൊണ്ട് മൂടി കിടക്കുന്നവനേ എഴുന്നേററ് ആളുകൾക്ക് സന്ദേശമെത്തിക്കുക. തിൻമകളിൽ നിന്നകന്ന്, വസ്ത്രങ്ങൾ ശുദ്ധീകരിച്ച് നീ ദൈവകീർത്തനം ചെയ്യുക. ഇതു നീ മനുഷ്യരോടോ ദൈവത്തോടോ ചെയ്യുന്ന ഉപകാരമായിക്കാണാതെ, ദൈവപ്രീതിക്കായി ക്ഷമയോടെ ഈ ദൗത്യം പൂർത്തിയാക്കുക”.
>
> പരിശുദ്ധ ഖുർആൻ 74:1–7



ജിബ്രീൽ തുടർന്ന് 23 വർഷം മുഹമ്മദിനെ സന്ദർശിക്കുകയും മനുഷ്യർക്കായി ദൈവസന്ദേശമായ പരിശുദ്ധ ഖുർആൻ അവതരിപ്പിക്കുകയും ചെയ്തു.

**മുഹമ്മദ് ദൈവസന്ദേശം എല്ലാവരിലും എത്തിച്ചു:** 610 CE ൽ അദ്ദേഹത്തിന് കിട്ടിയ സന്ദേശമനുസരിച്ച് മുഹമ്മദ് പ്രവർത്തിച്ചു. അറേബ്യയിലും പുറത്തുമുള്ളവരെ ഏകദൈവവിശ്വാസത്തിലേക്കും മനുഷ്യനന്മയ്ക്കായി ദൈവനിർമ്മിതമായ കല്പനകൾ അനുസരിക്കുന്നതിലേക്കും ക്ഷണിച്ചു.

**വിശ്വാസവും നിയമവും**

**എന്താണ് സന്ദേശം?** ഇസ്ലാമിലെ സന്ദേശം ഏകദൈവവിശ്വാസമായ 'അഖീദാ' യിലും ദൈവീകനിയമമായ 'ശരീഅത്ത്' നേയും അടിസ്ഥാനമാക്കിയതാണ്. ആളുകളുടെ ദൈനംദിന ഇടപാടുകളിലും പ്രവർത്തനങ്ങളിലും ഉള്ള ചിട്ടകളും ശാസനങ്ങളും ആണ് ശരീയ.

ശരീഅയിൽ മൂന്ന് പ്രധാന ഭാഗങ്ങളുണ്ട് 1) ആരാധന: നമസ്ക്കാരം, നോമ്പ്, പ്രാർത്ഥനകൾ, സക്കാത്ത്, ഹജ്ജ് മുതലായവ. 2) സദാചാരം: സത്പ്രവർത്തനം, മര്യാദ, മൂല്യങ്ങൾ, സത്യസന്ധത, ആത്മാർത്ഥത, സൂക്ഷ്മത, സ്നേഹം, സഹകരണം മുതലായവ. 3) മററുള്ളവരോടുള്ള ഇടപാടുകളും പെരുമാററവും: ഉദാഹരണം: ന്യായം, മററുള്ളവരുടെ അവകാശങ്ങൾ, ക്രയവിക്രയം, പൗരനീതി, പിൻതുടർച്ചാവകാശം തുടങ്ങിയവ.

കുറിപ്പ് : ദിവ്യസന്ദേശം ലഭിച്ചതിനു ശേഷം 13 വർഷം ഏകദൈവവിശ്വാസമായ അഖീദ ആളുകളെ പഠിപ്പിക്കുവാൻ മുഹമ്മദ് വിനിയോഗിച്ചു. മദീനയിലേക്കുള്ള പാലായനശേഷം 'ശരീഅ' സ്ഥാപിക്കുവാൻ കഴിഞ്ഞു.

# ദൈവകല്പനകൾ

“മുഹമ്മദേ പറയുക, വരുവിൻ ദൈവം നിഷിദ്ധമാക്കിയത് ഞാൻ പറഞ്ഞുതരാം,

1) ദൈവത്തിന് തുല്യരെ ഏർപ്പെടുത്തരുത്
2) മാതാപിതാക്കളോട് നന്മ പ്രവർത്തിക്കുക
3) ദാരിദ്ര്യം ഭയന്ന് നിങ്ങൾ കുട്ടികളെ കൊല്ലരുത്. അവർക്കും നിങ്ങൾക്കും ഞാനാണ് ആഹാരം നൽകുന്നത്
4) വ്യഭിചാരം, അഴിമതി തുടങ്ങിയ നാണംകെട്ട കാര്യങ്ങളെ രഹസ്യമായോ പരസ്യമായോ സമീപിക്കരുത്
5) നിയമപരമായ കാരണങ്ങളില്ലാതെ പവിത്രമായ ഒരു ദേഹത്തേയും വധിക്കരുത്. നിങ്ങൾ വിവേകികളാകാനാണ് ഇതു കല്പിക്കപ്പെട്ടിരിക്കുന്നത്.
6) അനാഥകൾ പ്രായപൂർത്തിയാകുന്നതുവരെ അധികരിപ്പിക്കുവാനല്ലാതെ നിങ്ങൾ അവരുടെ സമ്പത്ത് തൊടരുത്
7) അളവുകൾ കൃത്യമായി നല്കുക
8) സാമ്പത്തീകമോ അല്ലാത്തതോ ആയ ഇടപാടുകൾ നടത്തുമ്പോൾ ന്യായം നടപ്പാക്കുക. നിങ്ങൾക്ക് കഴിയാത്ത ഒരു പ്രയാസവും ഞാൻ നിങ്ങളിൽ അർപ്പിക്കുന്നില്ല
9) നിങ്ങളുടെ ബന്ധുക്കൾക്കെതിരെയാണെങ്കിലും ന്യായമായതുമാത്രം പറയുക
10) ദൈവത്തോടുള്ള പ്രതിജ്ഞ പൂർത്തിയാക്കുക നിങ്ങൾ ഓർക്കുന്നതിനായി ഇതാണ് നിങ്ങളോട് കല്പിക്കപ്പെട്ടിരിക്കുന്നത്

പരിശുദ്ധ ഖുർആൻ 6:151,152


**മുഹമ്മദിൻെറ അബിസീനിയായിലെ ഉപദേശങ്ങളുടെ ഒരു പ്രായോഗിക അവതരണം:** അബിസീനിയയിലേക്ക് (ഇപ്പോഴത്തെ ആഫ്രിക്കയിലെ എത്യോപ്പിയ) അഭയാർത്തികളായി പാലായനം ചെയ്ത 80 മുസ്ലിമീങ്ങളുടെ കൂടെ ജാഫർ ബിൻ അബിത്വാലിബും ഉണ്ടായിരുന്നു. മുസ്ലിമീങ്ങൾക്കുവേണ്ടി അബിസീനിയ രാജാവിനോട് ജാഫർ പറഞ്ഞു.



“അല്ലയോ രാജാവേ മുൻപ് ഞങ്ങൾ അറിവില്ലായ്മയിലും ബിംബാരാധനയിലും ചീഞ്ഞമാംസം ഭക്ഷിച്ചും അറപ്പായ പ്രവർത്തികൾ ചെയ്തും സ്വന്തക്കാരെ അവഗണിച്ചും അയൽ വാസികളോട് മോശമായി പെരുമാറിയും ശക്തരായവർ ദുർബലരെ കീഴ്പ്പെടുത്തിയും ജീവിച്ചുവന്നവരാണ്. അങ്ങനെ ഞങ്ങൾ കഴിയുമ്പോഴാണ് ഞങ്ങളുടെ തന്നെ ഒരംഗമായ, സത്യസന്ധതയിലും ധർമ്മനീതിയിലും ശുദ്ധിയിലും അറിയപ്പെടുന്ന ഒരു പ്രവാചകനെ ദൈവം നിയോഗിച്ചത്.

അദ്ദേഹം ഞങ്ങളോട് ഏകദൈവത്തെ മാത്രം ആരാധിക്കുവാനും, ഞങ്ങളുടെ മുൻഗാമികൾ ആരാധിച്ചിരുന്ന പ്രതിമകളെ ഉപേക്ഷിക്കുവാനും ആഹ്വാനം ചെയ്തു. സത്യസന്ധരാകുവാനും വാഗ്ദാനങ്ങൾ പാലിക്കുവാനും രക്തബന്ധമുള്ളവരോടുള്ള കടമകൾ നിർവ്വഹിക്കുവാനും വിദ്വേഷങ്ങൾ ഉപേക്ഷിക്കുവാനും നിർദ്ദേശിച്ചു.

അതിനാൽ ഞങ്ങൾ അദ്ദേഹത്തിൽ വിശ്വസിക്കുകയും ദൈവത്തിൽ നിന്ന് അദ്ദേഹം നേടുന്നസന്ദേശങ്ങൾ പിൻതുടരുകയും ചെയ്തു. പക്ഷേ ഞങ്ങളുടെ ആളുകൾ ഞങ്ങളെ അപലപിക്കുകയും കഷ്ടപ്പെടുത്തുകയും ഈ മതത്തിൽ നിന്ന് പിൻതിരിപ്പിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നു. അവർ ഇതു തുടർന്നപ്പോൾ ഞങ്ങൾ സംരക്ഷണവും നിഷ്പക്ഷമായ പെരുമാററവും കിട്ടുവാൻ നിങ്ങളെ തിരഞ്ഞെടുത്തു”.



## ഒരു ക്രിസ്തീയരാജാവ് മുഹമ്മദിൻെറ മതത്തെ അംഗീകരിക്കുന്നു:

ജാഫറിൻെറ സംസാരത്തിനുശേഷം അബിസീനിയാ രാജാവ് (ഒരു നിഷ്പക്ഷനായ, ദൈവഭയമുള്ള ആൾ) മുഹമ്മദിൻെറ വെളിപ്പെടുത്തലുകളുടെ ചില ഭാഗങ്ങൾ പാരായണം ചെയ്യുവാൻ ആവശ്യപ്പെട്ടു.


*Negash, Mosque Tigray, Ethiopia*

ജാഫർ ഖുർആനിലെ മറിയം (ജീസസ്സിൻെറ മാതാവ്) എന്ന അദ്ധ്യായം പാരായണം ചെയ്തു കൊണ്ടിരുന്നപ്പോൾ രാജാവ് കരഞ്ഞ് തൻെറ താടി കണ്ണുനീരാൽ നനഞ്ഞു.

അതിനു ശേഷം അദ്ദേഹം പറഞ്ഞു

> “മുഹമ്മദിന് വെളിപ്പെട്ടതും ജീസ്സസിന് വെളിപ്പെട്ടതും ഒരേ സ്രോതസ്സിൽ നിന്നുള്ള സന്ദേശങ്ങളാണ്”.





# ഇസ്ലാംമിന്റ സന്ദേശം

**ഇസ്ലാം സരളമായ വാക്കുകളിൽ:**

ഇസ്ലാം എന്നാൽ ഏകദൈവത്തിലുള്ള ഭക്തിയും അർപ്പണവുമാണ്. സാദൃശ്യപ്പെടുത്താൻ കഴിയാത്ത ഏകദൈവത്തിലുള്ള അർപ്പണമാണ് ഈ പ്രകൃതിമതം ദൈവത്തിന് പങ്കാളികളോ മക്കളോ ഇല്ല. ദൈവത്തിന് മകനോ, ദൈവം ആരുടെയെങ്കിലും മകനോ അല്ല.



Courtesy of Abdul Aziz Al Rashidi

സകലചരാചരങ്ങളേയും അവൻ സൃഷ്ടിച്ചു. അവൻെറ ദിവ്യത്വത്തിൽ പങ്കാളികളോ, ആരാധനയ്ക്കർഹത അവനല്ലാതെ മററാരുമില്ല.



**എന്താണ് ദൈവത്തിൻെറ പേര്?:** ദൈവത്തിൻെറ പേര് 'അള്ളാ' എന്നാണ്. ദൈവത്തിന് പല ഗുണങ്ങളും വിശേഷണങ്ങളും ഉണ്ട്. 99ഓളം പേരുകളും വിശേഷണങ്ങളും ദൈവത്തിനുള്ളതായി ഇസ്ലാം സാക്ഷ്യപ്പെടുത്തുന്നു. ഏററവും കരുണയുള്ളവൻ, എല്ലാം അറിയുന്നവൻ എന്നിവ ഉദാഹരണങ്ങളാണ്. ആരും ദൈവത്തേക്കാൾ കരുണയുള്ളവരോ കൂടുതൽ അറിവുള്ളവരോ അല്ല.



| ഇംഗ്ലീഷ് | അറബിക് | ഹീബ്രു | അറാമായ്ക |
|---|---|---|---|
| ഗോഡ് | ഇലാഹ് | ഇലോഹ | ഇലാഹാ |

“അള്ളാഹുവല്ലാതെ മറെറാരു ദൈവവുമില്ല. പ്രത്യക്ഷമായതും പരോക്ഷമായതും അറിയുന്നവൻ. അവൻ ഉദാരമതിയും കരുണാനിധിയുമാണ്.
അതാണ് അള്ളാ, അവനെക്കൂടാതെ മറെറാരു ദൈവമില്ല; രാജാവ്, വിശുദ്ധമായവൻ, സമാധാനസ്ഥാപകൻ, സുരക്ഷിതത്വം നല്കുന്നവൻ, എല്ലാത്തിൻേറയും രക്ഷാധികാരി, പ്രതാപകാരി, സർവ്വാധികാരി, മഹത്വമുള്ളവൻ, അവർ നിർമ്മിച്ചുണ്ടാക്കുന്നതിൽ നിന്ന് അള്ളാഹുവിന് സ്തുതി.
അവനാണ് അള്ളാഹു; സ്രഷ്ടാവ്, നിർമ്മിക്കുന്നവൻ, രൂപപ്പെടുത്തുന്നവൻ. അവനാണ് എല്ലാ നല്ല പേരുകളും. ഭൂമിയിലും ആകാശത്തിലുമുള്ള എല്ലാം അവനെ സ്തുതിക്കുന്നു. അവനാണ് പ്രതാപശാലിയും ജ്ഞാനിയും.”

പരിശുദ്ധ ഖുർആൻ 22,23,24, ch 59

**നേരേചൊവ്വേ ആകുക**

### മുഹമ്മദും ഇസ്ലാമും:

മററാരോടും വിശദീകരണം തേടാനില്ലാതെ ഇസ്ലാമിനെക്കുറിച്ച് ഹ്രസ്വമായി വിശദീകരിക്കുവാൻ ഒരാൾ ആവശ്യപ്പെട്ടപ്പോൾ മുഹമ്മദ് പറഞ്ഞു:

“പറയുക ഞാൻ ഏകദൈവമായ അള്ളാഹുവിൽ വിശ്വസിക്കുന്നു, പിന്നീട് നേരേചൊവ്വേ ആകുക.”

പ്രവർത്തനത്തിലോ സംസാരത്തിലോ അമിതമാകാതെ സംതുലിതമായ സമീപനമാണ് ഇസ്ലാമിക വിശ്വാസത്തെ സ്വീകരിക്കുവാൻ ആവശ്യമായത്.

**ഇസ്ലാമും സമാധാനവും;** അറബിയിൽ 'സലാമാ' അഥവാ ഉപദ്രവമില്ലാത്തത് എന്ന വാക്കിൽ നിന്നാണ് ഇസ്ലാം എന്ന പദം വന്നത്. സലാമ അഥവാ സമാധാനവുമായി ഇത് ബന്ധപ്പെട്ടിരിക്കുന്നു.

> പ്രവാചകനായ മുഹമ്മദ് മുസ്ലിമീങ്ങളെ വിശേഷിപ്പിച്ചത്: "ആരുടെ നാവിൽ നിന്നും കൈയ്യിൽ നിന്നും ആളുകൾ സുരക്ഷിതരാണോ അവൻ" അതായത് പ്രവർത്തികൊണ്ടോ വാക്കുകൊണ്ടോ ആരേയും ഉപദ്രവിക്കാത്തവൻ.



ഇസ്ലാമിൽ ദൈവത്തിന്റെ ഒരു മഹത്തായ പേരും വിശേഷണവും 'സമാധാനം' എന്നാണ്. അള്ളാഹുവിൽ അർപ്പിക്കുന്ന ഒരാൾ സ്വന്തമായി സമാധാനമുള്ള വനും ചുററുപാടുകളോടും മനുഷ്യരോടും സമാധാനമുള്ളവനുമായിരിക്കും.

മുസ്ലിം സമൂഹത്തിൽ പരസ്പരം കണ്ടുമുട്ടുമ്പോൾ ഹായ്, ഹലോ എന്നതിന് പകരം 'നിനക്ക് സമാധാനം ഉണ്ടാകട്ടെ' എന്നർത്ഥമുള്ള 'അസ്സലാമു അലൈയ്ക്കും' എന്നാണ് പറയുന്നത്. ഇതിന്റെ മുഴുവനായ രൂപം 'സമാധാനവും അള്ളാഹുവിന്റെ കാരുണ്യവും അനുഗ്രഹവും നിങ്ങൾക്കുണ്ടാകട്ടെ' എന്നാണ്.


**മുസ്ലിമോ? മുഹമ്മദനോ?** മററ് മതാനുയായികളിൽ നിന്ന് വിഭിന്നമായി മുഹമ്മദിന്റെ അനുയായികളെ മുഹമ്മദൻ എന്ന് വിളിക്കാറില്ല. ഇസ്ലാമിനെ സ്വീകരിക്കുകയും ആ ജീവിതരീതി സ്വീകരിക്കുകയും ചെയ്യുന്നവരെ മുസ്ലിം (ഏകദൈവത്തിൽ വിശ്വസിക്കുകയും സമർപ്പിക്കുകയും ചെയ്യുന്നവർ) എന്നാണ് വിളിക്കുക.

**ഇസ്ലാമികമത വിശ്വാസികളുടെ ആറ് വിശേഷണങ്ങൾ:**
ഏകദൈവവിശ്വാസത്തോടൊപ്പം അവന്റെ മാലാഖമാരിലും ഏടുകളിലും,പ്രവാചകന്മാരിലും പുനരുദ്ധാനനാളിലും ദൈവത്തിന്റെ മുൻകൂട്ടിയുള്ള തീരുമാനത്തിലും (ഖദർ) വിശ്വസിക്കേണ്ടതുണ്ട്.

## ഇസ്ലാമിലെ സ്തംഭങ്ങൾ, ഇസ്ലാമിക വിശ്വാസത്തിൻെറ പരിശീലനം

ഇസ്ലാം മതം അഞ്ച് സ്തംഭങ്ങളെ ആധാരമാക്കിയുള്ളതാണ്, അവ മുസ്ലിമീങ്ങൾ പരിശീലിക്കേണ്ടതായുണ്ട്.

| | | |
|---|---|---|
| 1 | ശഹാദാ | ഇസ്ലാമിക വിശ്വാസം വായകൊണ്ട് ഉച്ചരിക്കുക (അല്ലാഹുവല്ലാതെ മററൊരു ദൈവമില്ല, മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണ്) |
| 2 | നമസ്കാരം | ദിവസവുമുള്ള നിശ്ചയിക്കപ്പെട്ട നമസ്ക്കാരങ്ങൾ നിർവ്വഹിക്കുക. |
| 3 | നോയ്മ്പ് | റംസാൻ മാസത്തിലെ നോമ്പ് പാലിക്കുക. |
| 4 | സക്കാത്ത് | കഴിവുള്ളവർ വർഷത്തിലൊരിക്കൽ നിർബന്ധ ദാനം നല്കുക |
| 5 | ഹജ്ജ് | മക്കയിലുള്ള പുണ്യദേവാലയത്തിൽ, ആരേള്ള ാഗ്യവും സാമ്പത്തീകകഴിവും ഉള്ളവർ ജീവിള്ള തത്തിലൊരിക്കൽ തീർത്ഥാടനത്തിന് പോവുക. |



പ്രവാചകത്വം

## 1- ഇസ്ലാമിന്റെ അടിസ്ഥാനം അംഗീകരിക്കുക , ശഹാദത്ത്

സ്രഷ്ടാവ് ഏകനാണെന്നും, അവന് അല്ലാഹുവാണെന്നും അംഗീകരിക്കുക.



ഒരു വ്യക്തി മുസ്ലിമാവുന്നതു ശഹാദത്ത് അർത്ഥമറിഞ്ഞു ചൊല്ലുകയും അതിൽ വിശ്വസിക്കുകയും ചെയ്യുമ്പോഴാണ് "അല്ലാഹ അല്ലാതെ വേറെ ഒരു ദൈവം ഇല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ പ്രവാചകന് ആണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു."



മുഹമ്മദ് നബി (ﷺ) യെ അറിയുന്നതോടപ്പം തന്നെ നബിക്ക് മുമ്പ് അല്ലാഹ അയച്ച സകല പ്രവാചകന്മാരെയും അറിയേണ്ടത് കൂടിയാണ്




അറബിക്ക് കാലിഗ്രാഫി ആർട്ടില് പെട്ടതാണ് ഇത്, ഇതിന്റെ അർത്ഥം: അല്ലാഹ അല്ലാതെ വേറെ ഒരു ദൈവം ഇല്ലെന്നും മുഹമ്മദ് അല്ലാഹുവിന്റെ ദൂതനും അടിമയും ആണെന്ന് ഞാന് സാക്ഷ്യം വഹിക്കുന്നു.

## 2-ദിനേനയുള്ള നമസ്കാരം

ഇസ്ലാം.. വിശ്വാസവും പ്രവൃത്തി

ഇസ്ലാമിലെ നമസ്കാരം ദൈവവുമായി വളരെ അടുത്ത ബന്ധം ഉണ്ടാക്കാൻ സഹായിക്കുന്ന ഒന്നാണ്. ദിവസം അഞ്ചു നേരം വ്യത്യസ്ത സമയങ്ങളിലായാണ് നമസ്കരിക്കേണ്ടത്. നമസ്കാരം ദൈവത്തെ മനസ്സ് കൊണ്ടും നാവു കൊണ്ടും ശരീരം കൊണ്ടും വാഴ്ത്തുവാനും പ്രകീർത്തിക്കാനും സ്തുതിക്കാനും വേണ്ടിയുള്ളതാണ് "സലാത്ത് എന്ന് പറഞ്ഞാൽ അഭേദ്യമായ ബന്ധം എന്നാണ വാക്കർത്ഥം. വിശ്വാസത്തിൻറെ പ്രായോഗിക രൂപമാണ് നമസ്കാരം. ഓരോ നമസ്കാരത്തിലും ശരീരം ദൈവത്തിന്റെ മുന്നില്




"എന്റെ ദാസന്മാർ എന്നെപ്പറ്റി നിന്നോടു ചോദിച്ചാൽ പറയുക: ഞാൻ അടുത്തുതന്നെയുണ്ട്. എന്നോടു പ്രാർത്ഥിച്ചാൽ പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാനുത്തരം നൽകും. അതിനാൽ അവരെന്റെ വിളിക്കുത്തരം നൽകട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴിയിലായേക്കാം"

The Holy Qur'an, Verse186 Ch 2

ശക്തിമായ മെഡിടേഷൻ

കുനിച്ചു നിൽകേണ്ടതുണ്ട്. ഈ പ്രാർഥനയിൽ ഓരോ പ്രാവശ്യവും കൂടുതൽ കൂടുതൽ അല്ലാഹുവിനു സമർപ്പിക്കുകയാണ്. നമസ്കാരത്തിൽ പൂർണ സമർപ്പണവും ഐഹിക കാര്യങ്ങളിൽ നിന്നുള്ള വിരക്തിയും ആവശ്യമാണ്. നബി (സ) പറഞ്ഞു: "ഒരു വിശ്വാസി അലാഹുവിനോട് ഏറ്റവും അടുക്കുന്നത് സുജൂദിലാണ്"

ദിവസവും അഞ്ചു നേരം നമസ്കരിക്കുക എന്നത് ചിലർക്കെങ്കിലും അധികമായി തോന്നിയേക്കാം. പക്ഷെ യഥാർത്ഥത്തിൽ അത് ദിവസം നാല്പതു മിനിറ്റിൽ കൂടുതൽ എടുക്കാത്ത ഒരു മെഡിടേഷൻ ആണ്. നാം ദിവസവും മൂന്നോ നാലോ നേരം ഭക്ഷണം കഴിക്കുകയും എന്നാൽ ജീവിക്കാൻ ആവശ്യമായത് കൊണ്ട് പരാതി പറയാതിരിക്കുകയും ചെയ്യുന്നത് പോലെ, നമ്മുടെ ആത്മാവിനും ഉത്തേജകം ആവശ്യമാണ്. ഇടവിട്ട നേരങ്ങളിൽ ഉള്ള നമസ്കാരങ്ങൾ ആത്മീയമായ ഉണർവ് പകരുന്നു.

## 3. സക്കാത്ത്




സക്കാത്ത് ഇസ്ലാമിന്റെ തൂണുകളിൽ ഒന്നാണ്. സക്കാത്ത് എന്നാൽ എല്ലാ വർഷവും പാവപ്പെട്ടവർക്ക് ഇസ്ലാം നിഷ്കർഷിച്ച വിധം അതിന്റെ അവകാശികള്ക്ക് നല്കലാണ്. സമ്പത്തിന്റെ 2.5% ആണ് ഖുർആൻ നിഷ്കർഷിച്ചിരിക്കുന്നത്.

സക്കാത്ത് സമ്പന്നരുടെ ഹൃദയത്തിൽ നിന്ന് ആർത്തിയും പാവങ്ങളിൽ നിന്ന് വിദ്വേഷവും അസൂയയും എടുത്തു കളയുന്നു. സാമൂഹിക ബന്ധങ്ങൾ ദൃഢപ്പെടുത്തുകയും പരസ്പര സഹകരണവും ദയയും ബഹുമാനവും വളർത്തുകയും ചെയ്യുന്നു. അത് സാമൂഹ്യ പുരോഗതിയെ ത്വരിതപ്പെടുത്തുകയും സാമൂഹ്യ നീതി നടപ്പിൽ വരുത്തുകയും ചെയ്യുന്നു.

## 4. റമദാനിലെ നോമ്പ്



റമദാൻ എന്ന ചന്ദ്രമാസത്തിലെ എല്ലാ ദിവസവും (29 അല്ലെങ്കിൽ 30) മുസ്ലിങ്ങൾക്ക് പ്രഭാതം മുതൽ പ്രദോഷം വരെ നോമ്പ് നോൽക്കൽ നിർബന്ധമാണ്. നോമ്പിന്റെ സമയത്ത് മുസ്ലിങ്ങൾ ഭക്ഷണങ്ങൾ തിന്നാനോ കുടിക്കാനോ ലൈംഗിക കാര്യങ്ങളിൽ ഏർപ്പെടാനോ പാടില്ല.

അല്ലാഹുവിനു വേണ്ടി നോമ്പ് നോൽകുമ്പോൾ അല്ലാഹു ആണ് അന്നദാതാവ് എന്നാ യാതാർത്ഥ്യം അംഗീഗരിക്കൽ കൂടിയാണ് വിശപ്പ് അനുഭവിക്കുമ്പോൾ, പട്ടിണി അനുഭവിക്കുന്നവരുടെ വിഷമതകൾ മനസ്സിലാക്കുക കൂടിയാണ്

അവർ ചെയ്യുന്നത്, പ്രത്യേകിച്ചും അടിസ്ഥാനാവശ്യങ്ങൾ പോലും ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ. സമ്പന്നർ നോമ്പ് നോൽകുമ്പോൾ ദാനങ്ങൾ അധികരിപിക്കനും സാധ്യത കൂടുതലാണ്. ഇത് സമ്പന്നരും പാവപ്പെട്ടവരും തമ്മിലുള്ള ബന്ധങ്ങൾ ദൃഢപ്പെടുത്തുകയും ചെയ്യുന്നു

നോമ്പ് മനുഷ്യന്റെ ശാരീരികേച്ചകളെ വരുതിയിൽ നിറുത്താനും സ്വയം നിയന്ത്രിക്കാനും സഹായിക്കുകയും ആത്മീയ വളർച്ച കൈവരിക്കാൻ സഹായകമാകുകയും ചെയ്യുന്നു. നോമ്പിനു വേറെയും ഒട്ടനവധി ആരോഗ്യദായകമായ വശങ്ങളുണ്ട്. ചില അസുഖങ്ങൾ മാറാൻ ഡോക്ടർമാർ നോമ്പ് നിർദ്ധേശിക്കുകയും ചെയ്യുന്നു.

| ചന്ദ്രമാസം | |
|---|---|
| 1 | മുഹറം |
| 2 | സഫർ |
| 3 | റബീഉൽ അവ്വൽ |
| 4 | റബീഉൽ ആഖിർ |
| 5 | ജമാദുൽ അവ്വൽ |
| 6 | ജമാദുൽ ആഖിർ |
| 7 | റജബ് |
| 8 | ശഅബാന് |
| 9 | റമദാന് |
| 10 | ശവ്വാൽ |
| 11 | ദുൽ കഅദ് |
| 12 | ദുൽ ഹജ്ജ് |

## 5. മക്കയിലേക്കുള്ള പുണ്യ യാത്ര

ദുൽ ഹജ്ജ് മാസത്തിലെ മക്കയിലെ അല്ലാഹുവിന്റെ വിശുദ്ധ ഗേഹത്തിലെ ചില ആരാധനാ കർമങ്ങൾക്കായുള്ള പുണ്യയാത്രയാണ് ഹജ്ജ്. ഹജ്ജ് ഇസ്ലാമിൻറെ അഞ്ചാമത്തെ സ്തംഭമാണ്. അത് ജീവിതത്തിലൊരിക്കലെങ്കിലും ആരോഗ്യവും സമ്പത്തും ഉള്ള പ്രായപൂർത്തിയായവർക്ക് നിർബന്ധമാണ്.

ഇസ്ലാമിക ലോകത്തെ ജനങ്ങൾ ഭാഷ ദേശം വർണം എന്നിവക്കതീതമായി ഐക്യത്തോടെ ഒരുമിച്ച് നില്ക്കുന്നു അതിന് മുഖ്യ കാരണം അവരുടെ വിശ്വാസം ആണ്, അത് കൂടാതെ ഉറപ്പിച് നിർത്തുന്നത് അവരുടെ വംശം പൂർവപിതാവായ ആദമിൽ നിന്നും ആത്മീയ നേതാവായ അബ്രഹാമിൽ നിന്നുമാണ്.

## ഏകദൈവം... ഏകസന്ദേശം

### പരിശുദ്ധ ഖുർആനിലെ പ്രവാചകന്മാരും ദൂതന്മാരും:



മനുഷ്യരെ നയിക്കുവാൻ ദൈവം അയച്ച എല്ലാ പ്രവാചകന്മാരേയും ദൂതന്മാരേയും ഇസ്ലാം അംഗീകരിക്കുന്നു. അവരെല്ലാം ഏകദൈവവിശ്വാസമാണ് സ്ഥിരപ്പെടുത്തുന്നത്.

മനുഷ്യജീവിതത്തിൻെറ ഉദ്ദേശം, തെററിൽ നിന്നുള്ള രക്ഷ. സൽ സ്വഭാവം എന്നിവ പഠിപ്പിക്കുവാനാണ് ദൈവം അവരെ നിയോഗിച്ചത്.

പരിശുദ്ധ ഖുർആനിൽ 25 പ്രവാചകന്മാരെ പേരെടുത്ത് പറയുകയും, ചിലരുടെ ചരിത്രത്തിന് ഊന്നൽ നല്കുകയും ചെയ്തിരിക്കുന്നു. ഉദാഹരണമായി പരിശുദ്ധ ഖുർആനിൽ 25 തവണ ആദമിനേയും 43 തവണ നോഹയേയും 69 തവണ എബ്രഹാമിനേയും 136 തവണ മോസ്സസിനേയും 25 തവണ ജീസ്സസിനേയും പരാമർശിച്ചിട്ടുണ്ട്.

മുഹമ്മദ് പറഞ്ഞു:"ഞാനും മററ് പ്രവാചകന്മാരുമായുള്ള സാദൃശ്യം, ഒരാൾ ഒരു വീടു് പണിഞ്ഞു പക്ഷേ ഒരു ഇഷ്ടിക വിട്ടു. ആളുകൾ ആ വീടിനെ പുകഴ്ത്തുകയും ഒരു ഇഷ്ടിക കൂടി ഉണ്ടായിരുന്നെങ്കിൽ എത്ര നന്നായിരുന്നുവെന്ന് പറയുകയും ചെയ്തു. ഞാനാണ് ആ ഇഷ്ടികയും അവസാന പ്രവാചകനും".

(ബുഖാരിയിൽ നിന്ന് നിവേദനം 4734,47350)

തീർച്ചയായും നാം നിനക്ക് മുൻപ് പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. അതിൽ ചിലരുടെ കാര്യങ്ങൾ നിന്നോട് പറയുകയും മററുചിലരെക്കുറിച്ച് പറയാതിരിക്കുകയും ചെയ്തിട്ടുണ്ട്. ദൈവത്തിൻെറ അനുവാദത്തോടുകൂടിയല്ലാതെ അവർ ഒരു അമാനുഷീകകാര്യങ്ങളും ചെയ്തിട്ടില്ല.

പരിശുദ്ധ ഖുർആൻ 40: 78

പറയുക: ഞങ്ങൾ അള്ളാഹുവിലും ഞങ്ങൾക്ക് അവതരിച്ചതിലും എബ്രഹാം, ഇസ്മായീൽ, ഇസ് ഹാക്ക്, ജേക്കബും ഗോത്രങ്ങളും, മോസ്സസ്, ജീസ്സസ് തുടങ്ങി ദൈവത്തിൽ നിന്നവതരിച്ച എല്ലാത്തിലും വിശ്വസിക്കുന്നു. അവരിലാരിലും ഒരു വ്യത്യാസവും ഞങ്ങൾ കല്പിക്കുന്നില്ല. അവനിലോട്ടുതന്നെ ഞങ്ങൾ കീഴടങ്ങുന്നു.

പരിശുദ്ധ ഖുർആൻ 2: 136

## മനുഷ്യർക്കായി അവതരിച്ചതാണ് തോറയും ഗോസ്പലും ഖുർആനും:

പരിശുദ്ധ ഖുർആനിന് മുൻപ് ദൈവം അവതരിപ്പിച്ച എല്ലാ ഏടുകളിലും വിശ്വസിക്കുക എന്നത് ഇസ്ലാമികവിശ്വാസത്തിൻെറ പ്രധാന സ്തംഭമാണ്. മററ് അവതരണങ്ങൾ ഒന്നും നിഷേധിക്കാതെ അതിൽ പിന്നീട് വന്ന മാററങ്ങൾ തിരുത്തുകയാണ് പരിശുദ്ധ ഖുർആൻ എന്നാണ് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നത്.

നാം തന്നെയാണ് മാർഗ്ഗനിർദ്ദേശവും പ്രകാശവുമായി തോറ അവതരിപ്പിച്ചത്.

പരിശുദ്ധ ഖുർആൻ 5:44

അതിനെ പിൻതുടർന്ന് തോറയെ സ്ഥിരപ്പെടുത്തിക്കൊണ്ട് മറിയമിൻെറ പുത്രനായ ജീസ്സസിനെ നാം നിയോഗിച്ചു. മാർഗ്ഗനിർദ്ദേശവും പ്രകാശവുമായി അദ്ദേഹത്തിന് നാം ഗോസ്പൽ നല്കി. അതിൽ സൽച്ചരിതർക്ക് മാർഗ്ഗനിർദ്ദേശവും അദ്ധ്യാപനവും ഉണ്ട്.

പരിശുദ്ധ ഖുർആൻ 5:46

നിനക്ക് (മുഹമ്മദ്) നാം പരിശുദ്ധ ഖുർആൻ അവതരിപ്പിച്ചത്, അതിന് മുൻപുള്ളതിനെ എല്ലാം സ്ഥിരപ്പെടുത്തിയും അതിന്മേൽ സാക്ഷിയായും ആകുന്നു.


പരിശുദ്ധ ഖുർആൻ 5:48

ദൈവപ്രീതിനേടിയ പ്രവാചകന്മാരും ആദമിൻെറ പിൻഗാമികളും നോഹയോടൊപ്പം കപ്പലിൽ കയറിയവരും എബ്രഹാമിൻെറ ഇസ്രായേൽ സന്തതികളും നാം മാർഗ്ഗനിർദ്ദേശം നല്കി തിരഞ്ഞെടുത്തവരും പ്രതാപവാനായ ദൈവത്തിൻെറ അവതരണങ്ങൾ കേൾക്കുമ്പോൾ കരഞ്ഞുകൊണ്ടും പുകഴ്ത്തിയും പ്രണാമത്തിൽ വീഴും.

പരിശുദ്ധ ഖുർആൻ 19:58

പട്ടിക1–പ്രധാനപ്രവാചകന്മാരുടെ ജീവിതം

| പ്രവാചകൻ | മുഹമ്മദ് | ജീസ്സസ് | മോസ്സസ് | എബ്രഹാം |
|---|---|---|---|---|
| കാലള്ള ഘട്ടം | 570 - 632 CE | 1-33 CE | ഏകദേശം 1400 BC | ഏകദേശം 1700 BC |
| ജീവിതള്ള കാലം | 63 | 33 | 120 | 175 |




**മുഹമ്മദും എബ്രഹാമും:**
ജൂതന്മാരുടേയും ക്രിസ്ത്യാനികളുടേയും ഇസ്ലാം മതത്തിൻേറയും എല്ലാ പ്രവാചകന്മാരുടേയും പിതാവായി എബ്രഹാം അറിയപ്പെടുന്നു. അറിയപ്പെടുന്ന പ്രവാചകരെല്ലാം അദ്ദേഹത്തിൻെറ പിൻഗാമികളാണ്. അദ്ദേഹത്തിൻെറ ആദ്യ മകനായ ഇസ്മായിലിൻെറ പരമ്പരയിലാണ് മുഹമ്മദ് എന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. അതുപോലെ ഇസ്രായിലികളും ജേക്കബ്, ജോസഫ്, ആറോൺ, മോസ്സസ് എന്നിവർ അദ്ദേഹത്തിൻെറ രണ്ടാമത്തെ പുത്രനായ ഇസഹാക്കിൻെറ പരമ്പരയിലാണ്

ഏകദൈവവിശ്വാസം ആളുകളെ പഠിപ്പിക്കുവാൻ എബ്രഹാം അദ്ദേഹത്തിൻെറ ജീവിതം അർപ്പിച്ചു:
പരിശുദ്ധ ഖുർആനിൽ പല സ്ഥലത്തും ഏബ്രഹാമിൻെറ ഏകദൈവാന്വേഷണവും സത്യാന്വേഷണവും പരാമർശിച്ചിട്ടുണ്ട്. ദൈവത്തോടുള്ള ആത്മാർത്ഥത, സത്യസന്ധത, ഉപകാരസ്മരണ, അനുസരണം എന്നിവ എബ്രഹാം പ്രായോഗികമായി തെളിയിച്ചു. ഏററവും പ്രയാസകരമായ സന്ദർഭങ്ങളിലും ഏകദൈവത്തിലുള്ള അർപ്പണം നല്കി. ചരിത്രത്തിൽ മഹത്തായ, സ്മരണാർഹമായ ഉദാഹരണമായി അദ്ദേഹം അറിയപ്പെടുന്നു.



അള്ളാഹുവിൽ വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ നിർവ്വഹിച്ച് എബ്രഹാമിൻെറ മതത്തെ പിൻതുടരുന്നവനെക്കാൾ മതത്തിൽ ഉയർന്നവർ ആരാണ്? എബ്രഹാമിനെ അള്ളാഹു ആത്മാർത്ഥ മിത്രമായി തിരഞ്ഞെടുത്തു.

പരിശുദ്ധ ഖുർആൻ 4: 125

**ഒരു ദൈവം**

സത്യസന്ധനായ എബ്രഹാം:
ദൈവാനുസരണത്തിൻെറ ഉത്തമ മാതൃകയായ എബ്രഹാമിനെ ദൈവസ്നേഹിതനായും ലോകത്തിലെ ശ്രേഷ്ഠനായും, പരലോകത്തിലെ നീതിമാന്മാരുടെ കൂട്ടത്തിലായിരിക്കുമെന്നും പരിശുദ്ധ ഖുർആനിൽ പ്രതിപാദിച്ചിട്ടുണ്ട്.(4:125,2:130) ദൈവം അദ്ദേഹത്തെ നേർമാർഗ്ഗത്തിലും മനുഷ്യസമുദായത്തിൻെറ നേതാവുമാക്കി. (2:124) കൂടാതെ ഒരു രാഷ്ട്രമായി ചിത്രീകരിക്കുകയും ചെയ്തു. (16:120)

മുസ്ലിം (ഏകദൈവത്തിൽ വിശ്വസിക്കുകയും അർപ്പിക്കുകയും ചെയ്യുന്നവർ) എന്നപേര് മുസ്ലിമീങ്ങൾക്ക് നല്കിയ അഭിവന്ദ്യനായി എബ്രഹാം അറിയപ്പെടുന്നു.(22:78)

എബ്രഹാം ഒരു ജൂതനോ ക്രിസ്ത്യാനിയോ ആയിരുന്നില്ല മറിച്ച് ഋജുമനസ്കനായ ഒരു മുസ്ലിം ആയിരുന്നു. അദ്ദേഹം ഏകദൈവമായ അള്ളാഹുവിൽ സ്വയം അർപ്പിച്ച, ബഹുദൈവവിശ്വാസി അല്ലാത്തയാളായിരുന്നു.

പരിശുദ്ധ ഖുർആൻ 3:67

കുറിപ്പ് : എബ്രഹാം എന്ന പേരിൻെറ ഉല്പത്തി അബ്രാം അഥവാ അവ്റാം ൽ നിന്നാണ്. അറബിയിൽ ഇത് 'ഇബ്രാഹിം' എന്നുച്ചരിക്കുന്നു. റോമൻകത്തോലിക്കർ എബ്രഹാമിനെ 'വിശ്വാസത്തിൻെറ പിതാവ്' എന്നും, കിഴക്ക് ഓർത്തഡോക്സ് ചർച്ച് 'നീതിമാനായ മുൻഗാമി എബ്രഹാം' എന്നും വർണ്ണിക്കുന്നു.





ആദം ഭൂമിയിലിറങ്ങിയപ്പോഴാണ് ദൈവാരാധനയ്ക്കായ ആദ്യ മന്ദിരം സ്ഥാപിക്കപ്പെട്ടത് എന്നാണ് വിശ്വാസം. ഇതിനെ പുനർനിർമ്മിക്കുകയും ഭിത്തികൾ ഉയർത്തുകയും ചെയ്തത് പ്രവാചകനായ എബ്രഹാമും അദ്ദേഹത്തിൻെറ മകനായ ഇസ്മായീലും ചേർന്നാണെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. ഘനാകാരമുള്ള ഈ മന്ദിരത്തെ 'കഅ്ബ' എന്ന് പറയുന്നു.

സൗദിഅറേബ്യയിലെ ബക്ക താഴ്വരയിലുള്ള മക്കയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. അവിടെ പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും സാഷ്ടാംഗം ചെയ്യുകയും ചെയ്യുന്നവർക്കായി അതിനെ ശുദ്ധീകരിക്കുവാൻ ദൈവം എബ്രഹാമിനോടും മകനോടും കല്പിച്ചു. മനുഷ്യർക്ക് പ്രാർത്ഥനക്കുള്ള ഒരു ശാന്തമായ സ്ഥലമായി ദൈവം അതിനെ ആക്കിത്തീർത്തു.

## എബ്രഹാമിൻേറയും ഇസ്മായിലിൻേറയും പ്രാർത്ഥന:

"അല്ലയോ ദൈവമേ, ഞങ്ങളേയും ഞങ്ങളുടെ പിൻതലമുറകളേയും നിനക്ക് കീഴ്വണങ്ങുന്നവരാക്കുകയും പശ്ചാത്താപത്തെ സ്വീകരിക്കുകയും ചെയ്യേണമേ. തീർച്ചയായും നീ വളരെ കൂടുതൽ പൊറുക്കുന്നവനും കരുണാനിധിയുമാണ്.

പരിശുദ്ധ ഖുർആൻ 2:128





ഈ പുണ്യമായ പള്ളി (ആരാധനയ്ക്കായുള്ള ദൈവീകമന്ദിരം) യിൽ പ്രാർത്ഥിക്കുന്നത് വലിയ പ്രതിഫലം നേടുമെന്ന് പ്രവാചകനായ മുഹമ്മദ് അറിയിച്ചു. ഈ പുണ്യമായ പള്ളിയിലെ ഒരു നമസ്കാരം മററു പള്ളികളിലെ നമ്കാരത്തിൻെറ 100,000 നമസ്കാരങ്ങൾക്ക് തുല്യമാണ്.



# ഹജ്ജ്

മക്കയിലുള്ള ഈ പള്ളിയിൽ ഓരോ വർഷവും 30 ലക്ഷത്തിൽപരം ആളുകൾ ഹജ്ജ് തീർത്ഥാടനത്തിനായി എത്തുന്നു. ഇസ്ലാമിൻെറ അഞ്ചാമത്തെ സ്തംഭമായ ഈ ചടങ്ങ് ആരോഗ്യവും സാമ്പത്തീകശേഷിയുമുള്ള എല്ലാവരും ജീവിതത്തിലൊരിക്കൽ നിർവ്വഹിക്കണം.

എബ്രഹാമിൻെറ ചര്യകൾ ഉൾക്കൊണ്ട് ഈ കർമ്മം നിർവ്വഹിക്കാൻ മുഹമ്മദ് ജനങ്ങളെ പഠിപ്പിച്ചു. അദ്ദേഹം എബ്രഹാം പണിത ദൈവത്തിൻെറ മന്ദിരമായ ക്അബയെ പ്രദിക്ഷണം ചെയ്തു. ഏഴുതവണ ഘടികാരദിശക്കെതിരായാണ് പ്രദിക്ഷണം. ഗോളങ്ങളുടേയും സൂക്ഷ്മകണത്തിൻേറയും ചലനമനുസരിച്ച് ദൈവസമർപ്പണത്തിനായുള്ള പ്രവർത്തനമാണിത്.





പിന്നീട് അദ്ദേഹം എബ്രഹാമിൻെറ കാല്പാടുകളുള്ള കല്ലിൻെറ പിന്നിൽ നിന്നു നമസ്കരിച്ചു. ഇപ്പോൾ അത് അടച്ചുകെട്ടിയിരിക്കുന്നു (മുസ്ലിമീങ്ങൾ ഇതിനെ 'മഖാമുഇബ്രാഹിം' എന്ന് വിളിക്കുന്നു).





പിന്നിട് മുഹമ്മദ് സഫാ, മർവ്വ മലകൾക്കിടയിൽ നടന്നു. ഇതേ സ്ഥലത്താണ് ആയിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് ഹാഗാർ തന്റെ ഭർത്താവായ എബ്രഹാം വിട്ടിട്ടുപോയപ്പോൾ, മകൻ ഇസ്മായീലിന് ദാഹജലത്തിനായി അലഞ്ഞുനടന്നത്. എബ്രഹാം അവരോട് ദൈവാജ്ഞ അനുസരിക്കുവാനും ദൈവപ്രീതിക്കുമായി അവിടെത്തന്നെ നിൽക്കുവാനും ആജ്ഞാപിച്ചു. അത് ഈ സ്ഥലം ദൈവാരാധനയ്ക്കായുള്ള ഒരു ദേവാലയമാക്കുവാനായിരുന്നു.

ഈ മലകൾക്കിടയിലുള്ള ദൂരം 395 മീ. ആണ്. ഹജ്ജിൽ ഇതിനെ ' സയി ' എന്ന് പറയും അതായത് സഫാ, മർവ്വയ്ക്കിടയിലുള്ള വേഗമേറിയ നടത്തം. സഫായിൽ നിന്നാരംഭിച്ച് 7 തവണ നടന്ന് മാർവ്വയിൽ അവസാനിക്കുമ്പോൾ 2.76 കി.മി നടന്നിരിക്കും.



ഇത് മനുഷ്യജീവിതത്തിൽ ദൈനംദിനം അവൻ നടത്തുന്ന പ്രവർത്തനം, യാത്ര, പരിശ്രമം എന്നിവയെ സൂചിപ്പിക്കുന്നു. ഈ പ്രവർത്തനങ്ങൾ ദൈവകല്പന അനുസരിച്ച് പ്രയോജനകരവും നല്ലതുമായ ഉദ്ദേശത്തോടെയായിരിക്കണം.

ഹജ്ജിന്റെ മററു ചടങ്ങായി മീന(മക്കയിൽ നിന്ന് 8 കി.മി. കിഴക്ക്) യിലുള്ള ജംറതു എന്ന് ഇപ്പോൾ വിളിക്കുന്ന സ്ഥലത്ത് പോവുകയും, മകൻ ഇസ്മായിലിനെ ബലി കൊടുക്കുന്നതിൽ നിന്ന് പിൻതിരിപ്പിക്കുവാൻ ശ്രമിച്ച സാത്താനെ എബ്രഹാം കല്ലെറിഞ്ഞതിനെ അനുസ്മരിച്ച് മുഹമ്മദും കല്ലെറിയുകയും ചെയ്തു. എബ്രഹാം സാത്താനെ പല തവണ കല്ലെറിഞ്ഞിരുന്നു. പിശാചിനും ചീത്തയായ ആഗ്രഹങ്ങൾക്കെതിരെയുമാണ് മുസ്ലിമീങ്ങൾ ഈ പ്രവർത്തി ചെയ്യുന്നത്.











അവസാനമായി ദൈവം എബ്രഹാമിൻെറ മകനുപകരം ഒരാണാടിനെ ബലിയർപ്പിക്കുവാൻ നിർദ്ദേശിച്ചതുപോലെ, എബ്രഹാമിൻെറ ത്യാഗസന്നദ്ധതയെ സ്മരിച്ചുകൊണ്ട് ഒരു ആടിനെ ബലികഴിച്ച് അത് പാവങ്ങൾക്കായി വീതിച്ച് നല്കുവാൻ മുഹമ്മദ് മുസ്ലിങ്ങളെ പഠിപ്പിച്ചു.






ദിവസവുമുള്ള അഞ്ചുനേരത്തെ നമസ്കാരങ്ങളിൽ എബ്രഹാമിനും കുടുംബത്തിനുമായി പ്രാർത്ഥിക്കുവാൻ മുഹമ്മദ് മുസ്ലിങ്ങളെ പഠിപ്പിച്ചു. കൂടാതെ ചെറുപ്പത്തിൽ തന്നെ മരിച്ചുപോയ, തൻെറ ഒരു മകന് ഇബ്രാഹിം എന്നാണ് നാമകരണം ചെയ്തു.

“പറയുക (അല്ലയോ മുഹമ്മദ്) എൻെറ ദൈവം എന്നെ ശരിയായ പാതയിൽ നയിച്ചു. എബ്രഹാമും അനുയായികളും പിൻതുടർന്ന സത്യത്തിലേക്ക് നയിക്കുന്ന ശരിയായ മതം. എബ്രഹാം ഒരിക്കലും ബഹുദൈവാരാധകനായിരുന്നില്ല.

പരിശുദ്ധ ഖുർആൻ 6: 161





പാലസ്തീനിലെ ഹെബ്രോനിലാണ് എബ്രഹാമിനെ അടക്കിയതെന്ന് വിശ്വസിക്കപ്പെടുന്നു. അതൊരു പുണ്യസ്ഥലമായി ജൂതന്മാരും ക്രിസ്ത്യാനികളും മുസ്ലിമീങ്ങളും കണക്കാക്കുന്നു. എബ്രഹാമിൻെറ അവശിഷ്ടങ്ങൾ അടങ്ങിയ കെട്ടിടസമുച്ചയത്തെ 'അൽ മസ്ജിദ് അൽ ഇബ്രാഹിമി' എന്നും അമുസ്ലിമീങ്ങൾ 'കുലപതിയുടെ കല്ലറ' എന്നും വിളിക്കുന്നു.





ഈ കെട്ടിടം രണ്ട് ചതുരമിനാരങ്ങളുള്ള വലിയ പള്ളിയാണ്. ഭുഗർഭത്തിലുള്ള പല ഗുഹകളും മുറികളും ഇതിനുണ്ട്.

മധ്യത്തിലുള്ള മുറിയിലാണ് എബ്രഹാമിൻേറയും സാറായുടേയും ഖബറിടം. ഇടത്തെ മുറി (ഹീബ്രുവിൽ ഓഹെൽ യിത്സ്ഹാക്ക്)യിലാണ് ഇസഹാക്കിൻേറയും റബേക്കയുടേയും ഖബറിടം.

വലത്തേമുറിയിൽ ജേക്കബിൻേറയും ലിയായുടേയും ഖബറിടം സ്ഥിതിചെയ്യുന്നു. എബ്രഹാം, ഇസഹാക്ക്, ജേക്കബ്, സാറാ, റബേക്ക, ലിയാ എന്നിവരുടെ ചില ശേഷിപ്പുകാര്യങ്ങൾ കെട്ടിടത്തിൻെറ അടിഭാഗത്തുള്ള ഗുഹകളിലാണെന്ന് വിശ്വസിക്കപ്പെടുന്നു.








എബ്രഹാം(അ.സ) യുടെ ഖബറിടം

കുറിപ്പ്: മുസ്ലിമീങ്ങൾ ഖബറിടങ്ങൾ പൂജിക്കാറില്ല. ഖബറുകളുടെ സ്ഥാനം ഉയർത്തിക്കെട്ടാൻ പാടില്ലെന്നാണ് ഇസ്ലാമിക നിയമം.




















## ദൈവവുമായി സംസാരിച്ചയാൾ

**മുഹമ്മദും മോസ്സസും:**
മുഹമ്മദ് മോസ്സസിനെ വളരെ പുകഴ്ത്തുകയും, അദ്ദേഹം പുനരുദ്ധാരണനാളിൽ ദൈവത്തിൻെറ സിംഹാസനത്തിനടുത്ത് ഒരുവശം താങ്ങി നില്ക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്തു.

മുഹമ്മദ് മദീനയിൽ വന്ന സന്ദർഭത്തിൽ ജൂതന്മാർ അശുറാദിനം (അന്നാണ് ദൈവം ഇസ്രായേൽ സന്തതികളെ ഈജിപ്തിലെ ഫറവോയിൽ നിന്ന് രക്ഷപെടുത്തിയത്) നോമ്പു പിടിക്കുന്നതായി കാണുകയും, മോസ്സസ് ദൈവത്തിന് നന്ദി പ്രദർശിപ്പിക്കുവാൻ ആ ദിനം നോമ്പ് നോററതിനാൽ മുസ്ലിമീങ്ങളും ആ ദിനം നോമ്പ് നോൽക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. (അശുറാദിനം ഇസ്ലാമിക കലണ്ടറിലെ ആദ്യമാസമായ മുഹറം പത്തിനാണ്).






ഖുർആനിലെ മൂന്നിലൊന്ന് ഭാഗം മോസ്സസിനേയും ഇസ്രായേൽ സന്തതികളുടെ പല അനുഭവങ്ങളും അടങ്ങിയതാണ്. ഇസ്രായേൽ സന്തതികളിലെ അയക്കപ്പെട്ട പ്രവാചകന്മാരായ ആറോൻ, സക്കറിയ, ജോൺ എന്നിവരെക്കുറിച്ചും ഖുർആനിൽ പ്രദിപാതിക്കുന്നുണ്ട്.



മോസ്സസിനോട് ദൈവം സംസാരിച്ചതായി ഖുർആൻ സൂചിപ്പിക്കുകയും, അദ്ദേഹത്തെ പ്രധാനപ്പെട്ട അഞ്ച് പ്രവാചകന്മാരുടെ (ഊലു അൽ അസ്മ്) കൂട്ടത്തിൽ വിവരിക്കുകയും ചെയ്യുന്നു. ദൈവം അവരിൽ നിന്ന് ഒരു ഉടമ്പടി എടുത്തിട്ടുണ്ട്. (അൽ അഹ്സാബ് 33:8) ആ അഞ്ച് പ്രവാചകന്മാർ നോഹ, എബ്രഹാം, മോസ്സസ്, ജീസ്സസ്, മുഹമ്മദ് എന്നിവരാണ് (അവരിലെല്ലാം ദൈവാനുഗ്രഹം ഉണ്ടാകട്ടെ).

ചാവുകടലിനഭിമുഖമായ നീബോ മലയുടെ അടുത്തുവച്ചാണ് മോശ മരണമടഞ്ഞത്. ആ മലയിൽ പണികഴിപ്പിച്ചിട്ടുള്ള സ്മാരകം ജോർദ്ദാനിലെ വിനോദസഞ്ചാരികളുടെ പ്രധാന ആകർഷണമാണ്.







മോസ്സസിൻെറ സ്മരണയ്ക്കായുള്ള നിബോമലയിലെ സിയാഗ

മുഹമ്മദും മോസ്സസും തമ്മിൽ പല സാമ്യങ്ങളുമുണ്ട്. രണ്ടു പേരും ദൈവപ്രവാചകന്മാരും ദൂതന്മാരും ദൈവീകപുസ്തകം കൊണ്ടുവന്നവരുമാണ്. രണ്ടുപേരും ജനങ്ങളെ നേർമാർഗ്ഗത്തിലാക്കി അവരോടൊപ്പം കഴിഞ്ഞവരാണ്. രണ്ടുപേരും വിവാഹിതരും സന്താനങ്ങൾ ഉള്ളവരുമായിരുന്നു.







## മുഹമ്മദും ജീസ്സസും

വിശ്വസിനീയമായ വർണ്ണനയിൽ മുഹമ്മദ് പറഞ്ഞു:

> “മേരിയുടെ മകനുമായി ഏററവുമടുത്തയാൾ ഞാനാണ്. എല്ലാ പ്രവാചകന്മാരും പൈതൃകമായി സഹോദരന്മാരാണ്. എനിക്കും അദ്ദേഹത്തിനുമിടയിൽ പ്രവാചകന്മാരില്ല”.

**ജീസ്സസ് ഖുർആനിൽ**

ദൈവവാക്യമായും മേരിക്ക് സന്തോഷവാർത്തയായും ഖുർആൻ ജീസ്സസിനെ വിവരിക്കുന്നു. അദ്ദേഹത്തിൻെറ പേര് “മേരിയുടെ പുത്രനായ മസീയ ജീസ്സസ്” എന്നാണ്.

ജിബ്രീൽ മലക്കിനാൽ ദൈവം അദ്ദേഹത്തെ ശക്തിപ്പെടുത്തി, ഇസ്രയേലികളെ നേരായ പാതയിൽ നയിക്കുവാനും തൻേറയും അവരുടേയും സകലചരാചരങ്ങളുടേയും ദൈവമായ അള്ളാഹുവിനെ ആരാധിക്കുവാനും നിയോഗിച്ചു. 92:87,3:45–49,4:1710.



പലസ്തീനിലെ താഴ്വരയിലുള്ള ഒരു ചരിത്രസ്ഥലമാണ് നസറേത്ത്. ഗോസ്പലിൽ മേരിയുടെ ജന്മനാടും ജീസ്സസ് ബാല്യകാലം കഴിച്ചുകൂട്ടിയതുമായ സ്ഥലവുമായി നസറേത്തിനെ വിവരിക്കുന്നു.നസറേത്തിലുള്ള പള്ളിയിലാണ് പരസ്യപ്പെടുത്തൽ നടന്നതായി റോമൻകത്തോലിക്കർ വിശ്വസിക്കുന്നത്.

ദൈവസാമീപ്യവും ധർമ്മബോധവുമുള്ള ഈ ലോകത്തും പരലോകത്തും ശ്രേഷ്ടരായവരിൽ പെടയാളാണ് ജീസ്സസ് എന്ന് ഖുർആൻ വിവരിക്കുന്നു.

തോറയും, ഗോസ്പലും വേദവാക്യവും ജ്ഞാനവും ദൈവം ജീസ്സസിനെ പഠിപ്പിച്ചതായി ഖുർആൻ വിവരിക്കുന്നു. തൻെറ കല്പനയാൽ കുരുടന്മാരേയും കുഷ്ടരോഗികളേയും സുഖപ്പെടുത്തുവാനും മരിച്ചവരെ എഴുന്നേല്പിക്കുവാനും അള്ളാഹു അദ്ദേഹത്തെ സഹായിച്ചു.







ബേത്‌ലഹേമിൽ നിന്നുള്ള ചിത്രം:ഇത് ലോകത്തിലെ ഏററവും പുരാതന പള്ളിയാണ്. ജീസ്സസ് ക്രൈസ്ററിൻെറ ജന്മസ്ഥലമാണ് ഇതെന്ന് മിക്ക ക്രിസ്ത്യാനികളും വിശ്വസിക്കുന്നു.

## Jesus Return

ജീസ്സസ് തിരിച്ചുവരുമെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. ജീസ്സസ് സ്വർഗ്ഗത്തിൽ നിന്ന് തിരിച്ചുവരാതെ അന്ത്യദിനം സംഭവിക്കുകയില്ലെന്ന് മുഹമ്മദ് സൂചിപ്പിച്ചിരിക്കുന്നു.

ദൈവനിയമങ്ങൾ ലോകത്ത് നടപ്പാക്കാൻ ലോകാവസാനത്തിന് മുൻപ് അദ്ദേഹം തിരിച്ചുവരും. അദ്ദേഹം 'കള്ളമസീഹ' യെ തോല്പിച്ച് എല്ലാവരേയും ഏകദൈവവിശ്വാസത്തിൽ കൊണ്ടുവരും. അദ്ദേഹം നീതിനിഷ്ടനായ ഭരണാധികാരിയായി ലോകസമാധാനം സ്ഥാപിക്കും. ജീസ്സസിൻെറ തിരിച്ചുവരവിൽ മുസ്ലിമീങ്ങൾ അദ്ദേഹത്തെ തുണയ്ക്കണം.








സിറിയയിലെ ഡമാസ്ക്കസിൽ നിന്നുള്ള ചിത്രം: ഡമാസ്ക്കസിൻെറ കിഴക്കുവശത്തായിരിക്കും ജീസ്സസ് ഇറങ്ങുന്നതെന്ന് പ്രവാചകൻ മുഹമ്മദ് സൂചിപ്പിച്ചിട്ടുണ്ട്.

**മുഹമ്മദ് നൽകിയ സന്ദേശത്തിൻെറ സാർവ്വലൗകീകത:** മുഹമ്മദിന് നൽകപ്പെട്ടത്, എബ്രഹാമിനും മോസ്സസിനും ജീസ്സസിനും മററ് പ്രവാചകന്മാർക്കും നൽകപ്പെട്ടതുതന്നെയാണന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. പക്ഷേ ഈ സന്ദേശം ലോകത്തിന് മുഴുവനും വേണ്ടിയുള്ളതാണ്. വിശ്വാസത്തിലുള്ള ജനങ്ങളുടെ തെററുകൾ തിരുത്താനും കാലാന്തരത്തിൽ വിശ്വാസത്തിൽ വന്ന വ്യതിയാനം തിരുത്താനുമാണ് മുഹമ്മദ് നിയോഗിക്കപ്പെട്ടത്.

> “ലോകത്തിന് മുഴുവൻ കാരുണ്യമായിട്ടല്ലാതെ നിന്നെ നാം നിയോഗിച്ചിട്ടില്ല” പരിശുദ്ധ ഖുർആൻ 21:107

## റോമൻ രാജാവിന് മുഹമ്മദിന്റ കത്ത്

പേർഷ്യ, ബിശാൻടൈൻ, ഈജിപ്ത് മുതലായ അയൽരാജ്യങ്ങളുടേയും മററ് ശക്തരാഷ്ട്രങ്ങളിലേയും രാജാക്കന്മാർക്ക് മുഹമ്മദ് കത്തുകൾ അയച്ചു. അവരെ ഇസ്ലാമും ദൈവസന്ദേശങ്ങളും സ്വീകരിക്കുവാൻ ക്ഷണിച്ചു. ബിശാൻടൈൻ രാജാവായ ഹെർക്കുലീസ് കത്തുകിട്ടിയപ്പോൾ മക്കയിലെ പ്രധാനിയും അപ്പോൾ കച്ചവടത്തിനായി അവിടെയുണ്ടായിരുന്ന അബുസൂഫിയാനെ ക്ഷണിച്ചു വരുത്തി ചില കാര്യങ്ങൾ ചോദിക്കുകയും സത്യസന്ധമായി മറുപടി പറയുവാൻ ആവശ്യപ്പെടുകയും ചെയ്തു.



മുഹമ്മദ് ഹെർക്കുലീസിന് അയച്ച കത്ത് (എഴുതിയ കത്ത്)



**ഹെർക്കുലീസ്** : മുഹമ്മദ് ഏത് സാമൂഹ്യഗോത്രത്തിലേതാണ്?

**അബുസൂഫിയാൻ** : മക്കയിലെ ഒരു കുലീന കുടുമബാംഗമാണ്

**ഹെർക്കുലീസ്** : അദ്ദേഹം എപ്പോഴെങ്കിലും ചതിക്കുകയോ വാഗ്ദാനലംഘനം ചെയ്യുകയോ കളവുപറയുകയോ ചെയ്തിട്ടുണ്ടോ?

**അബുസൂഫിയാൻ** : ഇല്ല

**ഹെർക്കുലീസ്** : അദ്ദേഹത്തിന് അനുയായികൾ വർദ്ധിക്കുന്നോ അതോ കുറയുന്നോ? മുഹമ്മദുമായി സ്വരക്കേടുണ്ടായി അനുയായികൾ ആരെങ്കിലും വിട്ടു പോയിട്ടുണ്ടോ?

**അബുസൂഫിയാൻ** : യഥാർത്ഥത്തിൽ മുഹമ്മദിൻെറ അനുയായികൾ അദ്ദേഹത്തെ പുകഴ്ത്തുകയും എണ്ണത്തിൽ വർദ്ധിക്കുകയും ചെയ്യുന്നു.

**ഹെർക്കുലീസ്** : എന്താണ് മുഹമ്മദ് അനുയായികളെ പഠിപ്പിക്കുന്നത്?

**അബുസൂഫിയാൻ** : ഏകദൈവവിശ്വാസവും സാമൂഹ്യനീതിയും.


ഹെർക്കുലീസ് കുറച്ചുനേരം ചിന്തിച്ചിട്ടു പറഞ്ഞു "നീ പറയുന്നത് ശരിയാണെങ്കിൽ മുഹമ്മദിന് ഈ രാഷ്ട്രത്തിൻെറ പിൻഗാമിയാകുവാൻ സാധിക്കും".



ഹെർക്കുലീസ് രാജാവ് റോമാ രാജ്യം 610–640 വരെ ഭരിക്കുകയും മൂന്ന് ആക്രമണങ്ങളിലായി പേർഷ്യയിലെ സിറിയ, പാലസ്റ്റൈൻ, ഈജിപ്ത് എന്നീ രാജ്യങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. 636ൽ ഇസ്ലാം പാലസ്റ്റൈൻ, സിറിയ, ഈജിപ്ത, പല വടക്കേആഫ്രിക്കൻ രാജ്യങ്ങളിലും എത്തി. 642ൽ ഇസ്ലാം പേർഷ്യയിലെത്തുകയും ചെയ്തു.

**ഇസ്ലാം ഒരു ആഗോളമതം:** കിസ്ത്യാനികൾ കഴിഞ്ഞാൽ ലോകത്തിൽ ഏററവും കൂടുതലുള്ളത് മുസ്ലിമീങ്ങളാണ്. 200 രാജ്യങ്ങളുടെ പഠനമനുസരിച്ച് പല പ്രായത്തിലുള്ള 1.57 ബില്യൻ മുസ്ലിമീങ്ങൾ ലോകത്ത് ഉള്ളതായി കണക്കാക്കുന്നു. 2009ലെ ജനസംഖ്യാക്കണക്കനുസരിച്ച് 6.8 ബില്യൻ ലോകജനസംഖ്യയിൽ ഇത് 23 ശതമാനം ആണ്.

**മുസ്ലിമീങ്ങൾ എല്ലാം അറബികളല്ല:** ആകെ മുസ്ലിമീങ്ങളിൽ കാൽ ഭാഗം പോലും അറബികളല്ല.




ലോകജനസംഖ്യയുടെ 33% വരുന്ന ഏകദേശം 2.1 ബില്യൻ ക്രിസ്ത്യാനികൾ ലോകത്തുണ്ട്. 16% വരുന്ന നിരീശ്വരവാദികളും 14 മില്യൻ ഉള്ള ഹിന്ദുക്കൾ 0.22% ജൂതന്മാരും ലോകത്തുണ്ട്.


## അടിക്കുറിപ്പുകൾ

1 മറിയം' എന്ന ഖുർആനിലെ 19ാം അദ്ധ്യായത്തിലെ 16–23 വരെ ആയത്തുകൾ

> വേദപുസ്തകത്തിൽ മേരിയെ പരാമർശിക്കുക.
> കിഴക്കുവശത്തുള്ള ഒരു ഏകാന്ത സ്ഥലത്ത് അവർ ആളുകളിൽ നിന്നകന്ന്, അപ്പോൾ നാം പുണ്യാൽമാവിനെ (മലക്ക് ജിബ്രീൽ) അവരിലേക്കയച്ചു. അദ്ദേഹം കുററമററ മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടു.
> അവർ പറഞ്ഞു: നീ ഭയപ്പെടുന്നെങ്കിൽ മഹാനായ ദൈവത്തിൽ ഞാൻ ശരണം പ്രാപിക്കുന്നു.
> അദ്ദേഹം പറഞ്ഞു: നിനക്ക് ഒരു പുത്രൻെറ സന്തോഷവാർത്തയുമായി വന്ന ദൈവദൂതൻ മാത്രമാണ് ഞാൻ.
> അവർ പറഞ്ഞു: ഒരു പുരുഷൻ എന്നെ സ്പർശിക്കുകയോ, ഞാൻ ചീത്തസ്ത്രീയോ ആകാതെ എങ്ങനെയാണ് എനിക്ക് പുത്രൻ ഉണ്ടാവുക? അദ്ദേഹം പറഞ്ഞു: അങ്ങനെ സംഭവിക്കും. ദൈവം പറഞ്ഞു "അതെനിക്ക് എളുപ്പമാണ്. മനുഷ്യർക്കെല്ലാം ഒരു ദൃഷ്ടാന്തവും കാരുണ്യവുമായി അതു ഞാൻ നിർവ്വഹിക്കും. അതു തീരുമാനിക്കപ്പെട്ട കാര്യമാണ്".
> അപ്പോൾ തന്നെ അവർ ഗർഭം ധരിച്ചു, ഒരു ഏകാന്തസ്ഥലത്തേക്ക് അവർ പിൻമാറി, പക്ഷേ പ്രസവനോവ് അവരെ ഒരു ഈത്തപ്പഴമരത്തിനടുത്തെത്തിച്ചു. അവർ പറഞ്ഞു "ഓ ഇതിനു മുൻപ് ഞാൻ മരിച്ചിരുന്നെങ്കിൽ, എല്ലാവരാലും മറക്കപ്പെട്ടിരുന്നെങ്കിൽ".

പരിശുദ്ധ ഖുർആനിലെ പരാമർശമനുസരിച്ച് മേരി മകനുമായി തൻെറ ആളുകളുടെ അടുത്തുവന്നപ്പോൾ അവർ അവരെ അധിക്ഷേപിക്കുകയും നവജാത ശിശു അത്ഭുതകരമായി സംസാരിക്കുകയും ചെയ്തു. (മറിയം അദ്ധ്യായം 19, ആയതുകൾ 30–35)

> "തീർച്ചയായും ഞാൻ ദൈവത്തിൻെറ അടിമയാണ്. അദ്ദേഹം എനിക്ക് ഏടുകൾ നല്കുവാനും പ്രവാചകനാക്കുവാനും ഞാനെവിടെയായാലും അനുഗ്രഹീതനാക്കുവാനും തീരുമാനിച്ചു. ദൈവത്തിനെ ആരാധിക്കുവാനും ദാനധർമ്മം ചെയ്യുവാനും എൻെറ സാൻമാർഗ്ഗിയായ അമ്മയോട് നന്മ ചെയ്യുവാനും കല്പിച്ചു. അവൻ എന്നെ ധിക്കാരിയോ മോശക്കാരനോ ആക്കിയില്ല. ഞാൻ ജനിച്ച ദിവസവും മരണ ദിവസവും ഉയിർത്തെഴുന്നേല്ക്കുമ്പോഴും എനിക്ക് സമാധാനം ഉണ്ടാകട്ടെ.
>
> അതാണ് മേരിയുടെ മകൻ ജീസ്സസ്. അവർ സംശയിക്കുന്ന കാര്യങ്ങളുടെ യാഥാർഥ്യം ഇതാണ്; ദൈവത്തിന് ഒരു പുത്രൻ ഉണ്ടാകുന്നത് ശരിയല്ല. അവന് ഒരു കാര്യം ഉണ്ടാകണമെങ്കിൽ ഉണ്ടാകുക എന്ന് പറഞ്ഞാൽ അത് ഉണ്ടാകും"




# ഇസ്ലാമിക സംസ്കാരം
# മൂല്യവും സദാചാരവും

നീ ഉന്നതമായ ധർമ്മനിഷ്ഠയുള്ളവനാണ്

പരിശുദ്ധഖുർആൻ 68:4

# വ്യക്തിഗത വികസനവും നേതൃത്തവും

## ശരീരത്തിനേയും ആത്മാവിനേയും തൃപ്തിപ്പെടുത്തുന്ന സംതുലിത :



ഭൗതീകവും ആദ്ധ്യാത്മീകവുമായ കാര്യങ്ങളിൽ ഉത്തമമായ സംതുലിത നിലനിർത്താൻ മുഹമ്മദ് ആവശ്യപ്പെട്ടു. നീതിയായ രീതിയിൽ ശരീരാവശ്യങ്ങളേയും ആത്മീയാവശ്യങ്ങളേയും സംതുലിതമായി തൃപ്തിപ്പെടുത്തണമെന്ന് മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു.

മതത്തിനെ ശാരീരിക-ആത്മീയ മൂല്യങ്ങൾക്ക് പ്രചോദനം നല്കി നല്ല ജീവിതം ഉണ്ടാക്കുവാനുള്ള പ്രേരകമായി മാററുവാൻ മുഹമ്മദ് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു.

## മുഹമ്മദ് തീവ്രവാദത്തെ തള്ളിപ്പറഞ്ഞു.





ജീവിതരീതിയിൽ സംതുലിതയും സംതുലിത ആശയങ്ങളും ന്യായമായ ചിന്തയും ഉണ്ടാക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. മൂന്നാളുകൾ അദ്ദേഹത്തിൻെറ ആരാധനാരീതികൾ ചോദിച്ച റിയുവാൻ അദ്ദേഹത്തിൻെറ വീട്ടിൽ വന്നതായി പറയപ്പെടുന്നു. മുഹമ്മദ് വീട്ടിലില്ലാതിരുന്നതിനാൾ ഭാര്യ അവരോട് സംസാരിച്ചു. പക്ഷേ അദ്ദേഹത്തിൻെറ ആരാധനകൾ തങ്ങൾ പ്രതീക്ഷിച്ചതിലും കുറവാണെന്ന് അവർ മനസ്സിലാക്കി.

അവർ വിചാരിച്ചിരുന്നത് ആത്മീയകാര്യങ്ങളിൽ ഊന്നൽ നൽകുമ്പോൾ ശാരീരിക ആവശ്യങ്ങളും സഹജമായ ആഗ്രഹങ്ങളും അവഗണിക്കണമെന്നതായിരുന്നു.

അവരുടെ അറിവനുസരിച്ച് ഭക്തിയുള്ള ഒരാൾ വിവാഹം ചെയ്യുവാൻ പാടില്ല, എല്ലാദിവസവും നോമ്പ് വെക്കണം, പകലുള്ള നമസ്ക്കാരം കൂടാതെ എല്ലാദിവസവും രാത്രിനമസ്ക്കാരവും നടത്തണം.

ഇതറിഞ്ഞ മുഹമ്മദ് പ്രയാസപ്പെട്ട് പറഞ്ഞു: ഞാൻ വിശേഷാലുള്ള രാത്രിനമസ്ക്കാരം നടത്തുകയും വിശ്രമിക്കുകയും ചെയ്യാറുണ്ട്. റംസാൻ മാസത്തിലെ നിർബന്ധ നോമ്പ് കൂടാതെ ചിലദിവസങ്ങളിൽ നോമ്പ് വെക്കുകയും മററുദിവസങ്ങളിൽ നോമ്പില്ലാതെയുമിരിക്കാറുണ്ട്, കൂടാതെ ഞാൻ വിവാഹിതനുമാണ്. അവിവാഹിതരായിരിക്കുന്നവരെ ഞാൻ അംഗീകരിക്കുന്നില്ല.



"ഇതാണ് എന്റെ ചര്യ (ദൈവം ഇഷ്ടപ്പെടുന്ന വഴി). ആരെങ്കിലും അത് സ്വീകരിക്കുന്നില്ലെങ്കിൽ അവൻ നമ്മളിൽപ്പെട്ടവനല്ല"

**ലാഘവം**

**മുഹമ്മദ് ക്ലേശം ഇഷ്ടപ്പെടുന്നില്ല:** മുഹമ്മദ് ഏതെങ്കിലും കാര്യത്തിലോ പ്രശ്നത്തിലോ ഒന്നിൽക്കൂടുതൽ പോംവഴി കണ്ടാൽ ക്ലേശമുള്ളത് ഉപേക്ഷിച്ചത് എളുപ്പമുള്ളത് തിരഞ്ഞെടുക്കുമായിരുന്നു. അത് ലക്ഷ്യം നേടുവാനും, നിയമവിരുദ്ധവുമല്ലെങ്കിൽ എന്ന് നിവേധനം ചെയ്യപ്പെട്ടിട്ടുണ്ട്.



വിസ്സാം ഷൗക്കത്ത് എന്ന കാലിഗ്രാഫറോട് കടപ്പാട്.



## ശുദ്ധീകരണവും ശുചിത്വവും:

ശുചിത്വവും വ്യക്തിഗതമായ ആരോഗ്യസംരക്ഷണവും ഇസ്ലാമികവിശ്വാസത്തിലെ പ്രധാന ഉപാധികളാണ്.

> "തീർച്ചയായും പശ്ചാത്താപത്തോടെ അവനിലേക്ക് തിരിയുന്നവരേയും ശാരീരികവും മാനസീകവുമായി ശുദ്ധീകരിക്കുന്നവരേയും അള്ളാഹു സ്നേഹിക്കുന്നു".
>
> പരിശുദ്ധ ഖുർആൻ 2:222

> "നിങ്ങളുടെ വസ്ത്രങ്ങളെ ശുചീകരിക്കുക"
>
> പരിശുദ്ധ ഖുർആൻ 74: 4

## ദിവസവുമുള്ള വുളു




നമസ്ക്കാരത്തിന് മുൻപ് വുളു എടുക്കൽ നമസ്ക്കാരത്തിലെ ഒരു നിർബന്ധ ആവശ്യമാണ്. കൈപ്പത്തി, മുഖം, മുട്ടുവരെ കൈയ്യ്, തല തടവൽ, കാൽ കഴുകൽ എന്നിവയാണിതിലുള്ളത്.

**ശരീരം മുഴുവനും കഴുകുന്ന കുളി:** ശരീരം മുഴുവനും കഴുകുന്ന കുളി നിത്യവും നടത്തുകയെന്നത് ശക്തമായ ആവശ്യവും മുഹമ്മദിന്റെ സുന്ന (ചര്യ) യുമാണ്. ചില സന്ദർഭങ്ങളിൽ കുളി നിർബന്ധമാണ് (ഉദാഹരണം: സ്ത്രീ-പുരുഷ ബന്ധത്തിനു ശേഷവും ആർത്തവ ശേഷവും)

ജീവിതത്തിലെ എല്ലാ കാര്യത്തിലും ശുചിത്വത്തിന് മുഹമ്മദ് ഊന്നൽ നൽകിയിട്ടുണ്ട്. സ്ഥിരമായി വീടും പരിസരവും വൃത്തിയാക്കുവാൻ അദ്ദേഹം അനുയായികളോട് നിഷ്ക്കർഷിച്ചു. വഴികളിലുള്ള മാലിന്യങ്ങളും ഹാനികരമായ കാര്യങ്ങളും നീക്കംചെയ്യുന്നത് പ്രതിഫലം ലഭിക്കുന്ന കാര്യമായി അദ്ദേഹം പഠിപ്പിച്ചു.

നല്ല തനതായ ശുചിത്വവും വൃത്തിയും പാലിക്കുവാൻ മുഹമ്മദ് അനുയായികളെ പ്രേരിപ്പിച്ചു. ഇത് സംബന്ധിച്ച അദ്ദേഹത്തിൻെറ ചില പഴമൊഴികൾ:

- ധാരാളിത്തമില്ലാത്ത വൃത്തിയും ഉചിതവുമായ വസ്ത്രധാരണം ചെയ്യുക.
- സുഗന്ധങ്ങൾ ഉപയോഗിക്കുക
- നഖം മുറിക്കുകയും കക്ഷത്തിലേയും ഗുഹ്യഭാഗത്തേയും രോമങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക.
- ആഹാരത്തിന് മുൻപും പിൻപും കൈയ്യ് കഴുകുക, രാവിലെ എഴുന്നേററ് കൈയ്യ് കഴുകാതെ ആഹാരം തൊടാതിരിക്കുക.






ദന്ത സംരക്ഷണം

## മിസ്‌വാക്ക് ദന്ത സംരക്ഷണത്തിന്, ശുചിയായ വായും നല്ല നിശ്വാസവും:

മുഹമ്മദ് പറഞ്ഞു :"നിങ്ങൾക്ക് ബുദ്ധിമുട്ടാകും എന്ന് തോന്നിയില്ലായിരുന്നെങ്കിൽ, നിങ്ങളുടെ ഓരോ നമസ്ക്കാരത്തിന് മുൻപും മിസ്‌വാക്ക് കൊണ്ട് നിങ്ങളുടെ പല്ലുകൾ വൃത്തിയാക്കുവാൻ പറയുമായിരുന്നു.(അതായത് ദിവസവും അഞ്ചുനേരം)



## എന്താണ് മിസ്‌വാക്ക്?

സൽവഡോർ പെർസിക്ക (ദന്തബ്രഷ്മരം അഥവാ അറാക്ക്മരം) യുടെ പൊതുനാമമാണ് മിസ്‌വാക്ക്. ഇത് സൗദിഅറേബ്യയിൽ സാധാരണയായി ഉപയോഗിക്കുന്നു. മിസ്‌വാക്ക് നാരുകൾ പല്ലിൻെറ ഇട വൃത്തിയാക്കുന്നു. സമ്മർദ്ധം കൊണ്ട് പൊട്ടാതെ ശക്തവും അയവുള്ള തുമാണിത്.





പ്രയോജനകരമായ പല ധാതുക്കളും വളരെ ഫ്ലൂറൈഡുകൾ, സിലിക്ക, വിററമിൻ സി, കുറഞ്ഞതോതിൽ ക്ലോറൈഡുകൾ, ടാനിൻ, സപ്നോനിൻ, സ്റെററോൽസ് എന്നീ പ്രയോജനകരങ്ങളായ പല ധാതുക്കളും ഘടകങ്ങളും മിസ്‌വാക്കിൽ അടങ്ങിയിരിക്കുന്നതായി രാസവിശ്ലേഷണം കാണിക്കുന്നു.


കുറിപ്പ് : വിശ്ലേഷണ ഗവേഷണമനുസരിച്ച് മിസ്‌വാക്ക് പ്ലേഗിനെ എതിർക്കുകയും മോണയിലെ രക്തസ്രാവം കുറയ്ക്കുകയും ചെയ്യുന്നു. സാപ്, സിലിക്ക തുടങ്ങിയ കട്ടിയായ വസ്തുക്കൾ നീക്കം ചെയ്യുന്നു. വളരെ മൃദുവായി നല്ലനിലയിൽ പല്ലിനെ വൃത്തിയാക്കുകയും ഇനാമലും മോണയും കേടുവരുത്താതെ പല്ല് വെളുപ്പിക്കുകയും ചെയ്യുന്നു.

ക്ലോറൈഡ് പ്ലേഗിനെ ദുരീകരിക്കുന്നു, വിററമിൻ സി ടിഷ്യൂസിനെ സുഖപ്പെടുത്തുന്നു. മിസ്‌വാക്കിൻെറ സത്ത് തലവേദന, ജലദോഷം, പിരിമുറുക്കം, മന്ദത എന്നിവയ്ക്കാശ്വാസമാണെന്ന് വിശ്വസിക്കപ്പെടുന്നു.



**അറിവ് വർദ്ധിപ്പിക്കുന്നതിലൂടെ മൂല്യം ഉയർത്തുന്നു:** ശാസ്ത്രപുരോഗതിക്കും സംസ്ക്കാരവികസനത്തിനുമായി മുഹമ്മദ് ഒരു പ്രകാശവും മാർഗ്ഗനിർദ്ദേശവും കൊണ്ടുവന്നു. 'വായിക്കുക' എന്ന ദിവ്യസന്ദേശം കിട്ടിയതുമുതലാണ് ഇതാരംഭിച്ചത്. ദശാബ്ദങ്ങൾക്കകം അറേബ്യയിലും മുഴുവൻ ലോകത്തും വിപ്ലവകരമായ പുരോഗതി അറിവിലും ശാസ്ത്രത്തിലും ഉണ്ടായി.

പരിശുദ്ധ ഖുർആനിൽ വായിക്കുക, ചിന്തിക്കുക, പഠിക്കുക, നിരീക്ഷിക്കുക, ആരായുക, പ്രതിഫലിക്കുക, മനസ്സിലാക്കുക, പരിഗണിക്കുക, പ്രതീക്ഷിക്കുക, കാണുക എന്നീ വാക്കുകൾ കൂടെക്കൂടെ പ്രതിപാദിച്ചിട്ടുണ്ട്.




ചിന്തിക്കുന്നവർക്ക് തീർച്ചയായും ആകാശഭൂമികളുടെ സൃഷ്ടിയിലും രാവും പകലും മാറിവരുന്നതിലും അല്ലാഹുവിന്റെ സൃഷ്ട്ടിപ്പിക്കലിന്റെ മഹത്വദൃഷ്ടാന്തങ്ങൾ കാണാം. അവർ അല്ലാഹുവിനെ ഭയഭക്തിയോടെ നിന്നും ഇരുന്നും കിടന്നും സ്മരിക്കുന്നവരാണ്. അവർ ആകാശഭൂമികളുടെ സൃഷ്ടിപ്പിനെക്കുറിച്ച് ആലോചിച്ച് പറയും

"ഞങ്ങളുടെ സൃഷ്ടാവേ, തീർച്ചയായും നീ ഇതെല്ലാം വെറുതെ സൃഷ്ടിച്ചതല്ല, തീർച്ച യായും നീ ഉന്നതനാണ്, ഞങ്ങളെ നരകത്തിലെ ശിക്ഷയിൽ നിന്ന് രക്ഷിക്കണമേ"

പരിശുദ്ധ ഖുർആൻ 3:190,191

“ഈ ലോകത്തും നിങ്ങളിൽത്തന്നെയും അത്ഭുതകരമായ ദൃഷ്ടാന്തങ്ങളുണ്ട് (ദൈവത്തിന്റെ സാന്നിദ്ധ്യം സൂചിപ്പിക്കുന്നു) അപ്പോൾ നിങ്ങൾക്കത് കാണുവാൻ സാധിക്കുന്നില്ലേ.”

പരിശുദ്ധ ഖുർആൻ 51:20,21

പ്രയോജനകരമായ അറിവ് സമ്പാദിക്കുവാനും അതു തിരയുവാനും അങ്ങനെ ജീവിതമൂല്യങ്ങൾ ഉയർത്തുവാനും മുഹമ്മദ് പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഭൂമിയിൽ അക്രമം കാട്ടുവാനല്ലാതെ മനുഷ്യവംശത്തിന് ഉപകാരപ്രദമായി അറിവ് ഉപയോഗിക്കുവാൻ അദ്ദേഹം ജനങ്ങളെ പ്രേരിപ്പിച്ചു. അതിനെ ദൈവപ്രീതിയുമായി ബന്ധിപ്പിച്ച് അദ്ദേഹം പറഞ്ഞു:



“ആരാണോ അറിവ് നേടാൻ പുറപ്പെടുന്നത്, അവന് സ്വർഗ്ഗത്തിലേക്കുള്ള വഴി എളുപ്പമാകും.”

തിർമിദിയിൽ നിന്ന് നിവേദനം

ശുദ്ധശാസ്ത്രത്തിലും പ്രയുക്തശാസ്ത്രത്തിലും മുസ്ലിമീങ്ങളായിരുന്നു നൂററാണ്ടുകളോളം മുന്നിൽ. പരിശുദ്ധ ഖുർആനിന്റെ ഭാഷയായ അറബി ശാസ്ത്രഭാഷയായി മാറുകയും, രസതന്ത്രം, ഗണിതശാസ്ത്രം, വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ഭൂമിശാസ്ത്രം, എഞ്ചിനീയറിംഗ്, കല, സാഹിത്യം എന്നിവയ്ക്ക് ബിരുദം നല്കിയിരുന്ന പ്രശസ്ത സർവ്വകലാശാലകളിൽ പഠിപ്പിക്കുകയും ചെയ്തിരുന്നു.

ചില ശാസ്ത്രജ്ഞന്മാർ ഇസ്ലാമികസംസ്കാരം പടിഞ്ഞാറൻ സംസ്കാരങ്ങളെ ആശ്രയിച്ചിരുന്നുവെന്ന് സമ്മതിച്ചിട്ടുണ്ട്. അതല്ലായിരുന്നുവെങ്കിൽ പാശ്ചാത്യസംസ്കാരം 500 വർഷമെങ്കിലും പുറകോട്ടുപോകുമായിരുന്നു.

പട്ടിക 2 പ്രശസ്ത മുസ്ലിം ശാസ്ത്രജ്ഞന്മാരുടെ സംഭാവനകൾ

| ശാസ്ത്രജ്ഞൻ | പ്രധാന സംഭാവനകൾ |
|---|---|
| ഗിബർ<br><br>രസതന്ത്ര ആചാര്യൻ<br><br>**721-815 CE** | ജാബർ ബിൻ ഹയ്യാൻ, പ്രശസ്ത രസതന്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, എഞ്ചിനീയർ, തത്വജ്ഞാനി, വൈദ്യൻ എന്നിങ്ങനെ വിവിധ തുറകളിൽ പ്രശസ്തനായിരുന്നു.<br>നൈട്രിക്, ഹൈഡ്രോക്ലോറിക്, സൾഫ്യൂറിക് അമ്ലങ്ങൾ എന്നവ അദ്ദേഹമാണ് കണ്ടുപിടിച്ചത്. ബാഷ്പീകരണം, മഹത്വീകരണം, വാററ് എന്നീ പല രാസപ്രക്രിയകളും അദ്ദേഹം വിവരിച്ചു. രസവാദവിദ്യയെ ഒരു പരീക്ഷണശാസ്ത്രമാക്കിയതിന് രസതന്ത്ര ചരിത്രകാരൻ എറിക് ജോൺ ഹോൽമിയാർസ് അദ്ദേഹത്തെ ശ്ലാഘിച്ചിട്ടുണ്ട്. |
| അൽഗോരിത്മി<br><br>അൽ ഗോറിതത്തിന്റെ ആചാര്യൻ<br><br>**780-850 CE** | മുഹമ്മദ് ഇബ്ന് മൂസ്സാ അൽഖ്വാരിസ്മി അദ്ദേഹത്തിന്റെ കാലഘട്ടത്തിലെ ഉന്നതനായ ശാസ്ത്രജ്ഞൻ ആയിരുന്നു. അദ്ദേഹം ഗണിതശാസ്ത്രജ്ഞൻ, ജ്യോതിശാസ്ത്രജ്ഞൻ, ഭൂഗോളശാസ്ത്രജ്ഞൻ എന്നീനിലകളിൽ പ്രശസ്തനായിരുന്നു. ദശാംശസംഖ്യകൾ ലോകത്തിന് അവതരിപ്പിച്ചത് അദ്ദേഹമായിരുന്നു.<br>ഗണിതശാസ്ത്രത്തിന് വലിയ സംഭാവനകൾ നല്കി ആൾജിബ്ര (അൽ ജാബറിൽ നിന്ന് കിട്ടിയത്) അൽഗോരിതം (തന്റെ തന്നെ പേരിൽനിന്ന്) എന്നിവ വികസിപ്പിച്ചു. അദ്ദേഹത്തിന്റെ പേരിൽനിന്നാണ് സ്പാനിഷിൽ ഗ്വാരിസ് മോയും പോർത്ഗീസിൽ അൽഗാരിസ്മോയും (അക്കം എന്നർത്ഥം) ഉണ്ടായത്. |
| റാസെസ്<br><br>ചികിത്സയുടെ ആചാര്യൻ<br><br>**865-929 CE** | അബൂബക്കർ മുഹമ്മദ് ഇബ്നു സക്കരിയ്യ അൽരാസി: പല ശാസ്ത്രജ്ഞരും അദ്ദേഹത്തെ ചികിത്സയുടെ ആചാര്യൻ എന്ന് വിശേഷിപ്പിക്കുന്നു. മസൂരിയും മണ്ണനും തമ്മിലുള്ള വ്യത്യാസം സ്ഥാപിച്ചത് ഇദ്ദേഹമാണ്.<br>മദ്യവും മണ്ണെണ്ണയും പോലെ പല രാസപദാർത്ഥങ്ങളും അദ്ദേഹം കണ്ടുപിടിച്ചു. അദ്ദേഹത്തെ പ്രധാനഭിഷഗ്വരനായി എഡ്വേർഡ് ഗ്രാൻവില്ലെ ബ്രൗൺ കണക്കാക്കുന്നു. 'അൽ ഹാവി' ചികിത്സ എൻസൈക്ലോപീഡിയ, കിഡ്നി ബ്ലാഡർ കല്ലുകൾ, പരിചയത്തിന്റെ പുസ്തകം തുടങ്ങിയ പുസ്തകങ്ങൾ അദ്ദേഹം എഴുതിയവയാണ്. അവ ഇംഗ്ലീഷ് ഉൾപ്പെടെയുള്ള ഭാഷകളിൽ പരിഭാഷയും ചെയ്യപ്പെട്ടിട്ടുണ്ട്. |

| | |
|---|---|
| അവിസീന<br><br>ആധുനിക ചീകിത് സാചാര്യൻ<br><br>**980-1037 CE** | അബു അലി അൽ ഹുസൈൻ ഇബ്നിസിന ലോകപ്രശസ്തനായ മുസ്ലിം ശാസ്ത്രജ്ഞനും ഭൂഗോളത്തിലെ പ്രശസ്ത മുസ്ലിം പണ്ഡിതനുമാണ്. ശാസ്ത്രം, മതം, തത്വശാസ്ത്രം എന്നീ വിഭിന്ന വിഷയങ്ങളിൽ 400 ഓളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്.<br><br>സിഫാ (രോഗശമന പുസ്തകം-ഇത് തത്വശാസ്ത്രത്തെ ആധാരമാക്കിയുള്ളതാണ്),അൽഖാനൻ ഫിടിബ് (ചികിത്സയുടെ സൂത്രം) എന്നീ രണ്ടു പുസ്തകങ്ങളാണ് അദ്ദേഹത്തിൻെറ പ്രധാന കൃതികൾ.<br><br>കാനൻ (സൂത്രം) 14 വാല്യങ്ങളുള്ള വിവിധ രോഗങ്ങളേയും അവയുടെ കാരണങ്ങളേയും പ്രതിപാദിക്കുന്നതാണ്. ഇത് ഏഴു നൂററാണ്ടുകളോളം (18ാം നൂററാണ്ടിൻെറ തുടക്കം വരെ) യൂറോപ്പിലെ ഒരു അംഗീകൃത ചീകിത്സാ പഠനപുസ്തകമായിരുന്നു. പല ഭാഷകളിലും ഈ പുസ്തകം പരിഭാഷപ്പെടുത്തിയിട്ടുണ്ട്. |
| അൽജസാരി<br><br>**1136-1206 CE** | അബദുൽസ് ബിൻ ഇസ്മായിൽ അൽജസാരി. ബുക്ക് ഓഫ് നോളഡ്ജ് ഓഫ് ഇൻജീനിയസ് മെക്കാനിക്കൽ ഡിവൈസ് എന്ന പുസ്തകമാണ് ഇദ്ദേഹത്തെ പ്രശസ്തനാക്കിയത്. ഇതിൽ 50ഓളം മെക്കാനിക്കൽ ഉപകരണങ്ങളുടെ വിവരണവും അവ നിർമ്മിക്കേണ്ട രീതിയും പ്രതിപാദിച്ചിട്ടുണ്ട്. ജ്യോതിശാസ്ത്രമനുസരിച്ചുള്ള ഏററവും വലിയ ഘടികാരം കണ്ടുപിടിച്ചത് അൽജസാരിയാണ്. ഇത് ആദ്യത്തെ ആസൂത്രണം ചെയ്യാവുന്ന അനലോഗ് കംപ്യൂട്ടറാണ്. ചുററുന്ന ചലനത്തെ രേഖാചലനമാക്കി മാററുന്ന ജലഘടികാരം അദ്ദേഹം നിർമ്മിച്ചു. ഏററവും സങ്കീർണ്ണമായ മെഴുകുതിരി ഘടികാരം അൽജാസിരിയാണ് വിവരിച്ചതെന്ന് ഡോണാൾഡ് റൗട്ലെഡ്ജ്ഹിൽ അഭിപ്രായപ്പെടുന്നു. |


Avicenna

ലാററിൻ അക്കങ്ങൾ:

I, II, III, IV, V, VI, VII, VIII, IX, X

അറബിക് അക്കങ്ങൾ :

1, 2, 3, 4, 5, 6, 7, 8, 9, 10



## വ്യായാമങ്ങളിലൂടെ മൂല്യവർദ്ധന:

നീന്തൽ, അമ്പെയ്ത്ത്, കുതിരസവാരി, കുതിരപ്പന്തയം മുതലായ കായീകമുറകൾ പഠിക്കുവാനും ആരോഗ്യവാന്മാരാകുവാനും മുഹമ്മദ് അനുയായികളെ പ്രോത്സാഹിപ്പിച്ചു.

സന്തോഷവും ഉത്തേജനവും നൽകുന്ന ഓട്ടമത്സരങ്ങൾ അനുയായികളോടൊത്ത് അദ്ദേഹം നടത്തി. മുഹമ്മദ് ഭാര്യ ആയിഷയോടൊപ്പം ഓട്ടമത്സരം നടത്തുമായിരുന്നെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. ഒരിക്കൽ ആയിഷയും മററൊരിക്കൽ മുഹമ്മദും വിജയിക്കുകയും ചെയ്തു. ഇത് അവർ തമ്മിലുള്ള സ്നേഹത്തിനും പൊരുത്തത്തിനും തെളിവാണ്.



മദീനയിലെ നബവി പള്ളിയുടെ പടിഞ്ഞാറുവശം മത്സരങ്ങൾക്കായി മുഹമ്മദ് നിശ്ചയിച്ചു. ഈ മൈതാനത്തിൽ കുതിരപ്പന്തയം നടത്തിയിരുന്നു. ഈ മൈതാനത്തിനടുത്ത് സബാക് പള്ളി (മത്സരമൈതാനപ്പള്ളി) നിർമ്മിച്ചു.





## ജനങ്ങളുടെ ജീവിതത്തിൻെറ മൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന സാമൂഹിക മൂല്യങ്ങൾ:

ജനങ്ങൾ പരസ്പരം സ്നേഹിക്കുവാൻ മുഹമ്മദ് പ്രോത്സാഹിപ്പിച്ചു.





മുഹമ്മദ് പറഞ്ഞു: "പരസ്പരം സ്നേഹിക്കുന്നതുവരെ നിങ്ങൾ യഥാർത്ഥ ദൈവവിശ്വാസികളാവുകയില്ലെന്ന് ഞാൻ സത്യം ചെയ്യുന്നു. നിങ്ങൾക്ക് പരസ്പരസ്നേഹമുണ്ടാകുവാൻ ഞാൻ ചിലത് പറഞ്ഞുതരാം. നിങ്ങൾ എപ്പോഴും ആളുകളെ അഭിവാദനം ചെയ്യുകയും അത് പതിവാക്കുകയും ചെയ്യുക."

"നമ്മൾ ഇഷ്ടപ്പെടുന്ന കാര്യങ്ങൾ നമ്മുടെ സഹോദരങ്ങൾക്കും ഉണ്ടാകണമെന്നാഗ്രഹിക്കുന്നതുവരെ ആരും ഒരു നല്ല വിശ്വാസിയാവുകയില്ല" എന്നും.

"പ്രയാസങ്ങളിൽ വിശ്വാസികളെ ആരെങ്കിലും സഹായിച്ചാൽ വിധിയുടെ ദിനത്തിൽ ദൈവം അവനെ സഹായിക്കും. ഒരാൾ മററൊരാളെ സഹായിച്ചാൽ ദൈവം അയാളെ എപ്പോഴും സഹായിക്കും." എന്നും മുഹമ്മദ് പറഞ്ഞു.



പുഞ്ചിരിക്കുന്ന മുഖത്തോടെ ആളുകളെ കാണുന്നത് ഒരു പുണ്യകർമ്മമാണ്: മുഹമ്മദ് (സ.അ)

**ആളുകളെ അഭിവാദ്യം ചെയ്യൽ സമാധാനത്തിൻെറ സന്ദേശമാണ്:** മുഹമ്മദ് പറഞ്ഞു: "ഒരു കാര്യവും ചെറുതായിക്കാണരുത്, ആളുകളെ പുഞ്ചിരിയോടെ എതിരേല്ക്കുന്നത് പോലും. ആരാണോ ആദ്യം അഭിവാദനം ചെയ്തത്; അവനാണ് മറേറയാളെക്കാളും കൂടുതൽ ദൈവത്തോട് അടുത്തവൻ". മററൊരിക്കൽ ആളുകളെ നേരിടുന്നതിനുള്ള നല്ല മാർഗ്ഗത്തെപ്പററി ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു "ജനങ്ങൾക്ക് ആഹാരം നല്കുകയും, നിങ്ങൾ അറിയുന്നവർക്കും അറിയാത്തവർക്കും അഭിവാദ്യം അർപ്പിക്കുകയും ചെയ്യുക"

## മുഹമ്മദ് ജനങ്ങളെ ഊഷ്മളമായി അഭിവാദ്യം ചെയ്തിരുന്നു:



മുഹമ്മദ് ജനങ്ങളെ നല്ല പുഞ്ചിരിയോടെ സ്വീകരിച്ചിരുന്നു. മററുള്ളവർക്ക് ഹസ്തദാനം ചെയ്യുമ്പോൾ മറേറയാൾ കൈയ്യ് പിൻവലിക്കുന്നതുവരെ അദ്ദേഹം കൈയ്യ് പിൻവലിച്ചിരുന്നില്ല.

## മുഹമ്മദിന് നല്ല നർമ്മബോധം ഉണ്ടായിരുന്നു:

അദ്ദേഹം പ്രസാദാത്മകതയുള്ള ശുഭാപ്തവിശ്വാസിയായിരുന്നു. ആരും ആദരിക്കുകയും ഇഷ്ടപ്പെടുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. പല സന്ദർഭങ്ങളിലും അദ്ദേഹം സ്നേഹിതരോടും കുടുംബാംഗളോടും ഫലിതം പറഞ്ഞിരുന്നു.

മുഹമ്മദിൻെറ കാലഘട്ടത്തിൽ മത്സരങ്ങൾ (ഓട്ടം പോലെ) സന്തോഷത്തിനായി ഒരു പൊതുപരിപാടിയായിരുന്നു. പലതവണ ഭാര്യയോടും മക്കളോടുമൊപ്പം അദ്ദേഹം ഓട്ടമത്സരം നടത്തിയിരുന്നതായി നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്.

## ഒരു വൃദ്ധയായ സ്ത്രീയോട് നർമ്മബോധം:

സ്വർഗ്ഗത്തിലെത്താൻ പ്രാർത്ഥിക്കുവാനായി ഒരു വൃദ്ധസ്ത്രീ അദ്ദഹത്തോട് ആവശ്യപ്പെട്ടു. "ദൈവത്തിൻെറ സ്വർഗ്ഗത്തിൽ വൃദ്ധകളില്ല" എന്ന് മുഹമ്മദ് ഗൗരവത്തോടെ മറുപടിപറഞ്ഞപ്പോൾ അവർക്ക് സങ്കടമായി. ഉടൻ അദ്ദേഹം വ്യക്തമാക്കി "നിങ്ങൾ ഒരു ചെറുപ്പക്കാരിയായാണ് സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത്" (എല്ലാവരും അങ്ങനെതന്നെ).



**സ്നേഹിതരുമായി നർമ്മബോധം::** ഒരിക്കൽ മുഹമ്മദ് ശുഹൈബ് (ഒരു റോമൻ മുസ്ലിം) എന്ന ഒരു കൺദീനക്കാരനെ കണ്ടു. അദ്ദേഹം ദയനീയമായി പാകമായ ഈത്തപ്പഴം കഴിക്കുകയായിരുന്നു. അയാളെ ഉത്തേജിപ്പിക്കുവാനായി മുഹമ്മദ് ചോദിച്ചു "ഈത്തപ്പഴം കഴിക്കുന്ന നിങ്ങളുടെ ഇടതുകണ്ണ് ചുവന്നിരിക്കുന്നതു എങ്ങനെ?". അതു ഫലിതമാണെന്നുമനസ്സിലാക്കി ശുഹൈബ് മറുപടി പറഞ്ഞു "നിങ്ങൾ വിഷമിക്കേണ്ട, ഞാൻ എൻെറ വലതുവശം കൊണ്ടാണ് കഴിക്കുന്നത്" (വലതുകണ്ണ് നന്നായിരുന്നു)

അനസ് ബിൻ മാലിക്കിൽ നിന്ന് നിവേദനം: ഒരാൾ വന്ന് ഒട്ടകപ്പുറത്ത് ഒരു സവാരിചെയ്യണമെന്ന് ആവശ്യപ്പെട്ടു. ഒരു പെൺഒട്ടകത്തിൻെറ കുട്ടിയെ നിനക്ക് സവാരിക്ക് നല്കാം എന്ന് മുഹമ്മദ് പറഞ്ഞു. ഒരു കുട്ടിഒട്ടകത്തെക്കൊണ്ട് എനിക്കെന്തുപ്രയോജനം എന്ന് അയാൾ ചോദിച്ചതിന് മറുപടി "എന്താ എല്ലാ ഒട്ടകങ്ങളും പെൺഒട്ടകങ്ങളുടെ കുട്ടിയല്ലേ" എന്നായിരുന്നു.

## മുഹമ്മദ് കുട്ടികളെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ചെയ്തിരുന്നു.


മുഹമ്മദ് കുട്ടികളോട് താത്പര്യം കാട്ടുകയും അവർക്ക് അഭിവാദനം നല്കുകയും അവരോടൊപ്പം കളിക്കുകയും ചെയ്തിരുന്നു. ഒരിക്കൽ ഒരു കുട്ടി തൻെറ കുരുവി മരിച്ചതിനാൽ സങ്കടപ്പെട്ടിരിക്കുകയായിരുന്നു. മുഹമ്മദ് അത്യാവശ്യകാര്യത്തിനായി പുറപ്പെട്ടതായിരുന്നെങ്കിലും, കുട്ടിയുടെ സങ്കടം മാററി സന്തോഷിപ്പിക്കുവാനായി കുറച്ചുസമയം അവനോടൊപ്പം ചിലവഴിച്ചു. മാതാപിതാക്കൾ കുട്ടികളെ ചുംബിക്കുകയും ആശ്ലേഷിക്കുകയും അവരോട് സ്നേഹത്തോടെ പെരുമാറുകയും വേണമെന്ന് മുഹമ്മദ് ആവശ്യപ്പെട്ടു.

ഒരിക്കലും തൻെറകുട്ടിയെ ചുംബിച്ചിട്ടില്ലാത്ത പിതാവ് കരുണയില്ലാത്തവനാണെന്ന് മുഹമ്മദ് പറഞ്ഞു.

**മുഹമ്മദ് അയൽവാസികളെ സ്നേഹിച്ചിരുന്നു.** മുഹമ്മദിനെ ഇഷ്ടപ്പെടാത്ത ഒരു ജൂത അയൽവാസി ഉണ്ടായിരുന്നു. ആ അയൽവാസി രോഗിയായപ്പോൾ മുഹമ്മദ് അയാളെ സന്ദർശിച്ചപ്പോൾ അയാളുടെ ഹൃദയം അലിവുള്ളതായി. മുഹമ്മദിൻെറ വീട്ടിൽ ജോലി ചെയ്തിരുന്ന ഒരു ജൂതക്കുട്ടി രോഗിയായപ്പോൾ അദ്ദേഹം ആ കുട്ടിയെ വീട്ടിൽ പോയി കണ്ടു.




**അയൽവാസികളോട് ദയ കാട്ടാൻ മുഹമ്മദ് പ്രോത്സാഹിപ്പിച്ചു:** അയൽവാസികളോട് നല്ല പെരുമാററം വേണമെന്ന് മലക്ക് ജിബ്രീൽ നിർദ്ദേശിച്ചുകൊണ്ടേയിരുന്നതായി മുഹമ്മദ് അനുയായികളെ അറിയിച്ചു. ആരെങ്കിലും ദൈവത്തിലും കണക്കെടുപ്പ് ദിവസത്തിലും വിശ്വസിക്കുന്നെങ്കിൽ അവർ അയൽവാസികളോട് ദയ കാണിക്കുവാൻ മുഹമ്മദ് ആവശ്യപ്പെട്ടു.



“നിങ്ങൾ സൂപ്പുണ്ടാക്കിയാൽ കുറച്ച് വെള്ളം കൂടുതലിട്ട് അളവുകൂട്ടി, കുറച്ച് നിൻെറ അയൽവാസിക്ക് കൊടുക്കണം.” എന്ന് അദ്ദേഹം അബൂതർ എന്ന അനുയായിയോട് ഒരിക്കൽ പറഞ്ഞു.

**മോശപ്പെട്ട സാമൂഹികപെരുമാററങ്ങൾ മുഹമ്മദ് ഇല്ലാതാക്കി:** നല്ല സ്വഭാവമുള്ളവരായിരിക്കും പരലോകത്ത് എന്നോട് ഏററവുമടുത്തവരും പ്രിയമുള്ളവരും എന്ന് പല സന്ദർഭങ്ങളിലും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

> “നിങ്ങൾ പരസ്പരം വെറുക്കുകയോ അസൂയപ്പെടുകയോ ചെയ്യാതെ സഹോദരന്മാരായിരിക്കുക”

> “ഒരു ദൈവവിശ്വാസി ശപിക്കുകയോ നിന്ദാവചനം ചെയ്യുകയോ മോശമായ ഭാഷ ഉപയോഗിക്കുകയോ ചെയ്യുകയില്ല.”

**പരിഹസിക്കരുത്:** താഴെ പറയുന്ന ഖുർആൻ ആയത്തുകൾ മുഹമ്മദ് പാരായണം ചെയ്തു (ഇതു ദൈവവചനങ്ങളാണെന്നും മുഹമ്മദിൻെറ സ്വന്തം വചനങ്ങളല്ലെന്നും മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു).

“അല്ലയോ വിശ്വാസികളെ, നിങ്ങൾ പരസ്പരം നിന്ദിക്കുകയോ പരിഹസിക്കുകയോ അരുത്. പുരുഷന്മാർ മററ് പുരുഷന്മാരേയും സ്ത്രീകൾ മററു സ്ത്രീകളേയും നിന്ദിക്കരുത്. നിങ്ങൾ പരിഹസിക്കുന്നവർ നിങ്ങളേക്കാൾ നല്ലവരായിരിക്കാം. നിങ്ങൾ പരസ്പരം ആക്ഷേപിക്കരുത്, പരസ്പരം അപമാനിക്കരുത്. ആരാണോ അങ്ങനെ ചെയ്യുകയും ദൈവത്തോട് പാപമോചനം നടത്താതിരിക്കുകയും ചെയ്യുന്നത്, അവർ തീർച്ചയായും തെററുകാരാണ്”.

പരിശുദ്ധ ഖുർആൻ 49:11

**തെററായ ധാരണ, സംശയം, ചാരപ്രവർത്തി, പരദൂഷണം എന്നിവ പാടില്ല:**

“അല്ലയോ വിശ്വാസികളെ, വലുതായ സംശയങ്ങൾ ഒഴിവാക്കുക, എന്തെന്നാൽ ചില സംശയങ്ങൾ പാപമാണ്. നിങ്ങൾ പരസ്പരം ചാരപ്രവർത്തനവും പരദൂഷണവും ചെയ്യരുത്. നിങ്ങളിലാരെങ്കിലും തൻെറ സഹോദരൻെറ ശവശരീരം ഭക്ഷിക്കുവാൻ ആഗ്രഹിക്കുമോ? നിങ്ങൾ അത് വെറുക്കുന്നു. അതിനാൽ അള്ളാഹുവിനെ ഭയപ്പെടുക. അവൻ വളരെ പൊറുക്കുന്നവനും വളരെ കരുണയുള്ള വനുമാണ്”

പരിശുദ്ധ ഖുർആൻ 49:12

**തെററായവാർത്തകൾ പ്രചരിപ്പിക്കരുത്:**

“അല്ലയോ വിശ്വാസികളെ, ഏതെങ്കിലുമൊരാൾ എന്തെങ്കിലും വാർത്തയുമായി വന്നാൽ അതിൻെറ യാഥാർത്ഥ്യം ശരിക്ക് മനസ്സിലാക്കാതെ അത് വിശ്വസിക്കുകയോ അതിന്മേൽ പ്രതികരിക്കുകയോ ചെയ്യരുത്. നിങ്ങളുടെ അറിവുകേടുമൂലം ദ്രോഹിക്കുവാനും പിന്നീട് നിങ്ങൾ ചെയ്തതിൽ ദു:ഖിക്കുവാനും ഇടവരരുത്”

പരിശുദ്ധ ഖുർആൻ 49:6,7

## സദാചാരം മുലം മൂല്യവർദ്ധന:




സ്വഭാവത്തിലുള്ള സദാചാരത്തിൽ മുഹമ്മദ് ശ്രദ്ധിച്ചിരുന്നു. സദാചാരം തൻെറ ജീവിതത്തിലെ മാതൃകയാണെന്ന് മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു. കൂടാതെ ഖുർആനിലെ പല ആയത്തുകളും എളിമത്വവും സൽസ്വഭാവവും ആവശ്യപ്പെടുന്നു. മനുഷ്യരെ പ്രയാസപ്പെടുത്തിയാൽ മാലാഖമാരും പ്രയാസത്തിലാകുമെന്ന് മുഹമ്മദ് അറിയിച്ചു. (ഉദാഹരണം: ഉയർന്ന ശബ്ദം, ദുർഗന്ധം എന്നിവ)

ഇസ്ലാമിലെ ചില സദാചാര മര്യാദകൾ

- ഉച്ചത്തിൽ സംസാരിക്കുകയോ അഹങ്കാരത്തോടെ നടക്കുകയോ ചെയ്യരുത്.
- രോഗികളെ സന്ദർശിക്കുമ്പോൾ കൂടുതൽ സമയം ചിലവിടാതെ അവരെ വിശ്രമിക്കുവാൻ അനുവദിക്കുക.
- പള്ളിയിൽ പോകുമ്പോൾ സുഗന്ധമായിട്ടായിരിക്കണം.
- ഉള്ളിയോ വെളുത്തുള്ളിയോ കഴിച്ച ഉടൻ പള്ളിയിൽ പോയി മററുള്ളവരെ അതിൻെറ ദുർഗന്ധത്താൽ വിഷമിപ്പിക്കരുത്.
- പള്ളിയിൽ സംഘംചേരുമ്പോൾ, സ്ഥലപരിമിതിയുണ്ടെങ്കിൽ മററുള്ളവർക്ക് ഇരിക്കുവാൻ സൗകര്യം ചെയ്തുകൊടുക്കണം.

- മററുള്ളവരെ അവരിഷ്ടപ്പെടുന്ന പേരിൽ വിളിക്കുക.
- കോട്ടുവായിടുമ്പോൾ കൈകൊണ്ട് വായ മൂടുകയും, മററുള്ളവർ തുമ്മിയാൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക.
- മററുള്ളവരോട് സംസാരിക്കുമ്പോൾ അവരിഷ്ടപ്പെടുന്ന വാക്കുകൾ ഉപയോഗിക്കുക, ഇസ്ലാമിൽ നല്ലവാക്കുകൾ ഒരുതരം ദാനമാണ്.
- മാതാപിതാക്കളോട് ദയവോടെ സംസാരിക്കുക, അവരോട് കർക്കശമായി സംസാരിക്കുകയോ 'ഛെ' എന്നുപോലും പറയാതിരിക്കുകയും ചെയ്യുക.
- ദിവസത്തിലെ ചില സമയങ്ങളിൽ വാതിലിൽ മുട്ടി അനുവാദം വാങ്ങാതെ കുട്ടികൾ മാതാപിതാക്കളുടെ മുറിയിൽ പ്രവേശിക്കരുത്.
- നിങ്ങളെ ആഹാരത്തിനായി ക്ഷണിച്ചാൽ പാത്രത്തിൽ നിങ്ങളുടെ അടുത്തുള്ളതുമാത്രം കഴിക്കുക, മററുള്ളവരെ ശല്യപ്പെടുത്തരുത്.
- വെള്ളം കുടിക്കുമ്പോൾ അതിൽ ഊതരുത്.

### സ്ത്രീകളോടുള്ള സദാചാരം

ദൃഷ്ടികൾ താഴ്ത്തുക, തുറിച്ച് നോക്കരുത്.

മുഹമ്മദ് (സ.അ) കുനിഞ്ഞുനിന്ന് തൻെറ ഭാര്യ സഫിയയെ ആദ്യം ഒട്ടകപ്പുറത്ത് കയറുവാൻ സഹായിച്ചിട്ടുണ്ട്.

(അനസ്ബിൻ മാലിക്കിൽ നിന്ന് നിവേദനം

ബുഖാരി–9:200)

## മുഹമ്മദ് മററുള്ളവരുടെ അഭിപ്രായങ്ങൾ ബഹുമാനിച്ചിരുന്നു:

അനുയായികളോട് മുഹമ്മദ് നിർദ്ദേശങ്ങൾ നല്കുമ്പോൾ രണ്ട് പ്രത്യേകതരത്തിൽ അവർ മനസ്സിലാക്കിയാൽ, നിയമാനുസൃതവും ലക്ഷ്യപ്രാപ്തിക്ക് ഉപകരിക്കുകയും ചെയ്യുന്നതാണെങ്കിൽ രണ്ടും അദ്ദേഹം അംഗീകരിച്ചിരുന്നു.

അൽ സാലാസിൽ യുദ്ധത്തിൽ സേനാപതിയായിരുന്ന അമർ ബിൻ അൽ ആസ്സ്, വലിയ അശുദ്ധിയായിരിക്കെ കുളിക്കാതെ നമസ്ക്കാരം നയിച്ചതായ പരാതി വന്നപ്പോൾ മുഹമ്മദ് അയാളുടെ ന്യായം കേൾക്കുകയും അത് അംഗീകരിക്കുകയും ചെയ്തു. അന്ന് വലിയ തണുപ്പായിരുന്നെന്നും കുളിച്ചാൽ താൻ രോഗിയാകുമെന്നും സേനയെ നയിക്കാൻ കഴിയാതെ വരുമെന്നും അമർ മുഹമ്മദിനോട് പറഞ്ഞു

മുഹമ്മദ് തൻമയത്വമുള്ള വനും എളുപ്പത്തിൽ ഇടപെടുവാൻ പററിയ ആളുമായിരുന്നു

അനസ് ബിൻ മാലിക് പറയുന്നു: മുഹമ്മദിനോടൊപ്പം 10 വർഷം ജോലി ചെയ്തു, ഒരിക്കൽപോലും 'ഇതെന്തിനു ചെയ്തു' 'എന്തേ ഇങ്ങനെ ചെയ്തില്ല' എന്ന് മുഹമ്മദ് പറയുകയുണ്ടായിട്ടില്ല.

## മുഹമ്മദ് പരസ്പരം ചർച്ചചെയ്യുന്നതിനേയും ജനാധിപത്യത്തേയും പ്രോത്സാഹിപ്പിച്ചിരുന്നു.

അദ്ദേഹം അനുയായികളോടും ഭാര്യമാരോടുപോലും കാര്യങ്ങൾ ചർച്ചചെയ്തിരുന്നു. നിഷ്പക്ഷമായി വിവേകത്തോടെ ചിന്തിക്കുവാൻ അദ്ദേഹം അനുയായികളെ ഉപദേശിച്ചു. തീരുമാനങ്ങൾ എടുക്കുവാൻ അവരേയും ഉൾപ്പെടുത്തുകയും അധികാരപ്പെടുത്തുകയും ചെയ്തു. അദ്ദേഹം അനുയായികളോടും ഭാര്യമാരോടുപോലും കാര്യങ്ങൾ ചർച്ചചെയ്തിരുന്നു. നിഷ്പക്ഷമായി വിവേകത്തോടെ ചിന്തിക്കുവാൻ അദ്ദേഹം അനുയായികളെ ഉപദേശിച്ചു. തീരുമാനങ്ങൾ എടുക്കുവാൻ അവരേയും ഉൾപ്പെടുത്തുകയും അധികാരപ്പെടുത്തുകയും ചെയ്തു.

## കൂടിയാലോചന

മക്കാ മേധാവികളും മററ് അറബ് ഗോത്രങ്ങളും മദീന ആക്രമിക്കുവാൻ പദ്ധതിയിട്ടപ്പോൾ, മദീനയുടെ വടക്ക് ഒരു കിടങ്ങ് കുഴിക്കുവാൻ ഒരു പേർഷ്യൻ മുസൽമാൻ അഭിപ്രായപ്പെട്ടു. അത്തരം കാര്യങ്ങൾ അറേബ്യയിൽ അതിന്മുൻപ് ചെയ്തിരുന്നില്ലെങ്കിലും, ഇതൊരു സാധാരണമനുഷ്യൻെറ അഭിപ്രായിരുന്നെങ്കിലും മുഹമ്മദ് ഗൗരവത്തോടെ പരിഗണിക്കുകയും ഭൂരിഭാഗം മുസ്ലിമീങ്ങളും അത് അംഗീകരിക്കുകയും ചെയ്തു. 5.5 കി.മി നീളത്തിലും 4.6 മി. വീതിയിലും കിടങ്ങ് നിർമ്മിക്കപ്പെട്ടു.



മറെറാരു സന്ദർഭത്തിൽ (ബദർയുദ്ധം) ഒരു സാധാരണക്കാരൻ മുഹമ്മദിനോട് പറഞ്ഞു ' നിങ്ങൾ ഇവിടെ തമ്പടിക്കുവാൻ ദൈവനിയോഗമായിട്ടല്ല തീരുമാനിച്ചതെങ്കിൽ, ഞാൻ മറെറാരു സ്ഥലം നിർദ്ദേശിക്കാം' അദ്ദേഹത്തിൻെറ ന്യായവാദങ്ങൾ മനസ്സിലാക്കി, മുഹമ്മദ് ആ അഭിപ്രായം സ്വീകരിക്കുകയും തമ്പ് മറെറാരുസ്ഥലത്തേക്ക് മാററുകയും ചെയ്തു.



മുഹമ്മദ് എന്ന വാക്ക് അറബിയിൽ കലാപരമായി ചിത്രീകരിച്ചത് ഫരീദ് അൽ അലി എന്ന കലാകാരനോട് കടപ്പാട്

**മററുമതസ്ഥരെ ബഹുമാനിക്കുക:** ഇസ്ലാമികവിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ മററു മതസ്ഥരുമായി സസ്നേഹം സുതാര്യമായി ഇടപെടുവാൻ മുഹമ്മദ് അനുയായികളെ പ്രോത്സാഹിപ്പിച്ചു.

പല സന്ദർഭങ്ങളിലും മററ് മതസ്ഥരോട് ബഹുമാനത്തോടെ വർത്തിക്കുന്നത് മുഹമ്മദ് വ്യക്തമായി പ്രകടിപ്പിച്ച് കാണിച്ചു. ഒരു ജൂതൻെറ ശവശരീരം അടക്കംചെയ്യാൻ കൊണ്ടുപോകുന്നത് കണ്ട മുഹമ്മദ് ബഹുമാനസൂചകമായി എഴുന്നേററുനിന്നു. എന്തിനാണ് നിങ്ങൾ എഴുന്നേററത് എന്ന് ഒരനുയായി ചോദിച്ചപ്പോൾ മുഹമ്മദ് പറഞ്ഞു "അതൊരു മനുഷ്യനാണ്" (കുടുംബം, വിശ്വാസം, സാമൂഹ്യാവസ്ഥ എന്നിവയ്ക്കതീതമായി)

**മററു മതസ്ഥരുമായി പരസ്പരസംവാദങ്ങളും സമാധാനപരമായ സഹവർത്തിത്വവും:** പരസ്പര സംഭാഷണവും ചർച്ചയും മൂലം മററു മതസ്ഥരോട് സംവാദം നടത്തി സംശയങ്ങളും അമ്പരപ്പും അകററി പരസ്പരം മനസ്സിലാക്കുവാനും ശത്രുതയിൽ നിന്ന് മൈത്രി സ്ഥാപിക്കാനുമാണിത്.

മററു മതസ്ഥരുമായി സംവാദം



ബോസ്നിയയിലെ വലിയ മുഫ്തി ഡോ: മുസ്തഫാ സെറിക്കും കത്തോലിക്ക സഭയിലെ പെന്നാർമാട്ടയിലെ ബിഷപ് കെവിൻ മാനിങ്ങും സിഡ്നി, ആസ്ട്രേലിയ. 2007

ക്രിസ്ത്യൻ പതിനിധി സംഘവുമായി സംവാദം

632 CE യിൽ യെമനിലെ നജ്റാനിൽ നിന്നുവന്ന ഒരു ക്രിസ്ത്യൻ പ്രതിനിധിസംഘത്തെ മുഹമ്മദ് മദീനയിലെ പള്ളിയിൽ സ്വീകരിക്കുകയും

ഇസ്ലാമും ക്രിസ്തുമതവും തമ്മിലുള്ള വ്യത്യാസങ്ങളും സമാനതകളും ചർച്ചചെയ്യുകയും, ഇസ്ലാമിനെ പരിചയപ്പെടുത്തുകയും ചെയ്തു.

ഖുർആനിലെ പഠനത്തിൽ നിന്ന് മററ് മതസ്ഥരുമായി സംവാദം നടത്തേണ്ട വിധവും ചിട്ടകളും മുഹമ്മദ് ചിട്ടപ്പെടുത്തി. ഇത് മററ് മതസ്ഥരോട് ബഹുമാനം, നിപുണത, പരസ്പരധാരണ, അനുകമ്പ എന്നിവ കാഴ്ചവയ്ക്കലാണ്. അദ്ദേഹം ഈ സന്ദർഭങ്ങളിൽ താഴെപ്പറയുന്ന ഖുർആൻ സൂക്തങ്ങൾ പാരായണം ചെയ്തു.

“നിങ്ങൾ നിപുണതയോടും നല്ല ശാസനത്തോടും മററുള്ള വരെ ദൈവപാതയിലേക്ക് ക്ഷണിക്കുക. നല്ല രീതിയിൽ അവരോട് സംവാദം ചെയ്യുക. നിങ്ങളുടെ ദൈവത്തിന് ആരാണ് ദൈവനിർദ്ദേശങ്ങൾ സ്വീകരിക്കുന്നതെന്നും ആരാണ് തെററിപ്പോകുന്നതെന്നും അറിയാം”

പരിശുദ്ധ ഖുർആൻ 16:125

“ഏടുകൾ നല്കപ്പെട്ടവരോട്, അവർ അതിർത്തി ലംഘിക്കാത്തിടത്തോളം നല്ല രീതിയിൽ മാത്രം സംവാദം ചെയ്യുക. പറയുക: ഞങ്ങൾ ഞങ്ങൾക്കവതരിക്കപ്പെട്ടതിലും നിങ്ങൾക്കവതരിക്കപ്പെട്ടതിലും വിശ്വസിക്കുന്നു. ഞങ്ങളുടെ ദൈവവും നിങ്ങളുടെ ദൈവവും ഒന്നുതന്നെയാണ്. അവനിലേക്കാണ് ഞങ്ങൾ സമർപ്പിക്കുന്നത്”

പരിശുദ്ധ ഖുർആൻ 29:46



*Arabic calligraphy: " The best of people are those who benefit others". Courtesy of Hasan Çelebi,*



മതസഹിഷ്ണത


## ഉമർ പള്ളിയും പുണ്യഖബറിടമുള്ള ചർച്ചും, ജെറുസെലം:

പല നൂററാണ്ടുകളായി ജെറുസലേമിലെ പഴയ നഗരത്തിൽ മതസഹിഷ്ണതയുടെ ഒരു വലിയ തെളിവ് നിലനിൽക്കുന്നു. രണ്ടാം ഖലീഫയായ ഉമർ ബിൻ ഖതാബ്

638 CE യിൽ ജെറുസെലം സമാധാനപരമായി കൈയ്യടക്കി

ജെറുസെലമിലെ ആർച്ച് ബിഷപ് സോഫ്നോറിയസ്, ഉമറിനെ പുണ്യഖബറിടമുള്ള ചർച്ചിൽ നമസ്ക്കരിക്കുവാൻ ക്ഷണിച്ചു. ഈ ചർച്ചിന് ഉയർത്തെഴുന്നേല്പിൻെറ ചർച്ച് എന്നും പറയുന്നു. (ഈസ്ററേൺ ഓർത്തഡോക്സ് ക്രിസ്ത്യാനികളുടെ പരമ്പരയിൽ നിന്നും)









ഇത് ലോകത്തിലെ ഏററവും പുണ്യമായ ക്രിസ്തീയ സ്ഥലമാണ്. ഇവിടെ ജീസ്സസ് ക്രൂശിക്കപ്പെട്ടുവെന്നും ജീസ്സസിൻെറ ഖബറിടമുള്ളത് ഇവിടെയാണ്യന്ന് കിസ്ത്യാനികൾ വിശ്വസിക്കുന്നു. CE 4ാം നൂററാണ്ട് മുതൽ ഇതൊരു തീർത്ഥാടനകേന്ദ്രമാണ്.

ഒരു അസാമാന്യ ഭാവത്തോടെ ഉമർ, ചർച്ചിൽ പ്രാർത്ഥിക്കുവാനുള്ള ക്ഷണം നിരസിച്ചുകൊണ്ട് പറഞ്ഞു "ഞാനിവിടെ പ്രാർത്ഥിച്ചാൽ മുസ്ലിമീങ്ങൾ ഇതൊരു മുസ്ലിംപള്ളിയായി കണക്കാക്കിയേക്കും"

അതിനുപകരം ചർച്ചിന് കുറച്ചുദൂരം മാറി പ്രാർത്ഥിച്ചു. ഇത് ഇസ്ലാമും മററുമതങ്ങളുമായുള്ള സമാധാനപരമായ അനുരഞ്ചനത്തിന് ഉദാഹരണമാണ്. ഇത് ഇസ്ലാമികരാഷ്ട്രത്തിൽ അമുസ്ലിമീങ്ങൾക്ക് പ്രാർത്ഥനാസ്വാതന്ത്രം ഉറപ്പുനല്കുന്നു.







ആ സ്ഥാനത്ത് ഈ ചരിത്ര സംഭവത്തിൻെറ സ്മാരകമായി ഒരു പള്ളി നിർമ്മിക്കപ്പെട്ടു. പിന്നീട് ഇത് ഉമർപള്ളി എന്നറിയപ്പെട്ടു.

ഇവിടെയുള്ള വിശുദ്ധമായ ചർച്ചിൻെറ മേൽനോട്ടം ഖലീഫയായ ഉമർ, ഉബദാ ഇബ്ന് അൽസാമിത് എന്ന അനുയായിയെ ഏൽപ്പിച്ചു. ഇദ്ദേഹമാണ് ജെറുസെലമിലേ ആദ്യത്തെ മുസ്ലിം ജഡ്ജിയായത്. ഉബദാ 658 CE യിൽ മരണപ്പെടുകയും അദ്ദേഹത്തിനെ കാരുണ്യത്തിൻെറ വാതിൽ എന്നറിയപ്പെടുന്ന ജെറുസെലമിലേ ഖബറിടത്തിൽ അടക്കം ചെയ്യുകയും ചെയ്തു. ഇത് പുണ്യദൈവാലയത്തിൻെറ മതിലിനോട് ചേർന്ന് ഇടതുവശത്താണ്. അൽ അഖ്സാ പള്ളിയുടെ ഡോം ഉൾക്കൊള്ളുന്നതാണ് ഈ ദൈവാലയം.

ഉബദാ ഇബ്ന് അൽസാമിത് ൻെറ ഖബറിടം, ജെറുസെലം





### ഉമറിൻെറ കരാർ

ജെറുസെലമിലേ ജനങ്ങൾക്ക് സമാധാനത്തിൻേറയും സംരക്ഷണത്തിൻേറയും കരാർ ഉമർ പുറപ്പെടുവിച്ചു. ഇതിനെ "ഉമറിൻെറ കരാർ" എന്നറിയപ്പെടുന്നു. വർഷങ്ങളായി ഈ കരാർ പള്ളിയുടെ മതിലിൽ സ്ഥാപിച്ചിരിക്കുന്നു.





### ഉമറിൻെറ കരാർ

ഏററവും കാരുണ്യവാനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ

ഇത് അല്ലാഹുവിൻെറ ദാസനായ ഉമർ, ജെറുസെലമിലെ ജനങ്ങൾക്ക് സമാധാനവും സുരക്ഷയും നല്കുന്ന വാഗ്ദാനമാണ്. ഇവിടെയുള്ള രോഗികൾക്കും ആരോഗ്യവാന്മാർക്കും എല്ലാസമുദായങ്ങൾക്കും അവരുടെ ജീവനും വസ്തുക്കൾക്കും ചർച്ചുകൾക്കും സംരക്ഷണം വാഗ്ദാനം ചെയ്യുന്നു.

അവരുടെ ചർച്ചുകൾ മുഴുവനുമായോ ഭാഗീകമായോ എടുക്കുകയോ പൊളിക്കുകയോ ചെയ്യുകയില്ല. അവരുടെ മതാനുഷ്ടാനങ്ങളിൽ ഇടപെടുകയോ അവരെ ഉപദ്രവിക്കുകയോ ചെയ്യുകയില്ല. പക്ഷെ രാജ്യവാസികൾ കരം (ജിസിയ) നൽ കണം (മുസ്ലിമീങ്ങൾ സക്കാത്ത് എന്ന നാമത്തിൽ ഇതുപോലെയുള്ള കരം നൽകുന്നതുപോലെ)

# വ്യാപാരത്തിലെ നീതിശാസ്ത്രം

വഞ്ചനയോ, ചതിവോ, കളവുപറഞ്ഞോ, കുത്തകയാക്കിയോ, ചൂഷണമോ കൂടാതെയുള്ള, ഇസ്ലാമികമൂല്യങ്ങളോടുകൂടിയ കച്ചവടവും വാണിജ്യവും മുഹമ്മദ് പ്രോത്സാഹിപ്പിച്ചു.

മുഹമ്മദ് പറഞ്ഞു: " ആര്‍ ചതിക്കുന്നുവോ അവര്‍ ഞങ്ങളില്‍ പ്പെട്ടവരല്ല" മുസ്ലിമില്‍ നിന്ന് നിവേദനം. കൂടാതെ അദ്ദേഹം പറഞ്ഞു: വാങ്ങുമ്പോഴും വില്ക്കുമ്പോഴും അവകാശം സ്ഥാപിക്കുമ്പോഴും ക്ഷമ കൈക്കൊള്ളുന്നവര്‍ക്ക് ദൈവം കാരുണ്യം വര്‍ഷിക്കും. (ഇത് സ്ത്രീപുരുഷന്മാര്‍ക്ക് ബാധകമാണ്, ബുഖാരി, 2076:16





## കള്ളം പറയുന്നതും വാഗ്ദാനലംഘനത്തില്‍പ്പെട്ടതാണ്:

മുഹമ്മദ് പറഞ്ഞു :

ആര്‍ക്കെങ്കിലും താഴെപ്പറയുന്ന 4 സ്വഭാവങ്ങളുണ്ടെങ്കില്‍ അയാള്‍ കപടനാണ്. ആര്‍ക്കെങ്കിലും ഏതെങ്കിലും ഒന്നുണ്ടെങ്കില്‍ അത് ഒഴിവാക്കുന്നതുവരെ കപടതയുടെ ഒരു സവിശേഷത അവനുണ്ടായിരിക്കും.

1. വിശ്വസിച്ചേല്‍പ്പിച്ചാല്‍ ചതിക്കുക
2. സംസാരിച്ചാല്‍ കളവുപറയുക
3. വാഗ്ദാനം ലംഘിക്കുക
4. പിണങ്ങിയാല്‍ അസഭ്യം പറയുക



മദീനയിലെ ഇപ്പോഴുള്ള മാര്‍ക്കറ്റ്

**സ്വതന്ത്ര വ്യാപാര സ്ഥലം**

മദീനയിൽ എത്തിച്ചേർന്നയുടനെ സ്വതന്ത്ര വ്യാപാരത്തിനായി കുറച്ച് സ്ഥലം വാങ്ങുവാൻ മുഹമ്മദ് അനുയായികളോട് നിഷ്ക്കർഷിച്ചു. ഇവിടെ യാതൊരു കരവും നല്കാതെ ജനങ്ങൾക്ക് സാധനങ്ങൾ വാങ്ങുവാനും വിൽക്കുവാനും സാധിച്ചു. ഈ സ്ഥലത്തിനെ മനാക്കാ എന്ന് പറയുന്നു.




മനാക്കാ എന്നാൽ ഒട്ടകങ്ങൾ താഴെയിരുന്ന്, അവർ വഹിക്കുന്ന സാധനങ്ങൾ വിൽക്കുവാൻ സൗകര്യമുള്ള സ്ഥലം

ഇപ്പോഴും അത് ഒരു സ്വതന്ത്രവ്യാപാര കേന്ദ്രമാണ്. ഈ ചിത്രം 14 നൂററാണ്ടുകൾക്ക് മുൻപ് സ്വതന്ത്രവ്യാപാരത്തിനായി നിശ്ചയിച്ച സ്ഥലത്തിൻെറ ചുററുമുള്ള മതിൽക്കെട്ടാണ്.



*Fence of Manakha, present time*



സുൽത്താനേററ് ഓഫ് ഒമാനിലെ സുൽത്താൻ ഖാബൂസ് ഗ്രാൻറ് മോസ്ക്. തടികൊണ്ടുള്ള മച്ചിൽ ഇസ്ലാമിക കലകളും ഇസ്ലാമിക കമാനങ്ങളും ചുമർ അലങ്കാരങ്ങളും

## അടിക്കുറിപ്പുകൾ

1, റിയാദ് അൽ സാലിഹീൻ (183/3) (245/2)
സഹി അൽ ബുഖാരി (13)

2, റിയാദ് അൽ സാലിഹീൻ (121/5)

3, റിയാദ് അൽ സാലിഹീൻ (858/2)

4, സഹി അൽ ബുഖാരി (11)


5, സഹി അൽ അൽബാനി, അൽ ദാവൂദ്, ഇമാമ് അഹമ്മദ്, തിർമുദി

6, റിയാദ് അൽ സാലിഹീൻ (862/1) ബുഖാരി (598/10)

7, റിയാദ് അൽ സാലിഹീൻ (1591/1) സഹി അൽബുഖാരി (606/5)

7, റിയാദ് അൽ സാലിഹീൻ (1734/1) (1738/3)





ജെറുസെലമിലേ ശിലാപ്രതലത്തിൻെറ ഡോം. പീററർ സാൻഡേർസ് എന്ന പ്രധാനഛായാഗ്രഹകൻ എടുത്ത പടം

# സ്ത്രീകൾ



നീലപള്ളി, ഇസ്തംബൂൾ, ടർക്കി

# മുഹമ്മദ് സ്ത്രീകൾക്ക് അവരുടെ അവകാശങ്ങൾ നൽകി

ഇസ്ലാമിന് മുൻപ് സ്ത്രീകൾക്ക് ഒരവകാശവും നൽകിയിരുന്നില്ല: അറബികൾ ആൺകുട്ടികൾക്ക് പെൺകുട്ടികളേക്കാൾ പരിഗണന നല്കുകയും ചില പിതാക്കൾ പെൺകുട്ടികളെ ജനിച്ചയുടനെ ജിവനോടെ കുഴിച്ചുമൂടുകയും ചെയ്തിരുന്നു.

**ലിംഗവിവേചനം ഇല്ല:** മുഹമ്മദ് സ്ത്രീപുരുഷ വിവേചനത്തെ കുററപ്പെടുത്തി. ലിംഗഭേദ മില്ലാതെ കുട്ടികളെ സ്നേഹിക്കുവാനും വളർത്തിയെടുക്കുവാനും അനുയായികളെ പഠിപ്പിച്ചു. യഥാർത് ഥത്തിൽ പെൺകുട്ടികളെ കൂടുതൽ ശ്രദ്ധയോടെ അവരുടെ വിവാഹം വരെ നോക്കണമെന്ന് നിഷ്ക്കർഷിച്ചു. മുഹമ്മദ് പറഞ്ഞു:

> “ഭാര്യാഭർത്താക്കന്മാർ ഒരു നാണയത്തിൻെറ ഇരു വശങ്ങളാണ്”

**സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെ പിൻതുടർച്ചാവകാശം:** ഇസ്ലാമിന് മുൻപ് സ്ത്രീകൾക്ക് പിൻതുടർച്ചാവകാശം ഇല്ലായിരുന്നു. ഈ രീതി മുഹമ്മദ് വിജയകരമായി മാററി. സ്ത്രീകൾക്ക് പുരുഷന്മാരെപ്പോലെ പിൻതുടർച്ചാവകാശം നൽകി. ഇത് ഇസ്ലാമിലെ പിൻതുടർച്ചാവകാശത്തിന് പകരം പരിശുദ്ധ ഖുർആനിലെ ദൈവവചനമായി ഓരോരുത്തർക്കും സ്ഥിരപ്പെടുത്തി.


മുഹമ്മദ് എന്ന വാചകം അറബികാലിഗ്രാഫിയിൽ കലാപരമായി രൂപകല്പന നൽകിയിരിക്കുന്നു. ശരിക്കും ഈ വാക്ക് محمد ഇതുപോലെയാണ്. മ, ഹ എന്നീ അക്ഷരങ്ങൾ മുഹമ്മദ് എന്ന അറബിവാക്കിൻെറ അംഗപ്പൊരുത്തമായ അക്ഷരങ്ങളാണ്.




**സ്ത്രീകൾക്ക് അതുല്യമായ സവിശേഷതകൾ ഉണ്ട്:** ഭാര്യ ഭർത്താവിൻെറ ഉടമയിലുള്ള ഒരു വസ്തു അല്ല. അവർക്ക് അതുല്യമായ സവിശേഷതയുണ്ട്. സ്ത്രീ വിവാഹിതയാകുമ്പോൾ അവരുടെ നാമത്തിൽ മാററം വരുത്തേണ്ടതില്ല. അവരുടെ വ്യക്തിത്വവും സ്വത്തും ഇസ്ലാമിക നിയമത്താൽ സംരക്ഷിക്കപ്പെട്ടു.

ഭർത്താവിൻെറ മരണശേഷം ഭർത്താവിൻെറ സ്വത്തിൽ ഭാര്യയ്ക്കും പിൻതുടർച്ചാവകാശം നല്കി. (ഇസ്ലാമിന് മുൻപ് സ്ത്രീകളെ ജംഗമസ്വത്തായി കണക്കാക്കിയിരുന്നു).

**സ്ത്രീ ലൈംഗീക ആവശ്യത്തിനുള്ള ഉപകരണമല്ല:** വ്യഭിചാരം ഇസ്ലാമിൽ നിരോധിച്ചു. ഒരാൾ വ്യഭിചാരം ചെയ്താൽ അവരുടെ ഈമാൻ (വിശ്വാസം) ഇല്ലാതാവും. (അതായത് ദൈവവിശ്വാസമില്ലായ്മയിലാണ് വ്യഭിചാരം ഒരു കുററകരമായി തോന്നാത്തതും ദൈവഭയം ഇല്ലാതാവുന്നതും.




> നിങ്ങൾ വ്യഭിചാരവുമായി അടുക്കരുത്. അത് വെറുക്കപ്പെട്ടതും ചീത്തയുമായ ഒരു കാര്യംതന്നെയാണ്
> പരിശുദ്ധ ഖുർആൻ 17:32



This calligraphy means:"*The peak of wisdom the fear of God*". Courtesy of calligrapher Ismail Hakki.

ഹിജാബ് ഇസ്ലാമിൽ

**തല മറയ്ക്കലും മാന്യമായ വസ്ത്രധാരണവും:** പ്രായപൂർത്തിയായ സ്ത്രീകൾക്ക് തല മറയ്ക്കലും മാന്യമായ വസ്ത്രധാരണവും ഇസ്ലാമിൽ ധാർമ്മികമായ ബാധ്യതയാണ്. സ്ത്രീകൾ അവരുടെ ശരീരവും സ്ത്രീത്വവും പ്രദർശിപ്പിച്ച് ജനങ്ങളെ പ്രലോഭിപ്പിക്കുന്നതിനെ ഇസ്ലാം തടയുന്നു.

ജനങ്ങളെ സ്ത്രീശരീരം പ്രദർശിപ്പിച്ച് പ്രലോഭിപ്പിക്കുന്ന തരത്തിലുള്ള വാണിജ്യപരസ്യങ്ങൾ ഇസ്ലാം അനുവദിക്കുന്നില്ല.

ലൈംഗിക പീഢനം, ലൈംഗിക ആക്രമണം, ബലാൽ സംഗം, ലൈംഗികരോഗങ്ങൾ, നഗ്നത, അശ്ലീലസാഹിത്യം എന്നിവകളിലേക്ക് നയിക്കുന്ന എല്ലാററിനേയും തടയുന്നതാണ് ഇസ്ലാമിക അനുശാസനം.





## വിവാഹം ചെയ്യുക!




വിവാഹം ചെയ്ത് കുടുംബജീവിതം നയിക്കുവാൻ മുഹമ്മദ് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. വിവാഹബന്ധങ്ങളിൽക്കൂടിയല്ലാത്ത അസാന്മാർഗീക ബന്ധങ്ങളിൽ നിന്നകന്ന് കുലീനമായ ഇസ്ലാമിക മൂല്യങ്ങൾ പിൻതുടരുവാൻ മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു.

ഒരു യുവാവ് അവിവാഹിത ലൈംഗീകബന്ധം നടത്തുവാനുള്ള അനുവാദം മുഹമ്മദിനോട് ചോദിച്ചു. മുഹമ്മദ് അയാളോട് നിൻെറ മാതാവിന് ഇതു സംഭവിച്ചാൽ നീ സഹിക്കുമോ എന്ന് ചോദിച്ചു. ഇല്ല എന്ന് അയാൾ മറുപടി പറഞ്ഞു. അതുപോലെ മററുള്ളവരും അവരുടെ മാതാക്കൾക്ക് ഇങ്ങനെ സംഭവിക്കുന്നത് ഇഷ്ടപ്പെടുകയില്ല.



പിന്നീട് ഇതേ പോലെ മൂന്ന് ചോദ്യങ്ങളും ചോദിച്ചു നിൻെറ മകൾ, സഹോദരി, അമ്മായി എന്നിവർക്കോ?. എല്ലാററിനും അയാൾ ഇല്ല എന്ന് മറുപടി പറഞ്ഞു. മുഹമ്മദ് ഓരോന്നിനും മറുപടിയായി ഇതുപോലെ ജനങ്ങൾ അവരുടെ മകൾ, സഹോദരി, അമ്മായി എന്നിവർക്ക് ഇത് ഇഷ്ടപ്പെടുകയില്ല എന്നുപറഞ്ഞു.

പിന്നീട് മുഹമ്മദ് തൻെറ കൈ അയാളുടെ ഹൃദയത്തിനടുത്ത് വച്ച് പ്രാർത്ഥിച്ചു “എൻെറ ദൈവമേ ഇയാൾക്ക് പൊറുത്തുകൊടുക്കുകയും ശുദ്ധീകരിക്കുകയും ചാരിത്ര്യശുദ്ധി നൽകി അനുഗ്രഹിക്കുകയും ചെയ്യേണമേ.”



### മുഹമ്മദ് സ്ത്രീകളെ ശക്തിപ്പെടുത്തി:

അദ്ദേഹത്തിൻെറ കാലത്ത് ആഴ്ചയിൽ ചില ദിവസങ്ങൾ സ്ത്രീകളുടെ വിദ്യാഭ്യാസത്തിനായി മുഹമ്മദ് നിർണ്ണയിച്ചു. ഇസ്ലാമിക സംരംഭങ്ങളിലും സദ്യകളിലും പ്രാർത്ഥനകളിലും സ്ത്രീകൾ സന്നിഹിതരാകുവാൻ പ്രേരിപ്പിച്ചു. ഭർത്താക്കന്മാർ മുഹമ്മദിനെ കണ്ട് സംസാരിക്കുവാനും അദ്ദേഹത്തിൻെറ സഹായവും ഉപദേശവും തേടാനും അനുവദിച്ചു.

പുരുഷന്മാരെപ്പോലെ സ്ത്രീകളും ഇസ്ലാമിക നിയമങ്ങൾ പാലിക്കണമെന്നുള്ള പ്രതിജ്ഞ ചെയ്യുവാൻ ആവശ്യപ്പെട്ടു.

അടുത്ത തലമുറയെ വളർത്തിയെടുക്കേണ്ട പ്രധാന ഉത്തരവാദിത്വമാണ് സ്ത്രീകൾക്കുള്ളത്. പുരുഷന്മാരുടെ കടമകളിൽ കൈകടത്താതെ സമൂഹത്തിൽ സജീവമായ പങ്ക് നിർവ്വഹിക്കുവാൻ മുസ്ലിംസ്ത്രീകളെ ശക്തിപ്പെടുത്തി. കുട്ടികളെ നല്ലരീതിയിൽ വളർത്തിയെടുക്കുന്ന പ്രധാന കർത്തവ്യം കൂടാതെ സാമൂഹിക, രാഷ്ട്രീയകര്യങ്ങളിലും സ്ത്രീകൾ പങ്കാളികളായിരുന്നു.

### സ്ത്രീകളേയും പെൺകുട്ടികളേയും ശ്രദ്ധിക്കുവാൻ മുഹമ്മദ് പ്രോത്സാഹിപ്പിച്ചു.

പല സന്ദർഭങ്ങളിലും സ്ത്രീകളോട് നല്ലരീതിയിൽ പെരുമാറുന്നതിന് മുഹമ്മദ് ഊന്നൽ നല്കുകയും, അവൾ പളുങ്കുപാത്രം പോലെ മൃദുലമാണെന്ന് വിശേഷിപ്പിക്കുകയും ചെയ്തു. പെൺകുട്ടികളെ ദൈവാനുസരണയിൽ നല്ലരീതിയിൽ വളർത്തുന്നവർക്ക് സ്വർഗ്ഗം കരസ്ഥമാക്കുവാൻ സാധിക്കുമെന്ന് മുഹമ്മദ് അനുയായികളെ അറിയിച്ചു.

### മാതാവിനെ ബഹുമാനിക്കുവാൻ മുഹമ്മദ് പ്രോത്സാഹിപ്പിച്ചു:



ഒരാൾ "ഞാൻ ആരോടാണ് കൂടുതൽ കടപ്പാട് നൽ കേണ്ടത്" എന്ന് അന്വേഷിച്ചപ്പോൾ "നിൻെറ മാതാവിനോട്" എന്ന് മുഹമ്മദ് മറുപടി നല്കി. "പിന്നീട് ആരോട്" എന്ന ചോദ്യത്തിനും "നിൻെറ മാതാവിനോട്" എന്ന് മറുപടി നല്കി. "പിന്നീട് ആരോട്" എന്ന മൂന്നാമത്തെ ചോദ്യത്തിനും "നിൻെറ മാതാവിനോട്" എന്ന് മറുപടി നല്കി. നാലാമതും അതേ ചോദ്യം ആവർത്തിച്ച പ്പോൾ "നിൻെറ പിതാവിനോട് "എന്ന് അദ്ദേഹം മറുപടി നല്കി. (അതായത് മാതാവ് കഴിഞ്ഞിട്ടേ നിൻെറ സഹായവും സംരക്ഷണവും പിതാവ് അർഹിക്കുന്നു എന്ന്).

വിദഗ്ദർ ഈ സംഭവത്തെ ആസ്പദമാക്കി മാതാക്കൾ മൂന്ന് പ്രധാന കഷ്ടപ്പാടുകൾ സഹിക്കുന്നുവെന്ന് വിലയിരുത്തുന്നു. 1) ഗർഭം, 2) പ്രസവവേദന, 3)മുലയൂട്ടലും വളർത്തലും.

### ഭാര്യമാരോട് നല്ല പെരുമാററം മുഹമ്മദ് പ്രോത്സാഹിപ്പിക്കുന്നു:

സ്ത്രീകളിലെ ചിലകാര്യങ്ങൾ നിങ്ങൾ വെറുക്കുന്നുണ്ടെങ്കിലും മററു ചിലത് നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടല്ലോ എന്ന് സ്ഥാപിച്ചിട്ട് അദ്ദേഹം പറഞ്ഞു



"വിശ്വാസികളിൽ നല്ല സ്വഭാവമുള്ള വരാണ് നല്ല ഭക്തിയുള്ളവർ. ഏററവും നല്ല വിശ്വാസികൾ അവരുടെ ഭാര്യമാരോട് നല്ല നിലയിൽ വർത്തിക്കുന്നവരാണ്.

ഇത് സ്നേഹം, യോജിപ്പ്, പരസ്പരധാരണ എന്നിവയെ പ്രോത്സാഹിപ്പിക്കുന്നു.:

നേരേമറിച്ച് വിവാഹമോചനം മുഹമ്മദ് ഇഷ്ടപ്പെടുന്നില്ല. അദ്ദഹം സൂചിപ്പിച്ചു.

> “അനുവദനീയമായ കാര്യങ്ങളിൽ ദൈവം ഏററവും വെറുക്കുന്നത് വിവാഹമോചനത്തേയാണ്.”

**മുഹമ്മദ് ഭാര്യയെ സ്നേഹിച്ചു:** ആദ്യഭാര്യ ഖദീജയുടെ മരണശേഷം അദ്ദേഹത്തിൻെറ ഏററവുമടുത്ത സ്നേഹിതനായ അബൂബക്കറിൻെറ മകൾ ആയിഷയെ മുഹമ്മദ് വിവാഹം ചെയ്തു. മരിച്ച ഭാര്യയോട് കൂറുണ്ടായിരുന്നെങ്കിലും അദ്ദേഹം ആയിഷയെ സ്നേഹിക്കുകയും നീതികാണിക്കുകയും ചെയ്തു. ഒരിക്കൽ അനുയായിയായ അമർ ബിൻ അൽആസ്സ് “നിങ്ങൾക്ക് ആരോടാണ് ഏററവും പ്രിയം” എന്ന് ചോദിച്ചപ്പോൾ മുഹമ്മദ് മടിക്കാതെ “ആയിഷ” എന്ന് മറുപടി നൽകി.



**നിങ്ങളുടെ ഭാര്യയോടുള്ള സ്നേഹം പ്രദർശിപ്പക്കുക:** ഒരു കയറിലിടുന്ന ഉറച്ച ഒരു കെട്ടാണ് നിന്നോടുള്ള സ്നേഹം എന്ന് പലതവണ മുഹമ്മദ് തന്നോട് പറഞ്ഞതായി ആയിഷ വിവരിക്കുന്നു. ഇടയ്ക്കിടെ എങ്ങനെയുണ്ട് കെട്ട് എന്ന് ആയിഷ ചോദിക്കുമ്പോഴെല്ലാം മുൻപുള്ള തുപോലെ ഇപ്പോഴും ഉറച്ച കെട്ടാണെന്ന് മുഹമ്മദ് സ്ഥിരീകരിച്ചിരുന്നു.

## ഒരു നല്ല ഭർത്താവാകുക

ആയിഷ ആട്ടിറച്ചി പാകം ചെയ്യുമ്പോൾ തൻെറ ആദ്യഭാര്യ ഖദീജയുടെ സ്നേഹിതർക്ക് കുറച്ച് നൽകുവാൻ മുഹമ്മദ് ആവശ്യപ്പെടുമായിരുന്നു.

ഖദീജയുടെ കാലഘട്ടത്തിൽ അവർ ഏററവും നല്ലവരായിരുന്നുവെന്നും ഖുർആൻ തനിക്കവതരിച്ചപ്പോൾ പലരും വിശ്വസിക്കാത്തപ്പോഴും അവർ വിശ്വസിച്ചെന്നും യാതൊരു മടിയും കൂടാതെ പണം കൊണ്ടും പിന്തുണ കൊണ്ടും അവർ തന്നെ സഹായിച്ചെന്നും മുഹമ്മദ് ആയിഷയെ അറിയിച്ചു. ചിലർക്കെങ്കിലും ഖദീജയെക്കുറിച്ചുള്ള ഈ പരാമർശങ്ങൾ ആയിഷയിൽ അസൂയയുണ്ടാക്കില്ലേ എന്ന് തോന്നുമെങ്കിലും, അദ്ദേഹം ഭാര്യമാരോട് നല്ല കൂറുള്ള ഭർത്താവായിരുന്നു.

### മുഹമ്മദ് അദ്ദേഹത്തിൻെറ മുൻഭാര്യയോട് അസാമാന്യമായ കൂറ് പ്രദർശിപ്പിച്ചു:

ചില നിവേദനങ്ങളനുസരിച്ച് 630 CE യിൽ മുഹമ്മദ് മക്കയിൽ വന്നപ്പോൾ അദ്ദേഹത്തിൻെറ കൂടാരം ഖദീജയുടെ ഖബറിടത്തിനടുത്താക്കുവാൻ അനുയായികളോട് ആവശ്യപ്പെട്ടു.



ഒരു പൂവിനോട് സമാനമായി മുഹമ്മദ് എന്നവാക്ക് അറബിയിൽ കലാപരമായി രൂപകല്പന ചെയ്തത്. രൂപകല്പന ചെയ്ത ഫാരിദ് അൽ അലിയോട് കടപ്പാട്.

# മുഹമ്മദും ബഹുഭാര്യത്വവും

**ബഹുഭാര്യത്വം നടപ്പിലാക്കിയത് മുഹമ്മദല്ല:** ഇസ്ലാമിന് മുൻപ് യാതൊരു നിയന്ത്രണവുമില്ലാതെ ബഹുഭാര്യത്വം നിലവിലുണ്ടായിരുന്നു. ഭാര്യയായോ വെപ്പാട്ടിയായോ അടിമയായോ ഒന്നിലധികം സ്ത്രീകൾ ഒരാൾക്കുണ്ടാവുക പതിവായിരുന്നു.

പ്രവാചകനായ ഏബ്രഹാമിന് ഇസ്ഹാക്കിൻെറ മാതാവായ സാറായും ഇസ്മായീലിൻെറ മാതാവായ ഹാജറും ഭാര്യമാരായിരുന്നു. ജേക്കബിന് രണ്ടുഭാര്യമാരും രണ്ടുവെപ്പാട്ടികളുമായി നാല് സ്ത്രീകളുണ്ടായിരുന്നുവെന്ന് നിവേദനം ചെയ്യപ്പെട്ടിട്ടുണ്ട്. (ജെനസിസ് 32:22–24)

25 വർഷത്തോളം ഏകഭാര്യ

**മുഹമ്മദ് ജീവിതത്തിൽ നല്ലകാലഘട്ടം ഒററ ഭാര്യയോടൊപ്പമായിരുന്നു:** 25 വർഷത്തോളം ഖദിജ എന്ന ഏക ഭാര്യമാത്രമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത് അതിൽ നാലു പെൺമക്കളും രണ്ട് ആൺമക്കളും ഉണ്ടായി. ആൺമക്കൾ രണ്ടുപേരും ചെറുപ്പത്തിൽത്തന്നെ മരിച്ചു. ഖദീജയുടെ മരണശേഷം ഒരു വൃദ്ധയായ വിധവ (സൗദ) യെ മുഹമ്മദ് വിവാഹം ചെയ്തു. അബിസീനിയയിലേക്ക് അഭയാർത്ഥികളായി മുഹമ്മദ് അയച്ചവരിൽ ഇവരും ഉണ്ടായിരുന്നു. അവിടെ നിന്ന് തിരികെ വന്നതിനുശേഷം ഇവരുടെ ഭർത്താവ് മരണപ്പെട്ടു. അദ്ദേഹവുമായുള്ള വിവാഹം അവർക്കൊരു താങ്ങായിരുന്നു. മുഹമ്മദിന് 50 വയസ്സുള്ളപ്പോഴായിരുന്നു തന്നേക്കാൾ പ്രായമുള്ള സൗദയെ അദ്ദേഹം വിവാഹം ചെയ്തത്.

**തൻെറ ഏററവും പ്രീയപ്പെട്ട അനുയായി അബൂബക്കറിൻെറ മകളെ മുഹമ്മദ് വിവാഹം ചെയ്യുന്നു:** കുറച്ച് വർഷങ്ങൾക്ക് ശേഷം തൻെറ പ്രിയ സ്നേഹിതനും നല്ല സഹായിയുമായ അനുയായി അബൂബക്കറിൻെറ മകൾ ആയിഷയെ മുഹമ്മദ് വിവാഹം ചെയ്തു. അബൂബക്കറിനും ആയിഷയ്ക്കും അതൊരു ബഹുമതിയായിരുന്നു.

**രണ്ടാമത്തെ അനുയായിയായ ഉമറിൻെറ മകളെ മുഹമ്മദ് വിവാഹം ചെയ്യുന്നു:** ഉഹദ് യുദ്ധത്തിൽ ഭർത്താവ് മരണപ്പെട്ട, തൻെറ അനുയായിയായ ഉമറിൻെറ മകൾ ഹഫ്സയെ മുഹമ്മദ് വിവാഹം ചെയ്തു. തൻെറ വിശ്വസ്തമിത്രങ്ങൾ ആരെങ്കിലും മകളെ വിവാഹം ചെയ്യണമെന്ന് ഉമറിന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ആരും മുന്നോട്ട് വരാതിരുന്നതിനാൽ മുഹമ്മദ് സ്വയം സമർപ്പിച്ചു. ഇത് ഉമറിനും മകൾ ഹഫ്സയ്ക്കും ബഹുമതിയും സഹായവുമായി.

**തൻെറ ശത്രുവിൻെറ വിധവയായ മകളെ മുഹമ്മദ് വിവാഹം ചെയ്യുന്നു:** മക്കയിലെ പ്രസിദ്ധനായ അബൂസുഫിയാൻെറ മകളാണ് ഉമ്മു ഹബീബ എന്ന ഇരട്ടപ്പേരുള്ള റംല. ഇരുപത് വർഷത്തോളം മുഹമ്മദിനെതിരെ യുദ്ധം ചെയ്ത ആളാണ് അബൂസുഫിയാൻ. പക്ഷെ മകൾ റംല ഇസ്ലാം സ്വീകരിച്ചു. ഭർത്താവിനോടൊപ്പം അഭയാർത്ഥിയായി 15 വർഷത്തോളം അബിസീനിയയിൽ താമസിച്ചു. പക്ഷെ ഭർത്താവ് ക്രിസ്തുമതം സ്വീകരിച്ച് അവിടെ മരണപ്പെട്ടു.

അവർ അബിസീനിയായിൽ ഒററപ്പെട്ടു. അപ്പോൾ മുഹമ്മദ് അവരെ വിവാഹം ചെയ്യുവാൻ താല്പര്യപ്പെടുകയും അവർ അതിന് സമ്മതിക്കുകയും ചെയ്തു. അത്ഭുതമെന്നുപറയാം അവരുടെ പിതാവ് അബൂസുഫിയാൻ ഒരു വർഷത്തിനുശേഷം ഇസ്ലാം സ്വീകരിച്ചു.

**ജൂതഗോത്രത്തിലെ സഫിയയെ മുഹമ്മദ് വിവാഹം ചെയ്യുന്നു:** മുഹമ്മദിനെ വഞ്ചിക്കുകയും എതിരായ പ്രവർത്തനങ്ങൾ ചെയ്യുകയും ചെയ്ത ജൂതഗോത്രമായിരുന്നു അൽനാദിർ. മുഹമ്മദ് അവരുടെ നഗരമായ ഖയ്ബർ വളഞ്ഞപ്പോൾ അവർ കീഴടങ്ങി. പിടിക്കപ്പെട്ടവരിൽ അവരുടെ നേതാവിന്റെ പുത്രി സഫിയയുമുണ്ടായിരുന്നു. മുഹമ്മദ് അവരെ സ്വതന്ത്രയാക്കി അവരോട് വിവാഹാഭ്യർത്ഥന ചെയ്യുകയും അവർ അത് സ്വീകരിക്കുകയും വിവാഹിതരാവുകയും ചെയ്തു.

ജൂതസമുദായത്തോട് മുഹമ്മദിന് എതിർപ്പൊന്നുമില്ലായിരുന്നു. എന്നാൽ കൈയ്യേററക്കാരെ ആരായാലും നിലയ്ക്കുനിർത്തുക എന്നതായിരുന്നു അദ്ദേഹത്തിന്റെ നയം.

മുഹമ്മദ് സ്നേഹമുള്ളവനും നീതിമാനുമായ ഭർത്താവായിരുന്നുവെന്ന് പല സന്ദർഭങ്ങളിലും മുഹമ്മദിന്റെ കാലശേഷവും സഫിയ വിവരിച്ചിട്ടുണ്ട്.

### മറിയയെ വിവാഹം ചെയ്യുന്നു:

അതേവർഷംതന്നെ അന്നത്തെ ഈജിപ്തിലെ ക്രിസ്ത്യൻ രാജാവിനെ ഇസ്ലാമിലേക്ക് ക്ഷണിച്ചുകൊണ്ട് മുഹമ്മദ് ഒരു സന്ദേശകനെ അയച്ചു.

ഈജിപ്തിലെ ഭരണകർത്താവ് സഭ്യമായ ക്ഷമാപണത്തോടെ മുഹമ്മദിന് സമ്മാനങ്ങളും തൻെറ ഭൃത്യയും ഒരു ഭിഷഗ്വരയും ആയിരുന്ന മറിയയേയും അയച്ചുകൊടുത്തു. മുഹമ്മദ് സമ്മാനങ്ങൾ സ്വീകരിക്കുകയും മറിയയെ വിവാഹം ചെയ്യുകയും ചെയ്തു. മറിയയ്ക്ക് ഇബ്രാഹിം എന്ന ഒരാൺകുട്ടി ജനിച്ചെങ്കിലും വളരെ വൈകാതെ അത് മരണപ്പെട്ടു. ആ കുട്ടി മരണപ്പെട്ടതിൽ മുഹമ്മദ് വളരെ ദു:ഖിതനായിരുന്നു.



**ബഹുഭാര്യത്വം നിയന്ത്രിക്കുവാൻ ദൈവകല്പനകൾ മുഹമ്മദ് അറിയിച്ചു:**
ബഹുഭാര്യത്വം ഇസ്ലാം നിരോധിച്ചില്ലെങ്കിലും അതിന്മേൽ നിയന്ത്രണമേർപ്പെടുത്തി. ഇസ്ലാമിൽ ഒന്നിൽ കൂടുതൽ വിവാഹം ചെയ്യുന്നതിൽ നിർബന്ധമില്ല പക്ഷേ ചില പ്രത്യേക കാരണങ്ങളിൽ അത് അനുവദനീയമാണ്.

എല്ലാവരോടും തുല്യനീതിയും ബഹുമാനവും നിഷ്പക്ഷതയും പാലിക്കുവാൻ കഴിയുമെങ്കിൽ മാത്രം പിന്നീട് വിവാഹം ചെയ്യുക. (പരിശുദ്ധ ഖുർആനിലെ 4ാം അദ്ധ്യായം 3ാം സൂക്തം)

ദൈവവചനം
നീതി പുലർത്താനാവുന്നില്ലെങ്കിൽ ഒരു വിവാഹം മാത്രം

വ്യക്തമായി സൂചിപ്പിക്കുന്നത്, നീതിപുലർത്തുവാനും നിഷ്പക്ഷത പാലിക്കുവാനും സാദ്ധ്യമല്ലെങ്കിൽ ഒന്നിൽക്കൂടുതൽ വിവാഹം പാടില്ല എന്നാണ്. ആ സൂക്തത്തിലും ഒരേസമയം നാലിൽ കൂടുതൽ ഭാര്യമാർ പാടില്ല എന്ന് നിയന്ത്രണം നല്കുന്നു. ഇതിന് മുൻപ് നിയന്ത്രണമോ ഉപാധിയോ ഇല്ലാതെ എത്ര വിവാഹം വേണമെങ്കിലും ആകാമായിരുന്നു.

**പ്രവാചകനായ മുഹമ്മദിന് നിയന്ത്രണം:** ഈ സൂക്തം അവതരിക്കുന്നതിന് മുൻപ് മുഹമ്മദ് നാലിൽ കൂടുതൽ വിവാഹിതനായിരുന്നു. വിശ്വാസികളുടെ മാതാക്കൾ എന്നതുകൂടാതെ പ്രവാചകൻെറ ഭാര്യമാർക്ക് വലിയ ബഹുമതിയുണ്ടായിരുന്നു. മുഹമ്മദിൻെറ ഭാര്യമാർ അദ്ദേഹത്തിന് അനുവദനീയമാണെന്ന് ഖുർആൻ വെളിപ്പെടുത്തി. പക്ഷേ ആരെയെങ്കിലും വിവാഹമോചനം നേടിയാൽ പിന്നീട് വിവാഹിതനാകുവാൻ പാടില്ലെന്ന് നിഷ്ക്കർഷിച്ചു.

## പ്രവാചകനായ മുഹമ്മദിൻെറ ഭാര്യമാർക്കുള്ള നിയന്ത്രണം:

പ്രവാചകഭാര്യമാർ അനുയായികൾക്ക് മാതാക്കളെപ്പോലെയായതിനാൽ പ്രവാചകനുശേഷം മുസ്ലിമീങ്ങൾക്ക് അവരെ വിവാഹം ചെയ്യുവാൻ അനുവാദമില്ല.

**വിശ്വാസികളുടെ മാതാക്കൾ**

മററ് സ്ത്രീകളെക്കാൾ ബഹുമാനിതരായാണ് പ്രവാചകഭാര്യമാരെ ഖുർആൻ വിവരിക്കുന്നത്.

പ്രവാചകൻെറ ഏതെങ്കിലുമൊരു ഭാര്യ പാപം ചെയ്താൽ അവർക്ക് ശിക്ഷ ഇരട്ടിയാണ്.
ഏതെങ്കിലും പ്രവാചകഭാര്യമാർ ദൈവത്തേയും പ്രവാചകനേയും അനുസരിച്ചുകൊണ്ട് സൽക്കർമ്മങ്ങൾ ചെയ്താൽ അവർക്ക് ഇരട്ടി പ്രതിഫലം ലഭിക്കും.

## മുഹമ്മദിൻെറ ഭാര്യമാർക്ക് സ്വാതന്ത്ര്യം ഉണ്ടായിരുന്നു:

തൻെറ ഭാര്യമാർക്ക് രണ്ടിലൊന്ന് തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം നല്കുവാൻ ദൈവം മുഹമ്മദിനോട് നിർദ്ദേശിച്ചു (പരിശുദ്ധ ഖുർആൻ 33:28,29).
ഈ ലോകത്തിലെ സുഖങ്ങൾ ആഗ്രഹിക്കുന്നവർക്ക് വിവാഹമോചനം നേടി സ്വതന്ത്രയാവുകയോ അല്ലെങ്കിൽ പ്രവാചകനായ മുഹമ്മദിനോടൊപ്പം സ്വജീവിതം മുഴുവൻ ഇസ്ലാമിൽ അർപ്പിച്ച് വിവാഹം നിലനിർത്തുകയോ ആകാം.

എല്ലാവരും രണ്ടാമത്തേത് തിരഞ്ഞെടുക്കുകയും മുഹമ്മദുമായി വിവാഹബന്ധം തുടരുകയും ചെയ്തു. മുഹമ്മദിൻെറ കാലശേഷം ആരുംതന്നെ പുനർവിവാഹം ചെയ്തില്ല.

## അടിക്കുറിപ്പുകൾ

1, തിർമുദിയിൽ നിന്ന് നിവേദനം: ആർക്കെങ്കിലും ഒന്നോ രണ്ടോ അതിൽക്കൂടുതലോ പുത്രിമാർ ഉണ്ടാവുകയും അവർക്ക് പ്രായ പൂർത്തിയാകുന്നതുവരെ അവരെ നല്ല നിലയിൽ വളർത്തുകയും ചെയ്യുന്നവർക്ക് സ്വർഗ്ഗം നേടാമെന്ന് പല നിവേദനങ്ങളിലും മുഹമ്മദ് സൂചിപ്പച്ചിട്ടുണ്ട്.

2, മാതാപിതാക്കളിരുവരോടും നല്ല രീതിയിൽ പെരുമാറുവാൻ ഖുർആൻ നിഷ്ക്കർഷിക്കുന്നു (ഉദാഹരണം 17:23)

3, സഹീ അബുദാവൂദും പരിശുദ്ധ ഖുർആൻ 2:229 ഉം നോക്കുക.

4, ഹിന്ദു മതത്തിലും മററുമതങ്ങളിലും ബഹുഭാര്യാത്വത്തിനു ഒരു നിയന്ത്രണവുമില്ലായിരുന്നു. ഒന്നിൽക്കൂടുതൽ വിവാഹം പാടില്ലെന്ന് 1954 ൽ ആണ് ഹിന്ദു വിവാഹനിയമം ഉണ്ടായത്. ഹിന്ദുമതമല്ല ഇന്ത്യൻ നിയമമാണ് ഒന്നിൽക്കൂടുതൽ വിവാഹം നിരോധിച്ചത്.

5, ജേക്കബിൻെറ കുടുംബത്തെക്കുറിച്ച് കൂടുതലറിയുവാൻ ജെനസിസ് 32:22–24 നോക്കുക.

6, മുഹമ്മദ് മകൻെറ വിയോഗത്തിൽ സങ്കടപ്പെടുകയും അനുയായികളുടെ മുൻപിൽ കരയുകയും ചെയ്തു. പിതാവായതിനാൽ കണ്ണുനീർ നിയന്ത്രിക്കുവാനായില്ല. ദൈവതൃപ്തിക്കായി മാത്രം താൻ സംസാരിക്കുമെന്നും ദൈവത്തിൻെറ വിധിയെ വിശ്വാസികൾ സ്വീകരിക്കണമെന്നും മുഹമ്മദ് അനുയായികളോട് അറിയിച്ചു.

7, പരിശുദ്ധ ഖുർആൻ 33:50–52 ൽ മുഹമ്മദിൻെറ ഭാര്യമാരെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

# മനുഷ്യാവകാശങ്ങൾ

അല്ലയോ മനുഷ്യസമുദായമേ നാം നിങ്ങളെ
ഒരാണിൽ നിന്നും പെണ്ണിൽ നിന്നും
സൃഷ്ടിച്ചു. നിങ്ങളെ പല രാഷ്ട്രക്കാരും
ഗോത്രക്കാരും ആക്കിയത് നിങ്ങൾ പരസ്പരം
തിരിച്ചറിയുവാനാണ്. നല്ല സ്വഭാവവും
ഭക്തിയുമുള്ളവരാണ് അള്ളാഹുവിൻെറ
ദൃഷ്ടിയിൽ ബഹുമാന്യരായവർ. അള്ളാഹു
തീർച്ചയായും എല്ലാം അറിയുന്നവനും
ബോധവാനുമാണ്".

ഹുജ്റഹ്

പരിശുദ്ധ ഖുർആൻ 49:13



# സ്വാതന്ത്ര്യം, നീതി, സംരക്ഷണം

## ഇസ്ലാമിൽ നിർബന്ധപ്രേരണയില്ല

മുഹമ്മദ് ദൈവപ്രവാചകനാണെന്ന് സ്വയം പ്രഖ്യാപിച്ചു. മനുഷ്യവംശത്തിനായുള്ള ദൈവീക കല്പനകൾ സ്വീകരിച്ച്, അത് മനുഷ്യരിലേക്കെത്തിക്കുവാൻ അശ്രാന്തപരിശ്രമം നടത്തി. എന്നാൽ ആരേയും ഇത് സ്വീകരിക്കുവാൻ നിർബന്ധിച്ചില്ല. വിശ്വസിക്കുവാനും തിരഞ്ഞെടുക്കുവാനും ആളുകൾക്ക് സ്വാതന്ത്ര്യം നല്കുന്ന പരിശുദ്ധ ഖുർആനിലെ സൂക്തങ്ങൾ പാരായണം ചെയ്തു.

"നിങ്ങളുടെ ദൈവം വിചാരിച്ചിരുന്നെങ്കിൽ ലോകജനത മുഴുവനും വിശ്വസിക്കുമായിരുന്നു. അതിനാൽ നീ വിശ്വസിക്കുന്നതുവരെ നിർബന്ധിക്കേണ്ടതുണ്ടോ?".

പരിശുദ്ധ ഖുർആൻ 10:99

"മതത്തിൽ നിർബന്ധമില്ല. സത്യവും അസത്യവും വ്യക് തമായിരിക്കുന്നു. അതിനാൽ ആര് തിൻമയെ ഉപേക്ഷിച്ച് ദൈവത്തിൽ വിശ്വസിക്കുന്നുവോ, അവർ ഒരിക്കലും പൊട്ടാത്ത വിശ്വസനീയമായ കരമാണ് പിടിച്ചത്. തീർച്ചയായും ദൈവം എല്ലാം കേൾക്കുന്നവനും എല്ലാം അറിയുന്നവനുമാണ്"

പരിശുദ്ധ ഖുർആൻ V 256, Ch 2

## എല്ലാ ഗോത്രങ്ങൾക്കും ധർമ്മനീതിയും സമത്വവും:

മനുഷ്യസമുദായത്തിൽ പ്പെട്ട എല്ലാവർക്കും ഇസ്ലാമിൽ നിയമാനുസരണം തുല്യപരിഗണനയാണുള്ളത്. ദൈവദൃഷ്ടിയിൽ മതഭക്തി യും ഉന്നതസ്വഭാവവുമാണ് പരിഗണിക്കപ്പെടുക. ഇപ്രകാരമായിരുന്നു മുഹമ്മദിൻെറ വാക്കുകൾ.



"നിങ്ങളുടെ ദൈവം ഏകനാണ്. എല്ലാ മനുഷ്യരും ആദമിൽ നിന്നും ആദം മണ്ണിൽനിന്നും സൃഷ്ടിക്കപ്പെട്ടതാണ്. മതഭക്തിയല്ലാതെ അറബിക്ക് അനറബിയുമായോ അനറബിക്ക് അറബിയുമായോ ഒരു മഹത്വവുമില്ല."

## അടിമകളെ മോചിപ്പിക്കുവാനും അടിമത്വം ഇല്ലാതാക്കുവാനും മുഹമ്മദ് പ്രോത്സാഹിപ്പിച്ചു:



മുഹമ്മദിന് മുൻപ് അടിമത്വം നിലനിന്നിരുന്നു. ലോകത്തിലെ മിക്ക സാമൂഹികവ്യവസ്ഥയിലും ഇതുണ്ടായിരുന്നു. ജനങ്ങളുടെ സമ്പത്തിലെ ഒരു വസ്തുവായാണ് അടിമകളെ കണക്കാക്കിയിരുന്നത്.

ഇസ്ലാം ജനങ്ങളുടെ സമ്പത്തും ആസ്തികളും സംരക്ഷിക്കുന്നതിനാൽ, അടിമത്വം ക്രമേണ ഇല്ലാതാക്കപ്പെട്ടു.

ചില പാപങ്ങൾക്ക് പശ്ചാത്താപം ചെയ്യുന്നതിന് അടിമകളെ മോചിപ്പിക്കുകയോ, അല്ലെങ്കിൽ അടിമയെ വാങ്ങി മോചിപ്പിക്കുകയോ വേണം. കൂടാതെ കാരണമില്ലാതെ അടിമയെ ശിക്ഷിക്കുന്നവർ അവരെ മോചിപ്പിക്കൽ പരിഹാരമാക്കി. ഇത് തുടർന്നപ്പോൾ അടിമത്വസമ്പ്രദായം ഇല്ലാതായി.

ദൈവതൃപ്തിക്കായി അടിമകളെ മോചിപ്പിക്കുവാൻ മുഹമ്മദ് പ്രോത്സാഹിപ്പിച്ചു. ഒരിക്കൽ അബു മസൂദ് അൽ ബദരി തൻെറ അടിമയെ പ്രഹരിക്കുന്നത് കണ്ട മുഹമ്മദ് ശക്തമായി പറഞ്ഞു,

"നിങ്ങളേക്കാൾ ഈ അടിമയോട് നിങ്ങളുടെ ദൈവത്തിന് കൂടുതൽ കഴിവും ശക്തിയുമുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കണം." അബു മസൂദ് ശാന്തനായി മുഹമ്മദിനോട് ക്ഷമാപണരൂപത്തിൽ പറഞ്ഞു "ഞാൻ ഇവനെ ദൈവപ്രീതിക്കായി മോചിപ്പിക്കാം." അപ്പോൾ മുഹമ്മദ് പറഞ്ഞു. "നീയതുചെയ്തില്ലെങ്കിൽ നരകാഗ്നി നിന്റെ മുഖത്ത് സ്പർശിക്കും."

**ജനങ്ങൾക്ക് സംരക്ഷണവും സുരക്ഷയും:** തന്റെ അവസാന പ്രഭാഷണത്തിൽ 100,000 ആളുകളെ അഭിസംബോധനചെയ്തുകൊണ്ട് മുഹമ്മദ് പറഞ്ഞു:

"അല്ലയോ ജനങ്ങളേ, വിശ്വാസികൾ സഹോദരങ്ങളാണ്. പൂർണ്ണസമ്മതമില്ലാതെ ആരും മററൊരാളുടെ സമ്പത്ത് കൈയ്യടക്കുവാൻ പാടില്ല. ഞാൻ സന്ദേശമെത്തിച്ചില്ലയോ?, അല്ലാഹുവേ, നീ ഇതിന് സാക്ഷിയാകേണമേ. ഇതിനുശേഷം നിങ്ങൾ പരസ്പരം പീഡിപ്പിക്കരുത്. ഞാൻ നിങ്ങൾക്കുവേണ്ടി ഖുർആനും എന്റെ ചര്യയും വിട്ടിട്ട് പോകുന്നു. അത് പിൻതുടർന്നാൽ നിങ്ങൾ ഒരിക്കലും തെററിപ്പോവുകയില്ല. അല്ലാഹുവേ നീ ഇതിന് സാക്ഷിയാകേണമേ."



**നിയമത്തിന് മുൻപിൽ എല്ലാവരും തുല്യർ:** എല്ലാവരും നിയമം പാലിക്കുവാൻ മുഹമ്മദ് നിഷ്ക്കർഷിച്ചു. നിയമം തെററിക്കുന്നവരെ അവരുടെ ഗോത്രമഹിമ നോക്കാതെ ശിക്ഷിക്കുമെന്നറിയിച്ചു. നിയമം നല്ലരീതിയിൽ അനുസരിച്ചാൽ എല്ലാവർക്കും നീതിയും സംരക്ഷണവും ലഭിക്കും.



ഉദാഹരണമായി, മോഷണവും കവർച്ചയും ജനങ്ങളുടെ വസ്തുക്കളുടെ മേലുള്ള ആക്രമണമാണ്. കുററവാളികളെ അവരുടെ സാമൂഹ്യസ്ഥാനമോ ഗോത്രമോ നോക്കാതെ ശിക്ഷിക്കണം. തൻെറ ബന്ധുക്കളാണെങ്കിലും അവർ നിയമത്തിനതീതരല്ലെന്ന് മുഹമ്മദ് അറിയിച്ചു. തൻെറ പ്രിയമകൾ ഫാത്തിമയാണ് മോഷ്ടിക്കുന്നതെങ്കിൽ അവരേയും ശിക്ഷിക്കുമെന്ന് മുഹമ്മദ് മുന്നറിയിപ്പ് നല്കി.



## നീതിയോടെയുള്ള വിധി: തോമായുടേയും ഒരു ജൂതമനുഷ്യൻേറയും ചരിത്രം.



ഒരിക്കൽ തോമാ ബിൻ ഉബൈറിക്ക് ഒരു ലോഹപടച്ചട്ട മോഷ്ടിക്കുകയും അത് തൻെറ ഒരു ജൂത സുഹൃത്തിൻെറ വീട്ടിൽ ഒളിപ്പിച്ചു വെയ്ക്കുകയും ചെയ്തു. അത് മോഷ്ടിച്ചത് ജൂതനാണെന്ന് കുററാരോപണമുണ്ടായപ്പോൾ അയാൾ അത് നിരസിക്കുകയും തോമായെ ചൂണ്ടിക്കാണിക്കുകയും ചെയ്തു.

തോമാ അറിയപ്പെടുന്നയാളല്ലായിരുന്നെങ്കിലും ചില അറബി മുസ്ലിലിങ്ങൾക്ക് അയാളോട് കരുണ തോന്നുകയും മുഹമ്മദിനെ സ്വാധീനിച്ച് കുററം ജൂതനിൽ ചുമത്തുവാനും ശ്രമിച്ചു. പക്ഷെ നിഷ്പക്ഷമായ ഇസ്ലാമികനിയമം നിലനിന്നിരുന്നതിനാൽ തോമാ കുററവാളിയാണെന്നും ജൂതൻ നിരപരാധിയാണെന്നും തെളിഞ്ഞു. ഈ സന്ദർഭത്തിൽ നീതിയ്ക്ക് ഊന്നൽ നല്കി ഖുർആൻ സൂക്തം അവതരിച്ചു.

"തീർച്ചയായും നാം സത്യമായ പുസ്തകം, ദൈവം കാണിച്ചുതന്നരീതിയിൽ, ജനങ്ങളിൽ നീതിനടപ്പാക്കുവാൻ ഇറക്കിയിരിക്കുന്നു. അതിനാൽ തിന്മ ചെയ്യുന്നവർക്കുവേണ്ടി വാദിക്കരുത്"

വിശുദ്ധ ഖുർആൻ , V 105, Ch 4

## സ്ത്രീകളുടെ അവകാശങ്ങളും കടപ്പാടും:

മുഹമ്മദ്, അദ്ദേഹത്തിൻെറ വിടവാങ്ങൽ പ്രസംഗത്തിൽ സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് ഊന്നൽ നല്കി. അദ്ദേഹം പറഞ്ഞു:

"അല്ലയോ ജനങ്ങളേ, നിങ്ങൾക്ക് നിങ്ങളുടെ സ്ത്രീകളോട് ചില അവകാശങ്ങൾ ഉള്ളതുപോലെ, അവർക്കും നിങ്ങളിൽ ചില അവകാശങ്ങളുണ്ട്. ദൈവത്തിൻെറ അനുവാദത്തോടും പ്രതിജ്ഞചെയ്തുമാണ് നിങ്ങൾ അവരെ ഭാര്യമാരാക്കിയതെന്ന് ഓർക്കുക. അവർ നിങ്ങളുടെ പങ്കാളികളും സഹായികളുമാകയാൽ അവരോട് നല്ലരീതിയിൽ വർത്തിക്കുകയും കരുണകാണിക്കുകയും ചെയ്യുക."

## അനാഥകളുടെ അവകാശസംരക്ഷണം:



അനാഥകളെക്കുറിച്ചുള്ള ദൈവകല്പനകൾ മുഹമ്മദ് അറിയിച്ചു. അനാഥകളുടെ അവകാശങ്ങൾ സംരക്ഷിക്കുവാനും അവരോട് കരുണയോടും നീതിയോടും കൂടി വർത്തിക്കുവാനും ഖുർആൻ മുസ്ലിമീങ്ങളോട് കല്പിക്കുന്നു.

"തീർച്ചയായും അനാഥകളുടെ സ്വത്തിനെ ഭുജിക്കുന്നവൻ തൻെറ വയററിൽ തീ കൊണ്ട് നിറയ്ക്കുകയാണ്. എന്തുകൊണ്ടെന്നാൽ അവർ നരകത്തിൽ കത്തിക്കപ്പെടും."

പരിശുദ്ധ ഖുർആൻ 4:10



അനാഥരെ സംരക്ഷിക്കുക

മുഹമ്മദ് പറഞ്ഞു:

> തന്റെ ചൂണ്ടുവിരലും മദ്ധ്യവിരലും കാണിച്ചുകൊണ്ട് "ഞാനും അനാഥകളെ സംരക്ഷിക്കുന്നവനും സ്വർഗ്ഗത്തിൽ ഇതുപോലെ അടുത്തായിരുക്കും." 5.

**മററുള്ളവർക്ക് അർഹതപ്പെട്ടത് വിട്ടുകൊടുക്കുക:** ഒരാളുടെ മയ്യത്തുനമസ്കാരം നയിക്കുവാൻ മുഹമ്മദിനോട് ആവശ്യപ്പെട്ടപ്പോൾ



അദ്ദേഹം അനുയായികളോട് ചോദിച്ചു; "ഇദ്ദേഹം ആരോടെങ്കിലും കടം വാങ്ങുകയോ ആരെങ്കിലും എന്തെങ്കിലും ഇദ്ദേഹത്തെ വിശ്വസിച്ചേല്പ്പിക്കുകയോ ചെയ്തിട്ടുണ്ടോ?." ഉണ്ട് എന്ന് അവർ മറുപടി നല്കിയപ്പോൾ, മററുള്ളവർക്ക് അർഹതപ്പെട്ടത് തിരിച്ചു നല്കിയതിനുശേഷം നമസ്ക്കരിക്കാം എന്ന് മുഹമ്മദ് അറിയിച്ചു. പരിശുദ്ധ ഖുർആനിലെ 4ാം അദ്ധ്യായം 58ാം സൂക്തം പറയുന്നു:

> "നിങ്ങളെ വിശ്വസിച്ചേല്പിച്ച കാര്യങ്ങൾ അവർക്ക് തിരിച്ചുനല്കുവാൻ ദൈവം നിങ്ങളോട് കല്പിക്കുന്നു. നിങ്ങൾ വിധി പ്രസ്താവിക്കുമ്പോൾ നീതിയോടെ വിധിക്കുവിൻ. എത്ര നന്നായിട്ടാണ് അള്ളാഹു കാര്യങ്ങൾ വിവരിക്കുന്നത്. തീർച്ചയായും അള്ളാഹു എല്ലാം കേൾക്കുന്നവനും എല്ലാം കാണുന്നവനുമാണ്."

**അവകാശികളുടെ അവകാശസംരക്ഷണം:**

ഒരാൾ മരിച്ചാൽ അദ്ദേഹത്തിന്റെ അവകാശികൾക്ക് നിർദ്ദിഷ്ടപങ്ക് അദ്ദേഹം വിട്ടിട്ടുപോകുന്നതിലുണ്ട്. തന്റെ സമ്പാദ്യത്തിന്റെ മൂന്നിലൊന്നിലധികം ദാനം ചെയ്യുവാൻ ഇസ്ലാം അനുവദുക്കുന്നില്ല. ഇത് അവകാശികളായ കുടുംബക്കാരുടെ അവകാശം സംരക്ഷിക്കുവാൻ വേണ്ടിയാണ്.



രോഗമുക്തി നേടിയ ഒരനുയായിയെ മുഹമ്മദ് സന്ദർശിച്ചു. തനിക്ക് വളരെയധികം സ്വത്തുണ്ടെന്നും അവകാശിയായി ഒരുമകൾ മാത്രമേയുള്ളൂവെന്നും അദ്ദേഹം പറഞ്ഞു. തൻെറ മൂന്നിൽരണ്ട് ഭാഗം സ്വത്ത് ദാനമായി നല്കട്ടേയെന്ന് അദ്ദേഹം ചോദിച്ചപ്പോൾ, വേണ്ട എന്ന് മുഹമ്മദ് മറുപടി പറഞ്ഞു. പകുതിയെങ്കിലും ദാനം ചെയ്യട്ടെയെന്ന ചോദ്യത്തിനും വേണ്ട എന്നായിരുന്നു മറുപടി. ഒടുവിൽ മൂന്നിലൊന്ന് ദാനം ചെയ്യട്ടെയെന്ന ചോദ്യത്തിന്, "മൂന്നിലൊന്ന് ആകാം, അതുതന്നെ കൂടുതലാണ്. നിൻെറ അവകാശികളെ സമ്പന്നരാക്കി പോകുന്നതാണ് അവരെ ദരിദ്രരാക്കി മററുള്ളവരെ ആശ്രയിക്കേണ്ടി വരുന്നവരാക്കുന്നതിലും നല്ലത്" എന്ന് അദ്ദേഹം മറുപടി നല്കി.

## ഇസ്ലാമിൽ പലിശ നിരോധിച്ചു:

മുഹമ്മദ് പറഞ്ഞു: "പലിശ വാങ്ങുന്നത് ദൈവം നിരോധിച്ചു, അതിനാൽ ആർക്കെങ്കിലും പലിശയിനത്തിൽ എന്തെങ്കിലും കിട്ടാനുണ്ടെങ്കിൽ അത് ഉപേക്ഷിക്കുക. നിങ്ങളുടെ മുതൽ നിങ്ങൾക്കുള്ളതാണ്. നിങ്ങൾക്ക് വ്യസനമോ ഭയമോ ഉണ്ടാവുകയില്ല. അള്ളാഹു പലിശ നിരോധിച്ചതായി വിധിക്കുന്നു."

> "പലിശ ഭുജിക്കുന്നവർ പിശാചിൻെറ നിയന്ത്രണത്തിലുള്ളവരാണ്. ഇത് പലിശയും കച്ചവടവും ഒന്നാണെന്ന് അവർ പറഞ്ഞതുമൂലമാണ്. എന്നാൽ കച്ചവടം ദൈവം അനുവദിച്ചതും പലിശ നിരോധിച്ചതുമാണ്."
>
> പരിശുദ്ധ ഖുർആൻ 2:275



ഇത് മുഹമ്മദ് എന്ന വാക്ക് കലാപരമായി ആവർത്തിച്ച് എഴുതിയതാണ്. ഫാരിദ് അലി എന്ന കലാകാരനോട് കടപ്പാട്

## അഭിമാനകൊലപാതകവും രക്തച്ചൊരിച്ചിലും നിരോധിച്ചു:



പ്രതികാരകൊലയും കുലവൈരവും മുഹമ്മദ് നിരോധിച്ചു. തൻെറ വിടവാങ്ങൽ പ്രസംഗത്തിൽ അദ്ദേഹം പ്രഖ്യാപിച്ചു:

> "ഇസ്ലാമിന് മുൻപുള്ള കൊലപാതകങ്ങളുടെ പ്രതികാര നടപടികൾ ഉപേക്ഷിക്കുക. ആദ്യമായി ഞാൻ റാബിയ എന്ന ബന്ധുവിൻെറ കൊലപാതകത്തിൻെറ പ്രതികാരനടപടികൾ ഉപേക്ഷിക്കുന്നു."

## മനപ്പൂർവ്വമായ കൊലപാതകവും ബുദ്ധിമോശം മൂലമുള്ള കൊലപാതകവും:




മനപ്പൂർവ്വമായ കൊലപാതകങ്ങൾക്ക് പ്രതികാരക്രിയ ചെയ്യണം. പക്ഷേ ആരെങ്കിലും ആളറിയാതെ കൊല്ലുകയോ, അപകടത്തിൽ കൊല്ലുകയോ ചെയ്താൽ മരിച്ചയാളുടെ അവകാശികൾക്ക് നഷ്ടപരിഹാരം നൽകണം. മുഹമ്മദിൻെറ കാലത്ത് ഇത് നൂറ് ഒട്ടകമായിരുന്നു. ഇതിൽക്കൂടുതൽ ചോദിക്കുന്നവർ വിവരമില്ലാത്ത കാലത്തിലെ ആൾക്കാരാണ്.

## നിങ്ങളോട് യുദ്ധം ചെയ്യുന്നവരോടുമാത്രം നിങ്ങൾ യുദ്ധം ചെയ്യുക:



ശത്രുക്കളോട് കർക്കശത കാട്ടുവാൻ മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു. വിധേയത്വമോ അക്രമസ്വഭാവമോ പാടില്ല. യുദ്ധങ്ങളിൽ മുഹമ്മദ് സന്നിഹിതനായിരുന്നു. യുദ്ധത്തിൽ ശത്രുക്കളോടുള്ള പെരുമാററവും തടവുകാരോടുള്ള സമീപനവും മുഹമ്മദ് നിയമമാക്കി.

**കൊല്ലരുത്**

നാട്ടുകാർ കുട്ടികൾ
സ്ത്രീകൾ വൃദ്ധന്മാർ

**നശിപ്പിക്കരുത്**

പരിസ്ഥിതിയെ, മരങ്ങൾ
മുറിക്കരുത്

സാധാരണ ജനങ്ങളോട് യുദ്ധം ചെയ്യുകയോ കുട്ടികളേയും സ്ത്രീകളേയും വൃദ്ധന്മാരേയും കൊല്ലുകയോ പാടില്ല. പരിസ്ഥിതിയെ നശിപ്പിക്കുകയോ മരങ്ങൾ മുറിക്കുകയോ ചെയ്യരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അതിരുകടക്കുന്നവരെ ഇഷ്ടപ്പെടാത്ത ദൈവത്തിന്റെ പ്രീതിക്കുവേണ്ടി മാത്രം നിഷ്കപടമായ രീതിയിലായിരിക്കണം യുദ്ധമെന്ന് അദ്ദേഹം ഓർമ്മപ്പെടുത്തി. പരിശുദ്ധ ഖുർആനിലെ 27ാം അദ്ധ്യായം 190ാം സൂക്തത്തിൽ യുദ്ധത്തിൽ സ്ത്രീകളോട് പാലിക്കേണ്ട സാമാന്യനിയമങ്ങൾചിട്ടപ്പെടുത്തിയിരിക്കുന്നു.

> “ അതിരുകൾ ലംഘിക്കാത്തവിധത്തിൽ, ദൈവത്തിനായി, നിങ്ങളോട് യുദ്ധത്തിനെത്തുന്നവരോട് യുദ്ധം ചെയ്യുക. അതിരുകൾ ലംഘിക്കുന്നവരെ തീർച്ചയായും അള്ളാഹു ഇഷ്ടപ്പെടുന്നില്ല.”

## ആത്മഹത്യ ഒരു വൻപാപമായി മുഹമ്മദ് കണക്കാക്കി:

മുഹമ്മദ് ഇപ്രകാരം പറഞ്ഞു: “ആരെങ്കിലും ഒരു ലോഹക്കക്ഷണം കൊണ്ട് ആത്മഹത്യ ചെയ്താൽ പുനരുത്ഥാനദിവസം അതേ ലോഹക്കക്ഷണവുമായി അയാൾ വരികയും നരകാഗ്നിയിൽ അതുകൊണ്ട് തുടർച്ചയായി തന്നെത്തന്നെ കൊല്ലുകയും ചെയ്യും. ആരെങ്കിലും വിഷം കഴിച്ച് മരിച്ചാൽ പുനരുത്ഥാനനാളിൽ ആ വിഷവുമായി അയാൾ വരികയും.




ആ വിഷം നരകാഗ്നിയിൽ തുടർച്ചയായി കഴിക്കുകയും ചെയ്യും, അതുപോലെതന്നെ ഉയർന്നമലയുടെ മുകളിൽ നിന്ന് ചാടി മരിച്ചവനാണെങ്കിൽ നരകാഗ്നിയിൽ നിത്യവും അതു ചെയ്തുകൊണ്ടേയിരിക്കും."

## മനുഷ്യജീവിതത്തിൻെറ ശ്രേഷ്ഠത:

ദൈവം മനുഷ്യനെ സൃഷ്ടിച്ച് നിയന്ത്രിക്കുന്നതുകൊണ്ട് മനുഷ്യജീവിതം അവൻെറയാകുന്നു. ആദമിൻെറ മകൻ കായീൻ തൻെറ സഹോദരൻ ആബേലിനെ കൊലപ്പെടുത്തിയ ചരിത്രം വിവരിച്ചുകൊണ്ട് ദൈവം പറയുന്നു:

"ഭൂമിയിൽ കുഴപ്പങ്ങളോ കൊലപാതകമോ ചെയ്യാത്ത ഒരാളെ ആരെങ്കിലും കൊന്നാൽ, അത് മുഴുവൻ ജനങ്ങളേയും കൊല്ലുന്നതിന് തുല്യമാണ്. അതുപോലെതന്നെ ഒരാൾ ഒരു മനുഷ്യൻെറ ജീവൻ രക്ഷപെടുത്തിയാൽ, അയാൾ മുഴുവൻ ജനങ്ങളേയും രക്ഷിച്ചതിനുതുല്യമാണ് എന്ന് നാം ഇസ്രായേൽ ജനതയെ ഉത്ബോധിപ്പിച്ചു."

പരിശുദ്ധ ഖുർആൻ, V 32, Ch 5



## കലാപം പാടില്ല

**മുഹമ്മദ് കലാപത്തെ കുററപ്പെടുത്തുന്നു:** ദൈവത്തിൻെറ സന്ദേശം പരത്താനോ, ദൈവമതം സ്ഥാപിക്കുവാനോ ഉള്ള മാർഗ്ഗമായി കലാപത്തെ ഒരിക്കലും മുഹമ്മദ് ഉപയോഗിച്ചിട്ടില്ല. അദ്ദേഹം മദീനയിൽ ഇസ്ലാമികരാഷ്ട്രം സ്ഥാപിച്ചെങ്കിലും അവിടുത്തെ മുസ്ലിലിങ്ങളെ പ്രശ്നങ്ങൾ സൃഷ്ടിക്കുവാനോ ശത്രുക്കളെ വധിക്കുവാനോ അനുവദിച്ചില്ല. തങ്ങൾ ജീവിക്കുന്ന രാജ്യത്തിലെ നിയമങ്ങൾ അനുസരിക്കുവാൻ അദ്ദേഹം അനുയായികളോട് ആവശ്യപ്പെട്ടു.

വിനയവും കരുണയും പ്രശ്നപരിഹാരത്തിന് എവിടെയൊക്കെ പ്രയോഗിക്കുന്നുവോ അവിടെയൊക്കെ മൂല്യവർദ്ധനയും മികച്ച വിജയവും ഉണ്ടാകുമെന്ന് മുഹമ്മദ് വിശ്വാസികളെ പഠിപ്പിച്ചു. കാർക്കശ്യവും മോശമായ പെരുമാററവും കാര്യങ്ങൾ വഷളാക്കുമെന്നും അദ്ദേഹം അവരെ പഠിപ്പിച്ചു.







പരിശുദ്ധ ഖുർആനിലെ ഒരു സൂക്തം തുർക്കി കാലിഗ്രാഫറായ ഹസ്സൻ ചിലീബി ഇസ്ലാമിക കാലിഗ്രാഫിയിൽ രൂപകല്പന ചെയ്തത്. ദൈവം ജനങ്ങളോടായി പറയുന്നു: “നിങ്ങൾ ജനങ്ങളുടെയിടയിൽ തീർപ്പുകല്പിക്കുമ്പോൾ നീതി പാലിക്കുക” 4:58



പരിശുദ്ധ ഖുർആനിലെ ഒരു സൂക്തം ഈജിപ്തിലെ കാലിഗ്രാഫറായ ഇസ്സാം അബ്ദുൽ ഫതാഹ് ഇസ്ലാമികകാലിഗ്രാഫിയിൽ രൂപകല്പന ചെയ്തത്. ദൈവം ജനങ്ങളോടായ പറയുന്നു: “ഞെരുക്കത്തിലായിരിക്കുന്ന ആരും മററൊരുവൻെറ ഞെരുക്കം ഏററെടുക്കേണ്ടിവരികയില്ല (ന്യായവിധിദിനംവരെ) 17:15ലെ ഒരുഭാഗം

## അടിക്കുറിപ്പുകൾ



1. നെൽസൺ മണ്ടേല: സൗത്ത് ആഫ്രിക്കയിലെ ആദ്യ ജനാധിപത്യ പ്രസിഡൻറ് നെൽസൺ മണ്ടേല. ജനാധിപത്യ-സ്വാതന്ത്ര സൗത്ത് ആഫ്രിക്കയിലെ ജനങ്ങളെ വൈവിദ്ധ്യത്തിലും ഒരുമിച്ച് ഒരു രാഷ്ട്രമായി ജീവിക്കുവാൻ വഹിച്ച സഹനത്തെ പ്രതിനിധാനം ചെയ്യുന്നു.
2. റിയാദ് അൽസാലിഹീൻ (1604/5), (1605/6)
3. ജോലി ചെയ്യിപ്പിച്ചിട്ട് കൂലിനല്കാത്തവർക്ക് ദൈവം ശത്രുവായി കണക്കാക്കുമെന്ന് മുഹമ്മദ് സൂചിപ്പിച്ചിട്ടുണ്ട്. വിയർപ്പ് ഉണങ്ങുന്നതിന് മുൻപ് അവരുടെ കൂലി കൊടുക്കണമെന്ന് പ്രവാചകനായ മുഹമ്മദ് നിഷ്ക്കർഷിച്ചു. താമസംവിനാ കൂലി നല്കണം.




4. ഇസ്ലാമിക നിയമവും നീതിയും കൂടുതലറിയുവാൻ സന്ദർശിക്കുക.
http/www.islamreligion.com/category/110/.
5. സഹീഅൽബുഖാരി (34/8)
6. സഹീഅൽബുഖാരി (5778), സഹീമുസ്ലീം (109)



അറബിയിൽ മുഹമ്മദ് എന്ന വാക്കിൻെറ കലാരൂപം. ഫാരിദ് അൽ അലിയോട് കടപ്പാട്

# പരിസ്ഥിതി

ആസ്ത്രേലിയയിലെ സൗത്ത്സിഡ്ണിയിൽ തവ്റാ എന്ന സ്ഥലത്ത് കാണുന്ന കുമ്പിടുന്ന രൂപത്തിലുള്ള മരം. ഇത് നമസ്ക്കാരത്തിൽ മുസ്ലീമിങ്ങൾ കുമ്പിടുന്നതിനെ ഓർമ്മപ്പെടുത്തുന്നു. ഈ മരത്തിൻെറ അററം നമസ്ക്കരിക്കുന്ന ആളുടെ തലയെ അനുസ്മരിപ്പിക്കുന്നു.



# പരിതസ്ഥിതി സംരക്ഷണത്തിനായി മുഹമ്മദി(സ)ന്റെ ഉപദേശങ്ങൾ:

## ഹരിതലോകത്തിനായി മുഹമ്മദിന്റെ ആഹ്വാനം:

എല്ലാത്തിനേയും സൃഷ്ടിച്ച ദൈവവിശ്വാസവുമായി ബന്ധപ്പെടുത്തിയാണ് മുഹമ്മദ് പ്രകൃതിസംരക്ഷണത്തെ സൂചിപ്പിക്കുന്നത്. ദൈവവിശ്വാസിയായ ഒരാൾ അതിനാൽ പ്രകൃതിയെ മോശമാക്കുന്ന ഒരുകാര്യവും ചെയ്യുകയില്ല. കാരണം പ്രകൃതിയും ദൈവസൃഷ്ടിയാണ്. പ്രകൃതിയെ മോശമാക്കുകയോ പ്രകൃതിവിഭവങ്ങളുടെ (ജലം, മരം, മൃഗങ്ങൾ, മണ്ണ്, വായു, സമുദ്രോല്പന്നങ്ങൾ) ദുരുപയോഗമോ ദുർവ്യയമോ ഇസ്ലാമിക കാഴ്ചപ്പാടിൽ അനുവദനീയമല്ല.





ഒരു മുസ്ലീം മരം നട്ടുവളർത്തുകയും അതിലെ ഫലം മനുഷ്യരോ മൃഗങ്ങളോ പക്ഷികളോ ഭക്ഷിക്കുകയോ ചെയ്താൽ അത് ഒരു സദ്ഖ (ദൈവത്തിന്റെ പാരിതോഷികം ലഭിക്കുന്ന ധർമ്മം) യായി കണക്കാക്കപ്പെടും.

മുഹമ്മദ് (സ.അ)

## പ്രകൃതിവിഭവങ്ങൾ ഉത്തമമായ സമതുലിതാവസ്ഥയിൽ

പ്രകൃതിവിഭവങ്ങൾ ദൈവം സൃഷ്ടിച്ചതാണെന്നും അത് ഉത്തമമായ സമതുലനാവസ്ഥയിലാണ് സ്ഥാപിച്ചിരിക്കുന്നതെന്നും മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു.

> “തീർച്ചയായും നാം തോതും അളവുമനുസരിച്ചാണ് സൃഷ്ടിച്ചിരിക്കുന്നത്.”
>
> “..... അവനിൽ എല്ലാം നിശ്ചിത അളവിലാണ്.”
>
> “..... എല്ലാ കാര്യവും ഉത്തമമായ രീതിയിലാണ് അള്ളാഹു സൃഷ്ടിച്ചിരിക്കുന്നത്”.
>
> **പരിശുദ്ധ ഖുർആൻ 54:49, 13:8, 27:88**

**പ്രകൃതിവിഭവങ്ങളിൽ എല്ലാവർക്കും അവകാശമുണ്ട്:** മനുഷ്യസമുദായത്തിന് ദൈവത്തിൻെറ സമ്മാനമാണ് പ്രകൃതിവിഭവങ്ങൾ. അത് കൈയ്യടക്കുകയോ നശിപ്പിക്കുകയോ പാടില്ല. ജലം, പുല്ല്, തീ (ഊർജ്ജം) എന്നിവ (നിയമപരമായി സ്വകാര്യവത്ക്കരിച്ച തൊഴിച്ച്) എല്ലാവർക്കും അവകാശപ്പെട്ടതാണെന്ന് മുഹമ്മദ് സ്ഥാപിച്ചു.

## മൂല്യവർദ്ധന

- പരിസ്ഥിതി മലിനമാക്കരുത്
- പരിസ്ഥിതി കേടാക്കരുത്
- പ്രകൃതിവിഭവങ്ങൾ പാഴാക്കരുത്
- പ്രകൃതിവിഭവങ്ങൾ ശരിയായി ഉപയോഗിക്കുകയും പുനരുത്പാദനം ചെയ്യുകയും വേണം.





**ജന്തു-സസ്യജാലങ്ങൾ ദൈവസൃഷ്ടിയാണ്**
**“ഏററവും നല്ല സൃഷ്ടിപ്പുകാരനായ ദൈവത്തിന് സ്തോത്രം”**

പരിശുദ്ധ ഖുർആൻ :23:14

പ്രകൃതിവിഭവങ്ങളെക്കുറിച്ച് “നശിപ്പിക്കരുത്” എന്നാണ് മുഹമ്മദ് പൊതുവായി സ്ഥാപിച്ചത്. പ്രകൃതിവിഭവങ്ങൾ സംരക്ഷിക്കുവാൻ ജനങ്ങളോടായി അദ്ദേഹം പറഞ്ഞു: “നിങ്ങൾ ഉപദ്രവിക്കരുത്, ഉപദ്രവിക്കപ്പെടുകയുമരുത്”

> “ദൈവവിശ്വാസത്തിന് 70ൽപരം ശാഖകളുണ്ട്. ഏററവും ഉന്നതമായത് ഏകദൈവവിശ്വാസമാണ്. ഏററവും താഴെയുള്ളത് വഴിയിലുള്ള ഉപദ്രവങ്ങൾ നീക്കംചെയ്യുകയെന്നതാണ്. [4]
>
> മുഹമ്മദ് (സ.അ)



അറബിക് കാലിഗ്രാഫിയിൽ മുഹമ്മദ് എന്നവാക്ക് കലാപരമായി എഴുതിയത്. ഒരു മരത്തിലെ പച്ച ഇലപോലെ തോന്നുന്നു.

## ജലം ദുരുപയോഗപ്പെടുക്കുന്നതും അതിൻെറ അമിതോപയോഗവും മുഹമ്മദ് നിരുത്സാഹപ്പെടുത്തി.



വുദു ചെയ്യുന്ന ഒരു അനുയായിയോട് നദിയുടെ അടുത്തുള്ള വനാണെങ്കിലും ജലം ദുരുപയോഗം ചെയ്യരുതെന്ന് മുഹമ്മദ് വ്യക്തമായി പറഞ്ഞു.

കെട്ടിക്കിടക്കുന്ന ജലം മലിനമാക്കുകയോ അതിൽ മുത്രമൊഴിക്കുകയോ ചെയ്യരുതെന്ന് മറെറാരു സന്ദർഭത്തിലും അദ്ദേഹം പറയുന്നു.

പരിശുദ്ധ ഖുർആനിൽ ദൈവം പറയുന്നു:

> "...... ജലത്തിൽ നിന്നാണ് നാം എല്ലാ ജീവനുള്ള വസ്തുക്കളും സൃഷ്ടിച്ചത്"
> "തീർച്ചയായും ദുരുപയോഗം ചെയ്യുന്നവർ പിശാചിൻെറ സഹോദരന്മാരാണ്. പിശാചാകട്ടെ ദൈവനിന്ദയുള്ളവനാണ്."
> "..... അമിതമാക്കാതെ നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. അമിതമാക്കുന്നവരെ തീർച്ചയായും ദൈവം ഇഷ്ടപ്പെടുന്നില്ല."
> പരിശുദ്ധ ഖുർആൻ 21:30, 17:27, 7:31

**പ്രകൃതിയെ നന്നാക്കുക:** പ്രപഞ്ചം മുഴുവനും നശിക്കുമ്പോഴും ഈ ലോകത്തെ ജീവിതം അവസാനിക്കുമ്പോഴും പ്രകൃതിയെ നന്നാക്കുവാൻ മുഹമ്മദ് ജനങ്ങളെ പ്രോത്സാഹിപ്പിച്ചു. അദ്ദേഹം പറഞ്ഞു:



## മൂല്യ വർദ്ധന

"ലോകാവസാനം ആകുന്നസമയമാണെങ്കിലും ഒരാളുടെ കൈയ്യിൽ ഒരു വിത്തുണ്ടെങ്കിൽ അത് പാകാൻ അവന് കഴിഞ്ഞാൽ, അവൻ അത് ചെയ്യട്ടെ."

ദൈവവിശ്വാസികൾ പ്രകൃതിയെ സംരക്ഷിച്ച് മൂല്യവർദ്ധന നടത്തണം. ലോകത്ത് അനർത്ഥമുണ്ടാക്കുന്നവരേയും വിളവും കന്നുകാലികളേയും നശിപ്പിക്കുന്നവരേയും ദൈവം ഇഷ്ടപ്പെടുന്നില്ല.

"പരലോകത്തിനുവേണ്ടി തയ്യാറെടുക്കുവിൻ. ഈ ലോകത്ത് നിങ്ങൾക്ക് നിയമപരമായ ആനന്ദങ്ങൾ ആകാം. നിങ്ങളോട് ദൈവം നന്മ ചെയ്തതുപോലെ നിങ്ങളും ദൈവത്തോട് നന്മ ചെയ്യുവിൻ. ഭൂമിയിൽ കുഴപ്പമുണ്ടാക്കരുത്. തീർച്ചയായും അള്ളാഹു കുഴപ്പങ്ങൾ സൃഷ്ടിക്കുന്നവരെ ഇഷ്ടപ്പെടുന്നില്ല.

പരിശുദ്ധ ഖുർആൻ 28:77

## മൃഗങ്ങളും എല്ലാജീവികളും നമ്മളെപ്പോലെയുള്ള സമൂഹങ്ങളാണ്.

“ഈ ലോകത്തുള്ള മൃഗങ്ങളും ജീവികളും ചിറകുകൾ കൊണ്ട് പറക്കുന്നവയുമായവപോലും നിങ്ങളേപ്പോലെ ഒരു സമുദായമായിട്ടല്ലാതില്ല. ഈ ഗൃഹത്തിൽ നാം ഒന്നിനേയും അവഗണിച്ചിട്ടില്ല. അവസാനം എല്ലാവരേയും നാം അവരുടെ ഗൃഹത്തിലേക്ക് ഒരുമിച്ചുകൂട്ടും.

പരിശുദ്ധ ഖുർആൻ 6:38





## മൃഗങ്ങളോട് ധാർമ്മീകമായ പെരുമാററം മുഹമ്മദ് ഉപദേശിച്ചു.

മൃഗങ്ങളെ തടഞ്ഞുനിർത്തുന്നതിനേയും ഒതുക്കിനിർത്തുന്നതിനേയും അദ്ദേഹം എതിർത്തു. മൃഗങ്ങളെ ചാട്ടകൊണ്ട് അടിക്കുന്നതും മുഖത്തടിക്കുന്നതും അദ്ദേഹം ഇഷ്ടപ്പെട്ടില്ല. മൃഗങ്ങളോട് നല്ല പെരുമാററം നല്കുവാനുതകുന്ന ഒരു പ്രത്യേക പഠനശൈലി അദ്ദേഹം ഉപയോഗിച്ചു. (ഉദാ: നേരിട്ടുള്ള നിർദ്ദേശങ്ങൾ,കഥകൾ, ഓരോ സന്ദർഭത്തിനനുസരിച്ചുള്ള ഉപദേശങ്ങൾ തുടങ്ങിയവ)





# ഹലാലായ മാംസം

## ഹലാലായ ആഹാരം ഹലാലായ മാർഗ്ഗത്തിലൂടെ:

ദൈവം അനുവദിച്ചിട്ടുള്ള വിധത്തിലല്ലാതെ മൃഗങ്ങളെ കൊല്ലുവാൻ നമുക്ക് അധികാരമില്ലെന്ന് മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു. ചില മൃഗങ്ങളെ ആഹാരാവശ്യത്തിനായി കൊല്ലുവാൻ ദൈവം അനുവദിച്ചിട്ടുണ്ട്. സസ്യഭോജികളായ മൃഗങ്ങളെ , പന്നിയൊഴികെ, ആഹാരാവശ്യത്തിനായി കൊല്ലാം. (ഉദാ: സസ്യാഹാരികളായ പശു, ആട്, കോഴി, പറവകൾ തുടങ്ങിയവ)

## ഹലാലായ രീതിയിൽ കൂടുതൽ വേദനിപ്പിക്കാതെയായിരിക്കണം മൃഗങ്ങളെ അറുക്കേണ്ടത് എന്ന് മുഹമ്മദ് അനുയായികളെ പഠിപ്പിച്ചു.



ഉദാഹരണമായി അറുക്കുവാനുപയോഗിക്കുന്ന കത്തി നല്ല മൂർച്ചയുള്ളതായിരിക്കണം. കല്ലുകൊണ്ടിടിച്ചോ ജീവിച്ചിരിക്കുന്ന മററുമൃഗങ്ങളുടെ സാന്നിദ്ധ്യത്തിലോ അറുക്കാൻ പാടില്ല. ഒരു മൃഗത്തിൻെറ സാന്നിദ്ധ്യത്തിൽ മറെറാരുമൃഗത്തെ അറുക്കുന്ന ആളോട് മുഹമ്മദ് ചോദിച്ചു: “മറേറ മൃഗത്തെ നിങ്ങൾ രണ്ടുതവണ കൊല്ലുകയാണോ?.”



## മൃഗങ്ങളോട് ധാർമ്മീകമായ പെരുമാററം


മൃഗങ്ങളോടുള്ള നല്ല പെരുമാററത്തിൻെറ സൂചനയായി മുഹമ്മദ് ഒരു സന്ദർഭത്തിൽ ഒരാളോട് പറഞ്ഞു. “നിൻെറ ഒട്ടകം തന്നെക്കൊണ്ട് കൂടുതൽ ഭാരം ചുമപ്പിക്കുന്നുവെന്ന് പരാതി പറയുന്നു.”



മറെറാരു സന്ദർഭത്തിൽ മുഹമ്മദ് അനുയായികളോട് പറഞ്ഞു “ആരെങ്കിലും ഒരു പക്ഷിക്കുഞ്ഞിനെ എടുത്താൽ അതിൻെറ തള്ളയ്ക്ക് തിരിച്ചുനല്കണം.” (തള്ള അതിനായി പരക്കം പായുകയാവാം)








**മൃഗങ്ങളോട് ദയവുകാണിക്കുവാൻ മുഹമ്മദ് പഠിപ്പിക്കുന്നു:** 627 CE യിൽ മുഹമ്മദ് അനുയായികളോടൊപ്പം ഉംറ (മതപരമായ ഒരു കടമ) ചെയ്യുവാൻ മക്കയിലേയ്ക്ക് പോവുകയായിരുന്നു. വഴിയിൽ ഒരു പെൺനായ പ്രസവിക്കുന്നത് കണ്ടപ്പോൾ അത് ഭയപ്പെടാതിരിക്കാൻവേണ്ടി അദ്ദേഹം സംഘത്തോടെ വഴിമാറി യാത്ര തുടർന്നു. അത് ഹുദൈവിയ എന്ന സ്ഥലത്തിനടുത്താണ് (ഇപ്പോഴും ഈ സ്ഥലം സൗദിഅറേബ്യയിൽ ഇതേപേരിൽ അറിയപ്പെടുന്നു)

**മൃഗങ്ങളോട് കരുണചെയ്യുന്നവർക്ക് ദൈവപ്രീതി കിട്ടും:** മൃഗങ്ങളോടുള്ള കരുണപോലും ദൈവത്തിൽ നിന്ന് പ്രതിഫലം നേടുവാൻ ഇടവരുത്തും. മുഹമ്മദ് അനുയായികളോട് ഒരു കഥ പറഞ്ഞു. ഒരു മനുഷ്യൻ ദാഹിച്ചപ്പോൾ ഒരു കിണററിലിറങ്ങി ദാഹശമനം നടത്തി, മുകളിൽ വന്നപ്പോൾ ദാഹിച്ച ഒരു നായയെ കണ്ടു. അയാൾ വീണ്ടും കിണററിലിറങ്ങി തൻെറ ഷൂസിൽ വെള്ളം നിറച്ച് ആ നായ്ക്ക് നല്കി. ഇത് ദൈവപ്രീതിയ്ക്ക് ഇടയാക്കുകയും ദൈവം അയാളുടെ മുൻപാപങ്ങളെല്ലാം പൊറുക്കുകയും ചെയ്തു.

ഒരു പൂച്ചയെ ആഹാരം കൊടുക്കാതെയും അതിനെ ആഹാരം തേടാൻ അനുവദിക്കാതെയും കെട്ടിയിട്ടുകൊന്ന ഒരു സ്ത്രീയെ ദൈവം ശിക്ഷിച്ചതായി മറെറാരു സന്ദർഭത്തിൽ മുഹമ്മദ് അനുയായികളോട് പറഞ്ഞു.



# മഹാത്ഭുതം

" ഖുർആൻ പോലെയുള്ള ഒരു
ഗ്രന്ഥം അള്ളാഹുവിനാലല്ലാതെ
അവതരിക്കപ്പെടുവാൻ
സാദ്ധ്യമല്ല. ഇതിന് മുൻപുള്ള
ഗ്രന്ഥങ്ങളെ സത്യപ്പെടുത്തിക്കൊണ്ടും,
അതിനെ സമഗ്രമായി വിവരിച്ചു
കൊണ്ടുമുള്ള ഖുർആൻ യാതൊരു
സംശയവുമില്ലാതെ ലോകനാഥനിൽ
നിന്ന് അവതരിച്ചതാണ്"

പരിശുദ്ധ ഖുർആൻ 10:38

# മുഹമ്മദിന് ദൈവത്തിൽനിന്നുള്ള മഹാത്ഭുതം






ഇതിന് മുൻപുള്ള ദൂതന്മാരെക്കാളും പ്രവാചകന്മാരെക്കാളും ക്ലേശമേറിയ ദൗത്യമാണ് മുഹമ്മദിന് എത്തിച്ചു കൊടുക്കാനുണ്ടായിരുന്നതെന്ന് പല പണ്ഡിതന്മാരും വിശ്വസിക്കുന്നു. അറബിയിൽ ദൈവത്തിൽ നിന്നുള്ള ദിവ്യവെളിപാടായ ഖുർആനാണ് മുഹമ്മദിന്റെ പ്രധാന മഹാത്ഭുതം.

അറബികളായ തന്റെ സ്വന്തം ആൾക്കാരിൽ നിന്ന് എതിർപ്പുകളുണ്ടായിട്ടും ഇസ്ലാമിനെ പല ഭാഷകളും സംസ്ക്കാരവും മതങ്ങളുമുള്ള, അറേബ്യൻ ഉപദ്വീപിന് പുറത്തുള്ള പലരാഷ്ട്രങ്ങളിലേക്കും സമുദായങ്ങളിലേക്കും അദ്ദേഹം വ്യാപിപ്പിച്ചു.

> "ഖുർആനിനെക്കുറിച്ച് അവർ ചിന്തിക്കുന്നില്ലേ. അത് അല്ലാഹുവിൽ നിന്നല്ലായിരുന്നുവെങ്കിൽ നിങ്ങൾക്കതിൽ പല അനൗചിത്യവും കാണാമായിരുന്നു."
>
> പരിശുദ്ധ ഖുർആൻ 4:82

## എന്തുകൊണ്ടാണ് പരിശുദ്ധ ഖുർആൻ ശാശ്വതമായ ഒരു മഹാത്ഭുതമായി കണക്കാക്കുന്നത്?

പരിശുദ്ധ ഖുർആനിന് ഒരു മനുഷ്യലേഖകൻ ഇല്ല. മനുഷ്യസമുദായത്തിനായി ദൈവവചനങ്ങളടങ്ങിയ ഒരു ശാശ്വതസന്ദേശമാണ് ഇതെന്ന് മുസ്ലിമീങ്ങൾ കരുതുന്നു. പ്രവാചകന്മാരാലോ മററാരാലുമോ ഒരു മാററവും വരുത്തപ്പെടാത്ത, ദൈവവചനങ്ങളടങ്ങിയ ഒരേരു ഗ്രന്ഥമാണിതെന്ന് അവർ വിശ്വസിക്കുന്നു.





യഥാർത്ഥപ്രവാചകന്മാരും സന്ദേശവാഹകരും അവരുടെ കാലത്തിലുള്ളവർക്കായി കൊണ്ടുവന്ന ഭൗതീകമായ അത്ഭുതങ്ങളിൽ നിന്ന് വ്യത്യസ്തമായി, പരിശുദ്ധ ഖുർആൻ ശാശ്വതമായ ഒരു അത്ഭുതമായി മുസ്ലിമീങ്ങൾ കണക്കാക്കുന്നു. പല തലമുറകൾ മാറിമാറി അതിനെ സ്പർശിക്കുവാനും കാണുവാനും പാരായണം ചെയ്യുവാനും സാധിക്കുന്നു.

> “പറയുക (ഓ മുഹമ്മദ്) മുഴുവൻ മനുഷ്യസമുദായവും ജിന്നുകളും ഒരുമിച്ചുകൂടി പരസ്പരം സഹായിച്ച് പരിശ്രമിച്ചാലും ഈ ഖുർആനെപ്പോലൊന്ന് ഉണ്ടാക്കുവാൻ കഴിയുകയില്ല”
>
> പരിശുദ്ധ ഖുർആൻ 17:88

**ഖുർആൻ സൂക്തങ്ങളുടെ അതുല്യമായ സംരക്ഷണം:** ഇപ്പോഴുള്ള പരിശുദ്ധ ഖുർആൻ 1400 വർഷങ്ങൾക്കുമുൻപ് പ്രവാചകനായ മുഹമ്മദിന് നല്കപ്പെട്ടതിൽ നിന്ന് ഒരു മാററവും ഇല്ലാത്തതാണ്. ദൈവഭക്തിയുള്ള മിക്ക മുസ്ലിമീങ്ങളും ഇതിനെ മനഃപാഠമാക്കിയിരിക്കുന്നു. (ഓരോവാക്കും അക്ഷരവും മാറാതെ)

പിന്നീട് മുഹമ്മദിന് ശേഷം ആദ്യ ഖലീഫയായ അബൂബക്കർ ഖുർആൻ മുഴുവനുമായി ക്രോഡീകരിച്ച് ഒരു പുസ്തകമാക്കി. പതിമൂന്ന് വർഷങ്ങൾക്കു ശേഷം മൂന്നാം ഖലീഫയായ ഉത്മാൻ ബിൻ അഫ്ഫാൻ ഇതിൻെറ തനി പകർപ്പുകൾ ഉണ്ടാക്കി പല മുസ്ലിം രാഷ്ട്രങ്ങൾക്കായി വിതരണം ചെയ്തു.



ഖുർആനിലെ ഈ ഭാഗത്ത് ദൈവം പറയുന്നു
“എന്നെ വിളിക്കുക ഞാൻ നിനക്ക് ഉത്തരം തരാം”
പരിശുദ്ധ ഖുർആൻ 40:60

ആവർത്തന ആശയം "തവാത്തർ" ഖുർആനിന്റെ പ്രാമാണ്യം സ്ഥാപിക്കുന്നു. ഖുർആൻ മാററങ്ങളില്ലാതെ ആളുകളിൽ നിന്ന് ആളുകളിലേയ്ക്കും തലമുറകളിൽ നിന്ന് തലമുറകളിലേയ്ക്കും വന്നതിനെ സ്ഥാപിക്കുന്നു.



**ഖുർആനിന്റെ സവിശേഷത:** മുഹമ്മദിന്റെ സംസാരവും ഉപദേശവും ഖുർആനിൽ കടന്നിട്ടില്ല (പരിശുദ്ധ ഖുർആൻ മാററങ്ങളൊന്നുമില്ലാത്ത ദൈവവചനങ്ങളാണ്). മുഹമ്മദിന്റെ സംസാരങ്ങളും ഉപദേശങ്ങളും ക്രോഡീകരിച്ച് "പ്രവാചകന്റെ സുന്ന അഥവാ ഹദീസ്" എന്ന പ്രത്യേക പുസ്തകങ്ങളിലാണ്. ഈ പുസ്തകങ്ങളിൽ അദ്ദേഹത്തിന്റെ ജീവിതരീതിയും ഖുർആനിന്റെ വിശദീകരണവും അടങ്ങിയിരിക്കുന്നു.

**ഹദീസ് ബുക്കുകളും മററ് പരിശുദ്ധ ഗ്രന്ഥങ്ങളുമായുള്ള താരതമ്യം:** മററു മതസ്ഥരുടെ പരിശുദ്ധ ഗ്രന്ഥങ്ങൾ പ്രവാചകന്മാർക്ക് ശേഷം വന്നവർ അവരുടെ സ്വന്തം വാക്കുകളും ശൈലികളും ഉപയോഗിച്ച് എഴുതിയതാണ്. മുഹമ്മദിന്റെ സംസാരങ്ങളും ഉപദേശങ്ങളും ഉൾക്കൊള്ളുന്ന ഹദീസ് പുസ്തകങ്ങൾ മേൽ പറഞ്ഞ പുസ്തകങ്ങൾക്ക് സമാനമാണെന്നാണ് എല്ലാ ഗവേഷകരും കരുതുന്നത്.




ഉദാഹരണമായി ബൈബിൾ 40ഓളം ലേഖകന്മാർ 1400 മുതൽ 1800 വരെ വർഷങ്ങൾ കൊണ്ടാണ്

എഴുതിയത്. പ്രധാനമായും രണ്ട് വിഭാഗത്തിലുള്ള 66 വിവിധ ബുക്കുകളുടെ സമാഹാരമാണിത്. 39 പുസ്തകങ്ങളടങ്ങിയ പഴയനിയമവും 27 പുസ്തകങ്ങളടങ്ങിയ പുതിയനിയമവും.

ദൈവം മനുഷ്യനോട് സംസാരിക്കുന്നതായിട്ടാണ് പരിശുദ്ധ ഖുർആനിലെ ഭാഷാരീതി. അതിൽ പലയിടത്തും " നാം " എന്നും "പറയുക" (മുഹമ്മദേ അവരോട് പറയുക) എന്നും പ്രയോഗിച്ചിട്ടുണ്ട്. ഖുർആൻ പാരായണം ചെയ്യുമ്പോൾ ഇതു എൻെറ വചനമല്ല ദൈവവചനമാണ് എന്ന് മുഹമ്മദ് വ്യക്തമാക്കിയിട്ടുണ്ട്.

## ഖുർആൻ പാരായണത്തിൻെറ രീതിയിൽ തുല്യതയില്ലാത്ത സംരക്ഷണം:

ഖുർആൻ പാരായണം ചെയ്യുന്നവർ "തജ്‌വീദ്" എന്ന് സാധാരണ പ്രയോഗിക്കാറുണ്ട്. പരിശുദ്ധ ഖുർആനിൻെറ പാരായണനിയമങ്ങൾ ഉൾക്കൊള്ളുന്ന അറിവാണിത്. ഖുർആനിലെ വാചകങ്ങൾ മാത്രമല്ല മുഹമ്മദും അനുയായികളും അത് പാരായണം ചെയ്യുന്നരീതിപോലും സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. മുഹമ്മദിൽ നിന്ന് കേട്ടവരും പിന്നീട് ഇപ്പോൾവരെ കേട്ടവരുടേയും



മുഴുവൻ പേരുകളും ആധാരപ്പെടുത്തിയാണ് പരിശുദ്ധ ഖുർആനിൻെറ പാരായണരീതി രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് ലോകത്തിൻെറ എല്ലായിടത്തും തലമുറതലമുറകളായി ഇതുവരെ രേഖപ്പെടുത്തിയിട്ടുണ്ട്.



**തജ്‌വീദ് ഒരു അതുല്യമായ ശാസ്ത്രം**

മററുമതങ്ങളിലൊന്നുമില്ലാത്ത ഒരു അമൂല്യശാസ്ത്രമാണ് “തജ്‌വീദ്” എന്ന് വിശ്വസിക്കപ്പെടുന്നു. മുഹമ്മദിന്റെ ഖുർആൻ പാരായണരീതി സംരക്ഷിക്കുവാൻ ചെയ്യുന്ന അതീവ ജാഗ്രതയാണ് ഇത് സൂചിപ്പിക്കുന്നത്.

### ശ്രേഷ്ടമായ ഭാഷ:

തനി അറബിയിലാണ് ഖുർആൻ അവതരിക്കപ്പെട്ടത്. വളരെക്കൂടുതൽ വാക്കുകളും ശക്തമായ വ്യാകരണവും അറബിഭാഷയ്ക്കുണ്ട്.

ദൈവവചനങ്ങൾ വ്യക്തമായി അറബിഭാഷയിൽ നല്കാമെന്നുള്ളതാണ് ഇത് സൂചിപ്പിക്കുന്നത്. ഉദാഹരണമായി അറബിഭാഷയിൽ 28 അക്ഷരങ്ങളുണ്ട്, ഇതിൽ ചിലത് മററുഭാഷകളിലില്ല. ദ്വാദ് എന്നവാക്ക് ഒരു ഉദാഹരണമാണ്.

ഒരു ധാതുവിൽ നിന്ന് നൂറോളം വാക്കുകളുണ്ടാക്കാവുന്ന അറബിഭാഷയിൽ 60 ലക്ഷത്തോളം വാക്കുകളുണ്ട്. ലോകത്ത് അറിയപ്പെടുന്ന മിക്കഭാഷകളേക്കാൾ ഇത് വളരെവലുതാണ്.




# ഖുർആനിലെ ചില പ്രധാനമായ ശാസ്ത്രസത്യങ്ങൾ

## വമ്പിച്ച സ്ഫോടനവും ഈ പ്രപഞ്ചത്തിൻെറ സൃഷ്ടിപ്പും:

മുഹമ്മദിൻെറ കാലഘട്ടത്തിൽ ആർക്കും പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ചോ ഗ്രഹങ്ങളുടെ ചലനത്തെക്കുറിച്ചോ ഭൂമി നിരപ്പായതാണോ ഗോളാകൃതിയിലാണോ എന്നൊന്നും അറിയില്ലായിരുന്നു. പ്രപഞ്ച സൃഷ്ടാവായ ദൈവത്തിനല്ലാതെ ഈ പ്രപഞ്ചം എങ്ങനെ സൃഷ്ടിക്കപ്പെട്ടുവെന്നറിയില്ല എന്നാണ് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നത്. നൂററാണ്ടുകൾക്ക് മുൻപ് അത്ഭുതകരമായ രീതിയിലുള്ള ഈ പ്രപഞ്ച സൃഷ്ടിപ്പിനെക്കുറിച്ചും സൂര്യചന്ദ്രന്മാരുടെ ചലനത്തെക്കുറിച്ചും ഭൂമിയുടെ കറക്കത്തെക്കുറിച്ചും രാപകലുകൾ മാറിവരുന്നതിനെക്കുറിച്ചും പരിശുദ്ധ ഖുർആൻ സൂചിപ്പിച്ചിട്ടുണ്ട്.



നൂററാണ്ടുകളുടെ പരീക്ഷണത്തിനും നിരീക്ഷണത്തിനും ശേഷം ഈ പ്രപഞ്ചോല്പ്പത്തിയെ “വമ്പിച്ച സ്ഫോടന സിദ്ധാന്ത” ത്തിലൂടെ ആധുനികശാസ്ത്രം വിവരിക്കുന്നു. ഇതനുസരിച്ച് മുഴുവൻ പ്രപഞ്ചവും ഒരു വലിയ പിണ്ഡമായിരുന്നെന്നും







ഒരു വലിയ സ്ഫോടനത്താൽ മേഘലകൂമ്പാരത്തിൽ നിന്നും വാതകരൂപത്തിൽ നിന്നും താരസമൂഹം ഉണ്ടായിയെന്നാണ്.


### പ്രപഞ്ചത്തെക്കുറിച്ചുള്ള വർണ്ണന:

1925ൽ നക്ഷത്രങ്ങൾ പരസ്പരം അകന്നുകൊണ്ടേയിരിക്കുന്നുവെന്നും അതിനാൽ പ്രപഞ്ചം വികസിച്ചുകൊണ്ടേയിരിക്കുന്നുവെന്നും അമേരിക്കൻ ജ്യോതി ശാസ്ത്രജ്ഞൻ എഡ്വിൻ ഹബിൾ തൻെറ നിരീക്ഷണതെളിവുകൾ നല്കി സ്ഥാപിച്ചു. സൂര്യന് ചുററും ഗ്രഹങ്ങൾ അണ്ഡാകൃതിയിലുള്ള ഭ്രമണപഥത്തിൽ കറങ്ങുന്നുവെന്നും, അവ സ്വയം അവയുടെ അച്ചുതണ്ടിൽ കറങ്ങുന്നുവെന്നും ശാസ്ത്ര സത്യമായി തെളിയിക്കപ്പെട്ടിരിക്കുന്നു. പതിനാല് നൂററാണ്ടുകൾക്ക് മുൻപ് മുഹമ്മദ് പാരായണം ചെയ്ത പരിശുദ്ധ ഖുർആനിലെ സൂക്തങ്ങളും ആധുനീകശാസ്ത്രനിഗമനങ്ങളും തമ്മിലുള്ള സാമ്യം അത്ഭുതകരമാണ്.




“അവിശ്വാസികൾ മനസ്സിലാക്കുന്നില്ലേ, ആകാശഭൂമികൾ ഒന്നായിരുന്നതും, പിന്നീട് നാം അവയെ വേർപെടുത്തിയതും. നാം എല്ലാം ജലത്തിൽ നിന്ന് സൃഷ്ടിച്ചു. അപ്പോൾ അവർ വിശ്വസിക്കുകയില്ലേ?.
പരിശുദ്ധ ഖുർആൻ 21:30

“സകലചരാചരങ്ങളുടേയും സൃഷ്ടാവായ ദൈവം വാതകരൂപത്തിലുള്ള ആകാശത്തോടും ഭൂമിയോടും നിങ്ങൾ ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരുമിക്കുക എന്ന് കല്പിച്ചപ്പോൾ അവർ പറഞ്ഞു: ഞങ്ങൾ സ്വമനസ്സാലെ നിന്നെ അനുസരിച്ച് ഒരുമിക്കുന്നു.” പരിശുദ്ധ ഖുർആൻ 41:11



“അവനാണ് രാപകലുകളേയും സൂര്യനേയും ചന്ദ്രനേയും സൃഷ്ടിച്ചത്. എല്ലാ താരസമൂഹവും അതിന്റെ നിശ്ചിതഭ്രമണപഥത്തിൽ ചുററിക്കൊണ്ടിരിക്കുന്നു.”
പരിശുദ്ധ ഖുർആൻ 21:33

“ശക്തിയും സാമർത്ഥ്യത്തോടും നാം ആകാശത്തെ സൃഷ്ടിക്കുകയും അതിനെ തുടർച്ചയായി വികസിപ്പിച്ചുകൊണ്ടുമിരിക്കുന്നു.”
പരിശുദ്ധ ഖുർആൻ 51:47



## ഭ്രൂണശാസ്ത്രവും മനുഷ്യരാശിയുടെ സൃഷ്ടിയും:

താഴെപ്പറയുന്ന, മനുഷ്യരാശിയുടെ സൃഷ്ടിയെക്കുറിച്ചുള്ള അത് ഭുതകരമായ സൂക്തം മുഹമ്മദ് പാരായണം ചെയ്തു. അത്തരം അറിവോ ഭ്രൂണശാസ്ത്രമോ 1400 വർഷങ്ങൾക്കു മുൻപ് കണ്ടുപിടിച്ചിട്ടില്ലായിരുന്നു.

> "...അവൻ മാതാക്കളുടെ ഉദരങ്ങളിൽ മൂന്ന് ഇരുട്ടുകൾക്കുള്ളിൽ. നിങ്ങളെ ഒന്നിനു പിറകെ ഒന്നായി. രൂപ പരിണാമം ചെയ്ത്തെടുക്കുന്നു. (ഇതൊക്കെയും ചെയ്യുന്ന) അല്ലാഹുവാകുന്നു നിങ്ങളുടെ നാഥൻ മേൽക്കോയ്മ അവനാണ്. അവനല്ലാതെ മററൊരുദൈവമില്ല. പിന്നെ അങ്ങനെയാണ് നിങ്ങൾ തിരിഞ്ഞുപോകുന്നത്"
>
> പരിശുദ്ധ ഖുർആൻ 39:6

ഗർഭാശയത്തിന് മൂന്ന് പാളികളുള്ളതായി ആധുനീകശാസ്ത്രം വിവരിക്കുന്നു. ഇത് ഭ്രൂണത്തിന് പരിപൂർണ്ണ സംരക്ഷണം നല് കുന്നു. 1.മാതാവിൻെറ ഉദരത്തിൻെറ ഉൾഭിത്തി, 2.ഗർഭപാത്രഭിത്തി, 3.ഗർഭസ് ഥശിശുവിനെ പൊതിഞ്ഞിരിക്കുന്ന ആവരണം







പരിശുദ്ധ ഖുർആനിൽ മനുഷ്യരാശിയുടെ സൃഷ്ടിപ്പ് അത്ഭുതകരമായ രീതിയിൽ വിവരിച്ചിരിക്കുന്നു.




“തീർച്ചയായും നാം മനുഷ്യനെ കളിമണ്ണിൽ നിന്നും സൃഷ്ടിച്ചു. ഒരു സുരക്ഷാകേന്ദ്രത്തിൽ ഒരു തുള്ളി ശുക്ലമായി സ്ഥാപിച്ചു. അതുപിന്നെ ഒരു രക്തക്കട്ടയാക്കി, പിന്നീട് അതിൽനിന്ന് പിണ്ഡം, പിന്നെ അതിൽനിന്ന് ഒരു കൂട്ടം അസ്ഥികളും, പിന്നീട് മാംസം കൊണ്ട് അസ്ഥികളെ ആവരണം ചെയ്തു, പിന്നീട് മറെറാരു സൃഷ്ടിയെ നിർമ്മിച്ചു.”

പരിശുദ്ധ ഖുർആൻ 23:12–14

ഭ്രൂണത്തിന്റെ വളർച്ച ഖുർആനിൽ വിവരിക്കുന്നതുപോലെതന്നെയാണെന്നുള്ള ആധുനികശാസ്ത്രത്തിന്റെ കണ്ടുപിടുത്തം അത്ഭുതകരമാണ്. കൂടാതെ ഖുർആനിൽ വിവരിക്കുന്നതുപോലെ അസ്ഥികളാണ് മാംസത്തേക്കാൾ മുൻപ് സൃഷ്ടിച്ചതെന്നും ആധുനികശാസ്ത്രം കണ്ടെത്തി.



മാതാവിൻെറ ഗർഭപാത്രത്തിലുള്ള കുട്ടിയുടെ കേൾവിശക്തിയാണ് കാഴ്ച്ചശക്തിയേക്കാൾ മുൻപ് വികസിക്കുന്നതെന്ന് ശാസ്ത്രജ്ഞന്മാർ കണ്ടെത്തി. പരിശുദ്ധ ഖുർആനിലെ 9:32, 2:76, 78:23 എല്ലാം സൂചിപ്പിക്കുന്നത് കേൾവിശക്തി കാഴ്ച്ചശക്തിയേക്കാൾ മുൻപ് വികസിക്കുന്നുവെന്നാണ്.

“.....സൃഷ്ടിപ്പിൽ ഏററവും ശ്രേഷ്ടനായ അള്ളാഹുവിന് സ്തുതി” പരിശുദ്ധ ഖുർആൻ 23:14

## 309 വർഷങ്ങളുടെ വിസ്മയകരമായ എണ്ണൽ:

പരിശുദ്ധ ഖുർആനിലെ അദ്ധ്യായം 18 ൽ സൂക്തം25, 7 ഉറങ്ങുന്നവരെക്കുറിച്ച് സൂചിപ്പിക്കുന്നു. അവിടെ അവർ ഗുഹയിൽ 300 വർഷവും അധികമായി 9 വർഷവും ഉറങ്ങിയെന്ന് പറയുന്നു. 309 വർഷം എന്നതിന് പകരം ഇങ്ങനെപറഞ്ഞത് അപ്പോൾ ആർക്കും മനസ്സിലായില്ല.

അറേബ്യയിൽ ചാന്ദ്രവർഷവും ഗ്രിഗോറിയൻ കലണ്ടറും തമ്മിലുള്ള വ്യത്യാസം അറിയില്ലായിരുന്നു. സൗരവർഷത്തേക്കാൾ ചാന്ദ്രവർഷം 11 ദിവസം കുറവാണ്.300 സൗരവർഷത്തേക്കാൾ 9 വർഷം കുറവാണ് 300 ചാന്ദ്രവർഷം എന്നത് വിസ്മയകരമാണ്.

പരിശുദ്ധ ഖുർആൻ 604 പേജിലാണ് അച്ചടിച്ചിരിക്കുന്നത്. ഏകദേശം 80,000 വാക്കുകളും 6348 സൂക്തങ്ങളും 114 അദ്ധ്യായങ്ങളുമുണ്ട്. ഏററവും വലിയ അദ്ധ്യായത്തിൽ 286 സൂക്തങ്ങളും ഏററവും ചെറുതിൽ വെറും 3 സൂക്തങ്ങളുമാണുള്ളത്.

## ഭാവിസംഭവങ്ങളെക്കുറിച്ചുള്ള വിസ്മയകരമായ സൂചനകൾ



അദ്ധ്യായം 30, സൂക്തം 2–5 ൽ പ്രതിപാദിക്കുന്നു:

"നമ്മുടെ അടുത്തുള്ള റോമാക്കാർ പരാജയപ്പെട്ടിരിക്കുകയാണ്. പക്ഷെ അവർ കുറച്ചു വർഷങ്ങൾക്കുശേഷം വിജയികളാകും. നേരത്തെകഴിഞ്ഞതും ഇനി വരാനിരിക്കുന്നതുമെല്ലാം അല്ലാഹുവിൻെറ ആജ്ഞാനുസരണമാണ്. അന്നത്തെ ദിവസം ദൈവത്തിൻെറ വിജയത്തിൽ വിശ്വാസികൾ ആഘോഷിക്കും. അവൻ ഇഷ്ടപ്പെടുന്നവരെ അവൻ വിജയിപ്പിക്കും. ദൈവം കാരുണ്യവാനും കരുണാനിധിയുമാണ്."



അടുത്തപത്ത് വർഷത്തിനകം പരാജിതരായ ഒരു സാമ്രാജ്യത്തിന് തിരിച്ചുവരുവാൻ സാധിക്കുമെന്ന് മുഹമ്മദിൻെറ കാലത്തെ അറബികൾക്ക് ഊഹിക്കാൻപോലും സാദ്ധ്യമല്ലായിരുന്നു. പേർഷ്യാ സാമ്രാജ്യം 614–619 CE യിൽ റോമാസാമ്രാജ്യത്തെ പാലസ്തീനിയായിൽ പരാജയപ്പെടുത്തി ജേറുസെലം പിടിച്ചടക്കിയതും കുറച്ച് വർഷങ്ങൾക്കുശേഷം റോമാക്കാർ പേർഷ്യാക്കാരുടെ മേൽ നിനവേ (ഇറാഖിലെ ഒരു പട്ടണം) വിജയം നേടിയതും ചരിത്രസത്യങ്ങളാണ്.

## അവിശ്വസനീയമായ ഭൂമിശാസ്ത്രം:

ജോർദ്ദാനിലെ മലയടിവാര വിള്ളലാണ് ചാവുകടൽ, ലോകത്തിലെ ഏററവുമധികം ഉപ്പുരസമുള്ള തടാകമാണിത്. സമുദ്രനിരപ്പിനേക്കാൾ 442 മീ താഴ്ചയിലാണിത് സ്ഥിതിചെയ്യുന്നത്. ഭൂമുഖത്തിൽ ഏററവും താഴ്ചയുള്ള താണിതിൻെറ തീരം. റോമാക്കാരുടെ പരാജയം അറേബ്യയുടെ അടുത്തുള്ള സ്ഥലത്താണെന്നും ലോകത്തിലെ താഴ്ന്ന സ്ഥലത്താണെന്നും ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നു.

കുറിപ്പ്: മേൽസുക്തത്തിലെ "അദ്നാ" എന്നവാക്ക് അടുത്തുള്ളതും താഴ്ച്ചയുള്ളതും എന്ന് സൂചിപ്പിക്കുന്നു.

## അടിക്കുറിപ്പുകൾ

- പഴയനിയമം ഹെബ്രുവിൽ 1500–400 BC യിലാണ് എഴുതപ്പെട്ടത്. ഗ്രീക്കിലുള്ള പുതിയനിയമം രചിക്കപ്പെട്ടത് ഒന്നാം നൂററാണ്ടിൻെറ രണ്ടാം പകുതിയിലാണ്. ആദ്യസുവിശേഷമായ മാത്യുവിൻെറ പുസ്തകം AD 50നും 75നും ഇടയിലാണ് എഴുതപ്പെട്ടതെന്ന് വിശ്വസിക്കപ്പെടുന്നു. AD 85 ഓടുകൂടി ജോൺ രചിച്ചതാണ് നാലു സുവിശേഷങ്ങളിൽ അവസാനത്തേത്.
- ഭ്രൂണശാസ്ത്രത്തേക്കുറിച്ച് കൂടുതലറിയുവാൻ www.eajaz.org, www.eajaz.org, www.islamhouse.com
- ഖുർആനിലെ ശാസ്ത്രസത്യങ്ങളെക്കുറിച്ച് കൂടുതലറിയുവാൻ www.eajaz.org
- ജോർദ്ദാനിന് കിഴക്ക് അബുഅലാണ്ടയിലായിരുന്നു ഏഴ് ഗുഹാവാസികൾ ഉറക്കത്തിലായിരുന്നതെന്ന് കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു.

ഇത് ഗുഹയ്ക്കുമുകളിൽ പണിത പള്ളിയുടെ ഭാഗമാണെന്ന് വിശ്വസിക്കപ്പെടുന്നു.



# അദ്ദേഹത്തിൻെറ വചനങ്ങൾ

ജീവിതത്തിലെ എല്ലാ തുറകളിലേയും കാര്യങ്ങൾ പ്രതിപാദിക്കുന്നതിനാൽ മുഹമ്മദിൻെറ വചനങ്ങൾ വളരെ സ്വാധീന ശക്തിയുള്ളതാണ്. അവ ദിവ്യവെളിപാടുകളിൽ നിന്നും നിപുണതയിൽ നിന്നുമുള്ളതാണ്. അദ്ദേഹത്തിൻെറ വചനങ്ങൾ, പ്രവർത്തികൾ, സമ്മതങ്ങൾ, ഗുണങ്ങൾ എന്നിവയെ "സുന്ന" എന്നറിയപ്പെടുന്നു. ഇത് പരിശുദ്ധ ഖുർആൻ കഴിഞ്ഞാൽ രണ്ടാമത്തെ ഇസ്ലാമികനിയമങ്ങളായി കണക്കാക്കപ്പെടുന്ന

"നിങ്ങളുടെ സഹവാസി (അതായത് മുഹമ്മദ്) സത്യമാർഗ്ഗത്തിൽ നിന്ന് വ്യതിചലിക്കുകയോ, വ്യാമോഹത്തിലോ, സ്വന്തമായി പറയുകയോ അല്ല"
പരിശുദ്ധ ഖുർആൻ 53:2,3



(രണ്ടുകരങ്ങളിലേയും വിരലുകൾ കോർത്തു പിടിച്ചുകൊണ്ട്) മുഹമ്മദ് പറഞ്ഞു:
"വിശ്വാസികൾ ഒരു കെട്ടിടത്തിലെ കല്ലുകൾ പോലെയാണ്, പരസ്പരം കെട്ടുപിണഞ്ഞ്"
ബുഖാരി, മുസ്ലീം, തിർമദിയിൽ നിന്ന് നിവേദനം




മുഹമ്മദ് സമാന്തരരേഖകൾ മണ്ണിൽ വരച്ച് പറഞ്ഞു: "ഈ ഭൗതീകജീവിതത്തിൽ ഒരുപാട് ആഗ്രഹങ്ങളും പദ്ധതികളുമുള്ളവനാണ് മനുഷ്യൻ. അവനതെല്ലാം പൂർത്തീകരിക്കുവാൻ ശ്രമിക്കുന്നതിനിടയ്ക്ക് അവനിൽ മരണം സംഭവിക്കുന്നു"
ബുഖാരിയും തുർമിദിയും നിവേദനം

അഞ്ച് കാര്യങ്ങൾക്കുമുൻപുള്ള അഞ്ച്കാര്യങ്ങൾ:
വയസ്സാകുന്നതിനുമുൻപുള്ള യൗവ്വനം
രോഗാവസ്ഥയ്ക്കുമുൻപുള്ള ആരോഗ്യാവസ്ഥ
ദാരിദ്രത്തിന്മുൻപുള്ള ധനം
തിരക്കിന്മുൻപുള്ള ഒഴിവുസമയം
മരണത്തിന്മുൻപുള്ള ജീവിതം (റിയാദ് സാലിഹീൻ)

"ഉത്തമനായ ഒരു വിശ്വാസി സൽസ്വഭാവിയാണ്"
(തുർമദിയിൽ നിന്ന് നിവേദനം)



“മനുഷ്യർ അവഗണിക്കുന്നത് രണ്ട് അനുഗ്രഹങ്ങളാണ്; ആരോഗ്യവും ഒഴിവുസമയവും.” (റിയാദ് സാലിഹീൻ)

രണ്ടുകാര്യങ്ങൾക്കല്ലാതെ അസൂയപ്പെടൽ അനുവദനീയമല്ല. ഒന്നാമത്തേത് ദൈവം നൽകിയ ധനം നല്ലകാര്യങ്ങൾക്കായി ചിലവഴിക്കുന്നതിൽ, രണ്ടാമത്തേത് ദൈവം വിജ്ഞാനം നൽകിയവർ അതനുസരിച്ച് പ്രവർത്തിക്കുകയും മററുള്ളവരെ പഠിപ്പിക്കുകയും ചെയ്യുന്നതിൽ” (ബുഖാരി 73/15)

“മതപരമായ കാര്യങ്ങൾ മനുഷ്യർക്ക് എളുപ്പമാക്കുക, ബുദ്ധിമുട്ടാക്കാതിരിക്കുക. അവർക്ക് നല്ലവാർത്ത അറിയിക്കുക, അവർ ഓടിപ്പോകാൻ ഇടവരുത്തരുത്” (ബുഖാരി 69/11)

“വ്യക്തമായി, സത്യസന്ധമായി കച്ചവടവും വാണിജ്യവും ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കും. സത്യം മറച്ചുവെയ്ക്കുകയും കളവ് പറയുകയും ചെയ്യുന്നവരെ ദൈവം അനുഗ്രഹിക്കുകയില്ല.” (ബുഖാരി 2082/22)

“നിനക്കിഷ്ടപ്പെടുന്നത് നിന്റെ സഹോദരനും ഇഷ്ടപ്പെടുന്നതു വരെ നിങ്ങളൊരു ദൈവവിശ്വാസിയാവുകയില്ല” (ബുഖാരി 13/7)

“എല്ലാ മുസ്ലിമീങ്ങളും സദ്ക (ദാനം) നൽകണം. അവന് നൽകാൻ ഒന്നുമില്ലെങ്കിൽ അവൻ ജോലിചെയ്ത് അവന്റെ കാര്യങ്ങൾ നടത്തി ബാക്കി ദാനവും നൽകണം. ഇനി അവന് ജോലി കിട്ടുന്നില്ലെങ്കിൽ അവൻ ശാരീരികമായി മററുള്ള വരെ സഹായിക്കട്ടെ. ഇനി സഹായിക്കുവാൻ ആരേയും കാണുന്നില്ലെങ്കിൽ അവൻ നല്ലതുപ്രവർത്തിക്കുകയും തിന്മയിൽനിന്ന് ഒഴിയുകയും ചെയ്യട്ടെ. ഇത് അവനുള്ള ദാനമാണ്” (ബുഖാരി 1445/30)

“ഒരാൾ മരിച്ചാൽ മൂന്നുകാര്യങ്ങളിൽനിന്നുമാത്രം അവന് പ്രതിഫലം ലഭിക്കും. മനുഷ്യന് സ്ഥിരമായി ഗുണം കിട്ടുന്ന എന്തെങ്കിലും അവൻ വിട്ടുപോയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ മനുഷ്യന് അറിവുനൽകുന്ന എന്തെങ്കിലും നൽകിയിട്ടുണ്ടെ ങ്കിൽ, അതുമല്ലെങ്കിൽ അവനുവേണ്ടി പ്രാർത്ഥിക്കുകയും പാപമോചനം തേടുകയും ചെയ്യുന്ന സൽപുത്രന്മാരെ അവൻ വിട്ടിട്ടുപോയിട്ടുണ്ടെങ്കിൽ”

(മുസ്ലിം, തിർമദി, നസ്സായിൽ നിന്ന് നിവേദനം)

"നിങ്ങൾ എവിടെയായിരുന്നാലും നിങ്ങൾ അള്ളാഹുവിനെ ഭയപ്പെടുക. തിന്മയ്ക്കുശേഷം അതിനെ മായ്ച്ചുകളയുന്ന നന്മ ചെയ്യുക. ജനങ്ങളോട് ഉയർന്ന സദാചാരത്തോടെ വർത്തിക്കുക". (തിർമിദി 1957, അഹമ്മദ് 5/153)

"നന്മ സദാചാരമാണ്. തിന്മ ചെയ്യുമ്പോൾ നിനക്ക് ഭയപ്പാടും, മററുള്ളവരിൽനിന്ന് നീ ഒളിക്കാനാഗ്രഹിക്കുകയും ചെയ്യും."
(മുസ്ലീം 15/2553)

"ശത്രുവിനെ നിലത്തടിച്ച് പരാജയപ്പെടുത്തുന്നവനല്ല ശക്തൻ, കോപം വരുമ്പോൾ അതിനെ നിയന്ത്രിക്കുന്നവനാണ് ശക്തൻ"
(ബുഖാരി, മുസ്ലീം, അഹമ്മദ് എന്നിവയിൽ നിന്ന് നിവേദനം)

"അള്ളാഹുവിലും തീർപ്പിൻെറ ദിനത്തിലും വിശ്വസിക്കുന്നവർ നല്ലതുപറയുകയോ അല്ലെങ്കിൽ മൗനം പാലിക്കുകയോ ചെയ്യട്ടെ. അള്ളാഹുവിലും തീർപ്പിൻെറ ദിനത്തിലും വിശ്വസിക്കുന്നവർ തൻെറ അയൽവാസികളെ ബഹുമാനിക്കട്ടെ. അള്ളാഹുവിലും തീർപ്പിൻെറദിനത്തിലും വിശ്വസിക്കുന്നവർ തൻെറ അതിഥികളെ ബഹുമാനിക്കട്ടെ."
(ബുഖാരി 6018, മുസ്ലിം 74:47)

(മേൽപറഞ്ഞ കാര്യങ്ങൾ പുരുഷന്മാർക്കും സ്ത്രീകൾക്കും ബാധകമാണ്)

# ആഹാരത്തേയും മരുന്നുകളേയും കുറിച്ചുള്ള പ്രവാചകനായ മുഹമ്മദിൻെറ വചനങ്ങൾ

## പ്രതിരോധമാണ് ചികിത്സയേക്കാൾ നല്ലത്

മുഹമ്മദ് ഒരു ഭിഷഗ്വരനല്ലായിരുന്നെങ്കിലും ആഹാരം, ആഹാരമര്യാദകൾ, ഔഷധച്ചെടികൾ കൊണ്ടുള്ള ചികിത്സ, മററുചികിത്സാരീതികൾ എന്നിവയെക്കുറിച്ചുള്ള അദ്ദേഹത്തിൻെറ വചനങ്ങൾ ക്രോഡീകരിച്ച് "പ്രവാചക ചികിത്സ" എന്ന പുസ്തകം ഉണ്ടായി.

നമ്മൾ നിറയ്ക്കുന്നതിൽ ഏററവും മോശമായത് വയറാണ് എന്ന് പല സന്ദർഭങ്ങളിലും മുഹമ്മദ് സൂചിപ്പിച്ചിട്ടുണ്ട്. ലഘുഭക്ഷണമാണ് അമിതാഹാരത്തെക്കാൾ നല്ലത്. ആരോഗ്യപ്രശ്ശനങ്ങൾ ഇല്ലാതിരിക്കുവാൻ ഇതാണ് നല്ലത്.

**The Belly, the Worst Thing to Fill**

ലഘുവായി തിന്നുകയും കുടിക്കുകയും ചെയ്യുവാനും അമിതമാകാതെ ഓജസ്സുനല്കുന്ന ആഹാരരീതി പിൻതുടരുവാനും മുഹമ്മദ് അനുയായികളെ പ്രേരിപ്പിച്ചു. പരിശുദ്ധ ഖുർആൻ അദ്ധ്യായം 7ലെ സൂക്തം 31 അദ്ദേഹം ഇതിലേക്കായി പാരായണം ചെയ്തു.

> "ആദം സന്തതികളെ നിങ്ങൾ പ്രാർത്ഥനയ്ക്കായി പോകുമ്പോൾ നല്ല അലങ്കാരങ്ങൾ ധരിക്കുക. അമിതമാകാതെ തിന്നുകയും കുടിക്കുകയും ചെയ്യുക. തീർച്ചയായും അമിതമാക്കുന്നവരെ ദൈവം ഇഷ്ടപ്പെടുന്നില്ല"



## വിഷാദ രോഗങ്ങൾക്ക് ബാർലി



### മുഹമ്മദ് ബാർലി ഒരു മരുന്നായി നിർദ്ദേശിക്കുന്നു:

ആധുനീകഗവേഷണം ബാർലിയുടെ അത്ഭുതകരമായ ആരോഗ്യമേന്മ തെളിയിച്ചു. ബാർലിപുല്ല് ഒരു പൂർണ്ണ ആരോഗ്യ ആഹാരമാണ്.


ദീപനരസം, വിററാമിനുകൾ, ധാതുക്കൾ, സസ്യരാസങ്ങൾ, ട്രിപ്ടോഫാൻ ഉൽപ്പെടെ 8 അമിനോഅമ്ലങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

ഉദരരോഗങ്ങൾക്ക് മുഹമ്മദ് ബാർലിസൂപ്പ് (തൽബിനി) നിർദ്ദേശിക്കുകയും, ഇത് ദുഃഖവും വിഷാദവും അകററുമെന്ന് അദ്ദേഹത്തിൻെറ വചനങ്ങളിലൂടെ സൂചിപ്പിക്കുകയും ചെയ്തു. തൻെറ അടുത്ത ബന്ധുക്കൾക്ക് ആയിഷ തൽബിന നിർദ്ദേശിക്കുമായിരുന്നു.

(സഹീബുഖാരിയിൽ നിന്ന് നിവേദനം)

വൈദ്യശാസ്ത്രമനുസരിച്ച് തലച്ചോറിലെ ചില അമ്ലങ്ങളുടേയോ നാഡീസന്ദേശവാഹകയുടേയോ കുറവുകൊണ്ടാണ് വിഷാദരോഗങ്ങൾ ഉണ്ടാകുന്നത്. വിഷാദവിരുദ്ധവസ്തുക്കൾ രാസമാററങ്ങളെ ഉത്തേജിപ്പിച്ച് നാഡീസന്ദേശവാഹകയുടെ തോത് ഉയർത്തുന്നു.

സെറോടോണിൻ, നോർപൈൻഫ്രിൻ, ഡോപാമൈൻ എന്നിവ മനസ്സിനെ ബാധിക്കുന്ന നാഡീസന്ദേശവാഹകരാണ്. 1400 വർഷങ്ങൾക്കുമുൻപുള്ള മുഹമ്മദിൻെറ ബാർലിചീകിത്സ അവിശ്വസനീയമാണ്.





## ഗോതമ്പോ ബാർലിയോ?

ഗോതമ്പ് അധികമായി മുഹമ്മദ് ഉപയോഗിച്ചിട്ടില്ല എന്നത് ശ്രദ്ധേയമാണ്. ഗോതമ്പിനു പകരം ബാർലിയോ ബാർലിമാവിൽ നിന്നുള്ള ബ്രഡോ ആണ് കഴിച്ചിരുന്നത്.



ബാർലിവിത്തിന് പല ആരോഗ്യനന്മകളുമുണ്ട്. ഇത് രക്തത്തിലെ പഞ്ചസാര കുറയ്ക്കുകയും രക്തം കട്ട പിടിക്കുന്നത് കുറച്ച് ശരീരത്തിലെ കൊളസ്ട്രോൾ നിയന്ത്രിക്കുന്നു.

ആഹാരം കുറയ്ക്കുവാൻ മുഹമ്മദ് നിർദ്ദേശിച്ചിട്ടുണ്ട്. ഭക്ഷിക്കുമ്പോൾ വയറിൻെറ മൂന്നിലൊന്ന് ആഹാരവും മൂന്നിലൊന്ന് വെള്ളവും ശേഷിച്ച മൂന്നിലൊന്ന് ഒഴിച്ചിടുവാനും മുഹമ്മദ് നിർദ്ദേശിച്ചു.
(മിഖ്ദം ബിൻ മാദ് യാക്രിബിൽ നിന്ന്)

1/3 ആഹാരം
+
1/3 വെള്ളം
+
1/3 കാലി

© by Marin Topić

**സംസംവെള്ളം** മക്കയിലെ ദിവ്യമായ പള്ളിയിലെ കഅ്ബയുടെ 20മീ കിഴക്കുള്ള കിണറിൽ നിന്നുകിട്ടുന്ന വെള്ളത്തിനാണ് സംസം എന്ന് പറയുന്നത്. ആയിരക്കണക്കിന് വർഷങ്ങൾക്കുമുൻപ് എബ്രഹാമിന്റെ മകൻ ഇസ്മായിൽ ദാഹിച്ചുകരഞ്ഞ് കാല് നിലത്തടിച്ചപ്പോൾ അത്ഭുതകരമായി ഉയർന്നുവന്ന വെള്ളമാണ് സംസം എന്ന് മുസ്ലിങ്ങൾ വിശ്വസിക്കുന്നു. (അദ്ദേത്തിന്റെ മാതാവായ ഹാജർ വെള്ളത്തിനായി തിരഞ്ഞ് കുറേസമയം പരിശ്രമിച്ചതിനുശേഷം)

കുറച്ച് ക്ഷാരസ്വഭാവമുള്ള (PH=7.5) പ്രത്യേകരുചിയുള്ള വെള്ള മാണ് സംസം. (ധാതുരഹിതജലം, വാററപ്പെട്ടതു പോലെയുള്ളത് തുടങ്ങിയവ ഉപയോഗിച്ചാൽ വയററിലും കുടലിലും ഫണ്ട അമ്ലം ഉണ്ടാവുകയും, അമ്ലാവസ്ഥ വർദ്ധിക്കുകയും ചെയ്യുമെന്നറിയുക)


ദൈവത്തിൽ നിന്നുള്ള അനുഗ്രഹീതജലമാണ് സംസം എന്ന് മുഹമ്മദ് പ്രസ്താവിച്ചു. അത് ആഹാരമായും രോഗശമനത്തിനും ഉപകരിക്കുന്നു. (ബസാർ, തബ്രാനിയിൽ നിന്ന് നിവേദനം)

അമേരിക്കയിലെ ഫുഡ് ആൻറ് ഡ്രഗ്ഗ് അതോറിററി, കുറഞ്ഞത് 250 ppm അലിഞ്ഞുചേർന്ന ഖരം ഉള്ള വെള്ളത്തെയാണ് ധാതുജലമായി കണക്കാക്കുന്നത്.

സംസം വെള്ളത്തിന്റെ രാസവിശ്ലേഷണത്തിൽ അതിൽ 1000 ppm ഖരമുള്ളതായി അറിവായിട്ടുണ്ട്. ലോകാരോഗ്യസംഘടന ഇതിനെ പാനയോഗ്യമായ ജലമായി കണക്കാക്കിയിരിക്കുന്നു.




മനുഷ്യശരീരത്തിന് ആവശ്യമായ കാത്സ്യം (എല്ലുകളുടെ ഉറപ്പിനും ഞരമ്പുകളുടെ പ്രവർത്തനത്തിനും ആവശ്യമായത്) പല്ലുകൾക്ക് പ്രയോജനപ്രദമായ ഫ്ലൂറൈഡുകൾ, ദഹനത്തിന് സഹായിക്കുന്ന ബൈകാർബണേററുകൾ എന്നിവയടങ്ങിയ സംസം വിശപ്പിന് ആഹാരം പോലെയുമാണ്.



സംസംവെള്ളം കാത്സ്യമടങ്ങിയ ഏററവും സമ്പുഷ്ടമായ പാനയോഗ്യമായ ജലമാണ്. ഇതിൽ 195–200 mg/L കാത്സ്യമുണ്ട്. ഇത് പ്രായപൂർത്തിയായ ഒരാൾക്ക് ദിവസേന ആവശ്യമായ കാത്സ്യത്തിന്റെ 20 ശതമാനമാണ്.

ഇത് അറിയപ്പെടുന്ന ധാതുജലങ്ങളിൽ ഏററവും ഉയർന്നതാണ്. ഉദാഹരണമായി ഇവിയാൻ (78–80 mg/L കാത്സ്യം) പെരീർ (147–150 mg/L കാത്സ്യം)



വാതവേദനകൾ, നീർക്കെട്ട്, ഞരമ്പുരോഗം, സന്ധിവീക്കം മുതലായവയെ ശമിപ്പിക്കുന്ന പല രോഗശമനഘടകങ്ങളും അടങ്ങിയതാണ് ധാതുജലം.



വെള്ളത്തിന്റെ തുള്ളിയെ സൂചിപ്പിക്കുന്ന രീതിയിൽ റസൂലുള്ള (ദൈവപ്രവാചകൻ) എന്ന അറബിവാക്ക് കലാപരമായി രൂപകല്പന നല്കിയത്. ഫാരിദ് അലിയോട് കടപ്പാട്

## ട്രിഫിൾ (ഭിക്ഷയ്കൂൺ) ഒരു മരുന്ന്

മുഹമ്മദ് പറഞ്ഞു: "ഭിക്ഷയ്കൂൺ ഒരുതരം മന്നയാണ് (ഇസ്രായീൽ സന്തതികൾക്ക് ദൈവം ഇറക്കിയത്) ഇതിന്റെ സത്ത് കണ്ണിന് ഔഷധമാണ്.
(ബുഖാരി, മുസ്ലീം, തിർമദി നിവേദനം ചെയ്തത്)



അഗാരീകാസു വർഗ്ഗത്തിലെ ഒരുതരം മാംസളമായ കൂണാണ് ഭിക്ഷയകൂൺ അഥവാ ട്രിഫിൾ. മരുഭൂമിയിൽ ഈർപ്പമുള്ളസ് ഥലത്ത് ഇലയോ വേരോ ഇല്ലാതെ മണ്ണിനടിയിൽ (2–5 cm താഴെ) കൂട്ടമായി വളരുന്നവയാണിത്. വെള്ള, ചാര, നീല നിറങ്ങളിലുള്ള ഇവ പ്രത്യേക ഗന്ധമുള്ളവയാണ്. വിശ്ലേഷണഗവേഷണത്തിൽ ട്രിഫിൾ 70% ജലവും ബാക്കി പ്രോട്ടീൻ, കൊഴുപ്പ്, കാർബോഹൈഡ്രേററ് മററുചിലരാസവസ് തുക്കളും അടങ്ങിയ മിശ്രിതമാണെന്ന് കാണുന്നു. ആധുനീകശാസ്ത്രം ഇതിന്റെ സത്ത് നയനരോഗങ്ങൾക്ക് ശമനം നല്കുന്നുവെന്ന് തെളിയിച്ചിട്ടുണ്ട്. കണ്ണിന്റെ പടലത്തെ ബാധിക്കുന്ന ട്രാക്കോമ ഒരു ഉദാഹരണമാണ്.



## മുഹമ്മദും ഒലീവ് എണ്ണയും

ഒലീവ് എണ്ണ ഒരു അനുഗ്രഹീതമരത്തിൽ നിന്നാണെന്ന് മുഹമ്മദ് വിവരിച്ചു. ഒലീവ് എണ്ണ കഴിക്കുവാനും ശരീരത്തിൽ പുരട്ടുവാനും മുഹമ്മദ് അനുയായികളെ പ്രോത്സാഹിപ്പിച്ചു.



ഒലീവ് എണ്ണ ആരോഗ്യത്തിനുതകുന്ന പല ഗുണങ്ങളുമുള്ളതാണെന്ന് ആധുനീകശാസ്ത്രം സ്ഥിരീകരിക്കുന്നു. ഒലീവ് എണ്ണയിലുള്ള കൊഴുപ്പിൻെറ അമ്ലങ്ങൾ നല്ലകൊഴുപ്പിൽ നിന്നാണ്. ഇത് ചീത്ത കൊഴുപ്പിനെ (LDL) നിയന്ത്രിച്ച് നല്ല കൊഴുപ്പിനെ (HDL) ഉയർത്തി ഹൃദയരോഗങ്ങൾക്ക് സംരക്ഷണമേകുന്നു.

ആമാശയ വൃണത്തിനും വീക്കത്തിനും പ്രതിവിധിയായ ഒലീവെണ്ണ ആമാശയത്തിന് പൊതുവേ നല്ലഗുണം ചെയ്യും.



സമ്മർദ്ദം ചെലുത്തിയുണ്ടാക്കുന്ന പുതിയ ഒലീവെണ്ണയിൽ വിററമിൻള്ള E, ഫിനോൾ എന്നിവയുള്ള ആൻറീഓക് സിഡൻറ് ഉയർന്നതോതിൽ അടങ്ങിയിട്ടുണ്ട്.

ത്വക്ക്രോഗങ്ങൾക്ക് ശമനവും പലപ്രദമായ ഈർപ്പമേകുന്നതുമാണ് ഒലീവ് എണ്ണയെന്ന് കരുതുന്നു.


പ്രമേഹരോഗബാധ സംശയിക്കുന്നവർക്ക് കുറഞ്ഞകൊഴുപ്പും കൂടിയകാർബോഹൈഡ്രേററും ഉള്ള ആഹാരത്തിൽ ഒലീവ് എണ്ണ കലർത്തി കഴിക്കുന്നത് നല്ലതാണ്. കുറഞ്ഞകൊഴുപ്പുള്ള ആഹാരം മാത്രമായി കഴിക്കുന്നതിലും നല്ലത് ഇതാണെന്ന് പഠനങ്ങൾ തെളിയിക്കുന്നു.



“അള്ളാഹു (ദൈവം) ആകാശഭൂമികളിലെ പ്രകാശമാണ്. അവൻെറ പ്രകാശത്തിൻെറ ഉപമ ഒരു മാടത്തിലെ വിളക്കുപോലെയാണ്. ആ വിളക്ക് സ്ഫടികത്തിലാണ്. സ്ഫടികമാകട്ടെ, അതൊരു പ്രശോഭിതമായ നക്ഷത്രം പോലെയാണ്. അനുഗ്രഹീതമായ, പൗരസ്ത്യമോ പാശ്ചാത്യമോ അല്ലാത്ത ഒലീവ് വൃക്ഷത്തിൽ നിന്നുള്ള എണ്ണയാൽ അത് കത്തിക്കപ്പെടുന്നു. അതിനെ തീയ് സ്പർശിച്ചിട്ടില്ലെങ്കിലും സ്വയം വെളിച്ചം നൽകുമാറാകുന്നു. പ്രകാശത്തിനുമേൽ പ്രകാശം. അവനുദ്ദേശിക്കുന്നവരെ അവൻെറ പ്രകാശത്തിലേക്ക് മാർഗ്ഗദർശനം നല്കുന്നു. അള്ളാഹു ജനങ്ങൾക്ക് ഉപമ വിവരിച്ചുകൊടുക്കുന്നു. അള്ളാഹു എല്ലാകാര്യങ്ങളെക്കുറിച്ചും അറിയുന്നു”

പരിശുദ്ധ ഖുർആൻ 24:35

# ഉപസംഹസാരം



പ്രവാചകനായ മുഹമ്മദിൻെറ പള്ളി (മസ്ജിദുന്നബവി), മദീന , സൗദിഅറേബ്യ.

കുറിപ്പ്: മുഹമ്മദിൻെറ വീടും ഖബറിടവും പള്ളിയോട് ചേർന്നിരിക്കുന്നു.

# മുഹമ്മദ് എന്ന മനുഷ്യൻ

മുഹമ്മദിൻെറ ശ്രേഷ്ഠവും ദയാപരവുമായ പെരുമാററം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. സൗമ്യതയും സാഹോദര്യവുമായിരുന്നു അദ്ദേഹത്തിൻെറ പഠനങ്ങളുടെ ആധാരം. അദ്ദേഹത്തിൻെറ പെരുമാററത്തിൽ കുഴപ്പത്തിന് ഒരു സ്ഥാനവുമില്ലായിരുന്നു.



“ചരിത്രത്തിൽ ഏററവും സ്വാധീനശക്തിയുണ്ടായിരുന്ന 100 വ്യക്തികൾ” എന്ന തൻെറ പുസ്തകത്തിൽ മൈക്കേൽ ഹാർട്ട് പറയുന്നു:

“ഏററവും എളിയ വംശജനായ മുഹമ്മദ്, ലോകത്തിലെ പ്രധാനപ്പെട്ട ഒരു മതം സ്ഥാപിക്കുകയും അതിനെ വ്യാപിപ്പിക്കുകയും ചെയ്ത് സ്വാധീനമുള്ള ഒരു രാഷ്ട്രീയനേതാവായി. പതിനാല് നൂററാണ്ടുകൾക്കുശേഷം ഇപ്പോഴും അദ്ദേഹത്തിൻെറ സ്വാധീനം ശക്തവും വ്യാപകമാകുന്നതുമാണ്. ഈ പുസ്തകത്തിലുള്ള മിക്കവരും ഉയർന്നസംസ്ക്കാരവും വികസനവുമുള്ള പ്രധാനപ്പെട്ട രാഷ്ട്രങ്ങളിൽനിന്നുള്ളവരാണ്.

> “സമാനതകളില്ലാത്ത സാമാന്യവും മതപരവുമായ സ്വാധീനമാണ് മുഹമ്മദിനെ ലോകത്തിലെ ഏററവും സ്വാധീനമുള്ള വ്യക്തിയായി തെരഞ്ഞെടുക്കുവാൻ എന്നെ പ്രേരിപ്പിച്ചത്”
>
> മൈക്കേൽ ഹാർട്ട്

മുഹമ്മദ് എന്ന വാക്ക് അറബിയിൽ പ്രത്യേകശൈലിയിൽ രൂപകല്പന ചെയ്തത്

അറേബ്യയുടെ തെക്കുഭാഗത്തുള്ള മക്കയിൽ **570 CE** ലാണ് ജനിച്ചത്.

"ജീസ്സസ് ക്രൈസ്ററിനും സെൻറ് പോളിനും ക്രിസ്തുമതത്തിൽ ഒരുമിച്ചുള്ള സ്വാധീനത്തേക്കാൾ വളരെക്കൂടുതലാണ് മുഹമ്മദിന് ഇസ്ലാമിലുള്ള സ്വാധീനം. മതപരമായ കാര്യങ്ങൾ മാത്രം പരിഗണിച്ചാൽ ജീസ്സസിൻെറ അത്രതന്നെ സ്വാധീനം മുഹമ്മദിനും ഉണ്ടായിരുന്നു."

## മുഹമ്മദ് എന്ന നേതാവ്



ഫ്രഞ്ച് എഴുത്തുകാരനും രാഷ്ട്രീയക്കാരനുമായ അൽ ഫോൻസ് ഡേ ലമാർട്ടൈൻ തൻെറ പുസ്തകമായ ഹിസ് തോയിർ ഡേ ലാ തുർക്കിയിൽ മുഹമ്മദിനെക്കുറിച്ച് ഇപ്രകാരം പറയുന്നു:

"ഉദ്ദേശശുദ്ധി, കുറഞ്ഞസാമഗ്രികൾ, അപാരമായ ഫലം എന്നീ മൂന്നുകാര്യങ്ങളാണ് ഒരാളുടെ ഉജ്ജ്വലവിജയത്തിൻെറ അളവുകോൽ. മുഹമ്മദല്ലാതെ മററാർക്കാണ് ചരിത്രത്തിൽ ഇതിന് അർഹതയുള്ളത്"

"സ്വമനസ്സാലെയോ അല്ലാതെയോ ഇത്രയും ഉയർന്ന ഒരു ലക്ഷ്യം ആരുംതന്നെ സമർപ്പിച്ചിട്ടില്ല. സൃഷ്ടികളുടേയും സൃഷ്ടാവിൻേറയും ഇടയിലുള്ള അന്ധവിശ്വാസം ഇല്ലാതാക്കി, ദൈവത്തിനെ ശരിയായരീതിയിൽ ജനങ്ങൾക്ക് ബോധ്യപ്പെടുത്തി, യുക്തിപൂർവ്വകവും വിശുദ്ധവുമായ ദൈവവിശ്വാസം പുനസ്ഥാപിച്ചു.





കൂടാതെ നിലവിലുള്ള കുഴപ്പങ്ങളും ബിംബാരാധനയും ഇല്ലാതാക്കി. ഇത്രയും വിശാലമായതും നിലനില്ക്കുന്നതുമായ ഒരു വിപ്ലവം ലോകത്താരും ഇത്രയും കുറഞ്ഞകാലയളവിൽ കരസ്ഥമാക്കിയിട്ടില്ല.

മുഹമ്മദ് ആയുധങ്ങൾ ഉയർത്തിയത് ഭൗതീകമായ നേട്ടങ്ങൾക്കല്ലായിരുന്നു. അദ്ദേഹം ആശയങ്ങളേയും വിശ്വാസങ്ങളേയും ആത്മാവിനേയും ഉയർത്തുവാനാണ് പ്രയത് നിച്ചതെന്ന് ലമാർടൈൻ സൂചിപ്പിക്കുന്നു. എല്ലാ ഭാഷക്കാരേയും സമുദായങ്ങളേയും ഉൾക്കൊള്ളുന്ന ഒരു ആത്മീയരാഷ്ട്രം ഒരു പുസ്തകം (ഖുർആൻ) മൂലം സ്ഥാപിച്ചു. അതിലെ ഓരോ അക്ഷരങ്ങളും ഓരോ നിയമമായി.

## മുഹമ്മദ് ഒരു ദൈവദൂതൻ




570 CE യിൽ മുഹമ്മദ് മക്കയിലെ പ്രധാനികൾക്കെതിരെ വിജയം പ്രാപിച്ച് സമാധാനപൂർവ്വം അവിടെ പ്രവേശിച്ചു. അദ്ദേഹം അവിടെ സ്ഥിരതാമസത്തിനല്ല വന്നത് മറിച്ച് അവിടെയുള്ള വിഗ്രഹാരാധനയെ അകററി, കഅ്ബ (എബ്രഹാം ഏകദൈവാരാധനയ്ക്കായി നിർമ്മിച്ച ഘനാകൃതിയിലുള്ള മന്ദിരം) യുടെ യഥാർത്ഥ ഉദ്ദേശം പുനസ്ഥാപിക്കുവാനായാണ്. കഅ്ബയ്ക്ക് ചുററുമുള്ള എല്ലാ വിഗ്രഹങ്ങളും അദ്ദേഹം നീക്കം ചെയ്തിട്ട് ബിലാലിനോട് കഅ്ബയുടെ മുകളിൽ കയറി ബാങ്ക് വിളിക്കുവാൻ ആവശ്യപ്പെട്ടു.



അള്ളാഹു ഏററവും ഉന്നതൻ, അള്ളാഹു ഏററവും ഉന്നതൻ, അള്ളാഹുവല്ലാതെ മറെറാരുദൈവമില്ലെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. മുഹമ്മദ് ദൈവദൂതനാണെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു.









കഅ്ബയുടെ താക്കോൽ സൂക്ഷിപ്പുകാരനായ ഉദ്മാൻ ബിൻ തൽഹാ (ബനീശൈബാ കുടുംബത്തിലെ) യെ മുഹമ്മദ് വിളിപ്പിച്ചു. ഇസ്ലാമിന് മുൻപ് ഒരു ഉടമ്പടിപ്രകാരം ബനീശൈബാ കുടുംബക്കാരാണ് കഅ്ബയുടെ താക്കോൽ സൂക്ഷിച്ചിരുന്നത്. ഈ ബഹുമതിയും ഉത്തരവാദിത്വവും തലമുറകളായി ഈ കുടുംബം നിലനിർത്തി. ഒടുവിൽ അത് ഉദ്മാൻ ബിൻ തൽഹായിലെത്തി.

വർഷങ്ങൾക്കുമുൻപ് ഉദ്മാൻ ബിൻ തൽഹാ മുസ്ലിമല്ലാതിരുന്ന കാലത്ത് മുഹമ്മദിനെ കഅ്ബയിൽ പ്രവേശിക്കുവാനോ നമസ്ക്കരിക്കുവാനോ അനുവദിച്ചിരുന്നില്ല. മുഹമ്മദ് മക്ക കീഴടക്കിയപ്പോൾ ഉദ്മാന്, താക്കോലും ബഹുമതിയും മുഹമ്മദിനെ ഏല്പിക്കുകയല്ലാതെ നിർവ്വാഹമില്ലായിരുന്നു.

അപ്പോൾ മക്കയിലുള്ള പലരും ആ ബഹുമതി തങ്ങൾക്ക് നൽകണമെന്ന് മുഹമ്മദിനോട് അഭ്യർത്ഥിക്കുകയും ആർക്കാണ് മുഹമ്മദ് കഅ്ബയുടെ താക്കോലും ബഹുമതിയും നൽകുന്നതെന്നും ആകാംക്ഷയോടെ കാത്തിരുന്നു.

കുറച്ചുനേരത്തെ മൗനത്തിനുശേഷം മുഹമ്മദ് കഅ്ബ തുറന്ന് അതിനുള്ളിൽ ഉണ്ടായിരുന്ന എല്ലാ വിഗ്രഹങ്ങളേയും നീക്കം ചെയ്തു. അദ്ദേഹം ഉദ്മാൻ ബിൻ തൽഹായെ നോക്കി (പഴയ ഉടമ്പടി
പാലിച്ചുകൊണ്ട്) പറഞ്ഞു:

"ഇന്നേദിവസം വിശ്വസ്ഥതയുടേയും ധാർമ്മികതയുടേയും ദിവസമാണ്. നിങ്ങൾ താക്കോൽ സ്വീകരിക്കുക. അക്രമികളല്ലാതെ ആരുംതന്നെ ഇന്ന് മുതൽ തീർപ്പിൻെറ ദിനംവരെ നിങ്ങളുടെ കുടുംബമായ ബനീശൈബക്കാരല്ലാതെ ഈ തക്കോൽ എടുക്കാവതല്ല"



## ആ നിമിഷത്തിലെ വിശ്വസ്ഥത ഇന്നും നിലനിൽക്കുന്നു:

**ഇപ്പോഴും ബനീശൈബകുടുംബക്കാർ തന്നെയാണ് കഅ്ബയുടെ താക്കോൽ സൂക്ഷിക്കുന്നത് എന്നത് നിങ്ങൾക്ക് ആശ്ചര്യമാകാം!.**


1400ൽപരം വർഷം പിന്നിട്ടും തലമുറകളായി കഅ്ബയുടെ താക്കോൽ ബനീശൈബകുടുംബത്തിന്റെ കൈവശംതന്നെയാണ്. മുഹമ്മദ് വിവരിച്ചതുപോലെ ആ താക്കോൽ എടുത്ത് അക്രമിയാകുവാൻ ആരുംതന്നെ ധൈര്യപ്പെട്ടിട്ടില്ല. വർഷത്തിലെ ഹജ്ജിന്റെ സമയത്ത് സൗദിഭരണാധികാരികൾ കഅ്ബ ശുദ്ധിയാക്കുവാനും ഒരുക്കുവാനും വേണ്ടി, ബനീശൈബകുടുംബത്തിലെ അപ്പോഴത്തെ അവകാശിയെ വിളിപ്പിച്ച് അത് തുറന്നുതരുവാൻ ആവശ്യപ്പെടുന്നു.





## സുറാഖിൻെറ കഥ; ഒരു പ്രവചനം 20 വർഷങ്ങൾക്കുശേഷം സത്യമാകുന്നു.

മുഹമ്മദ് പ്രിയപ്പെട്ട അനുയായിയായ അബൂബക്കറുമായി മക്കയിൽ നിന്ന് മദീനയിലേക്ക് പാലായനം ചെയ്തപ്പോൾ (622 CE) ആരെങ്കിലും മുഹമ്മദിനെ ജീവനോടെയോ കൊലപ്പെടുത്തിയോ കൊണ്ടുവന്നാൽ 100 ഒട്ടകങ്ങളെ നൽകുമെന്ന് വിളംബരമുണ്ടായി. അതനിസരിച്ച്



ഈ പ്രതിഫലം നേടുവാനായി സുറാഖാ ബിൻ മാലിക് എന്ന ഒരു അറബിയോദ്ധാവ് മുഹമ്മദിനേയും അനുയായിയേയും പിൻതുടർന്നു. വഴിയിൽ പലയിടത്തും അയാളുടെ കുതിരയുടെ കാലിടറുകയും അയാൾ നിലത്തുവീഴുകയും ചെയ്തു. മുഹമ്മദിന് ദിവ്യശക്തിയുടെ സഹായമുണ്ടാകാമെന്ന് അയാൾക്ക് മനസ്സിലായി.

അയാൾ തൻെറ സമീപത്തെത്തിയപ്പോൾ മുഹമ്മദ് പറഞ്ഞു: “നീ തിരിച്ച് നിൻെറ ആളുകളുടെയടുത്തേക്ക് പോവുക, ഒരു ദിവസം (ഇസ്ലാമികരാഷ്ട്രം വരുമ്പോൾ) പേർഷ്യൻ ഭരണാധികാരിയായ ഖുസാറോയുടെ വള നിനക്ക് ലഭിക്കും.”

ഇറാനിലെ രാജാവായ ഖുസാറോയുടെ വളകൾ നല്കുമോ എന്ന് അതിശയത്തോടെ അയാൾ ചോദിച്ചപ്പേൾ “അതേ” എന്ന് ആത്മവിശ്വാസത്തോടെ മുഹമ്മദ് മറുപടി നല്കി. ഇസ്ലാം പേർഷ്യയിലും ലോകം മുഴുവനും വ്യാപിക്കുമെന്ന് മുഹമ്മദിന് ഉറപ്പുണ്ടായിരുന്നു.





സുറാഖ മക്കയിലേക്ക് തിരിച്ചുപോയെങ്കിലും, 8 വർഷ

ങ്ങൾക്കുശേഷം (630 CE) മുഹമ്മദ് മക്ക പിടിക്കുന്നതു വരെ ഇസ്ലാം സ്വീകരിച്ചില്ല.

632 CE യിൽ മുഹമ്മദ് ഈ ലോകത്തോട് വിടപറഞ്ഞു. പക്ഷേ അദ്ദേഹം സുറാഖായ്ക്ക് നല്കിയ വാഗ്ദാനം ഒരിക്കൽ സംഭവിക്കുമെന്ന് അനുയായികൾക്ക് ഉറച്ച വിശ്വാസമുണ്ടായിരുന്നു.

കാലം പിന്നിട്ടു, ഉമർ ബിൻ അൽ ഖത്താബ് ഇസ്ലാമിലെ രണ്ടാം ഖലീഫ (ഭരണാധികാരി) യായി. അപ്പോഴേയ്ക്കും ഇസ്ലാം 642 CE യിൽ പേർഷ്യയിലെത്തി. ഖുറാസോയുടെ സ്വത്തുക്കളെല്ലാം ഉമറിൻെറ കൈകളിലെത്തി.

ഉമർ സുറാഖയുടെ കാര്യം ഓർക്കുകയും അനുയായികളോട് അയാളെ കൊണ്ടുവരാൻ ആവശ്യപ്പെടുകയും ചെയ് തു.(പഴയ സംഭവത്തിനുശേഷം 20 വർഷങ്ങൾ കഴിഞ്ഞിരുന്നു, സുറാഖ വൃദ്ധനുമായി ക്കഴിഞ്ഞിരുന്നു) നമസ്ക്കാരശേഷം ഉമർ സുറാഖയോട് പറഞ്ഞു: "ഇതാ പേർഷ്യൻ രാജാവായ ഖുറാസയുടെ വളകൾ, ഇതാണ് മുഹമ്മദ് വാഗ്ദാനം ചെയ് തിരുന്നത്. ഇതു നീ അണിയുക, എല്ലാവരേയും കാണിച്ച് മുഹമ്മദ് വാഗ്ദാനം പാലിച്ചു എന്നറിയിക്കുക"




സുറാഖ കരയുകയും എല്ലാവരും കൂടെ കരയുകയും ചെയ്തു.

മുഹമ്മദിൻെറ പ്രവചനം അദ്ദേഹം മരിച്ച് 10 വർഷങ്ങൾക്കുശേഷം സത്യമായി

“നമ്മുടെ കാലത്തിലെ പ്രവാചകനായ മുഹമ്മദ്” എന്ന പുസ്തകത്തിൽ കാരൻ ആംസ്ട്രോങ്ങ് ഇപ്രകാരം സൂചിപ്പിക്കുന്നു. “മുഹമ്മദിൻെറ അത്ഭുതകരമായ നേട്ടത്തെ മനസ്സിലാക്കുവാൻ ഒരു സംതുലിത സമീപനമാണ് വേണ്ടത്. അദ്ദേഹത്തിൽനിന്ന് മുസ്ലിമീങ്ങൾക്കുമാത്രമല്ല പാശ്ചാത്യലോകത്തിനും പല പ്രധാന ഗുണപാഠങ്ങളുമുണ്ട്”.

യുദ്ധകലുഷിതമായ അറേബ്യയിൽ സമാധാനം സ്ഥാപിക്കുവാൻ മുഹമ്മദ് അശ്രാന്തപരിശ്രമം ചെയ്തു. ആർത്തി, അധർമ്മം, അക്രമം എന്നിവയ്ക്കെതിരെയുള്ള അക്ഷീണപരിശ്രമമായിരുന്നു അദ്ദേഹത്തിൻെറ ജീവിതം.

ആകസ്മികമായ മഹാവിപത്ത് നേരിടുവാൻ മുസ്ലിമീങ്ങളും പാശ്ചാത്യലോകവും പരസ്പരസഹകരണവും പരസ്പര അഭിനന്ദനങ്ങളും മുഹമ്മദിൻെറ ജീവിതത്തിൽ നിന്ന് പഠിക്കണമെന്ന് പുസ്തകരചയ്താവായ കാരൻ വിശ്വസിക്കുന്നു. മുഹമ്മദ് എന്ന വ്യക്തിയിൽ നിന്ന് ഇതുതുടങ്ങണം.




പ്രവാചകനായ മുഹമ്മദിൻെറ പള്ളിയിലെ സ്വർണ്ണം പൂശിയ വാതിൽ (അൽ മസ്ജിദുന്നബവി) മദീന, സൗദിഅറേബ്യ.



# ഇസ്ലാമികകലയും കാലിഗ്രാഫിയും രൂപകല്നയും



*Photo taken by Peter Gould. Sultan Qaboos Grand Mosque - Oman*



ഇസ്ലാമികകല, കാലിഗ്രാഫി, ബഹ്റൈൻ

## ഡിജിററൽ കലാകാരൻ പീററർ ഗോൾഡ്

**സമകാലിക അലേഖ്യരൂപരേഖ, കല, ഛായാഗ്രഹണം, സമ്പുഷ്ടചിത്രങ്ങൾ, അലൗകീകമായ ഇസ്ലാമിക പുരാവൃത്തങ്ങൾ പഠിക്കുവാനുള്ള ആകാംക്ഷ എന്നിവ സിഡ്നിയിൽ ജനിച്ച രൂപകല്പകനും ഡിജിററൽ കലാകാരനുമായ പീററർ ഗോൾഡിനെ "അസാൻ" സ്ഥാപിക്കുവാൻ പ്രേരിപ്പിച്ചു. അദ്ദേഹത്തിൻെറ മുസ്ലിംരാജ്യങ്ങളിലെ യാത്രകളും പഠനങ്ങളും വ്യത്യസ്ഥ സാംസ്കാരികസമ്മിശ്രങ്ങളും ലോകത്തുള്ള തെററിദ്ധാരണകൾ അകററി. അദ്ദേഹത്തിൻെറ എക്സിബിഷനുകളും മററുകലാകാരന്മാരുമായുള്ള സഹകരണവും വളരെയധികം ആളുകളുടെ ശ്രദ്ധയാകർഷിച്ചു.**

## പീററർ സാൻഡേർസ്, യു.കെ


**1960 ൻെറ മധ്യത്തോടെ ഒരു ബ്രിട്ടീഷ് ഛായാഗ്രഹകനായ പീററർ സാൻഡേർസ് അദ്ദേഹത്തിൻെറ പ്രവർത്തനം ആരംഭിച്ചു. ലോകത്തെമ്പാടുമുള്ള ലക്ഷക്കണക്കിന് ചിത്രങ്ങൾ**





**അടങ്ങുന്ന ഒരു വൻപിച്ച ശേഖരം അദ്ദേഹം ഉണ്ടാക്കി. ലോകത്തിലെ ഇസ്ലാമിക സംസ്ക്കാരത്തിൻെറ വൈവിധ്യം ഉൾക്കൊള്ളുന്നതാണ് അദ്ദേഹത്തിൻെറ ആദ്യപുസ്തകമായ “ഇൻ ദി ഷേയ്ഡ് ഓഫ് ദി ട്രീ”. മൊറോക്കോയിലെ ഇസ്ലാമിക വാസ്തുവിദ്യയും ഛായാഗ്രഹണവും ചെയ്യുവാൻ മൊറോക്കോഭരണകൂടം സാൻഡേർസിനെ തിരഞ്ഞെടുത്തു.**







## ഹസ്സൻ സെലിബി, ടർക്കി

ലോകത്തിലെ ഇസ്ലാമിക കാലിഗ്രാഫന്മാരിൽ മുഖ്യനാണിദ്ദേഹം. ഇസ്ലാമിക കാലിഗ്രാഫിയുടെ അദ്ധ്യാപനം ആരംഭിച്ച അദ്ദേഹം 1976 ൽ ലോകത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 40ഓളം വിദ്ധ്യാർത്ഥികൾക്ക് ഇജാസ (ഇസ്ലാമിക കാലിഗ്രാഫിയിൽ ഡിപ്ലോമ) നല്കി. അദ്ദേഹം ലോകത്തിലെ പള്ളികൾക്കും ചരിത്രസ്ഥലങ്ങൾക്കും വേണ്ടി വിശിഷ്ടമായ കാലിഗ്രാഫിശകലങ്ങൾ സൃഷ്ടിച്ചു. മദീനയിലുള്ള പ്രവാചകൻ മുഹമ്മദിൻെറ പള്ളി, ഖൂസാപള്ളി, ഇസ്താംബൂളിലെ നീലപള്ളി, ജർമ്മനിയിലെ ഫരോപള്ളി, തെക്കൻ ആഫ്രിക്കയിലെ ജൂമാപള്ളി. കസക്കിസ്ഥാനിലെ അൽമാദി ജുമാപള്ളി, കുവൈററിലെ ഇസ്ലാമിക് മെഡിക്കൽ സെൻറർ എന്നിവ ഉദാഹരണങ്ങളാണ്.










## മുഹമ്മദ് സക്കറിയ, അമേരിക്ക




അമേരിക്കയിലെ ഇസ്ലാമിക കാലിഗ്രാഫിയുടെ ഒരു പ്രധാനസ്ഥാനപതിയാണ് അമേരിക്കക്കാരനായ സക്കറിയ. അദ്ദേഹത്തിന് 19 വയസ്സുള്ളപ്പോൾ മൊറോക്കോ, സ്പെയിൻ, ഇംഗ്ലണ്ട് എന്നിവിടങ്ങളിൽ നിന്ന് അറബിയും ഇസ്ലാമിക കാലിഗ്രാഫിയും പഠിച്ചു. ടർക്കിയിൽ നിന്ന് ഇസ്ലാമിക കാലിഗ്രാഫിയിൽ രണ്ട് ലൈസൻസ് നേടുന്ന ആദ്യത്തെ അമേരിക്കക്കാരനാണ് ഇദ്ദേഹം. അമേരിക്കൻ തപാൽസ്ററാമ്പ് “ഈദാശംസകൾ” അദ്ദേഹത്തിൻെറ രൂപകല്പനയാണ്. ഓട്ടോമൻ ടർക്കി കാലിഗ്രാഫി, പ്രാചീനഅറബി എന്നിവയിലാണ് അദ്ദേഹം കൂടുതൽ പ്രവർത്തിക്കുന്നത്.









“നന്മ സംരക്ഷിക്കലാണോ നന്മയ്ക്കുള്ള പ്രതിഫലം?”
പരിശുദ്ധ ഖുർആൻ 55:60
(അതായത് നന്മയായ പ്രവർത്തനത്തിന് നന്മയല്ലാതെ എന്ത് പ്രതിഫലം കിട്ടും)

## നൂറിയ ഗാർസിയ മാസിപ്, സ്പെയിൻ








സ്പെയിനിലെ ഇബിശായിലെ ഒരു പ്രധാന കാലിഗ്രാഫറാണ് ഇവർ. അമേരിക്കയിലെ ജോർജ്വാഷിംഗ്ടൺ യൂണിവേഴ്സിററിയിൽ നിന്ന് ലിററേച്ചറിൽ ബിരുദം നേടിയശേഷം മൊറോക്കോയിൽ നിന്ന് ഇസ്ലാമികകല പഠിച്ച അവർ 2007ൽ ഇസ്താംബൂളിൽ നിന്ന് ഇസ്ലാമികകാലിഗ്രാഫിയിൽ ബിരുദം നേടി. ഇപ്പോൾ അവർ അമേരിക്ക, മൊറോക്കോ, ടർക്കി, യൂറോപ്പ്, തെക്കൻ ആഫ്രിക്ക, ഏഷ്യൻരാജ്യങ്ങൾ എന്നിവിടങ്ങളിൽ കാലിഗ്രാഫിയിൽ എക്സിബിഷനുകൾ, മത് സരങ്ങൾ, വർക്കുഷോപ്പുകൾ എന്നിവ നടത്തുന്നതിൽ വ്യാപൃതയാണ്. ഇപ്പോൾ അറബിദിവ്യവചനങ്ങൾ സുന്ദരമായി അവതരിപ്പിക്കുന്നതിലും അവർ ശ്രദ്ധിക്കുന്നു.






## സൽവാ റസൂൽ, ഇന്ത്യ



സൽവ, പ്രായോഗികകലയിൽ മുബൈയിൽ നിന്ന് 1985ൽ ബിരുദമെടുത്തു. മൗലീകമായ അറബിവാചകങ്ങളും ആധുനീകകലയും സംയോജിപ്പിച്ച് അവർ നിർമ്മിക്കുന്ന കലാരൂപങ്ങൾ വ്യത്യസ്ഥമായിരുന്നു. ചുട്ടകളിമണ്ണ്, മൺപാത്രങ്ങൾ, മൺകലം, ഗ്ലാസ്, തുകൽ എന്നിവയുപയോഗിച്ച് നിർമ്മിക്കുന്ന അവരുടെ കലാരുപങ്ങൾ പ്രശസ്തമാണ്.








"പരമകാരുണ്യവാകനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ,
സർവ്വലോകരക്ഷിതാവായ
അല്ലാഹുവിന് സ്തുതി. പരമകാരുണീകനും കരുണാനിധിയുമായുള്ളവൻ.
പ്രതിഫലദിവസത്തിൻെറ ഉടമസ്ഥൻ.
നിന്നെമാത്രം ഞങ്ങൾ ആരാധിക്കുന്നു.
നിന്നോടുമാത്രം ഞങ്ങൾ സഹായം തേടുന്നു. ചൊവ്വായപാതയിൽ നീ ഞങ്ങളെ ചേർക്കേണമേ. അതായത് നീ ഏതൊരുകൂട്ടരുടെ മേൽ അനുഗ്രഹം ചെയ് തിരിക്കുന്നുവോ അവരുടെ പാതയിൽ. അതേ നീ കോപിച്ചവരുടേയും വഴിപിഴച്ചവരുടേയും പാതയിലല്ല."
പരിശുദ്ധ ഖുർആൻ അദ്ധ്യയം 1

പരിശുദ്ധ ഖുർആനിലെ പ്രധാന അദ്ധ്യായമായ "അൽഫാതിഹ" യാണിത്. മുസ്ലിങ്ങൾ എല്ലാ നമസ്ക്കാരങ്ങളിലും ഇത് പാരായണം ചെയ്യുന്നു.

## സെലീനസെബുല, പോളണ്ട്

ക്രാക്കോയിലെ യൂണിവേഴ്സിററിയിൽ നിന്ന് ബിരുദമെടുത്ത ഇവർ അലങ്കാര കലയിലും കലാപരമായ വിദ്യഭ്യാസത്തിലും നൈപുണ്യം നേടിയവരാണ്. കാലിഗ്രാഫിയും ചിത്രകലയും സമന്വയിപ്പിക്കുവാനുള്ള ഇവരുടെ സാമർത്ഥ്യം കലാപരമായ രൂപകല്പനയിൽ പുതിയ മാനങ്ങൾ ഉണ്ടാക്കി.

വർണ്ണാഭമായ പശ്ചാത്തലത്തിൽ ദൈവദൂതനായ മുഹമ്മദ് എന്ന വാക്ക് അറബിയിൽ പ്രതിബിംബനം ചെയ്തത്.







നിങ്ങൾ മററുള്ളവരോട് കരുണ കാണിച്ചില്ലെങ്കിൽ അല്ലാഹു നിങ്ങളോടും കരുണ കാണിക്കുകയില്ല.



ജനങ്ങളോട് നന്ദി കാണിക്കാത്തവർ ദൈവത്തോട് നന്ദി കാണിക്കുകയില്ല.

## ഹാജി നൂർദീൻ, ചൈന

ചൈനയിലെ ശാങ്ങ്ദോംഗ് പ്രവിശ്യയിൽ 1963ൽ ജനിച്ചു. ചൈനീസും അറബിക്കും കാലിഗ്രാഫിയിൽ സമന്വയിപ്പിച്ച ഇദ്ദേഹം കാലിഗ്രാഫിയിൽ വിഖ്യാതിയുള്ളവരിലൊരാളാണ്.





ഈ കലാരൂപം സൂചിപ്പിക്കുന്നത് "അല്ലാഹുവല്ലാതെ മററൊരുദൈവവുമില്ല, മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണ്"

താഴെക്കാണിച്ചിരിക്കുന്ന ഡോം "മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണ്" എന്ന വചനം രൂപപ്പെടുത്തിയതാണ്"



## നൊബുക്കോ സഗാവാ, ജപ്പാൻ




അറബിക് കാലിഗ്രാഫിയിൽ ജപ്പാനിലെ മാസ്ററർ ബിരുദമുള്ള, അറിയപ്പെടുന്ന വ്യക്തിത്വമാണ് ഇവർ. ജപ്പാനിൽ ഫൈൻ ആർട്സ് പഠിച്ചു കൊണ്ടിരിക്കുമ്പോൾ അറബിക് കാലിഗ്രാഫിയിൽ ഇവർക്ക് താത്പര്യമുണ്ടായി. ശ്രീമതി സഗാവാ ജാപ്പനീസ് ലിപി (കാനാ)യും ചൈനീസ് ആകൃതി(കൻജി)കളും അറബിക് അക്ഷരങ്ങളും സംയോജിപ്പിച്ച് പുതിയൊരു ശൈലി വികസിപ്പിച്ചെടുത്തു. "തുളുത്ത്" "കുഫി" തുടങ്ങിയ അറബിക് അക്ഷരശൈലികൾ ഉപയോഗിച്ച് വിശിഷ്ടമായ കാലിഗ്രാഫി നിർമ്മിക്കുന്നതിൽ ഇവർ വിദഗ്ധയാണ്.



*"And We have not sent you but to all people as a bearer of glad tidings and as a warner".*

The Holy Qur'an Verse 28, Chapter 34



## ഫാരിദ് അൽ അലി, കുവൈററ്





കുവൈററിലെ സെൻറർ ഫോർ ഇസ്ലാമിക് ആർട്ടിൻെറ ഡയറക്ടറാണ്. മദ്ധ്യപൂർവ്വത്തിലെ അറിയപ്പെടുന്ന കലാകാരനായ ഇദ്ദേഹം ചതുരമായ രൂപകല്പനകളിലും ഭാവനാപരമായ കലകളിലും നിപുണനാണ്. മുഹമ്മദ് എന്ന അറബിവാക്ക് 500ഓളം കലാരൂപങ്ങളായി രൂപീകരിച്ച് "മുഹമ്മദീയത" എന്ന പുസ്തകം 2005ൽ പ്രകാശനം ചെയ്തു. (ചുവടെ നല്കിയിരിക്കുന്നത് കാണുക) ഈ 500ഓളം രൂപകല്പനകൾ 11ഓളം വിഭാഗത്തിലാണുള്ളത് (മൃദുവായ, ചതുരം, ഷഡ്ഭുജം, അഷ്ടകോണം മുതലായവ) ഇതേപോലെ അല്ലാഹു എന്ന വാക്കിൻേറയും സമാനമായ ശേഖരം അലിയുടെ പക്കലുണ്ട്.













## മുഹമ്മദ് മണ്ടി, അമേരിക്ക

ഇദ്ദേഹത്തിൻെറ സർഗ്ഗശക്തിയുള്ള കലാരൂപങ്ങൾ നിർമ്മിക്കുന്ന പരിചയം മൂലം യു.എ.ഇ.യും മററുപലരാജ്യങ്ങളും ബാങ്ക്നോട്ടുകളും പാസ്പോർട്ടുകളും രൂപകല്പനചെയ്യുവാൻ അദ്ദേഹത്തിന് അവസരം നല്കി. കൂടാതെ അബുദാബിയിലെ ശൈയ്ക്ക് സെയ്ദ് ഗ്രാൻറ് മോസ്ക്കും മററ് പല പള്ളികളിലേയും കാലിഗ്രാഫി രൂപകല്പനകളുടെ മേൽനോട്ടത്തിന് ഇദ്ദേഹത്തെ നിയോഗിച്ചു.




അറബിയിൽ “മുഹമ്മദ്” എന്ന വാക്കിൻെറ കലാരൂപം. ഇത് “മുഹമ്മദ്” എന്ന വാക്ക് അറബിയിലും ഇംഗ്ലീഷിലും സമന്വയിപ്പിച്ച് മണ്ടി രൂപകല്പന ചെയ്തതാണ്.





**ഖത്തറിലെ ഇസ്ലാമിക് ആർട്ട് മ്യൂസിയം:** അമേരിക്കൻ ആർക്കിടെക്ടായ ഐ.എം. പീയ് പിരമിഡ് മാതൃകയിൽ രൂപകല്പനചെയ്ത ഈ മന്ദിരം 2008 ഡിസംബറിൽ പ്രവർത്തനമാരംഭിച്ചു. ഇസ്ലാമികലോകത്തിലെ അനേകത്വവും വൈവിധ്യവും പ്രതിഫലിപ്പിക്കുന്നതാണ് ഈ മ്യൂസിയം.























അബുദാബിയിലെ ശൈയ്ക്ക് സയിദ് ഗ്രാൻറ്മോസ്ക്ക്: ഇത് യു.എ.ഇ.യിലെ ഏററവും വലിയ പള്ളിയും ലോകത്തിലെ എട്ടാമത്തെ വലിയ പള്ളിയുമാണ്. അഞ്ച് ഫുട്ബാൾ മൈതാനത്തിൻെറ അത്ര വിസ്തീർണ്ണമുണ്ട് ഈ പള്ളിക്ക്. 40,000 ആളുകൾക്ക് ഈ പള്ളിയിൽ നമസ്ക്കരിക്കാം.






ഇതിന് 82 ഡോമുകളും 107 അടി പൊക്കവുമുള്ള 4 മിനാരങ്ങളുമുണ്ട്. 5627 സ്ക്വെയർ മീററർ ഉള്ള ലോകത്തിലെ ഏററവും വലിയ പരവതാനിയും 15മീ. ഉയരവും 10മീ. വ്യാസവുമുള്ള ലോകത്തിലെ ഏററവും വലിയ ബഹുശാഖാ ദീപവുമുണ്ട്. യു.എ.ഇ.യിലെ ഏററവും നല്ല വിനോദസഞ്ചാര ആകർഷണവുമാണ് ഈ പള്ളി.







**ദുബായിലെ ജുമേറിയ പള്ളി:** ആധുനീക ഇസ്ലാമിക ആർക്കിടെക്ച്ചറിൽ മികച്ചതാണ് ദുബായിലെ ഈ പള്ളി.



**കിംഗ് ഹുസൈൻ മോസ്ക്ക്, അമ്മാൻ, ജോർദ്ദാൻ:** പരേതനായ ബഹ്റൈനിലെ അമീർ ശൈയ്ക്ക് ഈസ്സാബിൻ സൽമാൻ അൽ ഖലീഫ, 1988ൽ ഉത്ഘാടനം ചെയ്ത പള്ളി. 6500 സ്ക്വയർ മീററർ വിസ്തീർണ്ണത്തിൽ 7000 പേർക്ക് നമസ്ക്കരിക്കാവുന്ന പള്ളി. ഇസ്ലാമിക ആർക്കിടെക്ച്ചറും തദ്ദേശ പാരമ്പര്യവും സമന്വയിപ്പിച്ച് നിർമ്മിച്ച പള്ളി.



അഹമ്മദ് അൽ ഫത്തേ മോസ്ക്, ബഹ്റൈൻ 1988ൽ പരേതനായ അമീർ ശൈയ്ക്ക് ഇസ്സാ ബിൻ സൽമാൻ അൽ ഖലീഫ തുറന്നുനൽ കി. 6,500 സ്കൊ്വയർ മീററർ വിസ്തീർണ്ണത്തിൽ 7000 പേർക്ക് നമസ്ക്കരിക്കാവുന്ന പള്ളി. ഈ പള്ളീ ഇസ്ലാമിക് ആർക്കിടെക്ച്ച റിൻെറയും ലോക്കൽ ഹെററിട്ടേജിൻേറയൂം പ്രതിഫലനമാണ്.







അൽസാലെ മോസ്ക്ക്, സനാ, യമൻ: യമനിലെ ഏററവും വലിയ പള്ളി. 22,400 സ്കൊയർ മീററർ വിസ്തീർണ്ണവും 40,000 പേർക്ക് നമസ്ക്കരിക്കാവുന്നതുമായ ഈ പള്ളി 2008ൽ ഉത്ഘാടനം ചെയ്യപ്പെട്ടു. യമനീ ആർക്കിടെക്ച്ചറൽ മാതൃകയിലാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. ഇതിന് 6 വലിയ മിനാറകളും തടികൊണ്ടുള്ള 15 വാതിലുകളുമുണ്ട്





**സുൽത്താൻ ഖാബൂസ് മോസ്ക്ക്, ഒമാൻ:** ഒമാനിലെ ഏററവും വലിയ പള്ളി. 2001ൽ തുറന്ന ഈപള്ളിയിൽ ലോകത്തിലെ രണ്ടാമത്തെ വലിയ പരവതാനിയും ബഹുശിഖാദീപവുമുണ്ട്. (പള്ളിയുടെ വിസ്തീർണ്ണം 416,000 സ്ക്വൊയർ മീററർ, പള്ളിസമുച്ചയം 40,000 വിസ്തൃതമാണ്)







**അൽ അഖ്സാ മോസ്ക്ക്, ജെറുസലെം:** ദൈവാരാധനയ്ക്കായി ലോകത്ത് നിർമ്മിച്ച രണ്ടാമത്തെ പള്ളിയാണിതെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു.(മക്കയിലുള്ള പുണ്യദേവാലയമാണ് ആദ്യത്തേത്) അൽ അഖ്സാ പള്ളീ മുസ്ലിമീങ്ങൾക്ക് ഒരു പുണ്യസ്ഥലവും ആദ്യം ഖിബ്ല ആക്കപ്പെട്ടതുമാണ് (നമസ്ക്കരിക്കുമ്പോൾ മുസ്ലിമീങ്ങൾ തിരിഞ്ഞുനില്ക്കുന്ന ദിശ). ദൈവത്തിൽ നിന്നുള്ള ഖുർആൻ വെളിപാടനുസരിച്ച് ഇത് പിന്നീട് മക്കയിലെ കഅ്ബയിലേക്ക് മാററി. ഈ പള്ളിയുടെ ആകെ വിസ്തീർണ്ണം 1,44,000 സ്ക്വെയർ മീററാണ്.







ഇതിൽ രണ്ട് പ്രധാനപള്ളികളുണ്ട്. ഇമാമ്നമസ്ക്കാരം നയിക്കുന്ന ഖിബ്ല പള്ളിയും "ഡോം ഓഫ് ദി റോക്ക്" എന്നറിയപ്പെടുന്ന മറ്റൊരു പള്ളിയും. ഡോം ഓഫ് ദി റോക്ക്, ജെറുസലെം: 688–692ൽ ഉമയ്യാദ് ഖലിഫ് അബ്ദുൽ മാലിക്ക് ബിൻ മാർവാൻ ഒരു പാറയുടെ മുകളിൽ നിർമ്മിച്ച പള്ളി. ഇവിടെ നിന്നാണ് പ്രവാചകനായ മുഹമ്മദ് ആകാശാരോഹണം ചെയ്തതെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു. അഷ്ടമുഖ രൂപത്തിലുള്ള ഈ കെട്ടിടത്തിൽ സ്വർണ്ണത്തിലുള്ള 29.4മീ വ്യാസമുള്ള ഡോം ഉണ്ട്.









## ഉമയദ് മോസ്ക്ക്, ഡമാസ്ക്കസ്, സിറിയ.

ഉമയദ് ഖാലിഫ് അൽ വലീദ് 706–715ൽ നിർമ്മിച്ചതാണ് ഈ പള്ളി. ആർക്കിടെക്ച്ചർ പ്രാധാന്യമുള്ള ഈ പള്ളി ലോകത്തിലെ വലുതും പുരാതനവുമായ പള്ളികളിലൊന്നാണ് (ഉൾവിസ്തീർണ്ണം 4,000 സ്ക്വെയർ മീററർ). സെയ്ൻറ് ജോൺ ദി ബാപ്ററിസ്ററിൻെറ (അറബിയിൽ യഹിയാ നബി) ഖബറിടമടങ്ങിയ ഒരു ഖബറാലയവും ഇവിടെയുണ്ട്. ഇദ്ദേഹത്തെ ക്രിസ്ത്യാനികളും മുസ്ലിമീങ്ങളും പ്രവാചകനായി കണക്കാക്കുന്നു. 2001ൽ സെയ്ൻറ് ജോൺ ദി ബാപ്ററിസ്ററിൻെറ ഖബറിടം സന്ദർശിക്കുവാനായി പോപ്പ് ജോൺ പോൾ രണ്ടാമൻ ഇവിടെയെത്തിയിരുന്നു. ആദ്യമായാണ് ഒരു പോപ്പ് പള്ളി സന്ദർശിക്കുന്നത്. തെക്കുകിഴക്കുള്ള മിനാററയെ ജീസസ് മിനാറ എന്ന് പറയുന്നു. ഈ മിനാററയുടെ അടുത്താണ് ജീസസ് പ്രത്യക്ഷപ്പെടുന്നതെന്ന് മുസ്ലിമീങ്ങൾ വിശ്വസിക്കുന്നു.



ദി ഗ്രേററ് മോസ്ക്ക്, സൊമാറ, ഇറാഖ്

ഇറാഖിലെ സൊമാറ പട്ടണത്തിൽ 9ാം നൂററാണ്ടിലാണ് ഈ പള്ളി

നിർമ്മിച്ചത്. 848ൽ തുടങ്ങിയ പള്ളിയുടെ നിർമ്മാണപ്രവർത്തനം 851ൽ അബ്ബാസിദ് ഖലീഫ് അൽ മുതവക്കീൽ പൂർത്തിയാക്കി.

ഒരു കാലഘട്ടത്തിൽ ഇത് ലോകത്തിലെ ഏററവും വലിയ പള്ളി യായിരുന്നു. ചന്ദ്രാകാരമായ ഇതിൻെറ മിനാറ 52മീ പൊക്കവും 33മീ വീതിയും പിരിപിരിയായുള്ളതുമാണ്. കടും നീലനിറത്തിലുള്ള ഗ്ലാസ് മൊസൈക്ക് പാകിയ ഭിത്തി ബാബിലോണിയൻ മാതൃകയിലുള്ളതാണ്.



**സുൽത്താൻ അഹമ്മദ് മോസ്ക്ക്, ടർക്കി:** നീലപള്ളിയെന്നറിയപ്പെടുന്ന ഇതിൽ നിരനിരയായ ഡോമുകളും ലോലമായ മിനാറങ്ങളുമാണുള്ളത്. 17ാം നൂററാണ്ടിൽ ഒത്മാൻ ഭരണകൂടത്തിലെ സുൽത്താൻ അഹ്മെദാണ് ഇത് നിർമ്മിച്ചത്. 1609ൽ തുടങ്ങി 7 വർഷത്തിനുള്ളിൽ നിർമ്മാണം പൂർത്തിയായി.









**അയാസോഫിയ, ഇസ്തംബൂൾ, ടർക്കി:**
ഇസ്തംബൂളിലെ അയാസോഫിയ (ഹാഗിയ സോഫിയ). പഴയ ബിസാൻടൈൻ ചർച്ചായിരുന്ന ഇത് 500ഓളം വർഷങ്ങൾ ഒരു ഒത്മാൻ പള്ളിയായി ഉപയോഗിച്ചു. ഇപ്പോൾ ഇത് ഒരു മ്യൂസിയമായി ടൂറിസ്ററുകളെ ആകർഷിക്കുന്നു.








عثمان رضي الله عنه
حسن رضي الله عنه



താജ്മഹൽ, ആഗ്ര, ഇന്ത്യ: ഇത് ഒരു പള്ളിയല്ല, എങ്കിലും ഇസ്ലാമിക തച്ചുശാസ്ത്രപ്രകാരം പന്നിത സ്മാരകസൗധമാണ്. ഷാജഹാൻ ചക്രവർത്തി (1592–1660) തൻെറ ഭാര്യയുടെ സ്മരണയ്ക്കായി പണിതതാണിത്. ലോകാത്ഭുതങ്ങളിലൊന്നായ ഇത് വിദേശസഞ്ചാരികളെ ആകർഷിക്കുന്നു.





▲ പുതുക്കി പണിഞ്ഞ ചേരമാൻ ജുമാ മസ്ജിദ്

ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളിയാണ് ചേരമാൻ ജുമാ മസ്ജിദ് ( AD 629 ലാണ് ഈ പള്ളി സ്ഥാപിക്കപ്പെട്ടത്.) മുഹമ്മദ് നബിയുടെ അനുചരൻ മാലിക് ഇബ്നു ദിനാർ ആണ് ഇതു പണികഴിപ്പിച്ചത്. അന്നത്തെ കേരളീയ വാസ്തു ശില്പകലയുടെ മാതൃകയിലാണ് ഇത് അന്ന് ഉണ്ടായിരുന്നത്. അവസാനത്തെ ചേരരാജാവായിരുന്ന ചേരമാൻ പെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മകക്ക് പോവുകയും അതിനെ തുടർന്ന് കേരളത്തിൽ(കൊടുങ്ങല്ലൂർ) എത്തിയ മാലിക് ഇബ്നു ദിനാറാണ് ചേരമാൻ പള്ളി നിർമിച്ചത്

പഴയ കാലത്തെ ചേരമാൻ പള്ളി ▼





▲ ജുമാ മസ്ജിദ്, ദില്ലീ, ഇന്ത്യ: 1656ൽ നിർമ്മിച്ച ഇന്ത്യയിലെ ഏററവും വലിയ പള്ളി

▼ റെഡ്ഫോർട്ട്, ആഗ്ര, ഇന്ത്യ





▲ ഫൈസൽ മോസ്ക്, ഇസ്ലാമാബാദ്, പാക്കിസ്ഥാൻ

ലാഹോർകോട്ട, പാക്കിസ്ഥാൻ ▼





▲ സ്ററാർ മോസ്ക്, ഡാക്ക, ബംഗ്ലാദേശ്

അവ്ബം ഗല്ലീ പോലി മോസ്ക്, സിഡ്നി, ആസ്ത്രേലിയ ▼





▲ സുൽത്താൻ മോസക്, സിംഗപ്പൂർ

സുൽത്താൻ സൈഫുദ്ദീൻ മോസ്ക്ക്, ബ്രൂണെയ് ▼





▲ ടർക്കിഷ് മോസ്ക്, ടോക്കിയോ, ജപ്പാൻ

പട്ടാണിയിലെ മോസ്ക്, തൈയ്ലാൻറ് ▼





▲ ദി ക്രിസ്ററൽ മോസ്ക്, ക്വാലടെറിൻഗാന, മലേഷ്യ

ഈ പള്ളി പ്രധാനമായും ക്രിസ്ററലുകൾ കൊണ്ടുനിർമ്മിച്ചതാണ്. വാൻമാൻ ദ്വീപിലെ ഇസ്ലാമിക് ഹെറിറേറജ് പാർക്കിലാണ് ഇത് സ്ഥിതിചെയ്യുന്നത്. 2008ൽ ഔദ്യോഗികമായി തുറന്നുകൊടുത്തു.

പുത്രജയ മോസ്ക്, മലേഷ്യ ▼






▲ കുവാൻടൻ മോസ്ക്, മലേഷ്യ


പെറക് പള്ളി, മലേഷ്യ ▼





**അൽ അസ്ഹർ മോസ്ക്, കെയ്റോ, ഈജിപ്ത്:** 971ൽ നിർമ്മിച്ച ഈ പള്ളി ലോകത്തിലെ പുരാതന സർവ്വകലാശാലയുമായി ചേർന്നുള്ളതാണ് (സർവ്വകലാശാല 988ൽ സ്ഥാപിതമായതാണ്).









**അഹമ്മദ് ഇബ്ന് തുലൻ മോസ്ക്, കെയ്റോ, ഈജിപ്ത്:** 879ൽ പൂർത്തിയായ ഈ പള്ളീ ലോകത്തിലെ വലിയ പള്ളികളിലൊന്നാണ് (26.318 സ്ക്വയർ മീററർ) ഇതിൻെറ തനതായ ആർക്കിടെക്ച്ചറും വ്യത്യസ്ഥമായ മിനാറങ്ങളും പ്രസിദ്ധമാണ്.






മെസ്ക്വിററാ, കൊർഡോബാ, സ്പെയിൻ:











**മെസ്കിററാ, കൊർഡോബാ, സ്പെയിൻ:** മോസ്ക് എന്നതിന് സ്പാനിഷ് ഭാഷയിൽ മെസ്കിററാ എന്നാണ് പറയുന്നത്. കൊർഡോബായിലെ അമീർ അബ്ദുൾ റഹ്മാൻ രണ്ടാമൻെറ (822–852) മേൽനോട്ടത്തിൽ ഇസ്ലാമിക ആർക്കിടെക്ച്ചറിൽ 8ാം നൂററാണ്ടിൽ നിർമ്മിച്ചു. ഇപ്പോൾ ഇത് കൊർഡോബായിലെ കത്തീഡ്രലാണ് (സെയ്ൻറ് മേരി കത്തീഡ്രൽ)

259







260





**അൽ ഹംബ്റാ കലാട്, സ്പെയിൻ:** ചുവന്നകോട്ട എന്നും അറിയപ്പെടുന്ന ഇത് ഗ്രനാസായിലെ മുസ്ലീം സുൽത്താൻ (1351–1391) പണിത കോട്ടസമുച്ചയമാണ്. ഇപ്പോൾ സ്പെയിനിലെ ഇസ്ലാമിക ആർക്കിടെക്ച്ചർ പ്രദർശിപ്പിക്കുന്ന ഒരു വിനോദസഞ്ചാരകേന്ദ്രമാണ്. കുറിപ്പ്: അൽ ഹംബ്റായ്ക്കകത്ത് 1527ൽ റോമാ രാജാവ് ചാർള്സ് അഞ്ചാമൻ തൻെറ കൊട്ടാരം നിർമ്മിച്ചു.



ഹസ്സൻ രണ്ടാമൻ മോസ്ക്ക്, കസബ്ലാൻകാ, മൊറോക്കോ: 1993ൽ നിർമ്മിച്ച ഈ പള്ളി ഫ്രഞ്ച് ആർക്കിടെക്ട് മികേൽ പെൻസുവാ രൂപകല്പന ചെയ്തതാണ്. ഈ പള്ളിയുടെ മിനാറയാണ് ലോകത്തിലെ ഏററവും ഉയരമുള്ള മിനാറയും മൊറോക്കോയിലെ ഏററവും ഉയരമുള്ള കെട്ടിടവും (210മീ). രാത്രിയിൽ ഇതിനുമുകളിലുള്ള ലേസ്സർ മക്കയിലെ പള്ളിയിലേക്ക് ഒരു കിരണം പരിലസിപ്പിക്കും.(ഈ പള്ളിയിൽ 25,000 ആളുകളെ ഉൾക്കൊള്ളിക്കാം)







## കെയ്റായൂൻ മോസ്ക്, ഫെസ്, മൊറോക്കോ

987ൽ നിർമ്മിച്ച ഈ പള്ളീ മൊറോക്കോയിലെ രണ്ടാമത്തെ വലിയ പള്ളിയാണ്. ഇത് ലോകത്തിലെ പുരാതന യൂണിവേഴ്സിററിയുമാണ്. കൂടാതെ ഫെസിലെ ഒരു പുരാതന ഇസ്ലാമിക സ്മാരകവുമാണ്.







▲ കിപശ്ചാക് മോസ്ക്, അശ്ഗാബാത്, തുർക്ക്മെനിസ്ഥാൻ

അസാദി മോസ്ക്, അശ്ഗാബാത്, തുർക്ക്മെനിസ്ഥാൻ ▼





▲ഷിർദോർ മദ്രസ്സ, സമാൻഖണ്ട്, ഉസ്ബക്കിസ്ഥാൻ

ബുഖാറയിലെ പള്ളി, ഉസ്ബക്കിസ്ഥാൻ ▼





പാരിസിലെ ഗ്രാൻറ് മോസ്ക്, ഫ്രാൻസ്: ഫ്രാൻസിലെ ഏററവും വലിയ പള്ളി. ഒന്നാം ലോകമഹായുദ്ധത്തിനുശേഷം നിർമ്മിച്ചത്. 1926 ജൂലൈ 15ന് ഉത്ഘാടനം ചെയ്യപ്പെട്ടു.



കുറിപ്പ്: ഇസ്ലാമിൽ ദിവസവും അഞ്ച് നമസ്ക്കാരങ്ങളുണ്ട്. ഇത് അസാനിലെ (നമസ്ക്കാരത്തിനുള്ള വിളി) വാചകങ്ങളാണ്. ഓരോ വാചകവും രണ്ടുതവണ ആവർത്തിക്കും: അല്ലാഹു ഉന്നതൻ, അല്ലാഹുവല്ലാതെ മററൊരുദൈവവുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. നമസ്ക്കാരത്തിലേക്ക് വരിക, വിജയത്തിലേക്ക് വരിക. അല്ലാഹു ഉന്നതൻ, അല്ലാഹുവല്ലാതെ മററൊരുദൈവവുമില്ല.

**പെൻസ്ബർഗിലെ പള്ളി, ജർമ്മനി:** ദിവസവുമുള്ള നമസ്ക്കാരത്തിലെ വിളി “അസാൻ” ലെ വാചകങ്ങൾ മിനാറയിൽ ആലേഘനം ചെയ്തിരിക്കുന്നു. യു.എ.ഇ യിലെ കാലിഗ്രാഫിയിലെ പുരസ്ക്കാരജേതാവ് മുഹമ്മദ് മൻതി ഈ കാലിഗ്രാഫി ചെയ്തിരിക്കുന്നു.



ക്സിയാനിലെ വലിയപള്ളി, ചൈന



▲ ഇന്തോനേഷ്യയിലെ വലിയപള്ളി

നിൻജ്ക്സിയയിലെ ഹിയൂ പള്ളി, ചൈന ▼





▲ തവ്ബായിലെ വലിയ പള്ളി, സെനഗൽ

ഫൈസൽ പള്ളി. കനാക്രി, ഗുനിയ ▼





▲ബോബോ ഡിയോൽസോ ബുർകിനാഫാസോയിലെ പള്ളി

ഡ്ജെന്നെ പള്ളി, മാലി ▼



ഡ്ജെന്നെ പള്ളി, ചെളികൊണ്ടുനിർമ്മിച്ച, ലോകത്തിലെ ഏററവും വലിയ പള്ളിയാണ്. അടുത്തുനിന്നും ദുരെനിന്നും കാഴ്ച്ചയിൽ ഹൃദയഹാരിയാണ് ഈ പള്ളി. ജനങ്ങൾ വർഷത്തിൽ രണ്ടുതവണ അടുത്തുള്ള ബാനി നദിയിൽ നിന്ന് ചെളി ശേഖരിച്ച് ഈ പള്ളിയുടെ ഭിത്തികൾ പൊതിയും.

## അവലംബം

Abdul Ghani, M. Ilyas, (2003). The History of Al-Madinah Al-Munawwarah, Rasheed Publishing, KSA

Adair, John, (2010). The Leadership of Muhammad. Kogan Page, UK

Ahmad, Mumtaz, (1996). Islam and Democracy: The Emerging Consensus; Middle East Affairs Journal,

Al-Maghluth, Sami, (2008). The Historical Atlas for Prophet Muhammad Life. Obaikan, KSA

Al-Mutawa, Jassem, (2001). The Wives of the Prophet in Contemporary Time. Kuwait

Al-Mubarakpuri, Safi-ur-Rahman, (1996). The Sealed Nectar: Biography of the Noble Prophet Muhammad, Darussalam, KSA.

Al-Zayed, Samirah, (1995). The Inclusive Book About Prophet Muhammad's Life, The Scientific Press, First Edition, Syria

Armstrong, Karen, (2002). Islam: A Short History. Harper Collins, New York, USA

Armstrong, Karen, (1992). Muhammad: A Biography of the Prophet. Harper Collins, New York, USA

Armstrong, Karen, (2007). Muhammad: A Prophet for Our Time. Harper Collins, New York, USA

Al-Nawawi, Y.S., (2003). Riyadh Al-Saliheen. Authentic Sayings of Prophet Muhammad, Arabic Cover –Cairo, Egypt

As-Sallaabee, Ali Muhammad, (2008). The noble life of the Prophet, Darussalam, KSA

Bukhari, Mohammad Bin Ismael, (1997). Saheeh Bukhari, Dar Al Afkar, Amman, Jordan

Gulen, M. Fethullah, (2000). Prophet Muhammad: Aspects of His Life, The Fountain, Viginia, USA.

Hammad, Ahmad Zaki (2007). The Gracious Qur'an: A Modern-Phrased Interpretation in English, Lucent Interpretations, IL, USA

Hart, Michael, (1992). The 100; A Ranking of the Most Influential Persons in History, Carol Publishing Group. N.J., USA

Islam, Yusuf, (1995). The Life of the Last Prophet, Darussalam, KSA

Khalidi, Tarif (2009). Images of Muhammad: Narratives of the Prophet in Islam Across the Centuries. Kindle Edition

Khan, M. Muhsin, (1985). Sahih Muslim –English Translation, 4th Ed, Beirut, Lebanon

Montgomery Watt, W.(1974). Muhammad: Prophet and Statesman. Kindle Edition

Pickthall, Marmaduke (2006). The Qur'an Translated: Message for Humanity – The International Committee for the Support of the Final Prophet, Washington, USA

Ramadan, Tariq, (2009). In the Footsteps of the Prophet: Lessons from the Life of Muhammad, Oxford, UK

Saheeh Int. (2004). The Qur'an English Meanings. Abul-Qassim Publishing –Al Muntada Al-Islami-Jeddah, KSA

Sultan Sohaib N., Ali, Yusuf Ali, and Smith, Jane I. (2007). The Qur'an and Sayings of Prophet Muhammad: Selections Annotated & Explained (Skylight Illuminations)

Unal, Ali, (2006). The Holy Qur'an With Annotated Interpretation in Modern English, The Light –New Jersey, USA

Wolfe, Michael & Kronemer, Alex (2002). Muhammad: Legacy of a Prophet (DVD - Dec 18, 2002)

Yusuf, Hamza, (2003). The Life of the Prophet Muhammad (24 Audio CDs).